വാല്യം 8 ലക്കം 2

# ക്ഷാത്രസ്പന്ദനം

ക്ഷത്രിയ ക്ഷേമ സഭയുടെ വാർത്താപത്രിക

ഏപ്രിൽ 2022 1197 മേടം



# വിവാഹ മംഗളാശംസകൾ



മാവേലിക്കര മാമ്പേൽ മഠത്തിൽ സാവിത്രി – രാമവർമ്മരാജ ദമ്പതികളുടെ മകൻ **കൃഷ്ണപ്രസാദ് വർമ്മ**യും തൃപ്പൂണിത്തുറ കോയിക്കൽ മഠം 'സൗഭാഗ്യ'യിൽ മായ – സുരേന്ദ്രവർമ്മ ദമ്പതികളുടെ മകൾ **ശില്പ വർമ്മ**യും തമ്മിലുള്ള വിവാഹം തൃപ്പൂണിത്തുറ ക്ലാസിക് ഫോർട്ട് ആഡിറ്റോറിയത്തിൽ വച്ച് 12 ഡിസംബർ 2021 ന് സമംഗളം നടന്നു.



Kshatraspandanam
News Magazine of Kshatriya Kshema Sabha
April 2022
M.E.1197 Medam
Volume 8 Issue 2

ക്ഷാത്രസ്പന്ദനം
ക്ഷത്രിയ ക്ഷേമസഭയുടെ വാർത്താപത്രിക
ഏപ്രിൽ 2022
കൊ.വ.1197 മേടം
വാല്യം 8 ലക്കം 2



"ക്ഷതാൽ ത്രായതേ ഇതി ക്ഷത്രിയഃ"
(നാശത്തിൽ നിന്ന് രക്ഷിക്കുന്നവൻ ക്ഷത്രിയൻ)

# വിഷയവിവരം

REACT 4
പത്രാധിപക്കുറിപ്പ് 7
കത്തുകൾ 8
പ്രസിഡന്റിന്റെ കത്ത് 9
കേന്ദ്രസഭാ വാർത്തകൾ 10
വർമ്മാജിയുടെ ദീപ്ത സ്മരണയിൽ 14
ഡോ. സി.വി. ജയമണി
ശ്രീ ശങ്കരനാഥ ജോത്സ്യർ – ഒരു അതുല്യ പ്രതിഭ 19
ടി.എം. ശ്രീകുമാർ
എം.സി. കേരളവർമ്മയുടെ ജീവിതയാത്ര 22
എ.കെ. രാജരാജവർമ്മ 24
രണ്ട് നാടൻ കലകൾ മുടിയേറ്റും തെയ്യവും 25
രമേശ് ചന്ദ്രവർമ്മ
ഭഗവദ്ഗീത 28
ടി.എൻ. ആദിത്യവർമ്മ
ഛത്തീസ്ഗഡിലെ നിറക്കാഴ്ചകൾ 29
മാലതി ആർ. വർമ്മ
കൈകേയി: പരനിന്ദയും ഭർത്സനങ്ങളും സ്വയം ഏറ്റുവാങ്ങിയ.. 32
ഗായത്രീവർമ്മ
വിജ്ഞാനത്തിന്റെ സൂര്യപ്രഭ 35
സി.എം. മുരളീധരൻ
സഫലമീയാത്ര 37
മൂലംനാൾ ശങ്കർ വർമ്മ
ഗോദാനം 40
ചന്ദ്രാവലി തമ്പുരാൻ
സപ്തപദി – 11 42
താരാശങ്കർ ബന്ദ്യോപാധ്യായ (വിവ. കെ. സി.എം. രാജ)
നെപ്പോളിയന്റെ നാട്ടിൽ – 6 45
ശ്രീപ്രസാദ് വടക്കേപ്പാട്ട്
വൈവാഹികം 47
മാമാങ്കം 48
മാനവേന്ദ്ര വർമ്മ യോഗാതിരിപ്പാട്
പ്രണാമ സൂനങ്ങൾ 50
തങ്കൻ തിരുവട്ടാർ
ഓർമ്മകളിൽ നിറയുന്ന വലിയ തമ്പുരാട്ടി 55
പി.കെ. ജയകുമാര വർമ്മ
നല്ലമ്മ 56
മധുകുമാർ വർമ്മ
ആറ്റുകാൽ പൊങ്കാല ഉത്സവം 2020 ഒരു അനുഭവം 57
സതീഷ് വർമ്മ
ഒരു തീർത്ഥാടനം പോലെ... 59
ആത്മജ വർമ്മ തമ്പുരാൻ
കൗതുക കഥകൾ 61
ഡോ. ആർ.പി. രാജ
A Few Memories 63
E. Ramavarma Raja
ഈശാവാസ്യ ഉപനിഷത്ത് 64
കെ.സി. രാമവർമ്മ രാജ
Sreekrishna Balaleela - 1 67
Dr. Kumuda Bai
കവിസിദ്ധി വരുത്തുന്ന അക്ഷരശ്ലോകം 69
വേലൂർ പരമേശ്വരൻ നമ്പൂതിരി
ഹിമാലയ ക്ഷേത്രങ്ങൾ 71
കെ. ഹരികൃഷ്ണവർമ്മ
ഒരു വിനോദയാത്രാ വിവരണം 74
ശ്യാമള വർമ്മ
പ്രഫുല്ല ചിന്തകൾ 76
പ്രഫുല്ല വർമ്മ
ക്ഷാത്രവീര്യം വീണ്ടുമുണരട്ടെ 77
കുട്ടി അനിയൻ രാജ
ചിതലിന്റെ ഉത്ഭവവും ഹയഗ്രീവാവതാരവും 78
കെ. രാധാമണി തമ്പുരാട്ടി
ഇത്തിരിവെട്ടം 80
ജ്യോതി വർമ്മ
കരുമാങ്ങ 81
പി. കെ. നന്ദനവർമ്മ
രക്തദാഹി 83
അപർണ്ണ മുള്ളത്ത്
System 85
Anaswara Varma
Pencil Sketches of Dhananjaya Varma 86
പുസ്തകജാലകം 87
റിവ്യൂവേഴ്സ്: കെ.എൻ.എസ്. വർമ്മ, ഡോ. ആർ.ശ്രീലത വർമ്മ
ബാലവേദി/വളരുന്ന പ്രതിഭകൾ 89
ക്വിസ് 91
യൂണിറ്റ് വാർത്തകൾ – വിശേഷങ്ങൾ 92

*മുഖ്യ പത്രാധിപർ:* ഡോ. എം. ലളിതാംബിക
*എഡിറ്റോറിയൽ അഡ്വൈസർമാർ :* കെ.എൽ. ശ്രീകൃഷ്ണദാസ്, പി.ജി. ശശികുമാർ വർമ്മ
അസ്സോസിയേറ്റ് എഡിറ്റർ: അജയകുമാർ വർമ്മ.എസ്
*പത്രാധിപസമിതി: റ്റി. എൻ. ആദിത്യവർമ്മ, ആർ. രാമവർമ്മ, പി.കെ. ജയചന്ദ്രവർമ്മ, കെ. രാഘവവർമ്മ*
*എക്സ്. ഒഫിഷ്യോ അംഗങ്ങൾ* : പ്രസിഡന്റ്/ ജനറൽ സെക്രട്ടറി/ ട്രഷറർ *ക്ഷത്രിയക്ഷേമസഭ*

മുഖചിത്രം: പ്രകൃതി ചികിത്സാചാര്യൻ സി. ആർ. ആർ. വർമ്മ

ഇതിൽവരുന്ന വാർത്തകൾ ക്ഷത്രിയക്ഷേമസഭയുടേതോ ക്ഷാത്രസ്പന്ദനം പത്രാധിപസമിതിയുടെയോ ആയിക്കൊള്ളണമെന്നില്ല. – ചീഫ് എഡിറ്റർ

## റോയൽ എഡ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ് (REACT)

കവടിയാർ കൊട്ടാരത്തിൽ നിന്നും Seed money ആയി കിട്ടിയ ഒരു ലക്ഷം രൂപയിൽ നിന്നാണ് REACT പ്രവർത്തനം 2008-ൽ ആരംഭിക്കുന്നത്. ഇതൊരു ജീവകാരുണ്യപ്രവർത്തനം ആയതു കൊണ്ടാകാം ഈശ്വരേച്ഛ കൊണ്ട് ഇതു മുമ്പോട്ടു കൊണ്ടുപോകാൻ പറ്റുന്നത്. ജനുവരി 2022 വരെ ഒരു കോടി അഞ്ചു ലക്ഷം രൂപ ബുദ്ധിമുട്ടനുഭവിക്കുന്ന കുടുംബങ്ങളിൽ എത്തിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇതിൽ 80 ശതമാനവും ക്ഷത്രിയ കുടുംബങ്ങളിലാണ് എത്തിയിരിക്കുന്നത്. ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് ഇതര സമുദായത്തിലുള്ളവർക്കും സഹായം എത്തിക്കേണ്ടതുണ്ട്. REACT ലേക്ക് സംഭാവന ചെയ്യുന്നവർക്ക് 80G പ്രകാരമുള്ള ഇൻകംടാക്സ് ബെനിഫിറ്റ് കിട്ടുന്നതിന് ഇത് ഒരു സമുദായ സംഘടനയാകാൻ പാടില്ല. REACTലേക്ക് എല്ലാ സജ്ജനങ്ങളുടേയും സഹായ സഹകരണങ്ങൾ എത്തിക്കാനും അശരണരുടെ കണ്ണുനീർ തുടയ്ക്കാനും കഴിയട്ടെ.

**ROYAL EDUCATIONAL AND CHARITABLE TRUST**
**Thiruvananthapuram**

**Donations received from 01.02.2022 to 31.03.2022**

| Sl. No. | Name | Amount |
|---|---|---|
| 1 | Sara Chandy, Kowdiar, Thiruvananthapuram | 1,00,000 |
| 2 | Venugopal Varma K.K., Thiruvananthapuram | 50,000 |
| 3 | P.K. Mohana Varma, Pilathara, Kannur | 25,001 |
| 4 | Suma Varma, Thiruvananthapuram | 25,000 |
| 5 | C.K. Kerala Varma Thampan, Calicut | 25,000 |
| 6 | Saradamony, Tripunithura | 25,000 |
| 7 | Vrinda Devi Thampuran, Thiruvananthapuram | 20,000 |
| 8 | Karappuram Kshathriya Sabha, Cherthala | 20,000 |
| 9 | Sarada Jayakrishnan, Thiruvananthapuram | 20,000 |
| 10 | Kamala Harihara, Thiruvananthapuram | 20,000 |
| 11 | Geetha M, Kadavanthra | 15,000 |
| 12 | R. Jayaraja Varma, Poonjar | 10,000 |
| 13 | Pradeep Kumar Varma P, Poonjar | 10,000 |
| 14 | P.K. Kerala Varma, Chennithala | 10,000 |
| 15 | P.C. Ravindran, Thiruvalla | 10,000 |
| 16 | Thiruvalla Kshatriya Kshema Sabha, Thiruvalla | 10,000 |
| 17 | T.R. Radhamany Thampuratty, Chennithala | 5,000 |
| 18 | Nirmala Devi N, Thiruvananthapuram | 5,000 |
| 19 | Suria Kumar Varma, Thiruvalla | 5,000 |
| 20 | Sreejaya Varma P, Thiruvananthapuram | 5,000 |
| 21 | Well wishers | 4,500 |
| 22 | Vrinda Varma P.B., Thiruvananthapuram | 4,000 |
| 23 | Radhamany Thampuratty, South Chittoor | 3,000 |
| | **Total** | **4,26,501** |

(Rupees Four lakhs twenty six thousand five hundered and one only)

എല്ലാവർക്കും REACT ന്റെ ഹൃദയംനിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

**പണം അടയ്ക്കേണ്ട അക്കൗണ്ട് വിവരങ്ങൾ**

**A/c No: 40052210014950**

**IFS Code CNRB 0014005 Canara Bank,**

**Fort Branch, Thiruvananthapuram - 695023**

## അറിയിപ്പ്

**Those who wish to donate to REACT may please send the following details also.**

**Name in Full, Full address, PAN or Aadhaar No.**

**(This is required as per the amendment to Income Tax Act, 1961 with effect from 01.04.2021)**

*(റിയാക്ട് സഹായത്തിന്റെ ചിത്രങ്ങൾക്ക് പേജ് 6,12,13 കാണുക)*



കോട്ടയം ചെങ്ങളത്തുള്ള മനോജ് വർമ്മയുടെ ഗൃഹനിർമ്മാണത്തിന് റിയാക്റ്റിൽ നിന്ന് ധനസഹായമായി നാലു ലക്ഷം രൂപ നൽകി നിർമ്മിച്ച വീടിന്റെ ഗൃഹപ്രവേശം.



മനോജ്‌വർമ്മയും കുടുംബവും റിയാക്ട് ഭാരവാഹികളോടൊപ്പം.

# റിയാക്ടിന്...... സ്നേഹപൂർവ്വം



തിരുവല്ല ക്ഷത്രിയ ക്ഷേമസഭയുടെ വാർഷിക സമ്മേളനത്തിൽ സംബന്ധിച്ച റിയാക്ട് സെക്രട്ടറി രഘുവർമ്മക്ക് റിയാക്ടിലേക്ക് തിരുവല്ല സഭ നൽകുന്ന രണ്ടാമത് വിഹിതമായ 10000 രൂപയുടെ ചെക്ക് തിരുവല്ല യൂണിറ്റ് സെക്രട്ടറി സൂര്യകുമാർ വർമ്മ കൈമാറുന്നു.

## റോയൽ എജ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ് (REACT)

# ചന്ദ്രിക കേരളവർമ്മ എൻഡോവ്മെന്റ്

ക്ഷത്രിയ സമുദായത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നു എസ് എസ് എൽ സി പരീക്ഷയ്ക്ക് ഉയർന്ന മാർക്ക് വാങ്ങുന്ന വിദ്യാർഥിക്ക് ചന്ദ്രിക കേരള വർമ്മ എൻഡോവ്മെന്റ് ഏർപ്പെടുത്തി. പള്ളിപ്പാട് ശ്രീകൃഷ്ണ വിലാസം കോവിലകത്ത് പരേതനായ കേരളവർമ്മ തമ്പാന്റെ ഭാര്യയാണ് ചന്ദ്രിക തമ്പുരാട്ടി. കീഴ്വായ്പൂർ ചന്ദ്രിക വിലാസം കുടുംബാംഗമാണ്. ഇവരുടെ മക്കളായ സി.കെ. ഗിരിജാദേവി തമ്പുരാട്ടി, ഡോ. സി.കെ. പ്രസാദ് വർമ്മ തമ്പാൻ, സി.കെ. ജലജാദേവി തമ്പുരാട്ടി എന്നിവർ ചേർന്നാണ് എൻഡോവ്മെന്റ് ഏർപ്പെടുത്തിയത്. ഇതിനായി ഒന്നരലക്ഷം രൂപ റിയാക്ടിലേക്ക് നിക്ഷേപിച്ചു. ഈ തുകയുടെ വാർഷിക പലിശയായിരിക്കും എൻഡോവ്മെന്റ് തുകയായി ഓരോ വർഷവും നൽകുക. 2023 മുതൽ ഇതു കൊടുത്തു തുടങ്ങും. എൻഡോവ്മെന്റ് ഏർപ്പെടുത്തിയ കുടുംബത്തോടുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു.

## ക്ഷത്രിയക്ഷേമസഭ വർക്കിംഗ് ഫണ്ടിലേക്കുള്ള സംഭാവന

- ക്ഷത്രിയക്ഷേമസഭ ഇടപ്പള്ളി യൂണിറ്റ് പ്രസിഡന്റ് സതീഷ് വർമ്മ കേന്ദ്രസഭയുടെ വർക്കിംഗ് ഫണ്ടിലേക്ക് അയ്യായിരം രൂപ സംഭാവന നൽകി.
- കേണൽ സതീശ് ചന്ദ്രവർമ്മ, വട്ടയ്ക്കാട് കോവിലകം, ചേർത്തല കേന്ദ്രസഭയുടെ വർക്കിംഗ് ഫണ്ടിലേക്ക് അയ്യായിരം രൂപ സംഭാവന നൽകി.
- കേണൽ ബൽറാം വി. ഗോപാൽ, പശ്ചിമബംഗാൾ കേന്ദ്രസഭയുടെ വർക്കിംഗ് ഫണ്ടിലേക്ക് അയ്യായിരം രൂപ സംഭാവന നൽകി.



പത്രാധിപക്കുറിപ്പ്

# മദ്യവും മയക്കുമരുന്നും



അടുത്ത കാലത്തായി നമ്മുടെ സമൂഹത്തെ കാർന്നു തിന്നുകൊണ്ടിരിക്കുന്ന ഒരു മഹാവിപത്താണ് മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും കൂടിവരുന്ന ഉപഭോഗം. പ്രത്യേകിച്ച് മയക്കുമരുന്നുകളുടെ ഉപയോഗമാണ് കൂടിയ വിപത്ത്.

മയക്കുമരുന്നുകളിൽ കറുപ്പും, കഞ്ചാവും നൂറ്റാണ്ടുകളായി ഉപയോഗത്തിലുണ്ട്. കറുപ്പും കഞ്ചാവും എവിടെ നിന്നെത്തുന്നു എന്നു പരിശോധിക്കാം. കറുപ്പ് അഥവാ ഓപ്പിയം, മോർഫീൻ, ഹെറോയിൻ എന്നിവയെല്ലാം 'ഓപ്പിയം പോപ്പി' എന്ന ചെടിയിൽ നിന്നു കിട്ടുന്ന ലഹരി വസ്തുക്കളാണ്. ഈ ചെടിയുടെ പാകമാകാത്ത വിത്തിന്റെ തോടിൽ നിന്നു കിട്ടുന്ന കറ (Latex) യിൽ നിന്നുണ്ടാക്കുന്നവയാണ് മേല്പ്പറഞ്ഞ വസ്തുക്കൾ. 'ഓപ്പിയം പോപ്പി' യുടെ ജന്മസ്ഥലം തുർക്കിയാണ്. അഫ്ഗാനിസ്ഥാനിലും ഇത് ധാരാളം വളർത്തുന്നുണ്ട്. കഞ്ചാവിന്റെ (Marijuana) കാര്യമെടുത്താൽ ഇതു കൂടുതൽ കാണുന്നത് ഏഷ്യൻ ഭൂഖണ്ഡത്തിലാണ്. ഏഷ്യയുടെ കിഴക്കു ഭാഗത്ത് ഈ ചെടി നന്നായി വളരുന്നു. ഏഷ്യയിലെ ഏറ്റവും മുന്തിയ ഇനം കഞ്ചാവുചെടികൾ വളരുന്നത് കേരളത്തിലെ ഇടുക്കിയുടെ മണ്ണിലാണ്, 'നീലച്ചടയൻ' എന്ന ഇനം ചെടികൾ. 'ഇടുക്കി ഗോൾഡ്' എന്ന ഓരോമനപ്പേരും ഇതിനുണ്ട്. എക്സൈസ് ഉദ്യോഗസ്ഥർ ഇവിടെ പിടിമുറുക്കിയതോടെ ഇവയുടെ കൃഷി ആന്ധ്ര, ഒറീസ എന്നീ സംസ്ഥാനങ്ങളിലെ കാടുകളിലേക്ക് വ്യാപിച്ചിരിക്കുന്നു. കഞ്ചാവ് ചെടി വാറ്റിയാൽ കിട്ടുന്ന ലഹരിവസ്തുവാണ് 'ഹാഷിഷ് ഓയിൽ'.

**ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നതെന്തിന്?**

വേദനസംഹാരിയായിട്ടും നീറിപ്പുകയുന്ന പ്രശ്നങ്ങളിൽ നിന്ന് മനസ്സിന് അല്പനേരത്തേക്കെങ്കിലും ആശ്വാസം കിട്ടാനും, നമ്മുടെ മസ്തിഷ്ക്കത്തിന് ഉണർവും, ഉന്മേഷവും പെട്ടെന്ന് കിട്ടാനും മറ്റുമൊക്കെയാണ് ആളുകൾ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നത്. Ground State-ൽ നിന്ന് Excited State-ലേക്കു പോകുന്നതുപോലെ. ഈ High Energy State എത്ര പെട്ടെന്നു കിട്ടുന്നു ഈ State-ൽ എത്രനേരം വിഹരിക്കാൻ പറ്റുന്നു എന്നതാണ് മയക്കുമരുന്നിന്റെ ഗ്രേഡ് തീരുമാനിക്കുന്നത്. വേഗം 'kick' കിട്ടുക, കൂടുതൽ നേരം നിലനിർത്തുക എന്നതാണ് മയക്കുമരുന്നിന്റെ ഗുണനിലവാര സൂചിക നിർണ്ണയിക്കുന്നത്. കൂടെക്കൂടെ ഉപയോഗിച്ചാൽ നാം മയക്കുമരുന്നിന് അടിമയാകുന്നു; ഒരു അഡിക്ട് ആകുന്നു. അതായത് നാം തന്നെ നമ്മുടെ ജീവിതം മരണത്തിന്റെ കയ്യിലേല്പിക്കുന്നു.

മദ്യത്തിന്റെയും കറുപ്പിന്റേയും കഞ്ചാവിന്റേയും കാലം മാറി. ഇപ്പോൾ കൂടുതൽ വീര്യമുള്ള രാസലഹരി ഉപയോഗത്തിലേക്ക് ചെറുപ്പക്കാർ കളം മാറി ചവിട്ടിയിരിക്കുകയാണ്. ഇവയിൽ മുൻപന്തിയിൽ നില്ക്കുന്നത് MDMA ('മോളി' എന്നും 'എക്സ്റ്റസി' എന്നും ഇതിനോമനപ്പേരുകൾ ഉണ്ട്.), LSD (ആസിഡ്) എന്നിവയാണ്. നാക്കിനടിയിൽ വയ്ക്കുന്ന സ്റ്റാമ്പായും gel ആയും പൊടി രൂപത്തിലും വളരെ കുറഞ്ഞ അളവിൽ (milligrams) മതി കിക്ക് ഉണ്ടാക്കാൻ. കൊണ്ടു നടക്കാനും എളുപ്പം. ആനന്ദലബ്ധിയാണ് ഈ കൂട്ടരുടെ ആവശ്യവും ഉദ്ദേശവും.

ദിനംപ്രതി കേരളത്തിൽ നടക്കുന്ന അതിക്രമങ്ങളുടേയും കൊലപാതകങ്ങളുടെയും വേരു തേടിപ്പോകുമ്പോൾ മാദ്ധ്യമങ്ങളിൽ കൂടി നാം മനസ്സിലാക്കുന്ന ഒരു സത്യമുണ്ട് അതായത് കുറ്റവാളികൾ മയക്കുമരുന്നിന് അടിമകളായിരുന്നു എന്ന്.

ഡി.ജെ.പാർട്ടികളും റേവ് പാർട്ടികളും നിർബാധം നടക്കുന്ന ഈ കാലത്ത് ലഹരിയുടെ കണ്ണി മുറിക്കുന്ന ഇടപെടൽ ഗവൺമെന്റ് തലത്തിൽ കാര്യക്ഷമമായി ഉണ്ടാകേണ്ടിയിരിക്കുന്നു.

ഛിന്നഭിന്നമായ വീടുകളിലെയും സാമ്പത്തികമായി ഏറ്റവും താഴത്തെ തട്ടിലെയും വളരെ സമ്പന്നകുടുംബത്തിലെയും ചെറുപ്പക്കാരാണ് കൂടുതലായി മയക്കുമരുന്നിന് അടിമകളാകുന്നത്.

ക്ഷത്രിയ കുടുംബാംഗങ്ങൾ ഈ രണ്ടു വിഭാഗത്തിലും പെടാത്തവരായതുകൊണ്ട് മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും ഉപയോഗം താരതമ്യേന ഈ സമൂഹത്തിൽ കുറവാണെന്ന് അനുമാനിക്കാം. പക്ഷെ നമുക്ക് ഒരു ഉത്തരവാദിത്വം കൂടിയുണ്ട്. നമ്മുടെയറിവിൽ നമ്മൾ ഇടപഴകുന്ന ആരെങ്കിലും ഈ വിപത്തിൽ പെട്ടിട്ടുണ്ടെങ്കിൽ അവരേയും നേർവഴിക്കു കൊണ്ടുവരാനുള്ള ഉത്തരവാദിത്വം നാം ഏറ്റെടുക്കണം. ●

---




## വായനക്കാരുടെ കത്തുകൾ

സിംഹാസനം പോലുള്ള ഇരിപ്പിടത്തിൽ ഗാംഭീര്യവും തേജസ്സും ഒരുമിച്ച് സാത്വികഭാവത്തിൽ ആസനസ്ഥനായിരിക്കുന്ന 'കമ്മീഷണർ തമ്പുരാൻ' എം. രാജരാജവർമ്മ എം.എ.ബി.എൽ. അവർകളുടെ മുഖചിത്രത്തോടെ തുടങ്ങുന്ന (ജനുവരി 2022 കൊ.വ. 1197 മകരം വാല്യം 8 ലക്കം 1) മാസിക ആസ്വാദ്യകരമായി.

മാസികയുടെ ആദ്യപേജു മുതൽ മറിച്ചു തുടങ്ങി ഓരോ വിഭവങ്ങളും കുറഞ്ഞൊന്ന് നോക്കി വായിച്ചുകൊണ്ട് 87-ാം പേജിലെത്തി. 'തിലോദകം' എന്ന പാർത്ഥിവ് ആർ എഴുതിയ ബാലവേദിയിലെ കഥയിലെത്തി. ഇപ്രാവശ്യം ആ കഥയാണ് ആദ്യമായി മുഴുവനായി രസിച്ചു വായിച്ചത്.

"കുഞ്ഞുണ്ണി, നമ്മുടെ ലഹരി കള്ളിലും കഞ്ചാവിലുമല്ല അനുഭവിക്കേണ്ടത് - തന്റെ ജന്മവാസനയെ പോഷിപ്പിച്ചെടുക്കുന്ന കഥകളി എന്ന കലയിലാണ്"എന്ന ശങ്കുണ്ണിനായർ എന്ന മഹാഗുരുവിന്റെ ഉപദേശമാണ് എന്നെ ഇവിടെ എത്തിച്ചത് എന്നോർത്ത് ഗുരുപാദങ്ങളെ സ്മരിക്കുന്ന ആ ബാലകഥാകൃത്ത് പാർത്ഥിവ് ആർ എന്ന കുട്ടി നല്ലൊരു കഥാകൃത്തു തന്നെ. പാർത്ഥിവിന് കൂടുതൽ നല്ല കഥകളെഴുതി ജനമനസ്സുകളിൽ ഇടം നേടാൻ അവസരമുണ്ടാകട്ടെ.

തുടർന്ന് മറ്റു വിഭവങ്ങളും ആസ്വദിച്ചുകൊണ്ടിരിക്കുന്നു. നാം വസിക്കുന്ന ഭൂമിയുടെ ഉള്ളിലേക്ക് എത്തിനോക്കി അവിടെ കാണുന്ന കാഴ്ചകളെ ശാസ്ത്രദൃഷ്ട്യാ അവതരിപ്പിച്ച ഡോ. ലളിതാംബികയുടെ ലേഖനവും വളരെ ശ്രദ്ധേയം തന്നെ. വൃന്ദാദേവി തമ്പുരാന്റെ ഓൺലൈൻ ക്ലാസ്സും ആർ.പി. രാജയുടെ കൗതുകകഥകളും വളരെ കൗതുകം പകർന്നു.

പണ്ടത്തെ രാജാക്കന്മാരുടെ അരിയിട്ടുവാഴ്ച ഇപ്പോഴത്തെ തലമുറ കണ്ടിട്ടുണ്ടാവില്ല. പുളിക്കൽ ശങ്കരോടത്ത് മാനവേന്ദ്ര വർമ്മയുടെ അരിയിട്ടുവാഴ്ച ലേഖനവും വിശേഷശ്രദ്ധ ആകർഷിച്ചു. നമ്മുടെ സൈനിക മേധാവി വിമാനാപകടത്തിൽപെട്ടു മരിച്ചുപോയ റാവത്തിനെ ഓർത്ത് ആദിത്യവർമ്മ എഴുതിയ കവിതയും ഉഷാവർമ്മയുടെ 'സ്വപ്ന'വും ശ്രദ്ധേയം തന്നെ. മറ്റുള്ള പലതും ഏറെ ആസ്വാദ്യകരം തന്നെ.

'ക്ഷാത്രസ്പന്ദന'ത്തിന് അഭിനന്ദനങ്ങൾ

**കുട്ടി അനിയൻ രാജ,** ചെർപ്പുളശ്ശേരി

*പ്രിയ പത്രാധിപർ*

ഇപ്രാവശ്യത്തെ 'ക്ഷാത്രസ്പന്ദനം' ലക്കം വളരെ മനോഹരമായിരിക്കുന്നു. അച്ചടിയും പേപ്പറും നല്ല നിലവാരം പുലർത്തി. കൂടാതെ കൂടുതൽ പേജുകളും.

**സി. ജനാർദ്ദനൻ,** പിലാത്തറ



പ്രസിഡന്റിന്റെ കത്ത്



# സേവനം നമ്മുടെ ലക്ഷ്യമാകട്ടെ

**ഡോ. എം. ലളിതാംബിക**

ക്ഷത്രിയക്ഷേമസഭ ഏതുവിധത്തിൽ മുന്നോട്ടുപോകണം എന്നാലോചിക്കുമ്പോൾ ചില കാര്യങ്ങൾ മനസ്സിൽ തോന്നുന്നു. 1. എല്ലാ ക്ഷത്രിയ കുടുംബങ്ങളേയും നേരിൽ കാണുക. 2. ഏതെങ്കിലും തരത്തിൽ വിഷമമനുഭവിക്കുന്നവർക്ക് സഭയുടെ ശേഷി അനുസരിച്ച് സഹായമെത്തിക്കുക. 3. സഭയുടെ ആസ്തി വർദ്ധിപ്പിക്കുക. 4. സഭാംഗങ്ങളുടെ കഴിവുകൾ വികസിപ്പിക്കുക. 5. എല്ലാ യൂണിറ്റ് അംഗങ്ങൾക്കും തമ്മിൽ തമ്മിൽ കാണാനുള്ള അവസരവും ഒരുക്കുക.

*ഇവയൊക്കെ എങ്ങനെ ചെയ്യും?*

ഭാരവാഹികളുടെ യൂണിറ്റ് സന്ദർശനങ്ങൾ, റിയാക്ടിന്റെ മെച്ചപ്പെട്ട പ്രവർത്തനം ഇവ കൈവരിക്കാൻ നാം ശ്രദ്ധിക്കണം. ഓരോ യൂണിറ്റും REACT നേയും 'ക്ഷാത്രസ്പന്ദന' ത്തിനേയും ഒന്നിനൊന്നു മെച്ചപ്പെടുത്താൻ ശ്രമിക്കണം. കുടുംബത്തിൽ സന്തോഷം നിറയുന്ന അവസരത്തിലും മൺമറഞ്ഞ സ്വബന്ധുക്കളെ ഓർക്കുന്ന അവസരത്തിലും മറ്റും REACT ലേക്ക് എന്തെങ്കിലും ചെറിയ സഹായം ചെയ്യുമെന്ന് നാം സ്വയം തീരുമാനിക്കണം. ആ തുക നമ്മുടെയിടയിൽ ബുദ്ധിമുട്ടനുഭവിക്കുന്നവരുടെ കയ്യിൽ എത്തും. "നമുക്കു നാമേ പണിവതു നാകം" എന്നല്ലേ പറയുന്നത്. "ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം" എന്നാണല്ലോ പഴഞ്ചൊല്ലും. കഴിഞ്ഞ വർഷങ്ങളിൽ 1 കോടിക്കു മേൽ രൂപ REACT ൽ കൂടി ബുദ്ധിമുട്ടനുഭവിക്കുന്നവരുടെ കയ്യിൽ എത്തിയിട്ടുണ്ട്. ഇതിൽ 80 ശമാനത്തോളം സഭയിലെ മെമ്പർമാർക്കു തന്നെയാണ് കിട്ടിയിട്ടുള്ളത്. (കൃത്യമായ വിവരങ്ങൾ 'ക്ഷാത്രസ്പന്ദന' ത്തിൽ പ്രസിദ്ധീകരിക്കാറുണ്ട്.) ക്ഷത്രിയക്ഷേമസഭ കൊണ്ട് നമുക്കെന്തു പ്രയോജനം എന്ന ചിലരുടെയങ്കിലും ചോദ്യത്തിനുള്ള ഉത്തരം കൂടിയാണിത്.

നമ്മുടെ പ്രവർത്തനം ഇനിയും കൂടുതൽ മെച്ചപ്പെടാനുണ്ട്. നല്ല രീതിയിൽ ആവശ്യക്കാർക്ക് സഹായം എത്തിക്കാൻ നമുക്കു കഴിയണം. അതിനാണ് ഫണ്ട് സമാഹരിക്കുന്നത്.

യൂണിറ്റ് അംഗങ്ങൾ തമ്മിൽ കാണാനും പരിചയപ്പെടാനും കഴിയണമെങ്കിൽ സംസ്ഥാന വാർഷികങ്ങളും നടത്തേണ്ടതുണ്ട്. ഇത് ബന്ധുജനങ്ങൾ തമ്മിൽ ഇടപഴകാനും, സ്നേഹബന്ധം സ്ഥാപിക്കാനും സഹായിക്കും.

പഴയ തറവാടുകളും കോവിലകങ്ങളും, കൊട്ടാരങ്ങളും തകരാതെയും അന്യം നിന്നു പോകാതെയും സംരക്ഷിക്കണം. സന്മനസ്സും ആസ്തിയുമുള്ളവർ ക്ഷത്രിയരുടെ മുഴുവൻ ക്ഷേമത്തിനായി സ്ഥലമോ ചെറിയ കെട്ടിടമോ സംഭാവനയായി നല്കാൻ തയ്യാറായേക്കാമെന്ന വിശ്വാസത്തോടെ.

– പത്രാധിപർ



# കേന്ദ്ര സഭാ വാർത്തകൾ

**മധുകുമാർ വർമ്മ, ആലപ്പുഴ**



*സംസ്ഥാന ജനറൽ സെക്രട്ടറിയുടെ തൂലികയിൽ നിന്ന് ....*

എല്ലാ സഭാംഗങ്ങൾക്കും എന്റെ വിനീത നമസ്കാരം.

2022 ജനുവരി മാസം 23-ാം തീയതി നടന്ന ക്ഷത്രിയക്ഷേമസഭയുടെ വാർഷിക പൊതുയോഗത്തിൽ വച്ച് തിരഞ്ഞെടുത്ത പുതിയ ഭാരവാഹികളിൽ, സംസ്ഥാന ജനറൽ സെക്രട്ടറിയായി എന്നെ തെരഞ്ഞെടുത്തതിലുള്ള സന്തോഷം ആദ്യമേ അറിയിക്കട്ടെ. സഭാംഗങ്ങൾ എന്നെ തിരഞ്ഞെടുക്കാൻ കാണിച്ച ധൈര്യത്തിനും, എന്നിലർപ്പിച്ച വിശ്വാസത്തിനും ഞാൻ എന്നും കടപ്പെട്ടിരിക്കുന്നു. ഞാനെന്റെ പരമാവധി സമയവും, കഴിവും, ഊർജ്ജവും സഭാപ്രവർത്തനങ്ങൾക്കായി ചിലവഴിക്കും എന്ന് വാക്കുതരുന്നു. പുതിയ ഭരണസമിതി തിരഞ്ഞെടുത്തതിനു ശേഷം ജനുവരി 26-ാം തീയതി തന്നെ ആദ്യയോഗം ചേർന്ന് ചർച്ചകൾ നടത്തി.

ക്ഷത്രിയ സെൻസസിന്റെ ഭാഗമായി എളുപ്പമായി ഓൺലൈനിൽ പൂരിപ്പിച്ച് സബ്മിറ്റ് ചെയ്യാവുന്ന ഒരു ഗൂഗിൾ ഫോം ശരിയാക്കി. അത് അംഗങ്ങൾ വളരെ താല്പര്യത്തോടെ ഏറ്റെടുത്ത് പൂരിപ്പിച്ചയയ്ക്കുന്നുണ്ട്.

കേന്ദ്രഭാരവാഹികൾ മാർച്ച്/ഏപ്രിൽ മുതൽ സെപ്റ്റംബറിനുള്ളിൽ എല്ലാ യൂണിറ്റുകളും സന്ദർശിച്ച് അംഗങ്ങളുമായി നേരിട്ട് സംവദിക്കണമെന്ന് തീരുമാനിച്ചു.

പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവർ തിരുവനന്തപുരത്ത് ഒരുമിച്ച് കൂടി സഭയുടെ രജിസ്ട്രേഷൻ പുതുക്കി, ബാങ്കിലേയും മറ്റുമായുള്ള പേപ്പറുകൾ നൽകി പുതിയ ഭരണസമിതിയുടെ പേരുവിവരങ്ങൾ നൽകുകയും അതിനു വേണ്ട എല്ലാ നടപടികളും കൈക്കൊള്ളുകയും ചെയ്തു.

ഈ വർഷത്തെ മലയാളഭാഷാ പ്രതിഭാ പുരസ്ക്കാര ജേതാവായ കോഴിക്കോട് ബാലുശ്ശേരി മല്ലിശ്ശേരി കോവിലകത്തെ എം. കെ പ്രവീൺവർമ്മയെ ഫെബ്രുവരി 24-ാം തീയതി ആദരിക്കുകയുണ്ടായി. പൂഞ്ഞാർ, ചാഴൂർ എന്നീ കോവിലകങ്ങളിൽ പുതിയതായി അവരോധിച്ച വലിയ തമ്പുരാക്കന്മാരെ അവിടെച്ചെന്ന് നേരിട്ട് കണ്ട് ആദരിച്ചു.

സഭയുടെ മേൽനോട്ടത്തിലുള്ള വൈവാഹിക വെബ്സൈറ്റ് സ്വയംവരം, ഭംഗിയായി നടന്നു വരുന്നു. സഭാംഗങ്ങളുടെ കുട്ടികളുടെ വൈവാഹികകാര്യങ്ങൾക്ക് വളരെയധികം പ്രയോജനം ചെയ്യുന്ന ഒരു സംരംഭമാണിത്. ഇതിൽ ഇനിയും രജിസ്റ്റർ ചെയ്തിട്ടില്ലാത്തവർ രജിസ്റ്റർ ചെയ്ത് പ്രയോജനം നേടിയെടുക്കാൻ അപേക്ഷിക്കുന്നു.

റിയാക്ട്, അതിന്റെ സേവനപ്രവർത്തനങ്ങൾ കൃത്യമായും ഏറ്റവും ആത്മാർത്ഥമായും വളരെ ഭംഗിയായി നടത്തിക്കൊണ്ടിരിക്കുന്നു. സഭാംഗങ്ങൾ അവരവർക്ക് സാധ്യമാകുംവിധം റിയാക്ടിലേക്ക് സംഭാവനകൾ നൽകി ഈ സൽകർമ്മത്തിൽ പങ്കാളികളാകണമെന്ന് താല്പര്യപ്പെടുന്നു.

ജനുവരി 23 ന് നടന്ന പൊതുയോഗത്തിന്റെ റിപ്പോർട്ട് താഴെ ചേർക്കുന്നു.

**ക്ഷത്രിയ ക്ഷേമസഭ**
**സംസ്ഥാന വാർഷിക പൊതുയോഗ റിപ്പോർട്ട്.**
**തീയതി : 23/01/2022 ഗൂഗിൾ മീറ്റ്**

രാവിലെ കൃത്യം 10 മണിയ്ക്ക് സഭയുടെ പ്രസിഡന്റ് പി കെ രഘുവർമ്മയുടെ അദ്ധ്യക്ഷതയിൽ സൂര്യകുമാർ വർമ്മയുടെ ഈശ്വരപ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. സഭയുടെ ജനറൽ സെക്രട്ടറി ആത്മജവർമ്മ തമ്പുരാൻ യോഗത്തിൽ പങ്കെടുക്കുന്നവർക്ക് സ്വാഗതമേകി. അതിനു ശേഷം ഈ കാലയളവിൽ നമ്മെ വിട്ടു പിരിഞ്ഞുപോയ സഭാംഗങ്ങൾക്കുള്ള അനു

ശോചനം രേഖപ്പെടുത്തി. ഒരു നിമിഷം മൗന മാചരിക്കുകയും ചെയ്തു. അദ്ധ്യക്ഷൻ രഘു വർമ്മ ഹ്രസ്വവും അർത്ഥവത്തായതുമായ ഒരു ഉപക്രമപ്രസംഗം നടത്തി. പിന്നീട്, ജനറൽ സെക്രട്ടറി വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. റിപ്പോർട്ട് അടിസ്ഥാനമാക്കിയുള്ള ചർച്ചയിൽ അംഗങ്ങൾ സജീവമായി പങ്കെടുത്തു. ചർച്ചക്കുള്ള മറുപടി ജനറൽ സെക്രട്ടറി നൽകി. റിപ്പോർട്ടിൽ വിട്ടുപോയ ചില പ്രവൃത്തികളെക്കൂടി ഉൾ പ്പെടുത്തണമെന്ന ആവശ്യം അംഗീകരിക്കുകയും അത് ചേർത്തുള്ള റിപ്പോർട്ട് പാസാക്കുകയും ചെയ്തു.

ട്രഷറർ മഹേഷ് വർമ്മ വാർഷിക വരവുചിലവ് കണക്കുകൾ അവതരിപ്പിച്ചു. അതിന്മേലുള്ള ചർച്ചയും നടന്നു. സംശയങ്ങൾക്ക് മറുപടി പറ യുകയും അംഗങ്ങൾ കണക്ക് അംഗീകരിക്കുകയും പാസാക്കുകയും ചെയ്തു.

അതിനുശേഷം ഭാരവാഹികളുടെ തിരഞ്ഞെ ടുപ്പ് പ്രക്രിയകൾ റിട്ടേണിംഗ് ഓഫീസർ ജയ കുമാർ വർമ്മയുടെ നേതൃത്വത്തിൽ ആരംഭിച്ചു. വളരെ വിപുലമായ ചർച്ചകൾക്കുശേഷം താഴെ കൊടുത്തിരിക്കുന്ന ലിസ്റ്റ് പ്രകാരമുള്ള തിരഞ്ഞെ ടുപ്പു ഫലം പ്രഖ്യാപിച്ചു

പ്രസിഡന്റ് : എം ലളിതാംബിക

ജനറൽ സെക്രട്ടറി : മധുകുമാർ വർമ്മ വി.കെ

ട്രഷറർ : സൂര്യകുമാർ എം.കെ

വൈസ് പ്രസിഡന്റുമാർ:

ശ്രീകുമാർ ടി.എം, കൃഷ്ണകുമാരി കെ. ആർ മനോജ് വർമ്മ വി.എൻ

ജോയിന്റ് സെക്രട്ടറി : മോഹനവർമ്മ പി കെ

മേഖലാ സെക്രട്ടറിമാർ :

ദക്ഷിണ മേഖല – സഞ്ജയ് വർമ്മ പി.കെ

മദ്ധ്യ മേഖല – ശങ്കർ വർമ്മ എൻ

ഉത്തര മേഖല – കൃഷ്ണ വർമ്മ രാജാ

പുതിയ ഭാരവാഹികൾക്കു വേണ്ടി പ്രസി ഡന്റും ജനറൽ സെക്രട്ടറിയും അംഗീകാര സമ്മത പ്രസംഗം നടത്തി.

മധുകുമാർ വർമ്മ നന്ദിപ്രകാശനം നടത്തി. കൃത്യം 1.15 pm ന് മീറ്റിംഗ് അവസാനിച്ചു.

എല്ലാ അംഗങ്ങളുടെയും ആത്മാർത്ഥമായ സഹായ സഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്

*വിനയപൂർവം*

**മധുകുമാർ വർമ്മ**

*സംസ്ഥാന ജനറൽ സെക്രട്ടറി.*

## വലിയ തമ്പുരാന് ആദരം



ചാഴൂർ കോവിലകത്തെ ഇപ്പോഴത്തെ വലിയ തമ്പുരാനായി ചുമതലയേറ്റ **കേരളവർമ്മ ഗോപിനാഥൻ തമ്പുരാനെ (ഗോപിയേട്ടൻ)** സംസ്ഥാന ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ പൊന്നാടയണിയിച്ച് ആദരിക്കുന്നു.

# റിയാക്ട് ധനസഹായം



ശാരീരിക ദൗർബല്യം അവഗണിച്ച് ജീവിതം മുന്നോട്ടു നയിച്ചുവരുന്നതിനിടയിൽ കോവിഡ് മഹാമാരിയിൽ തളരാതെ പിടിച്ചു നിന്ന സുരേന്ദ്രൻ എന്ന ആദിവാസിയ്ക്ക് കൈസഹായവുമായി REACT ന്റെ മറ്റൊരു ചുവടുവയ്പ്.



ചിത്ര ജെ.എസ്. വർമ്മക്ക് സ്വയംതൊഴിൽ ആരംഭിക്കാനായി റിയാക്റ്റിൽ നിന്നും ധന സഹായം ആയ 75,000/- രൂപയുടെ ചെക്ക് നീലേശ്വരത്തു നടന്ന യൂണിറ്റ് മീറ്റിംഗിൽ വച്ച് യൂണിറ്റ് രക്ഷാധികാരിയും നീലേശ്വരം അള്ളട സ്വരൂപം അഞ്ചാംകൂർരാജയുമായ കെ.സി. ഉദയ വർമ്മ രാജാ കൈമാറി. ചടങ്ങിൽ നീലേശ്വരം യൂണിറ്റ് പ്രസിഡന്റ് കൃഷ്ണ വർമ്മ രാജാ വി. സി, കെ. സി. മാനവർമ്മ രാജാ, ടി.സി. കൃഷ്ണ വർമ്മ രാജാ, പി. കെ. സുഭാഷ്, ഭാഗീരഥി തമ്പുരാട്ടി എന്നിവർ പങ്കെടുത്തു.



കോവിഡ് മഹാമാരി മൂലം കഴിഞ്ഞ മൂന്നു വർഷത്തോളമായി പ്രവർത്തനം നിലച്ചുപോയ അമ്പലപ്പുഴയിലെ കോവിലകം കലാകേന്ദ്രം, പുനരാരംഭിയ്ക്കുന്നതിനായി വേണ്ടിവരുന്ന സാമ്പത്തിക ഭാരത്തിന് ഒരു കൈത്താങ്ങായി റിയാക്റ്റ്. കലാകേന്ദ്രത്തിന്റെ ഡയറക്ടർ ചെമ്പക വല്ലി തമ്പുരാട്ടിയ്ക്ക് റിയാക്റ്റ് അനുവദിച്ച പതിനയ്യാ യിരം രൂപയുടെ ചെക്ക് ക്ഷത്രിയക്ഷേമസഭ അമ്പലപ്പുഴ യൂണിറ്റ് സെക്രട്ടറി രാമവർമ്മയും (ഹരിക്കുട്ടൻ) സംസ്ഥാന ജനറൽ സെക്രട്ടറി മധുകുമാർ വർമ്മയും ഒന്നിച്ച് കൈമാറുന്നു. സഭാംഗവും പ്രശസ്ത ഓട്ടൻതുള്ളൽ കലാകാരനു മായ സുരേഷ് വർമ്മ സമീപം.



പിലാത്തറ യൂണിറ്റ് അംഗം വി. ടി. പദ്മലോചന് റിയാക്ടിൽ നിന്നും ചികിത്സാസഹായം അനുവദിച്ചു. ചെക്ക് മുതിർന്ന അംഗം ജയരാജൻ പി. കെ. യിൽ നിന്നും പദ്മലോചന്റെ സഹധർമ്മിണി വിലാസിനി എം.എം. കൈപ്പറ്റി. പിലാത്തറ യൂണിറ്റ് വൈസ് പ്രസിഡന്റ് സുരേന്ദ്രൻ വി എം, ജോയിന്റ് സെക്രട്ടറി പുരുഷോത്തമൻ സി കെ, ട്രഷറർ ജനാർദ്ദനൻ സി, സംസ്ഥാന ഭാരവാഹി രാജൻ വി എം എന്നിവർ സന്നിഹിതരായിരുന്നു.



കോട്ടയം ചെങ്ങളം തെക്കേടത്ത് കോവിലകം ഗിരിജ വർമ്മയ്ക്ക് റിയാക്ടിൽ നിന്നു അനുവദിച്ച ധനസഹായത്തിന്റെ (15,000 രൂപ) ചെക്ക് യൂണിറ്റ് പ്രസിഡന്റ് യു അജിത്ത് വർമ്മ കൈമാറുന്നു. സെക്രട്ടറി ആത്മജ വർമ്മ തമ്പുരാൻ സമീപം.




പി. കെ. സാമുവൽ എന്ന ക്യാൻസർ രോഗിക്ക് REACT-ൽ നിന്നുമുള്ള സാമ്പത്തികസഹായമായ രൂപ 25,000/- തിരുവല്ലസഭയുടെ മുതിർന്ന അംഗവും, ഖജാൻജിയുമായ രാജേന്ദ്രവർമ്മ കൈമാറുന്നു.



കുറ്റിലഞ്ഞി ക്ഷത്രിയ കുടുംബാംഗം സൂരജ് വർമ്മക്കു REACT അനുവദിച്ച 30000 രൂപയുടെ ചികിത്സാ സഹായധനം, മുതിർന്ന കുടുംബാംഗം രാമവർമ്മ തിരുമുല്പാട് കൈമാറി. യൂണിറ്റ് രക്ഷാധികാരി വി.ആർ.വർമ്മ, പ്രസിഡന്റ് സുരേഷ് വർമ്മ, സെക്രട്ടറി കൃഷ്ണകുമാർ വർമ്മ, അശോകവർമ്മ എന്നിവർ പങ്കെടുത്തു.

കവർ സ്റ്റോറി





# വർമ്മാജിയുടെ ദീപ്തസ്മരണയിൽ

**ഡോ. സി.വി.ജയമണി**

പ്രകൃതിചികിത്സയുടെ പ്രോക്താവ് ശ്രീ. സി.ആർ.ആർ.വർമ്മ വിടവാങ്ങിയിട്ട് രണ്ട് പതിറ്റാണ്ടിലേറെ പിന്നിടുമ്പോഴും അദ്ദേഹത്തിന്റെ ദീപ്തമായ ഓർമ്മകൾ നമ്മുടെയെല്ലാം ജീവിതത്തിന് വഴികാട്ടിയായി തുടരുന്നു എന്നത് അദ്ദേഹത്തിന്റെ മഹത്വം വ്യക്തമാക്കുന്നു. പ്രകൃതി ജീവനം രോഗചികിത്സക്കുള്ള ഒരു മാർഗ്ഗത്തിനപ്പുറം തെറ്റായ ജീവിതരീതിയിൽ നിന്നുള്ള ഒരു മോചനം കൂടി ലക്ഷ്യമിടുന്നു. മനുഷ്യൻ പ്രകൃതിയുടെ അവിഭാജ്യഘടകമാണെന്ന കാര്യം മറന്ന്, തോന്നിയതുപോലെ, തെറ്റായ രീതിയിൽ ജീവിക്കുന്ന ആധുനിക മനുഷ്യന് ശരിയായ മാർഗ്ഗം പഞ്ചഭൂത ഉപാസനയിൽ കൂടി പഠിപ്പിക്കാനാണ് വർമ്മാജി സ്വന്തം ജീവിതത്തിൽ പരിശ്രമിച്ചത്. പുതുതായി ഒന്നും തന്നെ അദ്ദേഹം പഠിപ്പിച്ചില്ല, എന്നാൽ പഴയ കാര്യങ്ങൾ പുതുമയോടെ നമ്മുടെ മുന്നിൽ അവതരിപ്പിച്ചു. വേദസൂക്തങ്ങൾ പോലും ജീവിതഗന്ധിയായി സാധാരണക്കാരന് സ്വന്തമാണെന്ന് തോന്നത്തക്കവിധത്തിൽ അദ്ദേഹം അവതരിപ്പിക്കുമായിരുന്നു. സൂര്യവെളിച്ചത്തിന്റെ പ്രാധാന്യം മനസ്സിലാക്കാൻ അദ്ദേഹം "പൂതാ സൂര്യസ്യ രശ്മിഭി" എന്ന വേദമന്ത്രം ചൊല്ലിത്തന്നു. ജീവിതത്തിന്റെ പ്രാധാന്യം മനസ്സിലാക്കി "*പശ്യേമ ശരദഃശതം, ജീവേമ ശരദഃ ശതം*" എന്ന പ്രാർത്ഥന നമ്മളെ പഠിപ്പിച്ചു. പഥ്യാഹാരത്തെക്കുറിച്ചു



ആയുർവേദ ആചാര്യനായ വാഗ്ഭടാനന്ദൻ പറഞ്ഞതും, ദിനചര്യയെക്കുറിച്ചുള്ള ആയുർവേദ ആചാര്യന്മാരുടെ വാക്കുകളും അദ്ദേഹം നമ്മെ ഓർമ്മപ്പെടുത്തി. വിപുലമായ വായനയുടെയും, പഠനത്തിന്റെയും പശ്ചാത്തലത്തിൽ ആരോഗ്യരംഗത്തെ പുത്തൻ അറിവുകളും അദ്ദേഹം ജനങ്ങളുമായി പങ്കുവെച്ചു. പ്രകൃതിജീവന പഠനക്യാമ്പുകൾ ഗുരുവിനും ശിഷ്യർക്കും പുതിയ അറിവിന്റെയും അനുഭവത്തിന്റെയും പരിശീലന കളരിയായി മാറി. ഇത്തരം പഠനക്കളരിയിലൂടെയാണ് കേരളത്തിൽ പ്രകൃതിജീവനത്തിന്റെ പ്രചാരം വർദ്ധിച്ചത്. പതിനെട്ടോളം കേന്ദ്രങ്ങളിൽ ഇത് പ്രതിമാസം നടത്തപ്പെട്ടു. തലസ്ഥാന

നഗരിയിൽ കേരള ഗാന്ധിസ്മാരകനിധി അതിന് ആതിഥ്യമേകി.

ദൈവത്തിന്റെ സ്വന്തം നാടായ കേരളം രോഗികളുടെ സ്വന്തം നാടായി മാറുകയാണോ? മാറുന്ന ജീവിതരീതികൾ ആധുനികമനുഷ്യന് സമ്മാനിക്കുന്നത് മാറാരോഗങ്ങളാണ്. ഈ സാഹചര്യത്തിലാണ് വർമ്മാജിയുടെ കേരളത്തിലെ പ്രകൃതി ജീവനപ്രവർത്തനം വിലയിരുത്തപ്പെടുന്നത്. എഴുമാവിൽ ഭട്ടതിരിയുടെയും ലക്ഷ്മിക്കുട്ടി ത്തമ്പുരാട്ടിയുടെയും നാലാമത്തെ മകനായി 1925 ജനുവരി 29 ഇടപ്പള്ളിയിൽ ജനിച്ച വർമ്മാജിയുടെ ജീവിതം ഗീതയിൽ പറയുമ്പോലെ "സംന്യസ്യാദ്ധ്യാത്മചേതസാ" എന്ന രീതിയിൽ ഉള്ള ഒന്നായിരുന്നു. 'പരോപകാരാർത്ഥമിദം ശരീരം' എന്ന ആപ്തവാക്യം അന്വർത്ഥമാക്കുന്നതായിരുന്നു വർമ്മാജിയുടെ ജീവിതം. കൊച്ചിയിലെ ഗവണ്മെന്റ് ഹൈസ്കൂളിൽ നിന്ന് സിക്സ്ത് ഫോം പാസ്സായ വർമ്മാജി തിരുവനന്തപുരം മഹാരാജാസ് കോളേജിലും എഞ്ചിനീയറിംഗ് കോളേജിലുമായാണ് ഉന്നതപഠനം പൂർത്തിയാക്കിയത്. കോയമ്പത്തൂർ എഞ്ചിനീയറിംഗ് കോളേജിൽ ഏഴുവർഷത്തെ അധ്യാപക അനുഭവം അദ്ദേഹത്തിന്റെ പഠനരീതിയെയും, പ്രഭാഷണചാതുര്യത്തെയും പ്രചോദിപ്പിച്ചു. ഇന്ത്യൻ അലുമിനിയം കേബിൾസിലും മറ്റു ചില കമ്പനികളിലുമായി നിരവധിവർഷത്തെ പ്രവർത്തനപരിചയം അദ്ദേഹത്തിന്റെ എഞ്ചിനീയറിംഗ് വൈഭവം മികവുള്ളതാക്കി. എഞ്ചിനീയറിംഗ് പഠനത്തിൽ കൂടി ലഭിച്ച അറിവുകൾ പിന്നീട് പ്രയോജനപ്പെട്ടത് പ്രകൃതിജീവനത്തിനാണെന്ന് മാത്രം. എന്നാൽ പഞ്ചാബിലും, ദില്ലിയിലും, ഇറാനിലുമൊക്കെയായി നീണ്ടുപോയ പ്രവാസ ജീവിതം സ്വന്തം ജീവിതത്തിന് സമ്മാനിച്ചത് ചില ആരോഗ്യപ്രശ്നങ്ങളായിരുന്നു. ദഹനക്കേടിന്റെ രൂപത്തിൽ വന്ന സ്വന്തം ആരോഗ്യപ്രശ്നമാണ് വർമ്മാജിയെ പ്രകൃതിചികിത്സയിലേയ്ക്ക് വരാൻ പ്രേരിപ്പിച്ച ഘടകം. അമിതമായ ചായകുടി ശീലമുള്ള വർമ്മാജി അതുപേക്ഷിച്ചപ്പോൾ ഉണ്ടായ ആശ്വാസം സുഹൃത്തുക്കളുമായി പങ്കിടുമായിരുന്നു. ദില്ലി തൊഴിൽ മന്ത്രാലയത്തിൽ ഉദ്യോഗസ്ഥനായിരുന്ന സ്വാമിനാഥനിൽ നിന്നാണ് പ്രകൃതി ചികിത്സയുടെ പ്രായോഗിക പരിജ്ഞാനം വർമ്മാജി ഗ്രഹിച്ചത്. സ്വാമിനാഥനുമായുള്ള പരിചയവും ഗുരുസഹജമായ പരിശീലനവുമാണ് വർമ്മാജിയെ പ്രകൃതിജീവനത്തിന്റെ പ്രചാരകനാക്കി മാറ്റിയത്. ആ ഗുരു ശിഷ്യബന്ധം ഒരു പാട് നാൾ തുടർന്നു. ശ്രീ സ്വാമിനാഥന്റെ നിർദ്ദേശ പ്രകാരമാണ് വർമ്മാജിയുടെ പ്രവർത്തനം കേരളത്തിൽ കേന്ദ്രീകരിക്കപ്പെട്ടത്. അത് കേരളം എക്കാലവും ഓർമ്മിക്കുന്ന ഒന്നായി മാറി.

1985 ലാണ് ഞാൻ ആദ്യമായി വർമ്മാജിയെ കാണുന്നത്. കോഴിക്കോട് മെഡിക്കൽ കോളേജിലെ രണ്ടുവർഷക്കാലത്തെ വിദഗ്ദ്ധമായ ചികിത്സയ്ക്ക് ശേഷവും വിട്ടുമാറാത്ത എന്റെ ഭാര്യയുടെ മൂത്രാശയസംബന്ധമായ രോഗശാന്തിയ്ക്കും വേണ്ടിയായിരുന്നു ഈ സന്ദർശനം. ഒരു അദ്ധ്യാപകസുഹൃത്തിന്റെ നിർദ്ദേശപ്രകാരമാണ് എന്റെ തന്നെ സ്വദേശമായ കണ്ണൂരിലെ കേയീസ് ഗസ്റ്റ് ഹൗസിലെ ആളൊഴിഞ്ഞ ഒരു മുറിയിൽ മുറിക്കയ്യൻ ഷർട്ടും മുണ്ടുമായി കസേരയിലിരിക്കുന്ന തികച്ചും സാധാരണക്കാരനായ ഒരു കുറിയ മനുഷ്യനെ പരിചയപ്പെടാനിടയായത്. ഖദർവേഷധാരിയായ ആ മനുഷ്യനിൽ അസാധാരണമായി ഒന്നുംതന്നെ എനിക്ക് കാണുവാൻ സാധിച്ചില്ല. പ്രത്യേകിച്ചു സർവകലാശാലാ പഠനവും മെഡിക്കൽ കോളേജിലെ സുഹൃത്തുക്കളുമായുള്ള സഹവാസവും, മെഡിക്കൽ സയൻസിനോടു സാധാരണക്കാർക്കുണ്ടാകുന്ന സ്വാഭാവികമായ അടുപ്പവും, പ്രകൃതി ചികിത്സ എന്ന സമ്പ്രദായം എന്നിക്കന്ന് അന്യമാക്കി തീർത്തു.

എന്നാൽ സംസാരിച്ചു തുടങ്ങിയപ്പോൾ അദ്ദേഹം സൂചിപ്പിക്കുന്ന ചില കാര്യങ്ങൾ എനിക്കും സ്വീകാര്യമായിരുന്നു. അത് ക്രമേണ എന്നെ സ്വാധീനിച്ചു തുടങ്ങി എന്നു വേണം കരുതാൻ. യൂറിനറി ഇൻഫക്ഷനിൽ തുടങ്ങി നിരന്തരമായ നിരീക്ഷണ പരീക്ഷണങ്ങളിലൂടെ യൂട്രസ് ടിബി എന്ന അവസ്ഥയിലേക്ക് വഴിമാറിയ, രണ്ടുവർഷക്കാലത്തെ നിരന്തരമായ അലോപ്പതി ചികിത്സാ വിധികൾ അദ്ദേഹം ശ്രദ്ധിച്ചും, അതിലേറെ ക്ഷമയോടും ശ്രവിച്ചു. ഹാബിചൽ അബോർഷൻ ടെൻഡൻസിയുണ്ടെന്നും കുഞ്ഞുങ്ങളുണ്ടാ

കാൻ പാടില്ല എന്നുമാണ് ഡോക്ടർമാരുടെ അഭിപ്രായം എന്നതിനോട് അല്പം നീരസ ത്തോടെയാണ് വർമ്മാജി പ്രതികരിച്ചത്. അത് ഡോക്ടർമാരല്ലല്ലോ തീരുമാനിക്കേണ്ടത്. ഗർഭ ധാരണവും പ്രസവവും പ്രകൃതിയല്ലെ ചെയ്യുന്നത്. Everything is natural ഡോക്ടർമാർ പറയുന്നത് Absolutely nonsense ആണ്. നമുക്ക് നോക്കാം. പ്രകൃതിയിൽ വിശ്വസിക്കുക. ആത്മവിശ്വാസം കളയാതിരിക്കുക. ആരോഗ്യമാണ് പ്രധാനം. 'സർവധർമ്മാൻ പരിത്യജ്യ മാമേകശരണം വ്രജ' എന്നാണ് ഗീത നമ്മെ ഉപദേശിക്കുന്നത്. എനിക്ക് നിങ്ങളോട് പറയാനുള്ളത് ''സർവ രോഗാൻ പരിത്യജ്യ പ്രകൃത്യാം ശരണം വ്രജ' എന്നാണ്. പ്രകൃതിജീവനം സസ്യാഹാരിയായ ഭാര്യയെ സംബന്ധിച്ചിടത്തോളവും മിശ്രഭുക്കായ എന്നെ സംബന്ധിച്ചിടത്തോളവും പുതിയ ഒരനുഭവമായി രുന്നു. വർമ്മാജിയുമായുള്ള നിരന്തരമായ സഹവാസം ഞങ്ങൾക്ക് വല്ലാത്ത ഒരു ആത്മ ധൈര്യമാണ് പകർന്നു നൽകിയത്. സസ്യാഹാര ത്തിലേയ്ക്കും പൂർണാരോഗ്യത്തിലേയ്ക്കുമുള്ള ഒരു രാജപാതയായിരുന്നു ഞങ്ങൾക്ക് പ്രകൃതി ജീവനം.

പ്രകൃതിയെ ശരണം പ്രാപിക്കുക. ആഹാര രീതിയിലും ജീവിതത്തിലും ആരോഗ്യകരമായ മാറ്റങ്ങൾ വരുത്തുക അതായിരുന്നു വർമ്മാജി യുടെ ഉപദേശം. ഒരു പഴയ കടലാസിന്റെ ഇരുപുറ വുമായി അദ്ദേഹം കുറിച്ചുതന്ന ജീവിതക്രമം സ്വന്തം കുടുംബത്തിൽ പ്രാവർത്തികമാക്കി യപ്പോൾ പ്രയാസങ്ങൾ പാടെ മാറി എന്നു മാത്ര മല്ല സുഖപ്രസവത്തിലൂടെ രണ്ടു കുഞ്ഞുങ്ങൾക്ക് ജന്മം നൽകാനും അവരെ വർമ്മാജി പറയാറുള്ള തുപോലെ Disease, Doctors, Drugs, Dispensary ഇല്ലാത്ത ഒരു സാഹചര്യത്തിൽ വളർത്തിയെടു ക്കാനും സാധിച്ചുവെന്നത് ഒരു വലിയ കാര്യ മായാണ് ഞാൻ കാണുന്നത്. വർമ്മാജിയുടെ പാത പിന്തുടർന്ന സമയത്തൊന്നും തന്നെ മരുന്നിന്റെ യും ആശുപത്രിവാസത്തിന്റെയും പ്രയാസമി ല്ലാതെ ഒരു കുടുംബത്തെ സംരക്ഷിക്കാൻ ഈ തിരുവനന്തപുരം നഗരത്തിൽ സാധിച്ചു എന്ന താണ് പ്രധാനം. 'Eating and Meeting, Meeting and Eating, No Meeting without Eating" എന്നത് ഒരു നഗരത്തിന്റെ ശീലമായി മാറിയ കാലഘട്ട ത്തിലാണ് വർമ്മാജി തിരുവനന്തപുരം ഗാന്ധിഭവ നിലെ പ്രതിമാസ പ്രകൃതിജീവനപരിപാടിക്ക് തുടക്കം കുറിക്കുന്നത്. ഹൃദ്രോഗചികിത്സയിൽ ബൈപാസ് ശസ്ത്രക്രിയ സാധാരണമായി മാറിയ കാലത്ത് പ്രകൃതിജീവനത്തിലൂടെ ഹൃദ്രോഗത്തെ മാത്രമല്ല സകലരോഗങ്ങളെയും ബൈപാസ് ചെയ്യാനാണ് വർമ്മാജി നഗരവാസികളെ പഠി പ്പിച്ചത്. അനുഭവത്തിന്റെ പശ്ചാത്തലത്തിൽ 'ഹൃ ദ്രോഗം പൂർണമോചനം' എന്ന പുസ്തകവും അദ്ദേഹം രചിക്കുകയുണ്ടായി.

ഫാസ്റ്റ്ഫുഡിന്റെയും, തട്ട് കടയുടെയും, രാത്രിയെന്നോ പകലെന്നോ വ്യത്യാസമില്ലാതെ അമിതമായ ഭക്ഷണശീലങ്ങളുടെയും സ്വന്തം നഗരമായി മാറിയ തിരുവനന്തപുരം, ബേക്കറി കളുടെയും ഹോട്ടലുകളുടെയും ആശുപത്രി കളുടെയും എണ്ണത്തിൽ മുന്നിലാണ്. അവിടെ അടുക്കളയാണ് ആരോഗ്യകേന്ദ്രം. വീട്ടമ്മയാണ് വീട്ടിലെ ഡോക്ടർ, അടുക്കളത്തോട്ടമാണ് ഔഷധ ങ്ങളുടെ കലവറ എന്ന ആശയവുമായി വർമ്മാജി എല്ലാമാസവും മുടങ്ങാതെ ഗാന്ധി ഭവനിൽ സന്ദർശനം ആരംഭിച്ചത്. അമ്മിഞ്ഞപ്പാലും അമ്മ വിളമ്പിത്തരുന്ന ഭക്ഷണവുമാണ് ആരോഗ്യത്തി ന്നടിസ്ഥാനം. Homemade food is healthy, hotel food is horrible. It will result into hospitalization. തിരുവനന്തപുരത്തെ നഗരവാസികളെയും പൊതു മേഖലാസ്ഥാപനങ്ങളുടെയും, സർവകലാശാല കളിലെയും ഉദ്യോഗസ്ഥന്മാരെയും വർമ്മാജി ചിരിപ്പിച്ചും ചിന്തിപ്പിച്ചും പ്രകൃതിജീവനത്തിന്റെ ഇഷ്ടക്കാരാക്കി മാറ്റി. ആരോഗ്യപ്രദമായ ഭക്ഷണം എങ്ങനെ ഉണ്ടാക്കണം, എപ്പോൾ കഴിക്കണം, എത്ര തവണ കഴിക്കണം എന്ന് അദ്ദേഹം തന്റെ പ്രഭാഷണങ്ങളിലൂടെ ഈ തിരക്ക് പിടിച്ച നഗര ത്തെ പഠിപ്പിച്ചു. രോഗഗ്രസ്തമായ ഒരു പാട് കുടുംബങ്ങൾക്ക് അത് ആശ്വാസമായി. അസ്വാ ഭാവിക ഭക്ഷണമാണ് അപകടം വിളിച്ചുവരു ത്തുന്നത്. അത് അമിതമായും അനവസരത്തി ലും കഴിക്കുന്നതാണ് കൂടുതൽ അപകടമാ കുന്നത്. അകത്തോട്ട് ഭക്ഷണവും പുറത്തോട്ട്

വാക്കുകളും കുറയ്ക്കണമെന്ന് വർമ്മാജി സാധാരണ ജനങ്ങളെ പഠിപ്പിച്ചു. മിതമായ ഭക്ഷണം മിതമായ ഭാഷണം എന്നത് ആരോഗ്യ സംരക്ഷണത്തിന് അത്യാവശ്യമാണ്. ആധുനിക ജീവിതത്തിന്റെ അപകടങ്ങളെക്കുറിച്ചു വർമ്മാജി എന്നും പറഞ്ഞുകൊണ്ടേയിരുന്നു. കുഞ്ഞുങ്ങളിലെ അസ്വാഭാവികമായ ഭക്ഷണശീലങ്ങൾ ഒരു തലമുറയെയാണ് തകരാറിലാക്കുന്നത്. ചെത്തിയും ചെമ്പരത്തിയും ഇന്റർനെറ്റിൽ മാത്രം കാണുന്ന കുട്ടികൾക്ക് പ്രിയം ചോക്ലേറ്റും ഐസ്ക്രീമുമാകുന്നത് ആധുനികതയുടെ വൈകല്യമാകാം. അടുക്കള വെളിയിലും കക്കൂസ് അകത്തും എന്ന ആധുനിക സംവിധാനത്തെ കളിയാക്കാൻ അദ്ദേഹം തന്റെ പ്രസംഗവേദിയെ പ്രയോജനപ്പെടുത്തുമായിരുന്നു. മലബന്ധം മനുഷ്യസഹജമാക്കിയ ആധുനികമനുഷ്യൻ വീട് നിർമ്മാണത്തിൽ വാഷ്റൂമിനാണ് പ്രാധാന്യം കൊടുക്കുന്നത്. അതിനെ 'ഗ്ളാമർറൂമാ'യി നിലനിർത്തുന്ന അവർ പക്ഷെ ആഹാരവൈകല്യം മൂലമുണ്ടാകുന്ന മലബന്ധത്തെക്കുറിച്ച് വേവലാതിപ്പെടുന്നില്ല. City man is cronically constipated എന്നാണ് അവസ്ഥ. വീട്ടിൽ നിന്നും വാഴയിലയിൽ കൊണ്ടുപോയി കഴിച്ചിരുന്ന നാം ഹോട്ടൽ ഭക്ഷണത്തിന്റെ രുചിയുടെ അടിമകളായപ്പോൾ കുടുംബങ്ങളിൽ വന്നു ചേർന്ന കുഴപ്പങ്ങളെക്കുറിച്ചാണ് വർമ്മാജി തന്റെ പ്രഭാഷണങ്ങളിൽ കൂടുതലും പരാമർശിച്ചിരുന്നത്. സരസമായ അദ്ദേഹത്തിന്റെ പ്രഭാഷണം കേൾക്കാൻ കേൾവിക്കാർ കൂടിവന്നു; അനന്തപത്മനാഭന്റെ സ്വന്തം മണ്ണിൽ.

'പൂർണാരോഗ്യത്തിന് സസ്യാഹാരം' എന്നത് വർമ്മാജിയുടെ ഇഷ്ടവിഷയമായിരുന്നു. അത് തന്നെയാണ് ആ പേരിൽ ഒരു പുസ്തകമെഴുതാൻ എന്നെ പ്രേരിപ്പിച്ചത്. ആ പുസ്തകത്തിന്റെ അവതാരിക എഴുതിയത് വർമ്മാജിയായിരുന്നു. ആഹാരത്തിൽ നാടൻ പഴങ്ങളുടെയും പച്ചക്കറികളുടെയും നിറസമൃദ്ധിയെക്കുറിച്ചായിരുന്നു അദ്ദേഹം എന്നും നമ്മെ ഓർമ്മിപ്പിച്ചിരുന്നത്. ഒരു നേരം പൂർണമായും പഴഭക്ഷണം എന്നത് ഏറെ ഫലപ്രദമാണെന്ന് അദ്ദേഹം അനുഭവത്തിലൂടെ ആളുകളെ ബോധിപ്പിച്ചു. ചക്കപ്പഴത്തിന്റെ പ്രാധാന്യം അദ്ദേഹം പ്രത്യേകമായി എടുത്തു പറയുമായിരുന്നു മൂന്നരകോടിയോളം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഈ കൊച്ചുകേരളത്തിൽ പ്രതിമാസം വിളയുന്നത് മുപ്പത്തിരണ്ടുകോടി ചക്കകളാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. പകുതിയിലധികവും പ്രയോജനപ്പെടാതെ പോകുന്ന ചക്കകളെ മലയാളികൾ ചങ്ങാതികളാക്കേണ്ടതാണ്. രണ്ടാഴ്ച്ചയിൽ ഒരു ദിവസം അനുഷ്ഠിക്കുന്ന ഉപവാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും വർമ്മാജി തന്റെ പ്രഭാഷണങ്ങളിൽ പരാമർശിക്കുമായിരുന്നു. പഴവർഗ്ഗങ്ങളും പഴച്ചാറുകളും മാത്രം കഴിച്ചുള്ള ഉപവാസം ആധുനിക മനുഷ്യന് ഏറെ പ്രയോജനപ്പെടുന്നതാണ്. ഉപവാസമെന്നത് ആയുർവേദത്തെപോലെ ഭാരതീയമായ ജീവിതരീതിയുടെ ഒരു ഭാഗം തന്നെയാണെന്ന് വർമ്മാജി എന്നും നമ്മെ ഓർമ്മിപ്പിച്ചിരുന്നു. ആധുനികവൈദ്യശാസ്ത്രവും ഇത് അംഗീകരിച്ചുതുടങ്ങി. അവർ പറഞ്ഞു: "Skip a Meal and be Healthy". ഈ കാലത്തായിരുന്നു വർമ്മാജി പ്രകൃതിജീവനത്തിന്റെ പ്രായോഗിക വശത്തെക്കുറിച്ചു നമുക്ക് പറഞ്ഞു തന്നത്. പഴവർഗ്ഗങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും.

രോഗം മിഥ്യയാണ് ആരോഗ്യമാണ് സത്യം എന്നായിരുന്നു വർമ്മാജിയുടെ വിശ്വാസം. ശക്തമായ ശരീരവും, സ്വസ്ഥമായ മനസ്സുമാണ് പൂർണാരോഗ്യത്തിലേയ്ക്കുള്ള വഴി. സ്വാഭാവികമായ ബുദ്ധിശക്തിയും, ആത്മീയമായ അറിവും സാധാരണ മനുഷ്യനെ അസാധാരണമായ വ്യക്തിത്വത്തിന്റെ ഉടമകളാക്കി തീർക്കുന്നുവെന്നാണ് വർമ്മാജിയുടെ അഭിപ്രായം. അശാന്തമായ മനസ്സുകൾക്ക് ആരോഗ്യസംരക്ഷണം അസാധ്യമായിരിക്കും. "അശാന്തസ്യ കുതഃ സുഖം" എന്നാണ് ഗീത വ്യക്തമാക്കുന്നത്. കാരണം സ്വസ്ഥവും സുസ്ഥിരമല്ലാത്തതുമായ മനസ്സ് ഒരുപാട് പ്രശ്നങ്ങൾക്ക് കാരണമാകുന്നു എന്ന് ഭാരതീയ ദർശനങ്ങളുടെ അവലംബത്തിൽ വർമ്മാജി നമ്മളോട് വിശദീകരിക്കുമായിരുന്നു. ലംഘനം പരമൗഷധം എന്ന് ആയുർവേദസൂക്തം ചൊല്ലിത്തന്ന്

ഉപവാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ചു വർമ്മാജി വ്യക്തമാക്കുന്നു. ഏകാദശിയുടെയും മറ്റ് വ്രതാനുഷ്ഠാനത്തിന്റെയും പ്രാധാന്യത്തെക്കുറിച്ചും വർമ്മാജി നമ്മോട് പറയുമായിരുന്നു. വിവേകത്തോടെയുള്ള ഒരു ജീവിതം വളരെ വലിയ ഗുണമാണ് മനുഷ്യജീവിതത്തിൽ പ്രദാനം ചെയ്യുന്നത്. ആയുരാരോഗ്യസൌഖ്യത്തോടെയുള്ള ഒരു ജീവിതമാണ് ജന്മാന്തരപുണ്യമായി നമുക്കീ പുരുഷായുസ്സിൽ ലഭിച്ചിരിക്കുന്നത്. അത് സഫലമാക്കാൻ വർമ്മാജിയെ പോലുള്ള ആചാര്യന്മാരുടെ ജീവിതവും ദർശനങ്ങളും നമുക്ക് വഴികാട്ടിയാവേണ്ടതാണ്. വർമ്മാജിയുടെ ശിഷ്യനായി ജീവിതത്തിന്റെ നല്ലൊരുഭാഗം പ്രവർത്തിക്കാൻ സാധിച്ചുവെന്നതാണ് എന്റെ ജീവിത സാഫല്യം. അദ്ദേഹം ഉപദേശിച്ചതുപോലെ എഴുപതിന്റെ നിറവിലും യുവത്വം സൂക്ഷിക്കാൻ സാധിക്കുന്നതിൽ (Seventy Years Young) ആചാര്യനു ആയിരം പ്രണാമങ്ങൾ.

*കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാല മാനേജ്മെന്റ് വകുപ്പിലെ മുൻ പ്രൊഫസറും, തിരുവനന്തപുരം കേരള ഗാന്ധി സ്മാരകനിധി കേന്ദ്രമായി പ്രവർത്തിക്കുന്ന പ്രകൃതിജീവന സമിതിയുടെ മുൻ അധ്യക്ഷനുമാണ് ലേഖകൻ*

# അശ്രുപൂജ



തിരുവല്ല പാലിയക്കര കിഴക്കേ കൊട്ടാരത്തിലെ വലിയ തമ്പുരാട്ടി **രോഹിണിനാൾ കുമാരീദേവി തമ്പുരാട്ടി (94)** അന്തരിച്ചു.

ഭർത്താവ്: പൂഞ്ഞാർ കൊട്ടാരത്തിൽ പരേതനായ പി. കെ. രാമവർമ്മ രാജാ. മക്കൾ: ദിലീപ്കുമാർ വർമ്മ, രതീദേവി, ഗിരിജ കെ., ശൈലജ കെ. മരുമക്കൾ: സതീദേവി, കുഞ്ഞിക്കുട്ടൻ തമ്പാൻ കെ. ആർ., ശശിധരവർമ്മ, പരേതനായ പൃഥ്വിരാജ്.



സംസ്ഥാന ക്ഷത്രിയ ക്ഷേമസഭയുടെ സ്ഥാപക നേതാക്കളിൽ പ്രമുഖസ്ഥാനം അലങ്കരിച്ചിരുന്ന പള്ളം പടിഞ്ഞാറെ കൊട്ടാരത്തിൽ പരേതനായ അംബുജാക്ഷ വർമ്മയുടെ പത്നി പൂഞ്ഞാർ കൊട്ടാരത്തിൽ **സുഭദ്ര തമ്പുരാട്ടി (88)** തിരുവനന്തപുരത്ത് അന്തരിച്ചു.

മക്കൾ : വിനോദ് വർമ്മ, രാജി, ഉല്ലാസ് വർമ്മ.

മരുമക്കൾ : അംബിക (കോതാംഗലത്തു മഠം, തൃപ്പൂണിത്തുറ). ടി. എൻ. അശോക് (തിരുത്തൂർ നടുവിൽ മഠം, അഞ്ചേരി, തൃശൂർ), അപർണ്ണ (തിരുവണ്ണൂർ കോവിലകം, കോഴിക്കോട്)



# ശ്രീശങ്കരനാഥ ജോത്സ്യർ – ഒരു അതുല്യ പ്രതിഭ

ടി എം ശ്രീകുമാർ, കരിവെള്ളൂർ



**അ**ത്യുത്തര കേരളത്തിൽ കണ്ണൂർ ജില്ലയിൽപ്പെട്ട കരിവെള്ളൂർ ചെറുതാഴം പുറച്ചേരി അതിയടം, അറത്തിൽ, പെച്ചി എന്നിവിടങ്ങളിൽ അധിവസിക്കുന്ന ചെറിയ ഒരു ക്ഷത്രിയ വിഭാഗമാണ് ഉണിത്തിരിമാർ. തൃശ്ശൂർ ജില്ലയിലെ തളി, ദേശമംഗലം തുടങ്ങിയ സ്ഥലങ്ങളിലും ഈ വിഭാഗക്കാർ ഉണ്ട്. കരിവള്ളൂരിലെ വങ്ങാട്ട് മഠം അതിപ്രശസ്തരായ വ്യക്തികളെ കൊണ്ട് ചരിത്രത്തിൽ തന്നെ സ്ഥാനം നേടിയ ക്ഷത്രിയ കുടുംബമാണ്. ഈ കുടുംബത്തിൽപ്പെട്ട ശ്രീ ശങ്കരനാഥ ജോത്സ്യർ 19-ാം നൂറ്റാണ്ടിൽ ഇന്ത്യ കണ്ട പ്രശസ്തനായ രാജ്യതന്ത്രജ്ഞനും സാംസ്കാരിക നായകനുമായിരുന്നു. സംസ്കൃതം, ജ്യോതിഷം, പക്ഷിശാസ്ത്രം, സാഹിത്യം തുടങ്ങിയ സമസ്ത മേഖലകളിലും അദ്ദേഹം അതിനിപുണനായിരുന്നു.

കരിവെള്ളൂരിന് പഴമകൾ ഏറെയാണ്, ആ പഴമയിലെ പുളകമായി വങ്ങാട്ട് മഠം ഇന്നും മങ്ങാത്ത ശോഭയുമായി നിൽക്കുന്നു; എന്താണീ മഠത്തിന്റെ പ്രത്യേകത, ഇവിടെയൊരു ജ്യോൽസ്യൻ ജീവിച്ചിരുന്നു, ആ പഴയ കഥയിലേക്കൊന്നു പോകാം. ഇരുന്നൂറു വർഷം മുമ്പാണ്. കേരളത്തിന്റെ വടക്കേ അറ്റത്തുനിന്ന് യാത്രതിരിച്ച് ഒരു യുവാവ് പഞ്ചാബിലെ മഹാരാജാ രഞ്ജിത്ത് സിംഗിന്റെ മുഖ്യ ഉപദേഷ്ടാവും മന്ത്രി പ്രമുഖനുമായി നിയമിതനാകുന്നു. ജ്യോതിഷത്തിലും വേദാന്തത്തിലും ആദ്ധ്യാത്മിക ശാസ്ത്രങ്ങളിലും പ്രതിഭ തെളിയിച്ച ആദിശങ്കരന്റെ ദിഗ്വിജയത്തെ അനുസ്മരിപ്പിക്കുന്ന ഈ യാത്ര നടത്തിയത് കണ്ണൂർ ജില്ലയുടെ വടക്കേ അറ്റത്തുള്ള കരിവെള്ളൂരിൽ വങ്ങാട്ട് എന്ന ഉണിത്തിരി കുടുംബത്തിൽ ജനിച്ച ശങ്കരനാഥനാണ്. ശങ്കരനാഥ ജ്യോൽസ്യരുടെ സ്മരണകളുമായി വങ്ങാട്ട് മഠം ഇന്നും നിലനിൽക്കുന്നു. ശങ്കരനാഥ ജ്യോൽസ്യർ മാത്രമായിരുന്നില്ല ഈ തറവാടിന്റെ സംഭാവന, മലയാള സാഹിത്യത്തിന് അക്ഷര സൗഭാഗ്യമേകിയ വിലപ്പെട്ട ചില വ്യക്തികളും ഈ വങ്ങാട്ട് കുടുംബത്തിൽ നിന്നുണ്ടായി.

കരിവെള്ളൂരിൽ വങ്ങാട്ട് ഉണിത്തിരി കുടുംബത്തിലെ പാർവ്വതി അമ്മയുടേയും പെരിഞ്ചല്ലൂർ പട്ടോടം ഇല്ലത്തെ അഗ്നിശർമ്മൻ നമ്പൂതിരിയുടേയും മകനായി 1790 ലാണ് ശങ്കരനാഥൻ ജനിച്ചത്. സംസ്കൃതത്തിലും ആദ്ധ്യാത്മിക വിഷയങ്ങളിലും അഗാധമായ പാണ്ഡിത്യം നേടിയ സ്ത്രീ ആയിരുന്നു പാർവ്വതിയമ്മ. ശങ്കരനാഥൻ യഥാസമയം പ്രാഥമിക വിദ്യാഭ്യാസം നേടിയെങ്കിലും അമ്മയുടെ പ്രതീക്ഷയ്ക്കൊത്ത് പഠനത്തിൽ ഉയർന്നില്ല. കായികവിദ്യയിലായിരുന്നു താത്പര്യം. ഇത് പാർവ്വതിയമ്മയെ ഏറെ വേദനിപ്പിച്ചു. "കുതിരയുടെ വയറ്റിൽ എങ്ങനെ ഒരു കഴുത പിറന്നു" എന്ന് ആ അമ്മ ഒരിക്കൽ വിഷമത്തോടെ ചോദിച്ചു. ഈ വാക്കുകൾ മകനെയും വിഷമിപ്പിച്ചു. അമ്മയുടെ വ്യഥയ്ക്ക് പരിഹാരം കാണാമെന്നുറച്ച് അറിവ് നേടാൻ തന്നെ തീരു

മാനിച്ചു. ആരോടും പറയാതെ ഒരു ദിവസം ശങ്കരൻ അറിവു തേടിയുള്ള യാത്ര പുറപ്പെട്ടു. പല നാടുകളിൽ നിരവധി ഗുരുക്കൻമാരിൽ നിന്നായി വിവിധ വിഷയങ്ങളിൽ അവഗാഹം നേടി. കാശിയിലെ വരാഹാചാര്യനിൽ നിന്നാണ് ജ്യോതിഷം പഠിച്ചത്. ചുരുങ്ങിയ കാലംകൊണ്ടു തന്നെ പ്രഗത്ഭനായ ഒരു ജ്യോതിഷിയായി മാറി. ഇന്ത്യയിലെ നിരവധി രാജാക്കൻമാർക്കു മുന്നിൽ തന്റെ കഴിവ് തെളിയിച്ച ശങ്കരനാഥൻ ധാരാളം പണവും സമ്പാദിച്ചു, എന്നാൽ ഈ പണമെല്ലാം ജനങ്ങളുടെ ആവശ്യങ്ങൾക്ക് വേണ്ടി ചെലവഴിക്കുകയായിരുന്നു. കാശിയിലെ മണികർണ്ണികാഘട്ടിൽ ഭക്തർക്കായി സത്രം പണിയിച്ചതാണ് ഇതിലൊന്ന്. ജോഷിഘട്ട് എന്ന പേരിൽ ഇന്നും ഈ സത്രം നിലനിൽക്കുന്നു.

ഉത്തരേന്ത്യൻ വാസത്തിനിടെ ശങ്കരനാഥ ജോത്സ്യർക്ക് 'ശങ്കരനാഥ് ജോഷി' എന്ന പേരും ലഭിച്ചിരുന്നു. ശങ്കരനാഥന്റെ സിദ്ധികളെ കുറിച്ച് കേട്ടറിഞ്ഞ പഞ്ചാബ് കേസരി മഹാരാജാ രൺജിത് സിംഗ് അദ്ദേഹത്തെ തന്റെ കൊട്ടാരത്തിലേക്ക് വിളിപ്പിച്ചു. പ്രവചനങ്ങളിലൂടെ രൺജിത് സിംഗിനെ വിസ്മയിപ്പിച്ച അദ്ദേഹം വൈകാതെ തന്നെ രാജാവിന്റെ മുഖ്യ ഉപദേഷ്ടാവായി. അഫ്ഗാനുമായി രൺജിത്സിംഗ് നടത്തിയ യുദ്ധത്തിലും ശങ്കരനാഥൻ പങ്കെടുത്തതായി പറയുന്നു.

തന്റെ യാത്രകൾക്കിടയിൽ ശങ്കരനാഥൻ കാഞ്ചീപുരത്തെത്തുകയും അവിടെ പാലാറ്റിൽ കുളിച്ചുകൊണ്ടിരിക്കെ ഒരു ദേവീ വിഗ്രഹം ലഭിക്കുകയും ചെയ്തു. പിന്നീടുള്ള ജീവിതകാലം മുഴുവൻ ഈ വിഗ്രഹത്തിന് അദ്ദേഹം നിത്യപൂജ അർപ്പിച്ചിരുന്നത്രേ. കാഞ്ചിയിലെ കാമാക്ഷി ദേവിയാണ് തന്റെ എല്ലാ അഭ്യുന്നതിക്കും കാരണമെന്ന് ശങ്കരനാഥൻ വിശ്വസിച്ചിരുന്നു. മഹാരാജാ രൺജിത് സിംഗിന്റെ കൊട്ടാരത്തിൽ കഴിയവേയാണ് ശങ്കരനാഥനെന്ന മലയാളിയായ മഹാജോതിഷിയെ കുറിച്ച് അന്ന് തിരുവിതാംകൂർ ഭരിച്ചിരുന്ന സ്വാതി തിരുനാൾ മഹാരാജാവ് കേൾക്കുന്നത്. ഉടൻ തന്നെ തനിക്ക് അദ്ദേഹത്തിന്റെ സേവനം അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സ്വാതിതിരുനാൾ ബ്രിട്ടീഷ് സർക്കാർ മുഖേന രൺജിത് സിംഗിന് കത്തയച്ചു, സ്വാതി



*വങ്ങാട്ട് മഠവും പടിപ്പുരയും*

യുടെ അഭ്യർത്ഥന മാനിച്ച് രൺജിത് സിംഗ് ശങ്കരനാഥനെ തിരുവിതാംകൂറിലേക്ക് പോകാൻ അനുവദിച്ചു. അവസാന കാലത്ത് രൺജിത് സിംഗ് ആവശ്യപ്പെട്ടതനുസരിച്ച് വീണ്ടും ലാഹോറിലേക്ക് പോയെങ്കിലും ശങ്കരനാഥൻ പിന്നീടുള്ള കാലം മുഴുവൻ തിരുവനന്തപുരത്തു തന്നെയായിരുന്നു. സ്വാതിതിരുനാളിന്റെ ഉപദേഷ്ടാവ് എന്നതിന് പുറമേ തിരുവിതാംകൂർ സദർ കോടതി ജഡ്ജിയായും അദ്ദേഹം സേവനമനുഷ്ഠിച്ചു. ഇതിനിടയിൽ ആറ്റുകാൽ ചെറുകര വീട്ടിൽ ലക്ഷ്മിയമ്മയെ വിവാഹം ചെയ്ത് ഗൃഹസ്ഥാശ്രമജീവിതം ആരംഭിക്കുകയും ചെയ്തു.

സ്വാതിതിരുനാളിന്റെ നിർദ്ദേശമനുസരിച്ച് ശങ്കരനാഥ ജോത്സ്യർ ദേവീ ഭാഗവതം കിളിപ്പാട്ട് വൃത്തത്തിൽ വിവർത്തനം നടത്തി, എന്നാൽ ഏഴ് സ്കന്ദങ്ങൾ മാത്രമേ അദ്ദേഹത്തിന് പൂർത്തിയാക്കാൻ സാധിച്ചുള്ളൂ. ഇതിൽ രണ്ട് സ്കന്ദങ്ങൾ മാത്രമേ കണ്ടുകിട്ടിയിട്ടുള്ളൂ എന്ന് മഹാകവി ഉള്ളൂർ തന്റെ കേരള സാഹിത്യചരിത്രത്തിൽ പറയുന്നുണ്ട്. ശങ്കരനാഥന്റെ മകൻ ആറ്റുകാൽ ശങ്കരപ്പിള്ള ബാക്കിയുള്ള ഭാഗങ്ങൾ കൂടി വിവർത്തനം ചെയ്തതായും പറയുന്നു.

ശങ്കരനാഥ ജോത്സ്യരുടെ തറവാടായ വങ്ങാട്ട് മഠത്തിൽ ഭാഷാനിപുണരും സാഹിത്യകുതുകികളുമായ നിരവധിപേർ ജീവിച്ചിരുന്നു. ജോത്സ്യരുടെ മുൻതലമുറക്കാരിൽ ഒരാളാണ് ഉത്തരരാമായണം ഗദ്യത്തിന്റെ കർത്താവ്. മലയാളത്തിലെ ഗദ്യസാഹിത്യത്തിന്റെ ഈറ്റില്ലമാണ് വങ്ങാട്ട് മഠമെന്ന് ഉള്ളൂർ നിരീക്ഷിക്കുകയുണ്ടായി. അദ്ദേഹം പൂജിച്ച കാമാക്ഷി വിഗ്രഹം മങ്ങാട്ട് മഠത്തിൽ കൊണ്ടുവരുകയും തൊട്ടടുത്ത് തന്നെ

## പ്രഭാതത്തിൽ അസ്തമിച്ച സൂര്യൻ (ഉദയൻ അമ്മാവൻ)



ഏപ്രിൽ 20 രാവിലെ 6 മണി. സുരേഷിന്റെ ഫോൺ ശബ്ദിക്കുന്നു. "അനീ എനിക്കു സുഖമില്ല. ആശുപത്രിയിൽ പോകണം." "അമ്മാവാ ഞാൻ കറുകച്ചാലിലാണ്." അദ്ദേഹം അയൽപക്കത്തേക്കു പോകുന്നു. "എന്നെ ആശുപത്രിയിൽ കൊണ്ടു പോകണം." "ശരി തമ്പുരാനേ! റെഡിയായി വന്നാട്ടേ!" വേഷവുമിട്ട് പൈസ മടിയിൽ വച്ച് കതകു പൂട്ടി ഇറങ്ങാൻ ശ്രമിക്കുന്നു. പൂട്ടാൻ കഴിയുന്നില്ല. അപകടം മണത്ത അയൽപക്കക്കാരൻ കൂട്ടുകാരനായ ഗിരീഷിനെയും കൂട്ടി സ്വന്തം കാറിൽ മല്ലപ്പള്ളിയിലുള്ള ആശുപത്രിയിലേക്ക്. പ്രഥമ ശുശ്രൂഷ നൽകി തിരുവല്ല മെഡിക്കൽ മിഷനിലേക്ക് റഫർ ചെയ്യുന്നു. ആംബുലൻസിൽ കയറ്റി പോകാൻ തുടങ്ങുമ്പോൾ കഠിനമായ നെഞ്ചുവേദന അനുഭവപ്പെടുന്നു. ഡോക്ടർ ഓടി വന്നു പരിശോധിക്കുന്നു. രക്ഷയില്ല. ഇനി കൊണ്ടു പോകേണ്ട. രാവിലെ തന്നെ അസ്തമിച്ചു. എഴുമറ്റൂർ ദേവിവിലാസം (തുണ്ടിയിൽ) കോയിക്കലിൽ **ഉദയവർമ്മ തമ്പുരാൻ (82)** ലോകത്തോട് വിടപറഞ്ഞു. 17 ന് ചേർത്തലയിൽ വിവാഹം, 18ന് കീഴ്‌വായ്പൂരിൽ മരണാനന്തര ചടങ്ങ്, എന്നിങ്ങനെ അവസാന നിമിഷംവരെയും കർമ്മനിരതനായിരുന്ന അമ്മാവൻ അപ്രതീക്ഷിതമായി ഇഹലോകവാസം വെടിഞ്ഞു. പഴയന്നൂർ വലവൂർ കിഴക്കേക്കര കോവിലകം പരേതയായ നിർമ്മല വർമ്മയാണ് ഭാര്യ. മക്കൾ: ശാലിനി, ദിലീപ്. മരുമക്കൾ: അജിത്.കെ.തമ്പാൻ, ഉഷ.

തിരുവല്ല ക്ഷത്രിയക്ഷേമസഭയുടെ മുൻ പ്രസിഡൻറ് കൂടിയായ ഉദയവർമ്മ തമ്പുരാന് തിരുവല്ല ക്ഷത്രിയക്ഷേമസഭയുടെ ആദരാഞ്ജലി

– **സൂര്യകുമാർ വർമ്മ,** സെക്രട്ടറി

ക്ഷേത്രം പണിത് അവിടെ പ്രതിഷ്ഠിക്കുകയും ചെയ്തു. ശങ്കരനാഥ ജോത്സ്യരുടെ കുടുംബത്തിലെ പിൻമുറക്കാർ ഇന്നും വങ്ങാട്ട് മഠവും അദ്ദേഹം പൂജിച്ചാരാധിച്ച കാമാക്ഷി വിഗ്രഹവും സംരക്ഷിച്ചുപോരുന്നു. നാലുകെട്ടും നടുമുറ്റവും പത്തായപുരയുമായി വങ്ങാട്ട്മഠം ഇന്നും കരിവെള്ളൂരിൽ പ്രൗഢിയോടെ നിലനിൽക്കുന്നു. വങ്ങാട്ട് മഠത്തിൽ സ്ത്രീ സന്താനങ്ങൾ ഇല്ലാത്തതിനാൽ ക്ഷേത്രവും വങ്ങാട്ടുമഠവും അന്യം നിന്നു പോകുമോ എന്ന ഭയത്താൽ തറവാട്ടിലെ അവസാനത്തെ കാരണവരും അംശം അധികാരിയും ആയിരുന്ന ശ്രീ വി. കേപ്പു ഉണ്ണിത്തിരിയുടെ കാലത്ത് 1987ൽ ശ്രീ കാമാക്ഷിട്രസ്റ്റ് രൂപീകരിച്ച് മഠവും കാമാക്ഷി ക്ഷേത്രവും അതിന് കീഴിലാക്കി. ഇതുകൂടാതെ പാലക്കാട് ജില്ലയിൽ കിഴക്കഞ്ചേരി എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ശ്രീ കാമാക്ഷി ക്ഷേത്രവും സ്ഥലവും ഈ ട്രസ്റ്റിന്റെ അധീനതയിലാണ്. അഡ്വ. സി കെ രാമചന്ദ്രൻ നായർ പ്രസിഡണ്ടും പി കെ അച്ചുതൻ അടിയോടി സെക്രട്ടറിയും എൻ പി കാമാക്ഷി വർമ്മ ട്രഷററുമായ 19 അംഗ ഭരണ സമിതിയാണ് ഇപ്പോൾ ട്രസ്റ്റ് ഭരണം നടത്തുന്നത്. ട്രസ്റ്റിൽ ഇപ്പോൾ 65 അംഗങ്ങളാണുള്ളത്. ഇതിൽ 13 പേർ പാരമ്പര്യ ട്രസ്റ്റിമാരാണ്. ക്ഷേത്രം നിൽക്കുന്ന 0.32 ഏക്കർ സ്ഥലവും ക്ഷേത്രത്തോട് തൊട്ടുകിടക്കുന്ന 1.22 ഏക്കർ വങ്ങാട്ട് മഠം പറമ്പും ഉൾപ്പെടെ 1.54 ഏക്കർ സ്ഥലം ശ്രീ കാമാക്ഷി ട്രസ്റ്റിന്റെ അധീനതയിലാണ്. ഇപ്പോൾ വങ്ങാട്ട് മഠത്തിൽ ആരുംതന്നെ താമസമില്ല. തൊട്ടടുത്ത പടിമാളികയിൽ കാരണവരിൽ ഒരാളായ പരേതനായ വി. നാരു ഉണിത്തിരിയുടെ മകൾ രാധാമണി ആർ. വർമ്മയും കുടുംബവും താമസിച്ചുവരുന്നു.

വങ്ങാട്ട് മഠത്തിലെ കൊട്ടിലകത്തും പൂജാമുറിയിലും എല്ലാദിവസവും വിളക്ക് തെളിയിക്കുന്നുണ്ട്. ഇവിടെ ശങ്കരനാഥ ജോത്സ്യരുടെ ഒരു ഛായാചിത്രവുമുണ്ട്. ഇന്നും ശ്രീ കാമാക്ഷി ക്ഷേത്രവും വങ്ങാട്ട് മഠവും നാടിന്റെ ഐശ്വര്യമായി തലയെടുപ്പോടെ നിലകൊള്ളുന്നു.

*(2013 ജൂൺ 30ന് 'വാരാന്ത്യകൗമുദി'യിൽ യു പി സന്തോഷ് എഴുതിയ ലേഖനത്തോട് കടപ്പാട്.)*

**ഓർമ്മക്കുറിപ്പ്**

## പരമ്പര: കേരള ക്ഷത്രിയ ക്ഷേമസഭയുടെ തുടക്കവും വളർച്ചയും

# എം. സി. കേരളവർമ്മയുടെ ജീവിതയാത്ര

**(അവലംബം: ക്ഷത്രിയക്ഷേമസഭയുടെ 30.11.86ലെ വാർത്താപത്രികയും അദ്ദേഹത്തിന്റെ ജന്മശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് തയ്യാറാക്കിയ റിപ്പോർട്ടുകളും**

ചിന്നിച്ചിതറിക്കിടക്കുന്ന കേരള ക്ഷത്രിയരെ ഏകോപിപ്പിച്ചു യോഗക്ഷേമാവഹമായ അഭ്യുദയ മാർഗ്ഗത്തിൽ പ്രവർത്തിപ്പിക്കാൻ അക്ഷീണവും നിസ്വാർത്ഥവുമായ യത്നം തുടർന്നുകൊണ്ടിരിക്കെയാണ് സഭയുടെ അദ്ധ്യക്ഷനും ഊർജ്ജിത പ്രവർത്തകനുമായിരുന്ന ശ്രീമാൻ എം.സി. കേരളവർമ്മ, 1986 ഒക്ടോബർ 30-ാം തീയതി, തന്റെ 76-ാമത്തെ വയസ്സിൽ നമ്മളോടു വിട പറഞ്ഞത്.



അതീവ ലളിതവും ആർഭാടരഹിതവും ശാന്തവും ആർജ്ജവയുക്തവും സ്നേഹപൂർണ്ണവുമായൊരു ജീവിതയാത്രയാണ് ഇത്ര കാലവും അദ്ദേഹം തുടർന്നത്. പരാർത്ഥനിഷ്ഠമായിരുന്നു, അദ്ദേഹത്തിന്റെ സമുദായസേവനം, ജീവിതാന്ത്യവും അതുപോലെതന്നെ സംഭവിച്ചു. നിശബ്ദവും ശാന്തവും അക്ലിഷ്ടവുമായ രീതിയിൽ അദ്ദേഹം ദേഹം ത്യജിച്ചു. പ്രാതഃസ്മരണീയമായ ആ ധന്യജീവിതത്തിനു മുമ്പിൽ നമ്മുടെ സാദരാഞ്ജലികൾ അർപ്പിക്കട്ടെ.

സ്മര്യപുരുഷനായ എം.സി. കേരളവർമ്മയുടെ ജന്മഗൃഹം ഓമല്ലൂർ മുള്ളനിക്കാട്ടു കൊട്ടാരമാണ്. അദ്ദേഹം കൊല്ലവർഷം 1086 (A.D. 1910) കന്നിമാസം അവിട്ടം നക്ഷത്രത്തിൽ ഭൂജാതനായി. തൊട്ടുതാഴെ ഒരനുജനും രണ്ടു സോദരിമാർക്കും ജന്മംകൊടുത്തശേഷം അദ്ദേഹത്തിന്റെ 9-ാം വയസ്സിൽ അമ്മ 1095-ൽ നിര്യാതയായി. പിന്നീടു മാതാമഹിയുടെ സംരക്ഷണത്തിലാണ് കുട്ടികളെല്ലാം വളർന്നത്. സ്വദേശത്ത് പ്രാഥമിക വിദ്യാഭ്യാസം കഴിച്ച് ഇംഗ്ലീഷു പഠിക്കാൻ മാവേലിക്കരയ്ക്കു പോയി. അവിടെ സ്പെഷ്യൽ മിഡിൽ സ്കൂളിലും ഹൈസ്കൂളിലുമായി ഏഴു വർഷത്തെ ശിക്ഷണം കഴിഞ്ഞ് 1029-ൽ തിരുവനന്തപുരം ആർട്സ് കോളേജിൽ ചേർന്നുപഠിച്ചു. ബി.എ.യ്ക്കു പഠിച്ചുകൊണ്ടിരുന്ന കാലത്ത് 1932-ൽ കേരളവർമ്മയുടെ വിവാഹം നടന്നു. വധു, കേരളപാണിനി പ്രൊഫ. എ. ആർ. രാജരാജ വർമ്മയുടെ മകളുടെ മകൾ മാവേലിക്കര വടക്കേകൊട്ടാരത്തിൽ (ശാരദാമന്ദിരം) പത്മാവതി രേവതിനാൾ പത്മാവതി തമ്പുരാട്ടിയായിരുന്നു. 1933-ൽ അദ്ദേഹം ബി.എ. പാസ്സായി.

ചിത്രമെഴുത്തിൽ ജന്മസിദ്ധമായ വാസനയാൽ അനുഗൃഹീതനായിരുന്നു എം.സി. കേരളവർമ്മ. ശാസ്ത്രീയ ശിക്ഷണം നൽകി ഈ കലാവാസന വികസിപ്പിക്കേണ്ടതാണെന്നു കരുതി, അടുത്ത ബന്ധുവും, അന്നത്തെ പാലസ് ആർട്ടിസ്റ്റുമായിരുന്ന ശ്രീ. കെ.ആർ. രവിവർമ്മ (സുപ്രസിദ്ധനായ രാജാ രവിവർമ്മയുടെ ഭാഗിനേയൻ), അദ്ദേഹത്തോട് മലയാളം പാഠപുസ്തകങ്ങളിൽ ചേർക്കാൻ കുറെ രേഖാചിത്രങ്ങൾ ഭംഗിയായി ഇൻഡ്യൻ ഇങ്കിൽ വരച്ചുകൊടുക്കാൻ ആവശ്യപ്പെട്ടു. ചില സാങ്കേതിക നിർദ്ദേശങ്ങളും നൽകി. കേരളവർമ്മ ജോലിയേറ്റു. ഒന്ന്-ഒന്നര കൊല്ലങ്ങൾക്കകം നിർദ്ദിഷ്ട ചിത്രങ്ങൾ വരച്ചു കൊടുക്കുകയും ചെയ്തു. രവിവർമ്മയ്ക്കു തൃപ്തിയായി. ഇനി ചായമുപയോഗിച്ചു വരയ്ക്കാൻ ശീലിക്കണം എന്നു പറഞ്ഞ് അതിനുവേണ്ട സാധനസാമഗ്രികളെല്ലാം

സമ്പാദിച്ചു. പക്ഷെ പരിശീലനം നേടാൻ തരമായില്ല. അപ്പഴേയ്ക്കും സർക്കാർ അക്കൗണ്ട്സ് ആഫീസിൽ ജോലി കിട്ടി. 1935-ൽ ആഡിറ്ററായി ജോലിയിൽ പ്രവേശിച്ചു. ചിത്രകലാപോഷണത്തിനുള്ള യത്നമൊന്നും പിന്നീടുണ്ടായില്ല.

ഏർപ്പെട്ട ജോലിയിൽ ക്രമേണ പ്രമോഷൻ കിട്ടി, സീനിയർ അക്കൗണ്ട്സ് ആഫീസറുടെ സ്ഥാനത്ത് എത്തി. അതിലിരിക്കെ, ദേഹാസ്വാസ്ഥ്യം കാരണമായും, 32 വർഷത്തിലധികം സർവീസ് ആയതിനാലും 1967-ൽ ജോലിയിൽ നിന്നും വിരമിച്ചു. സർവീസിൽ നിന്നു വിരമിച്ചശേഷം അദ്ദേഹം കുറച്ചുനാൾ തിരുവനന്തപുരത്ത് ജവഹർ ബാലഭവനിലും കോട്ടയത്ത് നാഷണൽ ബുക്ക്സ്റ്റാളിലും അക്കൗണ്ട്സ് വിഭാഗത്തിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. പിന്നീട് കുറേക്കാലം തിരുവനന്തപുരത്ത് ലയോള സ്കൂളിലെ അക്കൗണ്ട്സ് വിഭാഗത്തിലും ജോലി ചെയ്തിരുന്നു. അതിനുശേഷം അദ്ദേഹം ക്ഷത്രിയ ക്ഷേമസഭയുടെ പ്രവർത്തനങ്ങളിൽ സദാസമയവും വ്യാപൃതനായിരുന്നു.

സർവീസിൽ നിന്നു വിരമിക്കുന്നതിനല്പം മുമ്പ് പെരുന്താന്നിയിലുള്ള 'അയ്മനം' വീട് കൈവശം വന്നു. പ്രൊഫ. ഏ.ആർ. രാജരാജവർമ്മ പണ്ട് മഹാരാജാസ് കോളേജിൽ ജോലിയായിരുന്ന കാലത്ത് സ്വവാസത്തിനായി വാങ്ങിയതാണ് പെരുന്താന്നിയിലുള്ള 'അയ്മനം'. അത് പിൽക്കാലത്ത് പത്മാവതി തമ്പുരാട്ടിയുടെ പേരിൽ വിലയ്ക്കു വാങ്ങുകയുണ്ടായി.

കെട്ടിടം ജീർണ്ണിച്ചിരുന്നതിനാൽ കേരളവർമ്മ അതു പുതുക്കി പണിത്, അവിടേക്കു താമസം മാറ്റി. അവിടെ വച്ചാണ് ചരമം സംഭവിച്ചത്.

പത്നിയും നാലുമക്കളും ഉൾപ്പെട്ടതാണ് കേരളവർമ്മയുടെ കുടുംബം. മൂത്തമകൾ ഇന്ദിര കൽക്കത്തയിൽ ഡം ഡം എയർപോർട്ട് സ്കൂളിൽ പ്രധാന അദ്ധ്യാപികയായിരുന്നു. ഭർത്താവ് പരേതനായ ആർ.ജി. വർമ്മ അവിടത്തെ ഒരു സ്വകാര്യ സ്ഥാപനത്തിലെ ഉദ്യോഗസ്ഥനായിരുന്നു. രണ്ടാമത്തെ മകൾ അംബിക തിരുവനന്തപുരം ഫോർട്ട് ഗേൾസ് മിഷൻ ഹൈസ്കൂളിലെ പ്രധാന അദ്ധ്യാപികയായിരുന്നു. കേരളവർമ്മയുടെ അനന്തിരവൻ ഈയിടെ അന്തരിച്ച രാജരാജവർമ്മ (കെ.എസ്.ആർ.ടി.സി. സൂപ്രണ്ട്) ആയിരുന്നു അവരുടെ ഭർത്താവ്. മൂന്നാമത്തെ മകൾ രാധ എറണാകുളത്ത് ചോറ്റാനിക്കര ഹോസ്പിറ്റലിലെ ഡോക്ടറാണ്. FACTയിൽ മെക്കാനിക്കൽ എഞ്ചിനീയർ ആയിരുന്ന എസ്. രാമാനുജനാണ് അവരുടെ ഭർത്താവ്. എം.സി.യുടെ ഏകമകൻ രവിവർമ്മ ഏലൂർ ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ്സിൽ ഉദ്യോഗസ്ഥനായിരുന്നു. അദ്ദേഹത്തിന്റെ പത്നി പത്മാവർമ്മ കൊടുങ്ങല്ലൂർ പുത്തൻ കോവിലകാംഗമാണ്.

കേരളവർമ്മയുടെ ഇളയ സഹോദരിമാർ രണ്ടുപേരും 1977-78 കാലത്ത് ദിവംഗതരായി. അവരുടെ മക്കളും ഓരോ പ്രവൃത്തികളിലേർപ്പെട്ടു കഴിയുന്നു.

കേരളവർമ്മയുടെ തൊട്ടുതാഴെയുള്ള അനുജൻ ശ്രീരാമകൃഷ്ണ/വിവേകാനന്ദ സമ്പ്രദായത്തിൽ സന്യാസ ദീക്ഷ സ്വീകരിച്ച് കഴിഞ്ഞ നാൽപത് വർഷമായി തൃശ്ശിവപേരൂർ ശ്രീരാമകൃഷ്ണാശ്രമത്തിൽ സാധുവൃത്തനായി ജീവിതം നയിച്ചു വരികയാണ്. ജ്യേഷ്ഠാനുജന്മാർ രണ്ടുപേരുടെയും ജീവിതയാത്ര രണ്ടുവഴിക്കാണുണ്ടായതെങ്കിലും സാമൂഹ്യവും സാംസ്കാരികവുമായ സേവനരംഗങ്ങളിൽ രണ്ടുപേരും വിവേകാനന്ദാദർശമാണ് പുലർത്തിവന്നിട്ടുള്ളത്. ആ നിലക്ക് രണ്ടുപേരും പരസ്പരം സ്നേഹബഹുമാനങ്ങളോടെ ആശയവിനിമയം ചെയ്ത് സാമൂഹ്യസേവനകാര്യങ്ങൾ നിർവഹിച്ചുവന്നു. 'സഖ്യാനന്ദ സ്വാമികൾ' എന്ന സന്ന്യാസ ദീക്ഷാനാമത്തിൽ അറിയപ്പെടുന്ന അഭിവന്ദ്യനായ അനുജൻ സംസ്കൃത ഭാഷയിൽ അഗാധ പാണ്ഡിത്യമുള്ളയാളും പൗരാണിക ഭാരത സംസ്കാരത്തിന്റെ നാനാഭാഗങ്ങളെയും പറ്റി ഗാഢമായ അപഗ്രഥനം നടത്തി നിരവധി പ്രബന്ധങ്ങളും ചരിത്രപഠനഗ്രന്ഥങ്ങളും രചിച്ചിട്ടുള്ളയാളുമാണ്.

### എം.സി. ചേട്ടനും ക്ഷത്രിയക്ഷേമസഭയും

സ്വജനവിവാഹം നിലവിൽ വന്നതോടെയാണ് ക്ഷത്രിയർ ഒരു സമൂഹമായി രൂപം കൊള്ളേണ്ട ആവശ്യം തോന്നിത്തുടങ്ങിയത്. 1979-80ൽ അന്നു ചെറുപ്പക്കാരായിരുന്ന യു.എം. മോഹനവർമ്മ, എം. രവിവർമ്മ രാജ, ആർ. രാമവർമ്മ തുടങ്ങിയവരുടെ കൂട്ടായ്മയോടെ ഇന്നു കാണുന്ന ക്ഷത്രിയ ക്ഷേമസഭയുടെ പ്രാരംഭം കുറിച്ചു.

അദ്ദേഹത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ പ്രസക്തമാണ്.

● എം.സി. ചേട്ടൻ കേരളത്തിലെ മുഴുവൻ ജനങ്ങളേയും പറ്റി ചിന്തിച്ചു.

● സമുദായത്തിലെ പ്രശ്നങ്ങളെക്കുറിച്ച് ഗൗരവമായി പഠിച്ചു.

● ആശയവിനിമയത്തിലൂടെ പ്രവർത്തനങ്ങൾക്ക് പശ്ചാത്തലമൊരുക്കി.

● സമുദായ ക്ഷേമപ്രവർത്തനങ്ങൾക്കായി പ്രാദേശിക നേതൃനിരയുണ്ടായി വരണമെന്നു എല്ലാവരേയും ഉത്ബോധിപ്പിച്ചു.

● സമുദായാംഗങ്ങളുടെ ഇടയിലേക്ക് ഇറങ്ങിച്ചെല്ലാൻ തയ്യാറായി.

● സംഘടനാതലത്തിൽ മികവോടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

കേരള ക്ഷത്രിയക്ഷേമസഭ എല്ലാക്കാലവും എം.സി. കേരളവർമ്മയുടെ പ്രവർത്തനങ്ങളെ സ്നേഹാദരങ്ങളോടെ ഓർമ്മിക്കും. അദ്ദേഹത്തിന്റെ പ്രവർത്തനശൈലിയിൽ നിന്നും ആത്മാർത്ഥതയിൽ നിന്നും ഊർജ്ജം കൈക്കൊള്ളും. നമ്മുടെ മുമ്പോട്ടുള്ള യാത്രയ്ക്ക് അദ്ദേഹത്തിന്റെ നിസ്വാർത്ഥ സേവനങ്ങൾ എന്നെന്നും വഴികാട്ടിയാകട്ടെ, പ്രചോദനമാകട്ടെ!

# എ.കെ. രാജരാജ വർമ്മ (ചെറുണ്ണിച്ചേട്ടൻ)


## ക്ഷത്രിയക്ഷേമസഭ തൃശൂർ യൂണിറ്റ് സ്ഥാപകൻ



മേടങ്ങാല ത്രിവിക്രമൻ നമ്പൂതിരിയുടെയും ഹരിപ്പാട് അനന്തപുരം കൊട്ടാരത്തിൽ ലക്ഷ്മി തമ്പുരാട്ടിയുടെയും മകനായി 1930 ജൂലൈ 18 ന് രാജരാജ വർമ്മ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം കരുവാറ്റ ഗവൺമെന്റ് ഹൈസ്കൂളിലും മാവേലിക്കര റസിഡൻഷ്യൽ സ്കൂളിലും ആയിരുന്നു. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്ന് ഫിലോസഫിയിൽ ഓണേഴ്സ് ഡിഗ്രിയെടുത്തു. നിത്യ ചൈതന്യയതി ഇദ്ദേഹത്തിന്റെ സഹപാഠിയായിരുന്നു. പന്തളം, ചങ്ങനാശ്ശേരി എൻ.എസ്.എസ്. കോളേജുകളിൽ അദ്ധ്യാപകനായിരുന്നിട്ടുണ്ട്. പോൾസ് അക്കാദമിയിൽ എം.പി. പോളിന്റെ സഹപ്രവർത്തകനായും ജോലി നോക്കി. 1959 മുതൽ 1986 വരെ തൃശൂരിലുള്ള പ്രശസ്തമായ കേരളവർമ്മ കോളേജിൽ അദ്ധ്യാപകനായി 27 വർഷം ജോലി നോക്കി. കുട്ടികൾക്ക് പ്രിയപ്പെട്ട അദ്ധ്യാപകൻ.

രാഷ്ട്രീയ സാമൂഹ്യരംഗത്തെ പ്രഗത്ഭരടങ്ങുന്ന വിപുലമായ ശിഷ്യസമ്പത്തിനുടമയാണ് ഇദ്ദേഹം. മികച്ച പ്രഭാഷകനും ആദ്ധ്യാത്മചിന്തകനുമായ പ്രൊഫ. വർമ്മ തൃശൂർ ക്ഷത്രിയ ക്ഷേമസഭയുടെ സ്ഥാപകനാണ്. ദീർഘവീക്ഷണത്തോടെ അദ്ദേഹം നടപ്പാക്കിയ പല ആശയങ്ങളും തൃശൂർ സഭ ഇന്നും തുടർന്നു കൊണ്ടുപോകുന്നു. തൃശൂർ യൂണിറ്റ് അംഗങ്ങൾക്ക് ഏറെ പ്രിയപ്പെട്ടവനും Role Model ലുമാണ് പ്രൊഫ. വർമ്മ

# രണ്ട് നാടൻ കലകൾ
# മുടിയേറ്റും തെയ്യവും



**രമേശ്ചന്ദ്രവർമ്മ,** കോട്ടക്കൽ

നാടൻകലകൾ എന്നും നമുക്ക് ഉണർവ്വും ഉന്മേഷവും പകരുന്നവയാണ്. നാടൻപാട്ടുകളും മറിച്ചല്ല! മനുഷ്യന് പ്രകൃതിയോടും കൃഷിയോടുമുള്ള കറയറ്റ ബന്ധം വെളിവാക്കുന്നവയാണ് നാടൻ കലാരൂപങ്ങൾ!

പണ്ടുകാലത്ത്, യന്ത്രവൽക്കൃതമല്ലാത്ത കൃഷിപ്പണി പകലന്തിയോളം ചെയ്ത് ജോലിയുടെ മടുപ്പു മാറ്റാനും വിനോദത്തിനുമായി മനുഷ്യർ പ്രത്യേക കലാരൂപങ്ങളുണ്ടാക്കി. പ്രത്യേകതരം കലാരൂപങ്ങളിലൂടെയാണ് ദൈവാരാധനയും നടത്തിപ്പോന്നത്.

നാടൻകലകളെ പലതായി തിരിക്കാം. അനുഷ്ഠാനകലകൾ, ബാധോച്ചാടന കലകൾ, വിനോദ കലകൾ, ആയോധനകലകൾ, സാമുദായിക കലകൾ, അർദ്ധാനുഷ്ഠാനകലകൾ എന്നിവയാണവ.

ഏതെങ്കിലും അനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ടവയാണ് അനുഷ്ഠാനകലകൾ! കേരളത്തിലെ നാടൻകലകളിൽ ഭൂരിഭാഗവും അനുഷ്ഠാനകലകളാണ്. ഗ്രാമം മുഴുവൻ ഐശ്വര്യസമ്പന്നമാക്കാനും രോഗങ്ങളിൽ നിന്നും മോചിപ്പിക്കാനുമായാണ് ഈ കലാരൂപങ്ങളിൽ പലതും അവതരിപ്പിച്ചു പോന്നിരുന്നത്.

മുടിയേറ്റ്, തെയ്യം, തിറ, പടയണി തുടങ്ങിയവയെല്ലാം പ്രശസ്തമായ അനുഷ്ഠാനകലാരൂപങ്ങളാണ്. ഇവയിൽ മുടിയേറ്റ്, തെയ്യം എന്നീ രണ്ട് കലാരൂപങ്ങളെപ്പറ്റി മാത്രം ഇവിടെ പ്രതിപാദിയ്ക്കട്ടെ! ഇവ രണ്ടും നേരിൽക്കണ്ടു മനസ്സിലാക്കാൻ സാധിച്ചത് വലിയ ഭാഗ്യമായി കരുതുന്നു.

## മുടിയേറ്റ്

തിരുവിതാംകൂർ കൊച്ചി പ്രദേശങ്ങളിൽ പ്രചുരപ്രചാരമേറിയ അനുഷ്ഠാനകലാരൂപമാണ് മുടിയേറ്റ്. ഭദ്രകാളിയുടെ കഥയാണ് മുടിയേറ്റ്! പണ്ട് ഭാനുമതി, ദാനവതി എന്നീ രണ്ട് അസുരസ്ത്രീകൾ ഭൂമിയിൽ ജീവിച്ചിരുന്നു. ഭാനുമതിയുടെ മകനായി ദാരികനും ദാനവതിയുടെ മകനായി ദാനവേന്ദ്രനും പിറന്നു. ഉഗ്രപരാക്രമശാലികളായ രണ്ട് അസുരന്മാരായി ഇവർ ഭൂമിയിൽ വളർന്നു. കൂടുതൽ ശക്തി നേടാനായി ഇരുവരും ബ്രഹ്മാവിനെ തപസ്സു ചെയ്തു! തപസ്സിനൊടുവിൽ ബ്രഹ്മാവ് പ്രത്യക്ഷപ്പെട്ടു വരം നൽകി! ലോകത്ത് ഒരു ശക്തിയ്ക്കും അവരെ തോൽപ്പിക്കാനും വധിയ്ക്കാനും കഴിയില്ല; ഇതായിരുന്നു വരം! പക്ഷെ ഇരുവർക്കും ഒരു അബദ്ധം പറ്റി! സ്ത്രീകളുടെ കൈകൾ കൊണ്ടു മരിയ്ക്കാതിരിക്കാനുള്ള വരം ചോദിച്ചതുമില്ല.

വരം നേടിയതോടെ ദാരികനും ദാനവേന്ദ്രനും മഹാ അഹങ്കാരികളായി മാറി. ക്രൂരന്മാരായ അവ



രുടെ പരാക്രമം മൂലം മനുഷ്യരെല്ലാം പൊറുതി മുട്ടി!

അങ്ങിനെയിരിക്കെ ഒരു ദിവസം ഭൂമി സന്ദർശിക്കാൻ വന്ന നാരദമഹർഷി അസുരന്മാരുടെ ക്രൂരതകൾ നേരിൽ കണ്ടു. അസുരന്മാരുടെ അഹങ്കാരം അവസാനിപ്പിക്കാനുറച്ച് നാരദമഹർഷി സാക്ഷാൽ ശ്രീ പരമേശ്വരന്റെ സഹായം തേടി. പരമശിവൻ ഭദ്രകാളിയെ ദാനവ നിഗ്രഹത്തിനായി പറഞ്ഞയച്ചു. ഭദ്രകാളിയെ സഹായിക്കാൻ ശിവന്റെ വാഹനമായ നന്ദികേശനും ഭൂതങ്ങളിൽ ഒരാളായ കൂളിയും എത്തി. ഭദ്രകാളി ഭൂമിയിലെത്തി അസുരന്മാരുമായി ഘോരയുദ്ധമായി. യുദ്ധത്തിൽ തോറ്റ് അസുരന്മാർ പേടിച്ച് പാതാളത്തിലെത്തി. പക്ഷെ രൗദ്രയായ ഭദ്രകാളി പാതാളത്തിൽ വച്ചു തന്നെ അസുരന്മാരെ നിഗ്രഹിച്ചു. കാളിയ്ക്ക് കോപം അടക്കാനാവാതെ ദാരികന്റെ ശിരസ്സും കയ്യിലേന്തി ഭൂമിയിലെത്തി. ദേവന്മാർക്കും കാളിയുടെ കോപം ശമിപ്പിക്കാനാവാതെ വന്നപ്പോൾ അവർ പരമശിവനെത്തന്നെ ആശ്രയിച്ചു. പരമശിവൻ കാളിയുടെ വഴിയിൽ കിടന്നു. തന്റെ മുമ്പിൽ കിടക്കുന്നത് പരമശിവനാണെന്നറിഞ്ഞപ്പോൾ കാളിയുടെ കോപമെല്ലാം ശമിച്ചു! പരമശിവന്റെ അനുഗ്രഹവും വാങ്ങി ദേവി മടങ്ങി! ഈ കഥയാണ് മുടിയേറ്റിന്റെ ഇതിവൃത്തം!

അലങ്കരിച്ച പന്തലിൽ പഞ്ചവർണ്ണപ്പൊടി കൊണ്ട് കാളിയുടെ ചിത്രം (കളം) വരയ്ക്കുന്നതാണ് മുടിയേറ്റിലെ ആദ്യത്തെ ചടങ്ങ്. ദാരികന്റെ ശിരസ്സറുത്ത് കാളി വേതാളത്തിന്റെ പുറത്തിരിക്കുന്നതാണ് കളം. തുടർന്ന് കളംപൂജയും കളംപാട്ടും താലപ്പൊലിയും നടക്കും. തിരിയുഴിച്ചിലാണ് അടുത്ത ചടങ്ങ്. ഇതു കഴിഞ്ഞാൽ കളം മായ്ക്കും. അതിനുശേഷം മുടിയേറ്റ് ആരംഭിക്കുകയായി. മുടി തലയിൽ വയ്ക്കുന്നതുകൊണ്ടാണ് മുടിയേറ്റിന് ആ പേര് കിട്ടിയത്.

ഭദ്രകാളി, ദാരികൻ, ശിവൻ, നാരദൻ, ദാനവേന്ദ്രൻ, കോയിമ്പാടൻ, കൂളി എന്നിവരാണ് മുടിയേറ്റിലെ കഥാപാത്രങ്ങൾ. നിലവിളക്കിനു ചുറ്റുമാണ് മുടിയേറ്റ് നടക്കുക. വേഷങ്ങൾക്ക് കഥകളിയിലെന്നപോലെ മുഖത്തു തേപ്പും കിരീടവും ഉണ്ടാവും! കാളിക്ക് മുഖത്ത് അരിമാവും ചുണ്ണാമ്പും ചേർത്ത് ചുട്ടിയും വലിയ മുടിയും ഉണ്ടാകും. കുരുത്തോല, ചുവന്ന പട്ട്, മുത്ത്, പീലി തുടങ്ങിയവ ഉപയോഗിച്ചാണ് മുടി അലങ്കരിക്കുന്നത്. ദാരികവേഷത്തിനും മുഖത്ത് ചുട്ടിയുണ്ടാവും. തലയിൽ ചെറിയ മുടിയും വയ്ക്കും.

മുടിയേറ്റിൽ ആദ്യം ശിവനും നാരദനും രംഗത്തുവരും. നാരദൻ ശിവനോട് അസുരന്മാരുടെ ക്രൂരതകൾ ഒന്നൊന്നായി പറയും. പരമശിവന്റെ മറുപടി പാട്ടുരൂപത്തിലാണ്. പിന്നണി ഗായകരാണ് പാടുക. അടുത്തതായി ദാരികന്റെ പുറപ്പാടാണ്, തുടർന്ന് കാളിയും കൂളിയും പുറപ്പെടും! ദാരികനുമായുള്ള പോർവിളിയാണ് അടുത്തത്. തുടർന്ന് കോയിമ്പാടരുടെ രംഗപ്രവേശമാണ്. കാളിയെ സഹായിക്കാനെത്തിയ നന്ദികേശനാണ് കോയിമ്പാടർ എന്നാണ് വിശ്വാസം.

കാളിയും ദാരികനുമായുള്ള യുദ്ധമാണ് അടുത്തത്. കാളിയും, കൂളിയും കോയിമ്പാടരും കൂടി ദാരികനെയും ദാനവേന്ദ്രനേയും ആൾക്കൂട്ടത്തിനിടയിലൂടെ യുദ്ധോത്സുകരായി ഓടിയ്ക്കും! യുദ്ധത്തിനൊടുവിൽ ദാരികന്റെ ശിരസ്സുമായി കാളി അരങ്ങത്തു വരുന്നു. ഇതാണ് മുടിയേറ്റിന്റെ അവസാനരംഗം! തുടർന്ന് കാളി ഭക്തരെ അനുഗ്രഹിക്കും. ഇതു കഴിഞ്ഞാൽ ശിവസ്തുതി പാടി കളി അവസാനിപ്പിക്കും!

സന്ധ്യയ്ക്കു ശേഷമാണ് മുടിയേറ്റ് ആരംഭിക്കുക. പുലരും മുമ്പ് അവസാനിപ്പിക്കുകയും ചെയ്യും!

**തെയ്യം**

തെയ്യം എന്ന വാക്കിന്, ദൈവം എന്നാണർത്ഥം. തെയ്യത്തിലെ കോലം ദൈവം തന്നെയാണ്. ദേവീദേവന്മാർ, യക്ഷന്മാർ, ഗന്ധർവന്മാർ, ഭൂതങ്ങൾ, നാഗങ്ങൾ മൃതിയടഞ്ഞ കാരണവന്മാർ എന്നിവരുടെ കോലങ്ങൾ കെട്ടിയാടി അവരെ ആരാധിക്കുന്ന കലാരൂപമാണ് തെയ്യം. ഉത്തര കേരളത്തിലാണ് ഈ അനുഷ്ഠാന കല പ്രചാരത്തിലുള്ളത്. സാധാരണക്കാരന്റെ ആരാധനാസമ്പ്രദായമാണിത്. സംസാരിക്കുകയും ചലിക്കുകയും ചെയ്യുന്ന 'ദൈവ' ങ്ങളെ അവർ തെയ്യങ്ങളിൽ കാണുന്നു.

വണ്ണാൻ, മലയൻ, മാവിലൻ, ചിങ്കത്താൻ, വേലൻ, മുന്നൂറ്റാൻ, കോപ്പോളൻ, പുലയൻ,

പമ്പത്തർ, പറവർ, അഞ്ഞൂറ്റാൻ തുടങ്ങിയ സമുദായക്കാരാണ് തെയ്യം കെട്ടിയാടുന്നവർ.

പകർച്ചവ്യാധികൾ ഉണ്ടാവാതിരിക്കാനും ആഗ്രഹിക്കുന്ന കാര്യങ്ങൾ നടക്കുവാനും ബാധകൾ തീർക്കാനുമൊക്കെ തെയ്യാട്ടം നടത്തുന്നു. കഠിനമായ വ്രതങ്ങളുണ്ട് തെയ്യം കെട്ടുന്ന കോലക്കാരനും അടുത്ത സഹായികൾക്കും! തീക്കുണ്ഡത്തിൽ ചാടുക ഭാരമേറിയ മുടി തലയിൽ വയ്ക്കുക ശരീരത്തിൽ നിന്നും രക്തമൊലിപ്പിക്കുക തുടങ്ങി പലതും ചെയ്യുന്ന തെയ്യങ്ങളുണ്ട്.

അടയാളം കൊടുക്കലാണ് തെയ്യത്തിന്റെ ആദ്യചടങ്ങ്. തീയതി നിശ്ചയിച്ച് കോലം കെട്ടുവാൻ കോലക്കാരനെ ഏൽപ്പിക്കുന്ന ചടങ്ങാണിത്.

അതായത് കാവുകളുടേയും മറ്റും അവകാശികൾ കോലക്കാരനെ മുൻകൂട്ടി വരുത്തി ദേവതാസ്ഥാനത്ത് വച്ച് വെറ്റില, പഴുക്ക, പണം എന്നിവ നൽകി കോലം കെട്ടിയാടേണ്ട തീയതി നിശ്ചയിക്കുന്നു. ഈ ചടങ്ങ് കഴിയുന്നതോടെ കോലക്കാരന് വ്രതം ആരംഭിക്കുന്നു.

തെയ്യം ആരംഭിക്കുന്നതിന് തലേന്നാൽ കോലക്കാരനും വാദ്യക്കാരും സ്ഥലത്തെത്തും. വാദ്യങ്ങൾ കൊട്ടി തെയ്യം നടക്കുന്ന വിവരം നാട്ടുകാരെ അറിയിക്കും. 'തെയ്യം കൂടൽ' എന്നാണ് ഈ ചടങ്ങിന്റെ പേര്.

പ്രത്യേകം തയ്യാറാക്കിയ അണിയറയിൽ അണിഞ്ഞൊരുങ്ങി തെയ്യം കണ്ണാടി നോക്കുന്ന പതിവുണ്ട്. താൻ ദൈവമാണെന്ന തിരിച്ചറിവ് തെയ്യം കെട്ടുന്നയാൾക്കുണ്ടാവുന്നു എന്നാണ് സങ്കൽപ്പം. അരിയെറിയുന്നതോടെ തെയ്യം ഉറഞ്ഞു തുള്ളാൻ തുടങ്ങും.

തെയ്യങ്ങൾ ഭക്തജനങ്ങളിൽ നിന്ന് നേരിട്ട് നേർച്ചകൾ സ്വീകരിക്കാറുണ്ട്. കണ്ണ്, ചെവി, മൂക്ക്, കൈ, കാൽ എന്നിവയുടെ മാതൃകകൾ തെയ്യത്തിന് സമർപ്പിക്കുന്നു. ചില തെയ്യങ്ങൾക്ക് മത്സ്യങ്ങളെയാണ് കാഴ്ച വയ്ക്കുക. ഈ മത്സ്യങ്ങൾ പ്രസാദമായി ഭക്തന്മാർക്കു നൽകുന്നു.

മുഖത്തെഴുത്തിന് അരിച്ചാന്ത്, കരി, മഞ്ഞൾ എന്നിങ്ങനെ എളുപ്പത്തിൽ കിട്ടാവുന്ന വസ്തുക്കളാണ് ഉപയോഗിച്ചുവരുന്നത്. തെയ്യങ്ങൾക്കെല്ലാം തന്നെ തലയിൽ വലിയ മുടിയുണ്ടാവും. ഇവ പലവിധമുണ്ട്. വട്ടമുടി, പീലിമുടി, പൂക്കട്ടി മുടി എന്നിങ്ങനെ! മുള, കവുങ്ങ്, പട്ട് എന്നിവ കൊണ്ടാണ് മുടി നിർമ്മിക്കുന്നത്.

കടമ്പേരി ഭാഗത്ത് ഭഗവതിയുടെ തെയ്യക്കോലത്തിന്റെ മുടിയ്ക്കായി നൂറ്റിയൊന്ന് കവുങ്ങാണ് ഉപയോഗിക്കുന്നത്!

തെയ്യങ്ങളുടെ ഉടയാടകളിലും, പ്രത്യേകതകളുണ്ട്. ചില തെയ്യങ്ങൾക്ക് 'ചിറകുടുപ്പ്' എന്നറിയപ്പെടുന്ന വസ്ത്രമുപയോഗിക്കുന്നു. വെളുമ്പൻ, കാണിമുണ്ട്, കുരുത്തോലയുടുപ്പ് തുടങ്ങിയവയാണ് മറ്റു ചില തെയ്യങ്ങൾക്കുപയോഗിച്ചുവരുന്നത്. പന്തം ദേഹത്തു വച്ച് കെട്ടിയാടുന്ന തെയ്യങ്ങൾക്ക് കുരുത്തോലയുടുപ്പാണ് ഉപയോഗിക്കുക.

തെയ്യങ്ങൾക്ക് അരയിൽ ധരിക്കുന്ന അലങ്കാരങ്ങളും വ്യത്യസ്തമാണ്. ഇവയ്ക്ക് ഒട എന്നാണ് പറയുന്നത്. ഒടകൾ വട്ടൊട, പരന്ന ഒട എന്നിങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു. മുഖത്തെഴുത്തിനുമുണ്ട് പ്രത്യേകതകൾ! മാൻ കണ്ണെഴുത്ത്, മാൻ കണ്ണും വില്ലും കുറിയും, കൊടുംപുരികം, വട്ടക്കണ്ണും പുള്ളിയും എന്നിങ്ങനെ പോകുന്നു മുഖത്തെഴുത്തിന്റെ രീതികൾ! ചില തെയ്യങ്ങൾ പൊയ്ക്കണ്ണ്, പൊയ്മുഖം, പൊയ്ക്കാത്, പൊയ്നാക്ക് എന്നിവയിൽ ഏതെങ്കിലുമൊന്ന് വയ്ക്കാറുണ്ട്. ഹാസ്യവും ഭയവും തോന്നിപ്പിക്കാനും ചില കാര്യങ്ങൾ പ്രതീകാത്മകമായി ആവിഷ്ക്കരിക്കാനുമാണ് ഇത്തരം മുഖാവരണങ്ങൾ ഉപയോഗിക്കുന്നത്.

കൈവള, ചൂടകം, കടകം, കൈയ്യുറ, ചെന്നിപ്പത്തി, ഏഴുതരം ചിലമ്പ്, പറ്റും പാടകവും, മണിക്കയല്, തലപ്പാളി തുടങ്ങിയവയാണ് തെയ്യത്തിനുപയോഗിക്കുന്ന പ്രധാന ആഭരണങ്ങൾ. നാനൂറിലധികം ദേവതകൾ തെയ്യാട്ടത്തിൽ പ്രത്യക്ഷപ്പെടാറുണ്ട്. വ്യത്യസ്ത സ്വഭാവവും ധർമ്മവുമുള്ളവയാണ് തെയ്യത്തിലെ ദേവതകൾ. അഷ്ടമച്ചാൽ ഭഗവതി, കേളംകുളങ്ങര ഭഗവതി, ഇളമ്പച്ചി ഭഗവതി, കണ്ടനാർ കേളൻ, കതിവന്നൂർ വീരൻ, ഘണ്ഡാകർണ്ണൻ, ഭൈരവൻ, ഗുളികൻ, പൊട്ടൻ, വയനാട്ടുകുലവൻ, കടാങ്കോട്ടുമാക്കവും മക്കളും, പെരിയാട്ടുകണ്ടൻ തുടങ്ങിയവ ചില പ്രധാന തെയ്യക്കോലങ്ങളാണ്.

## ഡോ. എഴുമറ്റൂർ രാജരാജവർമ്മയ്ക്ക് ബാൽരാജ് പുരസ്കാരം



മലയാളഭാഷയുടെ വളർച്ചയ്ക്ക് സഹായകമാകുന്ന ഉത്തമ ഗ്രന്ഥത്തിനുള്ള ബാൽരാജ് പുരസ്കാരത്തിന് ഡോ. എഴുമറ്റൂർ രാജരാജവർമ്മയുടെ 'എഴുമറ്റൂരിന്റെ കവിതകൾ' അർഹമായി. മലയാളം ലെക്സിക്കൻ മുൻ മേധാവിയും ആദ്ധ്യാത്മിക ആചാര്യനുമായ ഡോ.ബി.സി. ബാലകൃഷ്ണന്റെയും പ്രൊഫ. രാജമ്മയുടെയും പേരിൽ ഏർപ്പെടുത്തിയതാണ് ഒരു ലക്ഷം രൂപയുടെ ഈ പുരസ്കാരം.


സാഹിത്യത്തിലെ വിവിധ ശാഖകളിലായി 103 കൃതികൾ പ്രസിദ്ധീകരിച്ചിട്ടുള്ള എഴുമറ്റൂർ ഡൽഹിയിലെ മലയാളഭാഷാപഠന കേന്ദ്രത്തിന്റെയും മലയാളം മിഷന്റെയും ശില്പിയാണ്. സംസ്ഥാന സർവ്വ വിജ്ഞാനകോശം എഡിറ്റർ, കേരളസർക്കാർ ഔദ്യോഗിക ഭാഷാ വിദഗ്ദ്ധൻ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷന്റെ സെക്രട്ടറിയുമാണ്. മറ്റ് ഒട്ടനവധി പുരസ്ക്കാരങ്ങൾക്ക് അർഹനായിട്ടുണ്ട്.

### തോറ്റം

തെയ്യത്തിന് തലേ ദിവസം കോലക്കാരൻ ചെറിയ തോതിൽ വേഷമണിഞ്ഞ് കെട്ടുന്ന കോലങ്ങളാണ് തോറ്റം എന്നറിയപ്പെടുന്നത്. കാണിമുണ്ടെന്ന വിശേഷവസ്ത്രവും തലയിൽ പട്ടുമാണ് തോറ്റത്തിന്റെ വേഷം. തലപ്പാളിയും ചുവപ്പുപട്ടുമണിഞ്ഞ് നെറ്റിയിലും മാറിടത്തിലും ചന്ദനവും തേയ്ക്കും. തോറ്റത്തോടൊപ്പം ചെറിയൊരു ഗായകസംഘവുമുണ്ടാവും. സ്തോത്രം എന്ന പാദത്തിൽ നിന്നാണത്രേ തോറ്റം എന്ന വാക്കുണ്ടായത്. ●

# ഭഗവദ്ഗീത

**ടി.എൻ. ആദിത്യവർമ്മ,**
തിരുവനന്തപുരം



പടനടുവിൽ വിലസുമൊരു പുതിയ രഥമായതി-
ലാരുരണ്ടാളുകൾ സുന്ദരന്മാരിവർ
വെളുവെളെ വെളുത്തതാമശ്വങ്ങൾ നാലുമാ
രഥമതുവലിച്ചു മുന്നോട്ട് നിർത്തീടവേ
ഇതിനുടയ സാരഥിയായി വാഴുന്നതാ
രുലകിനെ നയിപ്പവൻ ഭക്തലോകപ്രിയൻ
മുടിയിലൊരുപീലിയും ചൂടി, യമ്മാറിലാ
യഴകിൽ വനമാനയും, മുത്തുമാലാദിയും
അരയിലൊരു മഞ്ഞയാം പട്ടണിഞ്ഞങ്ങനെ
കരമതിലിരിപ്പതോ ചക്രവും ചാട്ടയും
പിറകിലിതിരിപ്പതാർ, കാർമുകം കയ്യിലു-
ണ്ടതിനുടയപേരു ഗാണ്ഡീവമെന്നല്ലയോ
അടരതിൽ രിപുക്കളെ ശസ്ത്രമെയ്തങ്ങനെ
തവിടുപൊടിയാക്കുവാൻ കൈക്കരുത്തേറിടും
സുരപതി പുരന്ദരൻ തന്റെ പുത്രൻ പാർത്ഥൻ
അവശനകതാരിൽ വൈകല്പമാർന്നീടവേ
വിജയനു സ്വധർമ്മമെന്തെന്നു ചൊല്ലിക്കൊടു
ത്തവശതയെ മാറ്റിയോരമ്മധുസൂദനൻ
അരുളിയൊരു ഗീത തന്നാദ്യവാക്കാം "ധർമ്മ"
മതിനുടയൊരന്ത്യവാക്കാം "മ മ" എന്നതു
ഇതിനിടയിലുള്ളതല്ലോ "മമ ധർമ്മ" മൊ
ന്നറിയിലതു മാനവർക്കേറെ സൗഖ്യം തരും. ●



### അനുഭവം/പഠനയാത്ര

# ഛത്തീസ്ഗഢിലെ നിറക്കാഴ്ചകൾ

**മാലതി ആർ. വർമ്മ,** കോട്ടക്കൽ



ക്ലാസ് മുറികളിലെ പഠനം, അദ്ധ്യാപകരോടും സഹപാഠികളോടുമുള്ള ആശയവിനിമയം ഇവയൊക്കെ പഠനത്തിന്റെ ഭാഗമായി ധാരാളം അറിവ് പകർന്നു നൽകുന്നു. എന്നാൽ സഹപാഠികളോടൊത്ത് അടുത്തയിടെ ഞങ്ങൾ നടത്തിയ ഒരു പഠനയാത്ര വിലമതിയ്ക്കാനാവാത്ത നിറക്കാഴ്ചകളും ഛത്തീസ്ഗഢ് എന്ന പ്രദേശത്തിന്റെ നേർക്കാഴ്ചകളും സമ്മാനിച്ചു.

പത്രത്താളുകളിൽ വായിച്ചുള്ള അറിവു മാത്രമേ ഞങ്ങൾക്ക് ആ പ്രദേശത്തെപ്പറ്റിയുണ്ടായിരുന്നുള്ളു! ഞങ്ങളുടെ കരിക്കുലത്തിന്റെ ഭാഗമായി ഛത്തീസ്ഗഢിലെ ധംതരി ജില്ലയിലേക്കായിരുന്നു യാത്ര.

ഞങ്ങൾ ഏഴുപേരടങ്ങുന്ന ഒരു സംഘം ഛത്തീസ്ഗഢിലേക്കും മറ്റു സംഘങ്ങൾ ഇതുപോലെ തന്നെ മറ്റു സംസ്ഥാനങ്ങളിലേക്കും ബാംഗ്ലൂരിൽ നിന്നും യാത്ര തിരിച്ചു.

യശ്വന്ത്പുര റെയിൽവേസ്റ്റേഷനിൽ ഇക്കഴിഞ്ഞ ഡിസംബർ 31-ാം തീയതി രാത്രി 9 മണിയോടെ ഞങ്ങൾക്കു പോവേണ്ട ട്രെയിൻ ചൂളം വിളിച്ചെത്തി. റായ്പൂർ എന്ന സ്ഥലത്തേക്കായിരുന്നു ആദ്യയാത്ര! ഒരു ദിവസത്തിലേറെ നീണ്ട യാത്രയായിരുന്നു. ഒട്ടനവധി ഗ്രാമങ്ങളിലൂടെയും ചെറുപട്ടണങ്ങളിലൂടെയും ട്രെയിൻ ഓടിക്കൊണ്ടിരുന്നു. വിവിധ ഭാഷകൾ സംസാരിക്കുന്ന വിൽപ്പനക്കാരുടെ കഴിവ് ഞങ്ങളെ ഏറെ അത്ഭുതപ്പെടുത്തി. ചില സമയങ്ങളിൽ ഹിന്ദി സംസാരിക്കുവാനുള്ള വിഷമം എന്നെ വല്ലാതെ ബുദ്ധിമുട്ടിച്ചു. പക്ഷെ ആശയവിനിമയത്തിന് ആംഗിക ഭാഷയുമുണ്ടല്ലോ!

ഒപ്പമുള്ളവർ ഹിന്ദി അനായാസം സംസാരിക്കുന്നവരായതിനാൽ എനിക്ക് ഹിന്ദി അന്യഭാഷയായിത്തോന്നിയില്ല! ഒരു ദിവസത്തെ ട്രെയിൻ യാത്ര കൊണ്ട് പണ്ട് ഞാൻ പഠിച്ചിരുന്ന ഹിന്ദി ഭാഷ ഓർത്തെടുത്തും കേട്ടും പഠിച്ചും സാമാന്യം മുട്ടില്ലാതെ പ്രയോഗത്തിൽ വരുത്താമെന്ന് എനിക്കുറപ്പായി.

യാത്രയ്ക്കിടയിലും, യൂണിവേഴ്സിറ്റിയിലെ പഠനത്തിന്റെ ഭാഗമായി ധാരാളം വർക്കുകൾ തീർക്കേണ്ടതുണ്ടായിരുന്നതുകൊണ്ട് കുറേയേറെ സമയം ഞങ്ങൾക്കെല്ലാവർക്കും ലാപ്പ്ടോപ്പുകളിലും പുസ്തകങ്ങളിലുമായി ചിലവഴിക്കേണ്ടതുണ്ടായിരുന്നു. അടുത്ത ദിവസം രാത്രി ഏകദേശം രണ്ടു മണിയായപ്പോഴേക്കും റായ്പൂർ എന്ന സ്റ്റേഷനിൽ വണ്ടി കിതച്ചുനിന്നു. ഞങ്ങൾ അവിടെയിറങ്ങി. അവിടെ നിന്നും വീണ്ടും റോഡ് മാർഗ്ഗം ധംതരിയിലേക്കു പോകണം. രാത്രിയായതിനാൽ, ധംതരിയിലേക്കുള്ള യാത്രയിൽ ആ പ്രദേശങ്ങൾ കാണുവാൻ സാധിച്ചില്ല!

പക്ഷെ, ധംതരിയിലെത്തിയ ഞങ്ങൾക്ക് രാവിലെ മുതൽ കാണാനായത് വിശാലമായ വയലുകളും ഗ്രാമങ്ങളും ധാരാളം മരങ്ങളും നന്മ നിറഞ്ഞ ഗ്രാമവാസികളെയുമാണ്.

ഞങ്ങൾ ഏഴുപേരും ധംതരിയിലുള്ള യൂണിവേഴ്സിറ്റിയുടെ ഹോസ്റ്റലിലായിരുന്നു താമസം. വിവിധ തരത്തിലുള്ള ലളിതമായ ആഹാരശൈലിയായിരുന്നു ഏറെ അത്ഭുതം. ദാൽ (പയർ കൊണ്ടുള്ള കൂട്ടാൻ), ചാവൽ (ചോറ്), പൂരി ബാജി,

ആലു ചപ്പാത്തി, കിച്ചടി എല്ലാം ഒന്നിനൊന്നു മെച്ചം.

ധംതരിയുടെ പ്രാന്തപ്രദേശമായ കുർദ് എന്ന സ്ഥലത്തെ സ്കൂളുകൾ സന്ദർശിക്കുക, അവിടെ അധ്യാപകരോടും വിദ്യാർത്ഥികളോടും സമീപ വാസികളോടും ആശയവിനിമയം നടത്തുക, പേരന്റ് ടീച്ചേഴ്സ് അസോസിയേഷൻ മീറ്റിംഗുകളിൽ പങ്കെടുക്കുക, സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ രൂപരേഖ തയ്യാറാക്കുക തുടങ്ങിയവയായിരുന്നു ഞങ്ങളുടെ പ്രധാന ജോലികൾ!

ഭാഷയ്ക്ക് അതിർവരമ്പുകളില്ലെന്ന് ഞാൻ മനസ്സിലാക്കി! കാരണം അവിടെ സ്കൂളുകളിലെ പിഞ്ചു കുഞ്ഞുങ്ങൾ ഛത്തീസ്ഗഡി ഭാഷയാണ് സംസാരിക്കുന്നത്! രണ്ടു മൂന്നു ദിവസം കൊണ്ട് ആ കുഞ്ഞുങ്ങളുമായി ഞങ്ങൾക്ക് നല്ലതുപോലെ ആശയവിനിമയം നടത്താനായി! ആശാൻ പള്ളിക്കൂടത്തെ (പണ്ടുകാലത്ത് കേരളത്തിൽ ഇങ്ങനെയായിരുന്നല്ലോ)പ്പറ്റി കേട്ടറിവു മാത്രമുള്ള എനിക്ക് ആശാൻപള്ളിക്കൂടത്തെ കണ്ടറിഞ്ഞ, തൊട്ടറിഞ്ഞ അനുഭവമായി സ്കൂൾ സന്ദർശനങ്ങൾ!

ബഞ്ചും ഡസ്ക്കും ഇല്ലാതെ നിലത്ത് ഇരുന്നും കിടന്നും എഴുതുന്ന കുട്ടികൾ! എങ്ങും നിറഞ്ഞുനിന്നിരുന്ന നിഷ്ക്കളങ്കത!

കുഞ്ഞുങ്ങളുടെ അമ്മമാരുടെ കൂടെ ഞങ്ങൾ ഗ്രാമങ്ങൾ കാണാൻ പോയി. ഉച്ചവെയിലിന്റെ കാഠിന്യമോ, രാത്രികാലങ്ങളിലെ അതിശൈത്യമോ അറിയാതെ ഞങ്ങൾ ആ നല്ല ഗ്രാമീണർക്കൊപ്പം അവരുടെ വീടുകളിൽ (കുടിലുകൾ) മനസ്സമാധാനത്തോടെ അവരുടെ ആതിഥ്യം സ്വീകരിച്ച് താമസിച്ചു. ആ പ്രദേശങ്ങളിലെ കാലാവസ്ഥാമാറ്റങ്ങൾക്ക് അനുയോജ്യമായ ഭക്ഷണങ്ങൾ അവർ നൽകി!

വലിയ ആശുപത്രികളോ വലിയ കെട്ടിടങ്ങളോ ഹോട്ടലുകളോ ചീറിപ്പാഞ്ഞുപ്പോകുന്ന വാഹനങ്ങളോ ഒന്നുമില്ലാത്ത രാത്രി പകലുകൾ!

മൊബൈൽ ഫോണുകളിലും നിറഞ്ഞ ശൂന്യത! തികച്ചും വേറിട്ട ഒരനുഭവം! കൃഷിയും വനവിഭവശേഖരണവും മാത്രമായിരുന്നു ഗ്രാമീണരുടെ ജീവിതമാർഗ്ഗം!

അവരുടെ ലളിതമായ ജീവിതരീതി, ശുദ്ധ ജലത്തിന്റെ ദൗർലഭ്യം, ഉൾനാടൻ ഗ്രാമങ്ങളിലെ സജീവമായ ചന്തകൾ, കോട്ടൺസാരിയും ദുപ്പട്ടയും ചേർന്ന വേഷം, ഗ്രാമീണമായ ആഭരണങ്ങൾ എല്ലാം ഞങ്ങൾ കൗതുകത്തോടെ നോക്കി മനസ്സിലാക്കി! സ്ത്രീകളും പുരുഷന്മാരും ഒരുപോലെ അവരവരുടെ ജോലികളെടുക്കുന്നു; കുട്ടികൾ അവരെ സഹായിക്കുന്നു!! നാളുകൾ കഴിഞ്ഞതും കൊഴിഞ്ഞതും വളരെ പെട്ടെന്നായിരുന്നു. മൂന്നാഴ്ചക്കാലത്തെ ഞങ്ങളുടെ 'അജ്ഞാതവാസം' ഇതാ അവസാനിക്കാൻ പോവുന്നു! ജനുവരി 16 എത്തിക്കഴിഞ്ഞു!

ഞങ്ങളെ യാത്രയാക്കാൻ, ഗ്രാമീണരുടെ ഒരു സംഘം തന്നെ ഞങ്ങളുടെ ഹോസ്റ്റലിലെത്തി! ഞങ്ങൾ മിഠായിയും കടലയും കുഞ്ഞുങ്ങൾക്കു നൽകി! അവർ ഞങ്ങൾക്ക് പൂക്കളും സ്നേഹം നിറഞ്ഞ പുഞ്ചിരിയും സമ്മാനിച്ചു!

കുർദ് - ധംതരി - റായ്പ്പൂർ - ബാംഗ്ളൂർ ഈ മടക്കയാത്രയിൽ ഞങ്ങൾ പഠിച്ച കാര്യങ്ങൾ ഏത് തരം ഗ്രാഫിൽ ഉൾക്കൊള്ളിയ്ക്കണം എന്ന ചിന്തയിലായിരുന്നു ഞങ്ങളെല്ലാവരും!

ഒറ്റ ഉത്തരമേ ഉണ്ടായിരുന്നുള്ളു; ഇന്ത്യയെ തൊട്ടറിയണമെങ്കിൽ ഇന്ത്യയിലെ ഓരോ ഗ്രാമങ്ങളിലുമെത്തണം അവിടത്തെ സ്പന്ദനങ്ങൾ നാം ഉൾക്കൊള്ളണം. ജീവിതം വളരെ ലളിതമായിരിക്കണം. ഞങ്ങൾ പഠിച്ചത്: സാഹചര്യങ്ങൾ നമ്മെ അടിമയാക്കാൻ അനുവദിക്കാതെ നമ്മൾ സാഹചര്യങ്ങളോടും പ്രകൃതിയോടും ഒത്തിണങ്ങി നന്മയുടെ വഴികളിലൂടെ സഞ്ചരിക്കുക; ജീവിതവിജയം സുനിശ്ചിതം!! ●


## ക്ഷാത്രസ്പന്ദനം
## പരസ്യ നിരക്കുകൾ

| | | |
|---|---|---|
| പുറം കവർ (കളർ) | : | ₹ 3500/- |
| കളർ പേജ് (ഫുൾ) | : | ₹ 2500/- |
| കളർ പേജ് (ഹാഫ്) | : | ₹ 1500/- |
| ബ്ലാക്ക് ആന്റ് വൈറ്റ് (ഫുൾ) | : | ₹ 1250/- |
| ബ്ലാക്ക് ആന്റ് വൈറ്റ് (ഹാഫ്) | : | ₹ 750/- |
| വിവാഹ പരസ്യം (Matrimonial) | : | ₹ 500/- |

# താരോദയം



ഇരുപത്താറാമത് രാജ്യാന്തര ചലച്ചിത്ര മേളയിൽ വളരെയധികം ശ്രദ്ധ നേടുകയും നവാഗത സംവിധായികയ്ക്കുള്ള പുരസ്ക്കാരം നേടുകയും ചെയ്ത 'നിഷിദ്ധോ' എന്ന മലയാള സിനിമ സംവിധാനം ചെയ്ത താരാ രാമാനുജൻ. കേരള സർക്കാർ സ്ത്രീ ശാക്തീകരണ പദ്ധതിയുടെ ഭാഗമായി KSFDC നിർമ്മിച്ച ചിത്രമാണ് 'നിഷിദ്ധോ'. നിരവധി തിരക്കഥകൾ ലഭിച്ചതിൽ നിന്ന്, താര എഴുതിയ ഈ കഥ KSFDC തെരഞ്ഞെടുക്കുകയും താര തന്നെ ഈ ചിത്രം സംവിധാനം ചെയ്യണം എന്നാവശ്യപ്പെടുകയും ചിത്രം നിർമിക്കാനുള്ള തീരുമാനം എടുക്കുകയുമായിരുന്നു. 2021-ൽ സിനിമയുടെ ഷൂട്ടിംഗ് ആരംഭിക്കുകയും വളരെ വേഗം തന്നെ ചിത്രീകരണവും, ശബ്ദമിശ്രണവും, സംയോജനവും മറ്റെല്ലാ സാങ്കേതിക കാര്യങ്ങളും ചെയ്ത് സിനിമ പൂർത്തിയാക്കുകയും ചെയ്തു. ബാംഗ്ലൂർ, തിരുവനന്തപുരം തുടങ്ങി പല സ്ഥലത്തും നടന്ന ഫിലിം ഫെസ്റ്റിവലുകളിലും പ്രദർശിപ്പിച്ചു. സിനിമാ രംഗത്തെ പല അതികായരും ഈ ചിത്രത്തെ പ്രകീർത്തിച്ച് സംസാരിച്ചു.

'നിഷിദ്ധോ' താരയുടെ രണ്ടാമത്തെ ചിത്രമാണ്. ആദ്യത്തെ 'സമർപ്പണം' 2017-ൽ ഗോപിനാഥൻ മാഷ് നിർമ്മിച്ചു. ആ സിനിമയും ശ്രദ്ധ നേടിയിരുന്നു.

മാവേലിക്കര ശാരദാമന്ദിരം കുടുംബാംഗമായ ഡോ.രാധാ രാമാനുജന്റെയും (എം സി കേരള വർമയുടെ മകൾ) രാമാനുജന്റെയും മകളാണ് താരാ രാമാനുജൻ. തൃപ്പൂണിത്തുറയ്ക്ക് അടുത്തുള്ള അമ്പലമുകളിലെ FACT കോളനിയിലെ ക്വാർട്ടേഴ്സിലാണ് കുട്ടിക്കാലത്ത് വളർന്നത്. അവിടെ സ്ക്കൂൾ വിദ്യാഭ്യാസത്തിനു ശേഷം എറണാകുളം സെന്റ് തെരേസാസ് കോളേജിൽ നിന്ന് സോഷ്യോളജിയിൽ ബിരുദവും അമേരിക്കയിൽ നിന്നും ജേർണലിസത്തിൽ ബിരുദാനന്തര ബിരുദവും ഇൻഫർമേഷൻ സിസ്റ്റം വിഭാഗത്തിൽ എം എസും നേടി.



# അഭിനയചാതുരിക്ക് അവാർഡ്

Association of Short Movie Makers & Artists (ASMMA) തിരുവനന്തപുരത്ത് ഏപ്രിൽ 4 മുതൽ 7 വരെ നടത്തിയ Short Film & Documentary Festival ൽ ഹ്രസ്വ ചലച്ചിത്ര വിഭാഗത്തിൽ കോവിഡ് മഹാമാരി വിഷയമായി, കണ്ണൂർ ചിറയ്ക്കൽ കോവിലകം കുടുംബാംഗം അനീഷ് മേനോൻ സംവിധാനം ചെയ്ത 'തിരിച്ചറിയൽ' മികച്ച രണ്ടാമത്തെ ചിത്രമായി തെരഞ്ഞെടുക്കപ്പെട്ടു. അതിലെ മുഖ്യകഥാപാത്രത്തെ അവതരിപ്പിച്ച **അശ്വതി വർമ്മ**യ്ക്ക് ഏറ്റവും മികച്ച അഭിനയത്തിനുള്ള പുരസ്ക്കാരവും ലഭിച്ചു. ഹരിപ്പാട് ചെമ്പ്രോൽ കൊട്ടാരത്തിലെ പരേതയായ സുധാവർമ്മയുടേയും ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന ജനറൽസെക്രട്ടറി മധുകുമാർ വർമ്മയുടേയും മകളാണ്.

# കൈകേയി

## പരനിന്ദയും ഭർത്സനങ്ങളും സ്വയം ഏറ്റുവാങ്ങിയ വിഷ്ണു ഭക്ത



**ഗായത്രീവർമ്മ,** തൃപ്പൂണിത്തുറ

വർദ്ധിച്ച ഭൂമിഭാരം കൊണ്ട് വിവശയായ ഭൂമി ദേവി ബ്രഹ്മാവിനോട് സങ്കടമുണർത്തിച്ചു. വിധാതാവാകട്ടെ പരമ പിതാവായ മഹാവിഷ്ണുവിനെ നേരിൽ കണ്ട് ശരണം പ്രാപിച്ചു. അനന്തശയനത്തിൽ കണ്ണുതുറന്ന് അദ്ദേഹം പുഞ്ചിരിയോടെ അരുളിച്ചെയ്തു: ''ശരി പരിഹാരമുണ്ടാക്കാം. ഞാൻ വീണ്ടും ഭൂമിയിൽ അവതരിയ്ക്കും കശ്യപപ്രജാപതിയുടേയും അദിതിയുടേയും പുനർജന്മമായ ദശരഥന്റെയും കൗസല്യയുടേയും മകനായി ത്രേതായുഗത്തിൽ അയോദ്ധ്യയിൽ രാമനായി പിറക്കും. രാജ്യം ഉപേക്ഷിച്ച് വനവാസത്തിനായി പോയി, രാക്ഷസനിഗ്രഹം നടത്തി ഭൂമിയുടെ ഭാരം കുറയ്ക്കുന്നതാണ്. നിയതി ഇതൊക്കെ എന്നേ കണ്ടറിഞ്ഞ് എല്ലാം തയ്യാറാക്കിയിരിക്കുന്നു. പക്ഷേ മനുഷ്യനായി, സത്ഗുണസമ്പന്നനായി രാജകുമാരനായി പിറക്കുന്ന എനിക്ക് വനവാസത്തിനു പോകാൻ ഒരു കാരണം വേണം. ആരെങ്കിലും ഒരു കാരണം ഉണ്ടാക്കണം. യുഗങ്ങളോളം പരനിന്ദയും ശാപങ്ങളും ഏറ്റുവാങ്ങാൻ ആരെങ്കിലും തയ്യാറാകണം.

ഇതുകേട്ടതോടെ എല്ലാ ദേവതാദേവന്മാരും പുറകിലേക്കു വലിഞ്ഞു. മഹാവിഷ്ണുവിനെതിരായി പറയുകയോ? ആരും മുന്നോട്ടുവന്നില്ല. ദേവലോകം പ്രതിസന്ധിയിലായി. ഒട്ടുനേരത്തെ മൗനത്തിനൊടുവിൽ ഒരു സ്ത്രീരത്നം മുന്നോട്ടുവന്നു. "ഞാൻ ഈ ദൗത്യം ഏറ്റെടുക്കാം ആരെന്തും ഭർത്സിച്ചോട്ടെ ശപിച്ചോട്ടെ യുഗങ്ങളോളം. ഞാൻ കാര്യമാക്കുന്നില്ല. പരമപിതാവിനായി ഞാൻ സ്വയം ഈ ദൗത്യം സ്വീകരിച്ചോളാം." അങ്ങിനെ രാമായണത്തിലെ വില്ലനായി കൈകേയി സ്വയം സമർപ്പിക്കപ്പെട്ടു. ഭൂമിയുടെ രക്ഷയ്ക്കുവേണ്ടി.

പിന്നെ കാര്യങ്ങൾ വേഗം നടപ്പായി ബ്രഹ്മാവിന്റെ പുത്രൻ കശ്യപ പ്രജാപതിയും അദിതിയും പുനർജന്മമെടുത്തു. രാമനോടൊപ്പം ശേഷനാഗം ലക്ഷ്മണനായും ശംഖും ചക്രവും ഭരത ശത്രുഘ്നന്മാരായും അവതാരമെടുത്തു.

മഹാരാജാ അശ്വപതിയുടെ മകളായി കൈകേയി കേകേയ രാജ്യത്ത് ജനിച്ചു. ഏഴു സഹോദരന്മാരുടെ ഒരേ ഒരു സഹോദരി. അതി സുന്ദരിയും സമർത്ഥയും ബുദ്ധിമതിയുമായ ഒരു കൊച്ചു രാജകുമാരി എല്ലാവരുടേയും വാത്സല്യപാത്രമായി കൊട്ടാരകെട്ടിനകത്തും പുറത്തും ഓടി നടന്നു വളർന്നു. രഥമോടിക്കുന്നതിനും കുതിരസവാരിയിലും രാജകുമാരി നിപുണയായിരുന്നു. രാജ്യതന്ത്രത്തിലും യുദ്ധതന്ത്രത്തിലും ഒരുപോലെ കുമാരി പ്രഗത്ഭയുമായിരുന്നു. ഒരു ദിവസം മൈതാനത്തു കളിച്ചുകൊണ്ടിരുന്ന രാജകുമാരന്മാരെ അപ്രതീക്ഷിതമായി ഒരു ഭീകരനായ കരിംപൂച്ച ആക്രമിക്കുന്നതുകണ്ട് ചടുലമായ ഒരൊറ്റ കുത്തുകൊണ്ട് അതിന്റെ കഥ കഴിച്ച കഥ രാമകഥാഖ്യാനത്തിൽ എടുത്തുപറയുന്നുണ്ട്. ഇത്രയും മനോധൈര്യം ബാല്യത്തിൽ തന്നെ കൈകേയി പ്രകടമാക്കിയിരുന്നു.

വിവിധ ഭാഷകളിലെ രാമായണത്തിൽ കൈകേയിയുടെ ബാല്യത്തെപ്പറ്റി പല പല കഥകളും ഊന്നി പറയുന്നുണ്ട്. തപസ്സിൽ മുഴുകിയിരുന്ന ഒരു



യോഗിയുടെ വിരൂപത കണ്ട് കുട്ടിക്കാലത്ത് കൈകേയി പൊട്ടിച്ചിരിച്ചു. കണ്ണ് തുറന്ന് രുഷ്ടനായ താപസൻ ശപിച്ചത്രെ ''നിന്നെ ജീവിതം മുഴുവൻ മാനസികമായ പീഢനം പിൻതുടരു"മെന്ന്. കൈകേയിയുടെ ഗുരുവും ജ്യോതിഷ പണ്ഡിതനുമായ രത്നാബാല്യത്തിൽ തന്നെ പ്രവചിച്ചിരുന്നു. "ഇവൾ രാജപത്നിയായി ഉന്നത കുലത്തിൽ എത്തും. പക്ഷേ പ്രശസ്തിയും ഒപ്പം നിന്ദയും എക്കാലവും പിൻതുടരും. രാജസുഖത്തിലും കളങ്കം കലർന്നിരിക്കും. പുത്രനാൽ മനഃസുഖവും ഉണ്ടായിരിക്കില്ല. കാലം ആ പ്രവചനം അക്ഷരംപ്രതി ശരിവച്ചിരുന്നു.

രാജാ അശ്വപതിക്ക് പക്ഷികളുടെ ഭാഷയിൽ ജ്ഞാനമുണ്ടായിരുന്നു. അവയിൽ നിന്നാണ് രാമന്റെ അവതാര രഹസ്യം അദ്ദേഹമറിഞ്ഞത്. അത് അനുസ്മരിപ്പിക്കാനാണ് മന്ധരയെ ഒപ്പം വിട്ടതും അവളിലൂടെ കൈകേയിക്ക് നിർദ്ദേശങ്ങൾ നല്കുന്നതും. എന്തോ നിയതി ഒരുക്കിവച്ച നിയോഗത്തിന്റെ ഭാഗങ്ങൾ മാത്രമാണിവയെല്ലാം.

ദശരഥൻ, സന്താന സൗഭാഗ്യത്തിനായി ആശ്രമകവാടങ്ങൾ തോറും അനുഗ്രഹം യാചിക്കുന്നതും വീണ്ടും വീണ്ടും വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നതും അശ്വപതിയും അറിയുന്നുണ്ടായിരുന്നു. സുഭഗനും യുവാവുമായ ദശരഥൻ കേകേയ മഹാരാജാവിനേയും സമീപിച്ച് തന്റെ ആഗ്രഹം അറിയിച്ചു. സമർത്ഥയും സുന്ദരിയുമായ തന്റെ ഏക പുത്രിയെ അദ്ദേഹത്തിനു നൽകുന്നതിനുമുമ്പ് ദശരഥനിൽ നിന്നും ഒരു വാഗ്ദാനം ആവശ്യപ്പെട്ടു. "ഇവൾക്ക് ഒരു പുത്രനുണ്ടായാൽ അവനായിരിക്കണം അയോദ്ധ്യാരാജ്യത്തിനവകാശി. സൂര്യവംശത്തിലെ യുവരാജാവാകണമവൻ". ദശരഥൻ സസന്തോഷം വാഗ്ദാനം നൽകി. പക്ഷേ ഈ പ്രതിജ്ഞ മറ്റാരും അധികം അറിഞ്ഞിരുന്നില്ല.

വാല്മീകി രാമായണത്തിലെ ദശരഥപത്നിമാരിലൂടെ സ്ത്രീ മനസ്സിന്റെ മൂന്നു ഭാവങ്ങളെയാണ് ഉജ്ജ്വലിപ്പിക്കുന്നത്. കൗസല്യയിൽ പ്രായേണ മാതൃഭാവമാണ് മുന്നിട്ടു നില്ക്കുന്നത്. എന്നാൽ കൈകേയിയിൽ കാമിനീഭാവത്തിനാണ് മുൻതൂക്കം. തുല്യ അളവിൽ ക്ഷാത്രതേജസ്സും ജ്വലിച്ചു നില്ക്കുന്നു. സുമിത്രയിലാവട്ടെ ദാസ്യഭാവവും സേവന തല്പരതയും ഒന്നിച്ചു വിളങ്ങുന്നു. സപത്നീ സാഹചര്യത്തിൽ സഖിത്വഭാവനയും പ്രകടമാണ്. മേന്മയേറിയ മിത്രഭാവമാണ് ആ റാണിയുടെ മുഖമുദ്ര എന്നു തന്നെ പറയാം.

രാമാഭിഷേക വിഷയത്തിൽ ഒരുപക്ഷേ കൈകേകിയേക്കാൾ ദശരഥനല്ലേ തെറ്റുകാരൻ? സത്യപാലനത്തിൽ ഇത്രയേറെ നിഷ്ഠ പുലർത്തുന്ന സൂര്യവംശരാജാവ് അശ്വപതിക്കു കൊടുത്ത വാഗ്ദാനം എന്തേ സൗകര്യപൂർവം മറന്നു? കൈകേയിക്കു കൊടുത്ത വരം ആ സമയത്ത് ചോദിക്കേണ്ടിവന്നത് അതുകൊണ്ടല്ലേ? മഹാരാജാവ് രാജ്യപ്രസിദ്ധമാകേണ്ട രാജാഭിഷേകത്തിന് എന്തുകൊണ്ട് ഇങ്ങനെ ഒരു രഹസ്യഭാവം നൽകി? രാജാവ് നേരിട്ടു കൈകേയിയോട് പറഞ്ഞിരുന്നെങ്കിൽ റാണി സന്തോഷപൂർവം രാമാ

ഭിഷേകം സമ്മതിക്കുമായിരുന്നല്ലോ - കാരണം റാണി സ്വയം പറയുന്ന

*"എന്നുടെ രാമകുമാരനോളം പ്രിയം*
*എന്നുള്ളിലാരെയുമില്ല*
*ഭരതനെക്കാൾ മമ പുത്രനാം*
*രാമനെ സ്നേഹമെനിയ്ക്കേറും*
*രാമനും കൗസല്യദേവിയെക്കാളെന്നെ*
*പ്രേമമേറ്റം നൂനമില്ലൊരു സംശയം"*

എന്നിരിക്കെ രാജാവിന്റെ ഈ ഒളിച്ചുകളിയല്ലേ എല്ലാ ദുരന്തങ്ങളുടെയും നാരായവേര്?

കൈകേയി തികഞ്ഞ രാജ്യതന്ത്രജ്ഞ ആണെന്നുള്ളതിന്റെ തെളിവാണ് രാമനെ 14 കൊല്ലം കാട്ടിലേക്കുവിടണമെന്ന ആവശ്യം. രാമൻ നാട്ടിൽ നിന്നാൽ ഭരതനു സുഗമമായി ഭരണം നടത്താൻ പ്രജകൾ അനുവദിക്കില്ലെന്ന സത്യം കൈകേകിയ്ക്കറിയാം. ദശരഥന്റെ തന്ത്രങ്ങളെയും നമ്മളെന്തിനു വില കുറച്ചു കാണണം? അന്തഃപുര സ്ത്രീകളെപ്പോലുമറിയിക്കാതെ ഭരതൻ ഇല്ലാത്ത സമയം നോക്കി, അല്പം കാത്തിരിക്കപോലും ചെയ്യാതെ എന്തിനു കിരീടധാരണ കർമ്മം നിർവ്വഹിക്കാൻ തയ്യാറായി? പുത്രശോകമെന്ന ശാപം തന്നെ പിന്തുടരും എന്നറിഞ്ഞുകൊണ്ടുതന്നെ മക്കളെ പരസ്പരം അകറ്റണോ. കഷ്ടം! രാമനെങ്കിലും ഇതിനെ ചോദ്യം ചെയ്യാമായിരുന്നു. അതോ പിതൃസ്നേഹം അദ്ദേഹത്തെ ഇത്രമേൽ അന്ധനാക്കിയോ?

കൈകേയി സ്വന്തം മകനെ സ്നേഹിച്ചു പോയി അവന്റെ ഉൽക്കർഷ ആഗ്രഹിച്ചു പോയി എന്നൊരു തെറ്റേ ചെയ്തിട്ടുള്ളു. (അതു തെറ്റാണെങ്കിൽ!) ഏതൊരു മാതാവും മകന്റെ ഉയർച്ചയ്ക്കായി ഏതൊരു വഴിയും സ്വീകരിക്കും. അത് തികച്ചും സ്വാഭാവികം മാത്രമാണ്. കൈകേയി അല്പം വളഞ്ഞ വഴി കൈക്കൊണ്ടു എങ്കിലും അതിൽ ധർമ്മച്യുതി ഒന്നും കാണുന്നില്ല.

''ഞാൻ ചെയ്തത്, അല്പം കടന്ന കൈയ്യായി'' എന്ന തിരിച്ചറിവ് ഉണ്ടായപ്പോൾ അതു തിരുത്താൻ കൈകേയി തയ്യാറാകുന്നു. രാമനെ അനുനയിപ്പിച്ച് തിരിച്ചുകൊണ്ടുവരാനും അവർ മുൻകൈ എടുക്കുന്നുണ്ട്. രാമന്റെ പുനരാഗമനത്തിൽ അദ്ദേഹത്തെ സ്വീകരിക്കാൻ മുമ്പിട്ടിറങ്ങിയതും കൈകേയി തന്നെയാണ്. എല്ലാമറിയാവുന്ന രാമൻ കൈകേയിയുടെ മനസ്സ് തൊട്ടറിഞ്ഞു ആ പാദങ്ങളിൽ കുമ്പിട്ടു മാതാവിനെ ആലിംഗനം ചെയ്തു വന്ദിച്ചു. മനുഷ്യജന്മം സ്വീകരിച്ച രാമന് ആ രീതികളെ മറികടക്കാനാവില്ലല്ലോ. താപസിയും വൃദ്ധയുമായ കൈകേയി മാതാവിൽ വന്ന മാറ്റം രാമനെപോലും അമ്പരിപ്പിക്കുന്നതായിരുന്നു.

ശിഷ്ടജീവിതം യുധാജിത്തിനരികിൽ, ഒരു താപസിനിയെപ്പോലെ കൈകേയി ജീവിച്ചു തീർത്തു. രാമന്റെ സ്വർഗ്ഗാരോഹണം സരയൂ നദീതീരത്ത് അവസാനിക്കുന്നതോടെ തന്റെ നിയോഗവും പൂർത്തിയാക്കി കൈകേയി മാതാവും സ്വർഗ്ഗം പൂകി.


രാമായണമെന്ന പുരാണ ഗ്രന്ഥത്തിലൂടെ വാല്മീകി മഹത്തായ ഒരു ഉപദേശമാണ് മനുഷ്യരാശിക്കു നൽകുന്നത്. സന്താന വാത്സല്യം നമ്മെ അന്ധരാക്കാതെ സൂക്ഷിക്കണം. സന്താനങ്ങൾ ഉയരങ്ങൾ കീഴടക്കട്ടെ പക്ഷേ അത് മറ്റുള്ളവരുടെ തലയിൽ ചവുട്ടി ആകരുത്. സ്വന്തം കഴിവിലൂടെ നേടിയെടുക്കണം. അതുപോലെ സന്താനങ്ങളെ എന്നും തന്റെ സുഖത്തിനും ഇച്ഛയ്ക്കും ഉതകുന്ന വ്യക്തിയായി മാത്രം കാണരുത്. അവർക്കും സ്വന്തമായ ഇച്ഛകളും താല്പര്യങ്ങളുമുണ്ടെന്ന തിരിച്ചറിവ് മാതാപിതാക്കൾക്കുണ്ടാകണം. മക്കൾക്കുവേണ്ടി ജീവിതമുഴിഞ്ഞു നൽകിയാൽ പോലും അവരിൽ നിന്നും ഒന്നും പ്രതീക്ഷിക്കരുത്. രാമനും ഭരതനും നാണയത്തിന്റെ രണ്ടു വശങ്ങൾ മാത്രമാണ്. ഭരതന്റെ ഭർത്സനങ്ങളും ശാപവാക്കുകളും ഏറ്റുവാങ്ങി ഒരു ശാപശിലപോലെ കൈകേയി തന്റെ ശിഷ്ടജീവിതം ജീവിച്ചുതീർത്തു.

മഹാവിഷ്ണുവിന്റെ അവതാരോദ്ദേശം പൂർത്തിയാക്കാനായി നിന്ദയും ശാപവും സ്വയം ഏറ്റുവാങ്ങിയ കൈകേയിയെ വെറുപ്പോടെയല്ല ഭക്ത്യാദരങ്ങളോടെയാണ് നാം ഏറ്റു വാങ്ങേണ്ടത്. ഒപ്പം എല്ലാ സന്താനസ്നേഹികളായ അമ്മമാർക്കും എക്കാലവും ഓർമ്മിക്കുവാനുള്ള ഒരു ഉദാഹരണമായും കൈകേയിയെ മനസ്സിലേറ്റണം. ●

# വിജ്ഞാനത്തിന്റെ സൂര്യപ്രഭ

**സി.എം. മുരളീധരൻ** (കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് )

മലയാള വൈജ്ഞാനിക സാഹിത്യത്തിന് മികച്ച ഒരുപിടി ഗ്രന്ഥങ്ങൾ സമ്മാനിച്ച പ്രതിഭ ഓർമ്മയായി. കുഞ്ഞുണ്ണി വർമ്മ എന്ന പേരിലാണ് ചിലർക്ക് അദ്ദേഹത്തെ പരിചയം. മറ്റു ചിലർക്കാകട്ടെ, കെ.ടി. രവിവർമ്മ എന്നും. ഈ രണ്ടു പേരുകളിലും പരിചിതമല്ലാത്തവർക്ക് കെ.ടി. രാമവർമ്മയുടെ സഹോദരൻ എന്നും പറഞ്ഞാൽ ധാരാളമായി. വളരെ പ്രശസ്തമായ 'കാളപ്പോരിന്റെ നാട്ടിൽ' ഉൾപ്പെടെ മറ്റനേകം ഗ്രന്ഥങ്ങൾ കൈരളിക്ക് സമ്മാനിച്ച കെ.ടി. രാമവർമ്മയുടെ സഹോദരൻ.



പരിണാമത്തെക്കുറിച്ച് ആഴത്തിൽ പഠിക്കാനാഗ്രഹിക്കുന്ന ഏതൊരു മലയാളിക്കും കുഞ്ഞുണ്ണി വർമ്മയിലൂടെയാണ് 'പരിണാമം എന്നാൽ', 'പരിണാമം എങ്ങനെ', 'സൃഷ്ടിവാദം' തുടങ്ങിയ ഗ്രന്ഥങ്ങളെല്ലാം പുറത്തുവന്നത്. വളരെ ശാസ്ത്രീയമായ രീതിയിൽ വിഷയത്തെ സമീപിക്കുന്നു. അതേ അവസരത്തിൽ തന്നെ വിഷയത്തിൽ താൽപ്പര്യമുള്ള സാധാരണക്കാരനായ ഒരു വായനക്കാരനും വായിച്ചു മുന്നേറാനാവുന്ന ശൈലി അത് പിന്തുടരുന്നു. ഇവയുടെയൊക്കെ നിരവധി പതിപ്പുകൾ ഇറങ്ങി. ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കമ്മിറ്റിയുടെ അവാർഡുകളും ഈ പുസ്തകങ്ങളെ തേടിയെത്തി.

കുഞ്ഞുണ്ണി വർമ്മയെ നേരിട്ട് പരിചയപ്പെട്ടിട്ടില്ല. ഞങ്ങളുടെയെല്ലാം സഹപ്രവർത്തകനും മാർഗ്ഗദർശിയുമായിരുന്ന പ്രൊഫ. എം. ശിവശങ്കരന്റെ (പ്രിയപ്പെട്ട എം.എസ്.) അടുത്ത സുഹൃത്തായിരുന്നു കുഞ്ഞുണ്ണിവർമ്മ. ഇടയ്ക്കിടെ രണ്ടു പേരും ഒത്തുകൂടും. ഘോരഘോരം ചർച്ചകളിൽ മുഴുകും. എം.എസ്.നു വേണ്ട ജീവശാസ്ത്ര പുസ്തകങ്ങളൊക്കെ ബോംബെയിൽ നിന്ന് എത്തിച്ചുകൊടുക്കുന്നത് അദ്ദേഹമായിരുന്നു. എം.എസുമൊരുമിച്ച് അദ്ദേഹം എഴുതിയ 'മനുഷ്യപരിണാമം' 'ജീൻ മുതൽ ജീനോം വരെ' എന്നീ പുസ്തകങ്ങളും ശ്രദ്ധേയമായവയാണ്.

തൃപ്പൂണിത്തുറയിലായിരുന്നു കുഞ്ഞുണ്ണിവർമ്മയുടെ ജനനം. പിന്നീട് താമസം തൃശൂരിലേക്കു മാറ്റി. തൃശൂർ സെന്റ് തോമസ് കോളേജ്, മദ്രാസ് ക്രിസ്ത്യൻ കോളേജ് എന്നിവിടങ്ങളിലെ പഠനത്തിനുശേഷം മുംബെയിൽ വച്ചാണ് ജന്തുശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം നേടിയത്. അവിടത്തന്നെ ഒരു കോളേജിൽ അധ്യാപകനുമായി. അങ്ങനെ മുംബൈ നിവാസിയുമായി.

2009 ൽ പരിഷത്തിന്റെ പ്രസിദ്ധീകരണ സമിതിയുടെ ചുമതലക്കാരനെന്ന നിലയിൽ 'പരിണാമം എന്നാൽ' 'പരിണാമം എങ്ങനെ' എന്നീ രണ്ട് പുസ്തകങ്ങളുടെയും പുനഃപ്രസിദ്ധീകരണത്തിന് കാരണക്കാരനാവാനും പുതിയ പതിപ്പിന്റെ രൂപകൽപനയിൽ ഉടനീളം ഇടപെടാനായതും കഴിഞ്ഞത് എന്റെ ഭാഗ്യം. പുതിയ കാലത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തി ചിത്രങ്ങളെല്ലാം മാറ്റി ചെയ്തു. പിന്നീട് അദ്ദേഹം ജീവശാസ്ത്രമേഖലയിൽ നിന്ന് പുതിയ മേഖലകളിലേക്ക് കടന്നിരുന്നു. അവിടെയും അദ്ദേഹം തന്നെ അടയാളപ്പെടുത്തി. അദ്ദേഹത്തിന്റെ പുസ്തകങ്ങൾ നോക്കൂ. 'പണ്ടത്തെ മലയാളക്കര', 'മഹാബലി എന്ന മിത്തും ഓണത്തിന്റെ ചരിത്രവും', 'പരശുരാമൻ ഒരു പഠനം' 'മരുമക്കത്തായം –

ലക്ഷദ്വീപും തെക്കൻ സമ്പ്രദായങ്ങളും', 'മരുമക്കത്തായം - ഗോത്ര മരുമക്കത്തായവും വടക്കൻ സമ്പ്രദായങ്ങളും', 'രാജാ രവിവർമ്മ', 'തൃപ്പൂണിത്തുറ വിജ്ഞാനം, 'ജ്ഞാനേശ്വരി.' കേരള ചരിത്രത്തെ നരവംശശാസ്ത്രത്തിലൂടെ സമീപിക്കുന്നതാണ് 'പണ്ടത്തെ മലയാളക്കര' എന്ന പുസ്തകം. ഒരു മനുഷ്യന് എങ്ങനെയാണ് ഇത്രയും വ്യത്യസ്തമായ വിഷയങ്ങളിൽ പുസ്തകങ്ങൾ എഴുതാൻ കഴിയുന്നത്? അതും ആധികാരികമായ പുസ്തകങ്ങൾ. അത്ഭുതം തന്നെ.

ശാസ്ത്രവും ശാസ്ത്രബോധവും അടിത്തറയാക്കിയ ജീവിതദർശനം ഉയർത്തിപ്പിടിക്കുകയും താൻ അന്വേഷിച്ചു മനസ്സിലാക്കിയ അറിവിന്റെ വിസ്മയങ്ങൾ മലയാളത്തിന് പകർന്നു നൽകുകയും ചെയ്ത അദ്ദേഹത്തിന്റെ വേർപാട് തീർച്ചയായും ഒരു തീരാനഷ്ടം തന്നെയാണ്. അറിവിനെതിരെ ഇരുട്ടിന്റെ ശക്തികൾ ശക്തി പ്രാപിക്കുന്ന ഇക്കാലത്ത് പ്രത്യേകിച്ചും. ●

## പുതിയ ഭാരവാഹികൾ

### തിരുവല്ല യൂണിറ്റ്



**പി. ആർ. വർമ്മ,** പ്രസിഡന്റ്



**സൂര്യകുമാർ വർമ്മ,** സെക്രട്ടറി



**സഞ്ജയ് വർമ്മ,** ട്രഷറർ

### പിലാത്തറ യൂണിറ്റ്




*മോഹനവർമ്മ, സുരേന്ദ്രൻ, മനോജ് കുമാർ, ജനാർദ്ദനൻ, പുരുഷോത്തമൻ, രാജൻ*

# സഫലമീയാത്ര



**പന്തളം രാജപ്രതിനിധി മൂലം നാൾ ശങ്കർ വർമ്മ തിരുവാഭരണ ഘോഷയാത്രയിലെ തന്റെ അനുഭവങ്ങൾ വിവരിക്കുന്നു**

ധനു 28 ഉച്ചയ്ക്ക് 11.50 മണി. വലിയമ്മാവൻ ശ്രീ പടിഞ്ഞാറെത്തളത്തിൽ രാഘവവർമ്മയെയും എന്നെയും പന്തളം വലിയ കോയിക്കൽ ധർമ്മ ശാസ്താ ക്ഷേത്രത്തിലേക്ക് രാജകീയ പ്രൗഢി യോടെ സ്വീകരിച്ച് ബന്ധുക്കളുടെയും ഭക്തജന ങ്ങളുടെയും ദേവസ്വം ഓഫീസർമാരുടെയും സാന്നിദ്ധ്യത്തിൽ വലിയമ്മാവന്റെ കയ്യിൽ നിന്ന് പൂജിച്ച ഉടവാൾ സ്വീകരിച്ച് തിരുനടയ്ക്കൽ നിന്ന് കലിയുഗ വരദൻ ശ്രീ. അയ്യപ്പന്റെ നിറഞ്ഞ സാന്നി ദ്ധ്യമുള്ള സാളഗ്രാമത്തെ തൊഴുത് പ്രദക്ഷിണ മായി അമ്പലത്തിന്റെ പുറത്തേക്കിറങ്ങി. തുടർന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ്, മറ്റു പ്രമുഖരായ ഭക്തന്മാർ തുടങ്ങിയവർ മാലയിട്ട് സ്വീകരിക്കുകയും ആയിരക്കണക്കിന് ഭക്തജനങ്ങ ളുടെ വഴിനീളെ നടത്തിയ പുഷ്പവൃഷ്ടി സ്വീക രിക്കുകയും ചെയ്തു. നീരാഴിക്കെട്ടിൽ കൊട്ടാര ത്തിൽ വലിയ തമ്പുരാട്ടിയുടെ അടുത്ത് എത്തി ഉടവാൾ ഏല്പിച്ച് വലിയ തമ്പുരാട്ടിയുടെ കയ്യിൽ നിന്ന് വാൾ സ്വീകരിച്ച് പുറത്തേക്ക് ഇറങ്ങി. രാജ ശേഖരമണ്ഡപത്തിനു സമീപം കാത്തുനിന്ന 12 പേർ നയിക്കുന്ന പല്ലക്കിലേക്ക് കയറി ഉടവാൾ പടക്കുറുപ്പിന് കൈമാറി. പിന്നീട് മണികണ്ഠ നാൽത്തറയിൽ അഖിലഭാരത അയ്യപ്പസേവാസം ഘത്തിന്റെ സ്വീകരണം സ്വീകരിച്ച് വടക്കേമുറി കൊട്ടാരത്തിന്റെ മുമ്പിൽ എത്തുകയും വടക്കേമുറി തളത്തിൽ അറവാതിക്കൽ കത്തിച്ച് വെച്ചിരുന്ന വിളക്കിനെയും അവിടെ നിന്നിരുന്ന കാരണവന്മാ രെയും തൊഴുത് അനുഗ്രഹങ്ങൾ സ്വീകരിച്ചിറ ങ്ങി. മണ്ണടി ഭഗവതിയെ തൊഴുത് അവിടെ നട യ്ക്കൽ നിന്നിരുന്ന ഇളമുറ തമ്പുരാട്ടിമാരുടെ അനുഗ്രഹങ്ങളും സ്വീകരിച്ച് ഭഗവാൻ അയ്യപ്പന്റെ ബാല്യകാല ഓർമ്മകൾ നിറഞ്ഞുനിൽക്കുന്ന അയ്യപ്പന്റെ പാദസ്പർശം ഏറ്റ കൊട്ടാരത്തിന്റെ 18 പടികൾ താണ്ടി കുളനട ഭഗവതിയമ്പലത്തി ലേക്ക് നടന്നു. കുളനട അമ്പലം എത്തുന്നതിന് മുമ്പ് കറുത്തേരി മുക്കിൽ വെച്ച് മേനാവിൽ കയറി കുളനട വഴിയിലെ സ്വീകരണത്തിനുശേഷം അമ്പല മുറ്റത്തിറങ്ങി. പുറത്ത് പ്രദക്ഷിണമായി കിഴക്കേ നടയിൽ കൂടി അമ്പലത്തിൽ കയറി ഭഗ വതിയെ വലംവെച്ച് തൊഴുത് മേൽശാന്തിക്ക് ദക്ഷിണ ചെയ്ത് തീർത്ഥം പ്രസാദം സ്വീകരിച്ചു. ഉള്ളന്നൂർ അമ്പലത്തിൽ എത്തി, അവിടുത്തെ ദർശനങ്ങൾ കഴിഞ്ഞതിനുശേഷം കുറിയാനപ്പള്ളി ക്ഷേത്രം വഴി കിടങ്ങന്നൂർ ജംഗ്ഷനിൽ എത്തി. തുടർന്ന് ആറന്മുള ക്ഷേത്രത്തിന്റെ തെക്കേഗോ പുരം വഴി മതിൽ കെട്ടിനുള്ളിൽ കയറി പ്രദക്ഷി ണമായി വന്ന് ഭഗവാനെയും മറ്റു ഉപദേവന്മാരെയും തൊഴുത് പ്രാർത്ഥിച്ച് ദക്ഷിണ കൊടുത്ത് പ്രസാദം വാങ്ങിച്ച് കിഴക്കേനടയിലെത്തി. പിന്നീട് പൊന്നും തോട്ടം, പാമ്പാടിമൺ, ചെറുകോൽപ്പുഴ, അയിരൂർ പുതിയകാവ്, എന്നീ ക്ഷേത്രത്തിലെത്തി ദർശനം. തുടർന്ന് ഭഗവതിയെ തൊഴുതതിനുശേഷം നാല മ്പലത്തിലിരുന്നു. അവിടെ തിരുവാഭരണം തുറന്ന് ഭക്തജനങ്ങൾക്ക് ദർശനത്തിനുള്ള സൗകര്യം ഒരു ക്കി. അവിടെ രാത്രി വിശ്രമിക്കാൻ ദേവസ്വം ബോർഡ് എല്ലാവർക്കും സൗകര്യം ഒരുക്കിയി രുന്നു.

രണ്ടാം ദിവസം രാവിലെ രണ്ടു മണിക്കു തന്നെ അയിരൂർ പുതിയ കാവിൽ നിന്ന് ഘോഷയാത്ര. തിരുവാഭരണം ചുമട്ടുകാർ, പല്ലക്ക് വാഹകർ തുട ങ്ങിയവർ തമ്പുരാന്റെ കൈയിൽ നിന്ന് ഭസ്മവും അനുഗ്രഹവും വാങ്ങിയതിനുശേഷമാണ് ഘോഷ യാത്ര പുനരാരംഭിച്ചത്. തുടർന്ന് എടപ്പാവൂർ, പേരൂർ ചാൽ വഴി ആഴിക്കുന്ന് എത്തി. അവിടെ നിന്ന് ഇടക്കുളം. റാന്നി-വൈക്കം വഴി വടശ്ശേരി ക്കര അയ്യപ്പസേവാസംഘത്തിന്റെ സ്വീകരണം ഏറ്റുവാങ്ങുകയും ക്ഷേത്രദർശനം നടത്തുകയും ചെയ്തു. തുടർന്ന് പ്രയാർക്ഷേത്രം, മാടമൺ, പൂവ ത്തുമ്മൂട് വഴി കൊട്ടാരക്ഷേത്രത്തിൽ എത്തി. വഴി യിലുള്ള സ്വീകരണങ്ങളും ഭക്തജനങ്ങൾ അവ



രുടെ വീടിനു മുമ്പിലൊരുക്കിയ പൂജകൾ ചെയ്തും വഴിപാട് സ്വീകരിച്ചും പെരിനാട് കക്കാട് കോയിക്കൽ ശ്രീ ധർമ്മശാസ്താ ക്ഷേത്രത്തിലെത്തി. അവിടെ തൊഴുത് ഭക്ഷണം കഴിച്ച് വിശ്രമിക്കുകയും അവിടെ നിന്ന് പുറപ്പെട്ട് വഴിയിൽ കൊച്ചു തമ്പുരാട്ടിക്കാവിന്റെ സംഘാടകസമിതിയുടെ സ്വീകരണം സ്വീകരിച്ച് ചെമ്മണ്ണ് കയറ്റം കയറി മുകളിൽ പ്രധാന വഴിയിലെത്തി. അന്നു രാത്രി ളാഹ ഫോറസ്റ്റ് ഗസ്റ്റ് ഹൗസിൽ വിശ്രമിച്ചു.

മൂന്നാം ദിവസം രാവിലെ 2 മണിക്ക് ഘോഷയാത്ര പുറപ്പെട്ട് രാജാംപാറ വഴി പ്ലാപ്പള്ളിയിലെത്തി. അവിടുത്തെ സ്വീകരണത്തിനുശേഷം മൂപ്പന് ഭസ്മം നൽകി അനുഗ്രഹിച്ച് എലവുങ്കലെത്തി. അവിടെ എല്ലാ ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ് പ്രതിനിധികളും ഒത്തൊരുമിച്ച് തിരുവാഭരണഘോഷയാത്രയെയും രാജപ്രതിനിധിയെയും സ്വീകരിച്ചു. ഒൻപത് മണിയോടെ നിലയ്ക്കലെത്തി. തുടർന്ന് നിലക്കലിൽ മേനാവിലിരുന്ന്, തിരുവാഭരണം നിലക്കൽ അമ്പലത്തിൽ നിന്ന് എത്തിയതിനുശേഷം ഘോഷയാത്ര പുറപ്പെട്ട് അട്ടത്തോട് കോളനി സ്വീകരണസ്ഥലത്തെത്തി. കൊല്ലമൂഴി ഇറങ്ങി ഒലിയൻ പുഴയുടെ തീരത്ത് വിശ്രമിച്ചതിനുശേഷം പുഴയുടെ ഇടതു കരയിലൂടെ നടന്ന് കുറങ്കയം വഴി വലിയാനവട്ടത്ത് എത്തി. ഉച്ചയ്ക്ക് 2 മണിക്ക് പരിവാരങ്ങളോട് കൂടി പമ്പയിലുള്ള രാജമണ്ഡപത്തിലെത്തി ഭക്ഷണം കഴിച്ച് വിശ്രമിച്ചു. തിരുവാഭരണപേടകങ്ങൾ വഹിച്ചുള്ള ഘോഷയാത്ര നീലിമലത്തോട് വഴി ശബരിമല സന്നിധാനത്തിനെ ലക്ഷ്യമാക്കി യാത്രയാരംഭിച്ചു.

രാജമണ്ഡപത്തിലെ രണ്ടു ദിവസത്തെ വിശ്രമത്തിനുശേഷം ശബരിമല സന്നിധാനം ലക്ഷ്യം വെച്ച് യാത്ര പുനരാരംഭിച്ച് വൈകുന്നേരം 4.30ന് ശരംകുത്തിയിലെത്തി. അവിടെ വിശ്രമിച്ച് കയ്യും കാലും മുഖവും കഴുകി ശുദ്ധമായി നല്ല വസ്ത്രം ധരിച്ച് യാത്ര പുനരാരംഭിച്ച് 5.40ന് വലിയ നടപന്തലിൽ എത്തി. അവിടെ കാത്തുനിന്ന ദേവസ്വം ഉദ്യോഗസ്ഥരുടെയും ഭക്തജനങ്ങളുടെയും വാദ്യമേളത്തോടെയുള്ള സ്വീകരണം ഏറ്റുവാങ്ങി. ദേവസ്വം ഓഫീസർ കൊണ്ടുവന്ന സ്വർണ്ണ ചുരിക കൈയ്യിൽ തന്നു. തുടർന്ന് ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർക്ക് മുണ്ട് കൊടുത്ത് യാത്ര ആരംഭിച്ചു. ആറു മണിയോടുകൂടി പതിനെട്ടാംപടിയുടെ താഴെ എത്തി. പതിവുപോലെ ശബരിമല മേൽശാന്തി പതിനെട്ട് പടിയിറങ്ങി വന്ന് അയ്യപ്പന്റെ പിതൃസ്ഥാനീയ സ്ഥാനം വഹിക്കുന്ന പന്തളം രാജാവിനെ കാല് കഴുകിച്ചതിനുശേഷം രാജപ്രതിനിധി തേങ്ങ ഉടച്ച് കൈപിടിച്ച് പതിനെട്ടാം പടികയറി സന്നിധാനത്തിൽ അയ്യപ്പന്റെ തിരുമുമ്പിലെത്തി നടയ്ക്കൽ സ്വർണ്ണ ചുരിക സമർപ്പിച്ചപ്പോൾ തിരുവാഭരണം മുഴുവനും ചാർത്തി പിതാവിന്റെ സാന്നിദ്ധ്യം അറിയിച്ചു. തുടർന്ന് ഭഗവത് ദർശനത്തിനുശേഷം മേൽശാന്തി സ്വർണ്ണ തളികയിൽ തന്ന പ്രസാദം സ്വീകരിച്ച് തളിക തിരികെ നൽകി. കൂടെ അകമ്പടി സേവിച്ച എല്ലാവർക്കും ദർശനവും പ്രസാദവും കിട്ടിയെന്നു ഉറപ്പിച്ചശേഷം ഗണപതി, നാഗരാജാവ് എന്നിവരെ തൊഴുത് വടക്കേ ഗെയ്റ്റ് വഴി താഴെയിറങ്ങി. അവിടെ കാത്തുനിന്ന മേനാവിൽ മാളികപ്പുറത്ത് തിരുമുറ്റത്ത് എത്തി. അവിടെ മാളികപ്പുറത്തമ്മയെ തൊഴുത് മണിമണ്ഡപത്തിലും തൊഴുത് വിശ്രമസ്ഥലത്ത് എത്തി. എല്ലാ ദിവസവും മാളികപ്പുറത്തു നിന്നുള്ള എഴുന്നള്ളിപ്പ് പോയി വന്നതിനു ശേഷം കളമെഴുത്ത് പാട്ടും തൊഴാനും കേൾക്കാനും ക്ഷണം സ്വീകരിച്ച് പോയിരുന്നു. അടുത്ത ദിവസം മൂന്നു പൂജ – ഉഷഃപൂജ, ഉച്ചപൂജ, അത്താഴ പൂജ– യ്ക്കു മുമ്പ് സന്നിധാനത്ത് ചെന്ന് തൊഴുതു. അതിനടുത്ത ദിവസം പാണി കൊട്ടുന്നയാൾക്ക് അനുജ്ഞ കൊടുത്ത് ആരംഭിച്ച കളഭാഭിഷേകം തൊഴുത് പ്രസാദം വാങ്ങി തന്ത്രി,

മേൽശാന്തി, മറ്റു പൂജ ചെയ്യുവർ, ഉദ്യോഗസ്ഥർ തുടങ്ങിയവർക്ക് ദക്ഷിണ കൊടുത്ത് വിശ്രമസ്ഥലത്ത് എത്തി. പതിവുപോലെ ദേവസ്വം ഓഫീസർമാർ, മേൽശാന്തിമാർ തുടങ്ങിയവർക്ക് സദ്യ നൽകി. തുടർന്ന് വിശ്രമത്തിനുശേഷം സന്ധ്യയ്ക്ക് ദർശനം നടത്തി. പിറ്റേന്ന് രാവിലെ ഉഷഃപൂജയും ഉച്ചപൂജയും തൊഴുതു. വൈകുന്നേരം 7.00 മണിക്ക് മാളികപ്പുറത്തുനിന്നു സന്നിധാനത്ത് വന്ന് തൊഴുതതിനുശേഷം ദേവസ്വം ഗസ്റ്റ് ഹൗസിലേക്ക് മാറി. രാത്രി ഗുരുതി തൊഴാൻ ക്ഷണിച്ച പ്രകാരം സന്നിഹിതനാകുകയും ഗുരുതി കർമ്മങ്ങൾക്കും അയ്യപ്പനെ സമാധിയിരുത്തുന്ന ചടങ്ങുകൾക്കും സാക്ഷ്യം വഹിച്ചതിനുശേഷം ഗോപുര വാതിലടച്ച് വിശ്രമസ്ഥലത്ത് എത്തി. അടുത്ത ദിവസം രാവിലെ 6 മണിക്ക് ദർശനം ചെയ്യുവാൻ നടയ്ക്കലെത്തി പ്രത്യേക ദർശനം കഴിഞ്ഞ് തമ്പുരാന്റെ അനുമതിയോടെ അയ്യപ്പനെ ഭസ്മാഭിഷേകം ചെയ്ത് യോഗാരൂഢനാക്കി ശ്രീകോവിൽ പൂട്ടി മേൽശാന്തിയിൽ നിന്ന് താക്കോൽ സ്വീകരിച്ചതിനുശേഷം ഒരുമിച്ച് പ്രദക്ഷിണമായി കൊടിമരച്ചുവട്ടിലെത്തി. തുടർന്ന് മേൽശാന്തി ആദ്യം പതിനെട്ടാം പടിയിറങ്ങി. തുടർന്ന് പതിനെട്ടാം പടിയുടെ മുകളിലുള്ള വാതിലടച്ച് ഒന്നുകൂടെ അയ്യപ്പനെ സ്മരിച്ചുകൊണ്ട് സാവകാശം പതിനെട്ടാം പടിയിറങ്ങി താഴെയെത്തി. താക്കോൽ മേൽശാന്തിക്ക് തിരികെ നൽകി. എക്സിക്യൂട്ടീവ് ഓഫീസർക്ക് കിഴിയും നൽകി. മേൽശാന്തി തന്ന കിഴി സ്വീകരിച്ച് മേൽശാന്തിയും ഒരുമിച്ച് എല്ലാ മലദൈവങ്ങളെയും ധർമ്മശാസ്താവിനെയും പരിവാരങ്ങളെയും സ്മരിച്ചുകൊണ്ട് പതിനെട്ട് പടിക്ക് അഭിമുഖമായി നമസ്ക്കരിച്ചു. തുടർന്ന് ഒന്നുകൂടെ അയ്യപ്പനെ സ്മരിച്ചുകൊണ്ട് യാത്രയായി. തിരികെ പമ്പയിലെത്തി. വീണ്ടും ളാഹ ലക്ഷ്യമാക്കി യാത്രയാരംഭിച്ചു. ഇലവുങ്കലെത്തി, ഭക്തജനങ്ങൾക്ക് ഭസ്മവും നല്കി, ളാഹ സത്രത്തിലെത്തി. വൈകിട്ട് 5.30മണിയോടെ തിരുവാഭരണം ഘോഷയാത്ര എത്തി. അന്ന് ളാഹ സത്രത്തിൽ തങ്ങി.

അടുത്ത ദിവസം രാവിലെ 6ന് ഘോഷയാത്ര പുറപ്പെട്ട് പെരിനാട് കക്കാട് ശാസ്ത്രാക്ഷേത്രത്തിനടുത്തുള്ള ശ്രാമ്പിക്കൽ വീട്ടിലെത്തി പരമ്പരാഗതവും ഊഷ്മളവുമായ ബന്ധങ്ങളെ ഒന്നുകൂടെ അരക്കിട്ടുറപ്പിച്ചു. അവിടുത്തെ സ്വീകരണത്തിനുശേഷം വാദ്യമേളങ്ങളുടെയും താലപ്പൊലിയുടെയും ഭക്തജനങ്ങളുടെയും അകമ്പടിയോടെ ഘോഷയാത്രയായി അമ്പലത്തിലെത്തി. ഉച്ച പൂജ കഴിഞ്ഞ് 12 മണി തൊട്ട് ഭക്തജനങ്ങൾക്ക് തിരുവാഭരണ ദർശനം. തുടർന്ന് ആറന്മുള മങ്ങാട്ട് കൊട്ടാരത്തിലെത്തി. അവിടെ വിശ്രമിച്ചു. വൈകുന്നേരം അമ്പലത്തിൽ തൊഴുത് തിരുവാഭരണ ദർശനത്തിനു വന്ന ഭക്തർക്ക് ഭസ്മവും നല്കി അനുഗ്രഹിച്ചു. തിരുവാഭരണ ദർശനം രാത്രി 9 മണിയോടെ അവസാനിച്ചു.

പിറ്റേന്ന് രാവിലെ 5 മണിക്ക് പുറപ്പെട്ട് 6.30ന് കുളനട ദേവീക്ഷേത്ര മൈതാനത്ത് എത്തി, 7.45 ഓടുകൂടി തിരികെ പന്തളം ശ്രാമ്പിക്കൽ കൊട്ടാരത്തിലെത്തിച്ചേർന്നപ്പോൾ ശ്രേഷ്ഠമായ മനുഷ്യജന്മത്തിൽ കൈവന്ന ഏറ്റവും പരിശുദ്ധവും മഹത്തരവുമായ ഒരു ആത്മീയ യാത്രക്ക് പരിസമാപ്തിയായി. ●

## രവിവർമ്മ തമ്പുരാന് എക്സലൻസ് അവാർഡ്



പ്രവർത്തനമേഖലയിൽ മികവും പ്രതിബദ്ധതയും പുലർത്തുന്നവർക്കുള്ള സീനിയർ ചേംബർ ഇന്റർനാഷണൽ ഏരിയ എ യുടെ എക്സലൻസ് അവാർഡിന് (25000 രൂപയും ശില്പവും) രവിവർമ്മ തമ്പുരാൻ അർഹനായി. കേരള നവോത്ഥാനത്തിന്റെ 500 വർഷത്തെ ചരിത്രം പശ്ചാത്തലമാക്കി എഴുതിയ 'മുടിപ്പേച്ച്' എന്ന നോവലാണ് അവാർഡിന് പരിഗണിച്ചത്. മലയാളമനോരമയിൽ സീനിയർ അസിസ്റ്റന്റ് എഡിറ്ററായ രവിവർമ്മ തമ്പുരാൻ 5 നോവലുകളും 7 കഥാസമാഹാരങ്ങളും 2 പഠനഗ്രന്ഥങ്ങളും ഒരു ജീവചരിത്രവും എഴുതിയിട്ടുണ്ട്.

# ഗോദാനം

**ചന്ദ്രാവലി തമ്പുരാൻ**
തിരുവനന്തപുരം, മൊ: 9947791649





*"സുരഭീ വൈഷ്ണവീ മാതാ നിത്യം വിഷ്ണുപദേസ്ഥിതാ
ഗോദാനം തു മയാ ദത്തം മമ പാപം വ്യപോഹതു"*

ദ്വാരകയിലെ വിശാലമായ മൈതാനങ്ങളിൽ യാദവരാജകുമാരന്മാർ സായാഹ്നങ്ങളിൽ പലവിധ കളികളിൽ ഏർപ്പെടുക പതിവാണ്. ഓടിയും ചാടിയും ഒളിച്ചും പന്തെറിഞ്ഞും പരസ്പരം മല്ലിട്ടും, അസ്ത്രശസ്ത്ര പ്രയോഗത്തിലൂടെയും കുതിരസ്സവാരിയായും യഥേഷ്ടം ക്രീഡകളിൽ വിഹരിച്ചിരുന്നു. പല ദിവസങ്ങളിലും ശ്രീകൃഷ്ണനും അവരോടൊപ്പം കൂടും, വിനോദത്തോടൊപ്പം തന്നെ വിജ്ഞാനം പകർന്നു നല്കുവാനും അവിടുന്ന് ആ അവസരങ്ങൾ ഉപയോഗിച്ചിരുന്നു. പ്രകൃതിയിലെ പല പ്രതിഭാസങ്ങൾ, ജീവിതത്തിൽ അനുവർത്തിക്കേണ്ട അച്ചടക്കങ്ങൾ, സാമൂഹ്യമര്യാദകൾ എന്നിവയെക്കുറിച്ചെല്ലാം പരോക്ഷമായി അറിവ്, അനുഭവം നൽകിവന്നു. അതുകൊണ്ടു തന്നെ ആ സായാഹ്നങ്ങൾ തികച്ചും ആസ്വാദ്യകരമായിരുന്നു.

ഒരു ദിവസം ക്രീഡാമദ്ധ്യേ രാജകുമാരന്മാർ ദാഹം തീർക്കുവാനായി ജലം അന്വേഷിച്ച് ഒരു കിണറ്റിനു സമീപമെത്തി. ആ പൊട്ടക്കിണറ്റിൽ അവർ ഒരു വിചിത്രദൃശ്യം കണ്ടു. അതിനകത്ത് ഒരു വലിയ ഓന്ത്! ചിലർ അതിനെ പുറത്തെടുക്കാൻ ശ്രമിച്ചത് തികച്ചും വിഫലം. വേറെ ചിലർ പരിഭ്രാന്തരായി കൃഷ്ണനെ വിവരമറിയിച്ചു. വാർത്ത കേട്ട് ഒരു ജനക്കൂട്ടം സമീപത്ത് തടിച്ചു കൂടി. കൃഷ്ണൻ വന്ന് ഓന്തിനെ പുറത്തെടുക്കുവാൻ ശ്രമിയ്ക്കവേ, അത് ഒരു ദിവ്യ പുരുഷനായി രൂപാന്തരം പ്രാപിച്ചു. ഏവരും അദ്ഭുതസ്തബ്ധരായി. സർവ്വജ്ഞനെങ്കിലും മനുഷ്യനാട്യത്തിൽ കൃഷ്ണൻ അതിന്റെ പിന്നിലുള്ള രഹസ്യം ആരാഞ്ഞു. ആ ഓന്ത് തന്റെ കഥ വർണ്ണിച്ചു.

പൂർവ്വജന്മത്തിൽ ഓന്ത് ഒരു മഹാരാജാവായിരുന്നു. ഇക്ഷ്വാകുവിന്റെ പുത്രൻ നൃഗൻ. "ഗോദാനം" എന്ന പുണ്യകർമ്മത്തിന് പേരുകേട്ട രാജാവ്. അദ്ദേഹത്തിന്റെ തന്നെ കണക്കുപ്രകാരം, ഭൂമിയിലെ മണൽത്തരികളോ, ആകാശത്തിലെ നക്ഷത്രങ്ങളോ, വർഷക്കാലത്തെ ജലധാരയോ എണ്ണിത്തിട്ടപ്പെടുത്തുവാൻ പറ്റാത്തതുപോലെ താൻ നൽകിയ ദാനത്തിന് കയ്യും കണക്കുമില്ല. നിത്യവും നിരവധി പശുക്കളെ ദാനം ചെയ്തു വന്നു. നല്ല ലക്ഷണമൊത്ത കറവപ്പശുക്കളെ, ക്ടാങ്ങളോടൊപ്പം, കുളമ്പ് വെള്ളിയും കൊമ്പ് സ്വർണ്ണവും കെട്ടിച്ച് പട്ടു പുതപ്പും അലങ്കാരങ്ങളുമായി "യോഗ്യതയുള്ള" ബ്രാഹ്മണർക്കാണ് ദാനം ചെയ്തത്. ഒരു കുറ്റവും കുറവും വരാത്തവിധത്തിൽ അതീവ നിഷ്ക്കർഷയോടെയുള്ള സദ്പ്രവൃത്തി.

ഒരു ദിവസം നൃഗമഹാരാജാവ് നൽകിയ പശുവും കുട്ടിയുമായി ദാനം സ്വീകരിച്ച ബ്രാഹ്മണൻ സ്വഗൃഹത്തിലേക്ക് പോകുകയായിരുന്നു. മാർഗ്ഗമദ്ധ്യേ മറ്റൊരു ബ്രാഹ്മണൻ അദ്ദേഹത്തെ തടഞ്ഞിട്ടു പറഞ്ഞു, "ഹേ ബ്രാഹ്മണശ്രേഷ്ഠാ, ഇതെന്റെ പശുവാണ്. ഞാനിതിനെ മൂന്നാലു ദിവ

സമായി അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങ് ഇതിനേയും കൊണ്ട് എവിടേയ്ക്കാണ് പോകുന്നത്?"

സ്വീകർത്താവായ ബ്രാഹ്മണൻ പറഞ്ഞു "മഹാത്മൻ, ഇതെനിയ്ക്ക് നൃഗമഹാരാജാവ് ദാനമായി നല്കിയതാണ്."

"എന്റെ പശുവിനെ ദാനം ചെയ്യുവാൻ മഹാരാജാവിന് എന്തവകാശമാണുള്ളത്?" അല്പം ക്ഷോഭത്തോടെ ഉടമസ്ഥനെന്നു പറഞ്ഞ ബ്രാഹ്മണൻ ഭാഗികമായി ആത്മഗതമായി പറഞ്ഞു.

രണ്ടുപേരും രാജാവിന്റെ സവിധത്തിലെത്തി. വിവരമറിഞ്ഞ് രാജാവ് ആകെ അങ്കലാപ്പിലായി. ആ പശു കൂട്ടം തെറ്റി അബദ്ധവശാൽ തന്റെ തൊഴുത്തിൽ വന്നതായിരിക്കണം; തന്മൂലം സ്വന്തമെന്നു കരുതി കൊടുത്തതായിരിക്കണം – രാജാവ് അതിന്റെ സാദ്ധ്യത ആലോചിച്ചു. തന്റെ നിസ്സഹായത വ്യക്തമാക്കിയതോടൊപ്പം തന്നെ പ്രശ്നപരിഹാരമായി ഒരു നിർദ്ദേശം മുൻപിൽ വെച്ചു. ഒരാൾ പശുവിനെ സ്വീകരിക്കുക; മറ്റേയാൾക്ക് എന്തു തുക വേണമെങ്കിലും എത്ര പശുക്കളെ വേണമെങ്കിലും പകരമായി നൽകാം. "ദാനം കിട്ടിയ മുതൽ വിറ്റ് പണം സമ്പാദിക്കുവാൻ ഉദ്ദേശമില്ല, അന്യന്റെ പശുവിനെ സ്വീകരിക്കുവാനും" – ദാനം വാങ്ങിയ ബ്രാഹ്മണൻ വ്യക്തമാക്കി. മറ്റൊരു ബ്രാഹ്മണന് ഉദകപൂർവം നൽകിയ പശുവിനെ സ്വീകരിക്കുവാൻ ഉടമസ്ഥനും വിസമ്മതിച്ചു. അതിന്റെ വില വാങ്ങുവാനും. (ഇന്നാണെങ്കിലോ?!!!) ദാനം കൊടുത്ത പശുവിനെ സ്വീകരിക്കുക രാജാവിനും നിഷിദ്ധമാണല്ലോ. എല്ലാംകൊണ്ടും പശുവും കുട്ടിയും അനാഥരായത് അന്ത്യഫലം.

ദാനത്തിൽ സംഭവിച്ച ഈ ലോപം കാരണം മരണാനന്തരം ഓന്തിന്റെ രൂപത്തിൽ പൊട്ടക്കിണറ്റിൽ മഴയും മഞ്ഞും വെയിലും കൊണ്ട് ദീർഘകാലം കിടക്കേണ്ടിവന്നു. ദാനം ചെയ്തതിന്റെ സുകൃതം വ്യർത്ഥമാകുകയില്ലല്ലോ. ശ്രീകൃഷ്ണ കരസ്പർശത്താൽ ദിവ്യപുരുഷനായി മുക്തി പ്രാപിച്ചു.

പരദ്രവ്യം സദുദ്ദേശത്തോടെയാണെങ്കിൽ പോലും അറിയാതെയായിട്ടു കൂടി, അനുഭവിക്കുന്നത് ധർമ്മച്യുതിയ്ക്ക് വഴി തെളിയ്ക്കുന്നു എന്ന സത്യം, തത്ത്വം രാജകുമാരന്മാരേയും, വലിയൊരു ജനക്കൂട്ടത്തേയും ഉദ്ബോധിപ്പിയ്ക്കുവാൻ നൃഗന്റെ അനുഭവത്തിലൂടെ വ്യക്തമാക്കി.

നമ്മുടെ കൈവശമുള്ള ധനം, ഏതു രൂപത്തിലായാലും അത് സ്വന്തം ആവശ്യത്തിനായി മാത്രം ശേഖരിച്ചു വെയ്ക്കാതെ പരാർത്ഥമായി വിതരണം ചെയ്യുക എന്നതാണ് ദാനത്തിന്റെ അടിസ്ഥാന തത്ത്വം. സൗജന്യമായി ചിലവാക്കുവാൻ പൊതുവെ സ്വാർത്ഥികളായ മനുഷ്യർ മടി കാണിക്കും. അതിനാൽ പാപമോചനം, പുണ്യസമ്പാദനം എന്നിവയ്ക്കുള്ള ഒരു പ്രക്രിയയായി, ദാനത്തിന് പരിവേഷം നൽകിയിരിക്കുന്നു. ആയിരമായിരം വർഷങ്ങൾക്കുമുമ്പ് അച്ചടിയും മറ്റു സാങ്കേതികവിദ്യകളും ആശയവിനിമയത്തിന് അജ്ഞാതമായിരുന്ന സാഹചര്യത്തിൽ നമ്മുടെ വിജ്ഞാനഭണ്ഡാരങ്ങളായ വേദങ്ങളും, ഉപനിഷത്തുക്കളും, പുരാണങ്ങളും വായ്മൊഴിയായിട്ടാണ് കൈമാറിയിരുന്നത്. അതിന്നു ചുമതലക്കാരായിരുന്നു ബ്രാഹ്മണ സമൂഹം. അപ്രകാരം ആദ്ധ്യാത്മിക പ്രവർത്തനത്തിൽ മനസ്സു കേന്ദ്രീകരിക്കുവാൻ ഭൗതിക സുഖസൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുക എന്ന നിലയ്ക്കാണ് അവർക്ക് "ദാനം" നൽകുന്ന പ്രക്രിയ. വളരെ ലളിതമായ ജീവിതചര്യയായിരുന്നു അവരുടേത്, ആവശ്യങ്ങൾ വളരെ പരിമിതവും. അവരുടെ ജീവിതത്തിൽ പശു പല പല ആവശ്യങ്ങളും നിറവേറ്റിയിരുന്നു, അതിനാൽ വളരെ സുപ്രധാനവും. ആ നിലയ്ക്കാണ് ബ്രാഹ്മണർക്ക് ഗോദാനം ഇത്ര പ്രധാനമായത്. ബ്രാഹ്മണരുടെ ജീവിതരീതി മാറി. ഗോദാനത്തിന്റെ തനിമ, വിശുദ്ധി എന്നിവയ്ക്ക് ലോപം വന്നിരിക്കുന്നു. പശുവിനു പകരം പണമായി. എങ്കിലും പാപനിവൃത്തിക്ക് എന്ന നിലയിൽ ഇന്നും അത് കുറെയൊക്കെ തുടരുന്നു. ബ്രാഹ്മണമേധാവിത്വം എന്ന നിലയിൽ രാഷ്ട്രീയമായി അതിനെ അപലപിക്കുന്നുണ്ടെങ്കിലും നമ്മുടെ ആദ്ധ്യാത്മിക ജ്ഞാനവും ആചാരാനുഷ്ഠാനവും നിലനിന്നത്, നിലനിൽക്കുന്നത് അവരുടെ സ്വധർമ്മാധിഷ്ഠിതമായ സേവനം മൂലമാണെന്ന സത്യം അനിഷേധ്യമാണ്. കൈവശമുള്ള സ്വത്ത് പരാർത്ഥമായി ഉപയോഗിക്കുന്നു എന്ന പശ്ചാത്തലത്തിൽ ദാനം പ്രസക്തമായിരിക്കുന്നു. യോഗ്യതയുള്ള പാത്രത്തിലാകട്ടെ സമർപ്പണം.

*ശ്രീകൃഷ്ണാർപ്പണമസ്തു.*



# സപ്തപദി

**11**

## താരാശങ്കർ ബന്ദ്യോപാധ്യായ

### വിവർത്തനം : ഡോ. കെ.സി. എം. രാജ

***ഹിന്ദി വിവർത്തനത്തോട് കടപ്പാട് : നേമിചന്ദ്രജയിൻ, രാജ്കമൽ പ്രസിദ്ധീകരണം***

*കഴിഞ്ഞലക്കം തുടർച്ച...*

“എന്താ?” കൃഷ്ണസ്വാമി ആരാഞ്ഞു.

“ലാൽസിങ്ങ് പോയി! ഇന്നലെ രാത്രി!”

“എന്നുവെച്ചാൽ? എങ്ങോട്ടു പോയി?”

ഝുംകി ഇങ്ങനെ പ്രതികരിച്ചു. “ആർക്കറിയാം? അവർക്കു മാത്രമേ അറിയാവൂ. കുഷ്ഠരോഗികളെ ചികിത്സിച്ച് സാഹിബിന്നും രോഗം കിട്ടിയിരിക്കുന്നു. ഇനിയാരു രക്ഷിക്കാൻ? സിന്ധു നടക്ക്. ഇവിടെ നിന്നു ജീവനും കൊണ്ടു നമുക്കു രക്ഷപ്പെടണം! എന്നു പറഞ്ഞാണ് അവർ പോയത്.”

“ഹെന്താ നീ പറഞ്ഞത്? ആർക്കു അസുഖം പിടിപെട്ടുവെന്നാണ്?”

“എന്താ? സാഹിബിന്നു തന്നെ!”

അത്ഭുതം നിറഞ്ഞ കണ്ണുകളുമായി കൃഷ്ണസ്വാമി അവിടെത്തന്നെയിരുന്നു.

“എനിയ്ക്കു കുഷ്ഠമോ!”

പെട്ടെന്നു മനസ്സു നിയന്ത്രിച്ച് കൃഷ്ണസ്വാമി ചോദിച്ചു. “ശരീരത്തിൽ ഏതു ഭാഗത്താണ്?”

അയാൾ കൈവിരലുകളിൽ കണ്ണോടിച്ചു. ചുമരിൽ തറച്ചിരുന്ന കണ്ണാടികൊണ്ടു വന്ന് അയാൾ മുഖമെല്ലാം വിസ്തരിച്ചു പരിശോധിച്ചശേഷം ഝുംകിയോടു ചോദിച്ചു. “എവിടെയാണ്?”

ഝുംകി തലയാട്ടി. “ങ്....ഹും... അങ്ങ് ചെറിയ പാടുകൾ കണ്ടാൽ അവ കുഷ്ഠത്തിന്റെ പാടുകളാണെന്നു പറയാറില്ലേ? ആ നിറത്തിലുള്ള ഒരു പാട് അങ്ങയുടെ ശരീരത്തിന്റെ പിൻഭാഗത്തുണ്ട്. അങ്ങയ്ക്ക് അതു എങ്ങിനെ കാണാൻ കഴിയും?” ഝുംകി ചോദിച്ചു.

കൃഷ്ണസ്വാമി ധരിച്ചിരുന്ന നീണ്ട കുപ്പായം മേൽപ്പോട്ടു പൊന്തിച്ചു.

അയാളുടെ ശരീരത്തിൽ ഒരിടത്തു വിരൽത്തുമ്പു കൊണ്ട് തൊട്ട് ഝുംകി പറഞ്ഞു. “ഇതാ ഇവിടെയാണ്!”

അതോടെ ശരീരമാകെ ഒരു മരവിപ്പ് കൃഷ്ണസ്വാമിക്ക് അനുഭവപ്പെട്ടു.

അയാൾ തെല്ലൊന്നു അവശനായി. ഈയൊരു അവസ്ഥയിലേക്കു വന്നെത്തുമെന്ന് അയാൾ തീരെ പ്രതീക്ഷിച്ചിരുന്നില്ല. കൃഷ്ണസ്വാമിയുടെ മനസ്സ് ഈയൊരു യാഥാർത്ഥ്യം അംഗീകരിക്കാൻ തയ്യാറായില്ല. യാഥാർത്ഥ്യം തനതു രൂപത്തിൽ അയാളുടെ മനസ്സിൽ പ്രത്യക്ഷപ്പെട്ടപ്പോൾ കൃഷ്ണസ്വാമി അത് അംഗീകരിക്കാൻ വിസമ്മതിച്ചു. പക്ഷെ എന്തു തന്നെയായാലും സത്യം സത്യമായിത്തന്നെ നിലനിന്നു. ഝുംകി വിരൽവെച്ച ഭാഗത്ത് അയാൾക്ക് അവളുടെ കരസ്പർശം അനുഭവപ്പെട്ടില്ല.

റീന! അവളാണ് ഇതിന്നെല്ലാം കാരണക്കാരി. കൃഷ്ണസ്വാമിക്ക് ഒന്നും വ്യക്തമായി മനസ്സിലാക്കാൻ കഴിഞ്ഞില്ല. മനസ്സാകെ പരിഭ്രമിച്ച കാരണം ബാക്കി കാര്യങ്ങളൊന്നും അയാളുടെ ബുദ്ധിമണ്ഡലത്തിൽ കൃത്യമായി പ്രവേശിച്ചില്ല. മസ്തിഷ്ക്കത്തിലെ ഓരോ ജൈവകോശത്തിൽ നിന്നും വേദനയുടെ തീനാളങ്ങൾ, ഭൂഗർഭത്തിൽ ഒളിഞ്ഞു കിടക്കുന്ന അഗ്നികുണ്ഡങ്ങളിൽ നിന്നു ഉയർന്നുപൊന്തുന്ന അഗ്നിസ്ഫുലിംഗങ്ങൾ പോലെ പൊട്ടിച്ചിതറാനാരംഭിച്ചു.

ആ വേദനയാകെ ഉള്ളിലൊതുക്കി, ഭയരഹിതനായി ആ അഗ്നിശിഖകൾ സ്വന്തം ശരീരത്തിന്റെ

അന്തർഭാഗത്തു പടർന്ന് തന്റെ പ്രാണനെ തപ്തമാക്കട്ടെ എന്നാണ് കൃഷ്ണസ്വാമി ആ ഒരു നിമിഷം ആഗ്രഹിച്ചത്. എല്ലാ ജൈവകോശങ്ങളിലും ആ തീനാളങ്ങൾ പടർന്നുപിടിച്ച് വലിയ അഗ്നിജ്വാലകളായി മാറി ദൈവത്തിനു ആരതി ഉഴിയട്ടെ എന്ന് അയാൾ പ്രത്യാശിച്ചു.

കൃഷ്ണസ്വാമിയുടെ പ്രക്ഷുബ്ധമായ മനസ്സ് കുറെനേരം കഴിഞ്ഞപ്പോൾ അല്പം ശാന്തത കൈവരിച്ചു. അയാൾ ഝുംകിയെ വിളിച്ചു പറഞ്ഞു. "ഝുംകീ, ഞാൻ ബാങ്കുഡയിലേക്കു ഒന്നു പോകുകയാണ്." ബാങ്കുഡയിൽ പോയി എന്താണ് വിശേഷിച്ചറിയാൻ! തൊട്ടുപരന്നതാണെന്ന് ഒരു പക്ഷെ അവർ വിധിച്ചേക്കും! എന്നിട്ട്? എവിടെ പോകാൻ?

ബാങ്കുഡയിൽ ചെന്നപ്പോൾ പലരും കൃഷ്ണസ്വാമിയെ ശാസിച്ചും ഗുണദോഷിച്ചും വിമർശിക്കുകയും ചെയ്തു. സാമൂഹ്യസംഘടനകളും മറ്റും ഉള്ളപ്പോൾ, അവരുടെയൊന്നും സഹായം തേടാതെ തനിച്ച് ഇറങ്ങിത്തിരിച്ചതിന്റെ അനിവാര്യവും ആത്യന്തികവുമായ പ്രത്യാഘാതമാണെന്ന കുറ്റമാണ് പലരും ചുമത്തിയത്. ഇവയെല്ലാം കൃഷ്ണസ്വാമി നിശ്ശബ്ദനായി നിന്നു ചെവിക്കൊണ്ടു. പുഞ്ചിരിയുടെ നേരിയ ഒരു രേഖ ആ സമയം കൃഷ്ണസ്വാമിയുടെ മുഖത്തു തെളിഞ്ഞു നിന്നിരുന്നു.

''Lord I cry unto thee! Make haste unto me!''

"വളരെ ഭയപ്പെടാനൊന്നുമില്ല. പക്ഷെ, ഇനി ഇതുപോലെ തനിച്ചു രോഗികളെ ചികിത്സിച്ചു നടക്കുന്നതു ശരിയല്ല." മനസ്സിൽ ഒരു ചിന്ത രൂപം പൂണ്ടു.

"ശരിയാണ്! അതാണ് അദ്ദേഹത്തിന്റെ നിശ്ചയം. പക്ഷെ, ഒരു കാര്യം ഞാൻ തീരുമാനിച്ചു. ഞാൻ കുംഭകോണത്തു പോകും. അവിടെ കുഷ്ഠരോഗികൾക്കായി ഒരു ആശുപത്രിയുണ്ട്. അവിടെ, എന്റെ ചികിത്സ നടത്താം. ഡോക്ടർ അനുവദിക്കുകയാണെങ്കിൽ വല്ല ജോലിയും ചെയ്യാം."

''ദൈവം എന്നും നിങ്ങളുടെ കൂടെയുണ്ടാവട്ടെ!'' അവർ എല്ലാവരും കൃഷ്ണസ്വാമിയെ ആശീർവദിച്ചു.

മദിരാശിയിൽ നിന്നു ഏറെ ദൂരെയല്ലാത്ത കുംഭകോണത്ത് കടൽക്കരയിലാണ് ആ കുഷ്ഠരോഗാശുപത്രി. വളരെ വലിയൊരു ചികിത്സാകേന്ദ്രം! വേദനിക്കുന്നവരെ സേവിക്കുവാനുള്ള ഒരു പുണ്യക്ഷേത്രം! എന്തുകൊണ്ടൊ അന്ന് കൃഷ്ണസ്വാമിക്കു റീനയെക്കുറിച്ച് ഓർമ്മ വന്നു. സ്ഫടിക നിർമ്മിതമായ ഒരു വിഗ്രഹം പോലെ പവിത്രവും ശാലീനയുമായ റീനാബ്രൗൺ! അസൻസോളിലെ ആ ബംഗ്ലാവിന്റെ മുറ്റത്തുവെച്ച് അവളെ കണ്ടു മടങ്ങുമ്പോൾ, അവളുടെ ദൈവവിശ്വാസം ഈയൊരു പാതയിലൂടെ മുന്നോട്ടു പോകുവാനായിരുന്നൊ വിധി! തീർച്ചയായും അങ്ങിനെയാവാൻ തരമില്ല. ഈയൊരു പാത അവൾ സ്വയം തിരഞ്ഞെടുത്തതാവണം.

"സൈറ്റ് എ വാച്ച്,
ഓഹ്! ലോർഡ്,
ബിഫോർ മൈ മൌത്ത് :
കീപ് ദി ഡോർ ഓഫ് മൈ ലിപ്സ്!"

ക്ഷോഭം പൂണ്ട ഒരു വാക്കുപോലും കൃഷ്ണസ്വാമിയിൽ നിന്നു പുറത്തു വന്നില്ല. "കുംഭകോണത്തേക്കു പോകുക തന്നെ വേണം. അവിടെയാണ് എന്റെ അന്തിമമായ അഭയസ്ഥാനം!"

സത്യത്തേക്കാൾ വിസ്മയകരമായി മറ്റൊന്നുമില്ല. Truth is stranger than fiction. പലപ്പോഴും മരിച്ചുപോയെന്നു നാം വിശ്വസിച്ചു പോരുന്ന പലരും ജീവിക്കുന്നതായി നാം അറിയാറുണ്ട്. പക്ഷെ, സാങ്കല്പിക കഥകളിൽ അത്തരം സംഭവങ്ങൾ അവിശ്വാസത്തിന്റെ നിഴൽ വീഴ്ത്തുകയാണ് ചെയ്യുക. യഥാർത്ഥ ജീവിതത്തിൽ വെളിച്ചം ഇരുട്ടുമായി ഏറ്റുമുട്ടി സ്വന്തം വ്യാപ്തി വർദ്ധിപ്പിക്കുന്ന ആ ഒരു രീതി യുഗങ്ങളായി നടന്നു പോരുന്നുണ്ട്. സ്വർഗ്ഗ രാജ്യത്തിന്റെ മഹിമ നമ്മുടെ മുന്നിൽ പാടിപ്പുകഴ്ത്തപ്പെടുന്നുണ്ടെങ്കിൽ കൂടി, അവിശ്വാസിയായ ഒരു മനുഷ്യൻ അത്തരം ആഹ്വാനങ്ങളൊന്നും ചെവിക്കൊള്ളാതെ സ്വർഗ്ഗം ഒരു മിഥ്യയാണെന്നു തർക്കിച്ചുകൊണ്ടേയിരിക്കും. അവനെ സംബന്ധിച്ചിടത്തോളം തമസ്സാണ് സത്യം. പ്രകാശം വെറുമൊരു മിഥ്യയും! അമരത്വം വെറുമൊരു മിഥ്യയും മരണം ഒരു യാഥാർത്ഥ്യവും!

അന്നു കൃഷ്ണസ്വാമി കുംഭകോണത്തെ ആശുപത്രിയിൽ ക്ഷീണിച്ചുമയങ്ങി കിടക്കുകയായിരുന്നു. തനിയ്ക്കു ഏറ്റവും അനുയോജ്യമായ ഒരു ആതുരാലയമാണെന്നു കൃഷ്ണസ്വാമിക്ക് തോന്നിത്തുടങ്ങിയിരുന്നു. രോഗം ഗുരുതരാവസ്ഥയിൽ എത്തിയവരെയാണ് അവിടെ സാധാരണയായി കിടത്തി ചികിത്സിച്ചുവരുന്നത്. അയാൾക്കും അവിടെ കിടത്തി തന്നെയായിരുന്നു ചികിത്സ നല്കിയിരുന്നത്. ആദ്യ ദിവസങ്ങളിലൊക്കെ രോഗം വളരെ വേഗത്തിൽ പടർന്നു കയറിക്കൊണ്ടിരുന്നു. ചികിത്സയാരംഭിച്ച് കുറച്ചു ദിവസം കഴിഞ്ഞപ്പോഴേയ്ക്കും രോഗത്തിന്റെ തീവ്രത അല്പാല്പമായി കുറഞ്ഞു വന്നുതുടങ്ങി. മുഖവും മൂക്കിന്റെ ഒരു വശവും ചീർത്തു വന്നിരുന്നു. നെറ്റിയിലും കഴുത്തിലും ശോണവർണ്ണത്തിലുള്ള പാടുകൾ പ്രത്യക്ഷപ്പെട്ടു. ഇരു ചെവികളും വിജൃംഭിച്ചു പരന്നു. കൈവിരലുകൾക്കു സംഭവിച്ച വളവു കാരണം, കൈപ്പടം പൂർണ്ണമായും നിവർത്തി പിടയ്ക്കാൻ കഴിയാതെയായിട്ടുണ്ട്. ഇതൊക്കെയായാലും രോഗത്തിന്റെ കാഠിന്യത്തിനു അല്പം കുറവു കണ്ടു തുടങ്ങിയിട്ടുണ്ട്.

അതിന്നിടയിൽ കാലം ഭൂമുഖത്ത് തന്റേതായ മാറ്റങ്ങൾ വരുത്തിവെച്ചിരുന്നു. യുദ്ധം അവസാനിച്ചു! രാജ്യത്ത് പുതിയ രാഷ്ട്രീയമാറ്റങ്ങൾ വന്നുഭവിച്ചു. ഭാരതം ഒരു സ്വതന്ത്ര രാജ്യമായി. ഒപ്പം തന്നെ ഭാരതഖണ്ഡം രണ്ടായി വിഭജിക്കപ്പെടുകയും ചെയ്തു. ഈ മാറ്റങ്ങളെല്ലാം വീക്ഷിച്ച് കൃഷ്ണസ്വാമി ഇങ്ങനെ പ്രാർത്ഥിച്ചു. "ഇതെല്ലാം അങ്ങയുടെ വിജയം തന്നെയാണ്! അങ്ങ് മനുഷ്യമനസ്സിലെ തപശ്ശക്തിയാണ്. അതു കാരണം ഈ വിജയങ്ങളെല്ലാം അങ്ങയുടെതാണ് എന്നുള്ളതിനു യാതൊരു സംശയവുമില്ല.!"

കൃഷ്ണസ്വാമിയുടെ ക്ഷീണിച്ചവശമായ ദൃഷ്ടികൾ മുറിയിലെ ജാലകത്തിലൂടെ പുറമേയ്ക്കെത്തി. അയാൾ ആശുപത്രിയുടെ മുൻഭാഗത്തെ മുറ്റത്തേക്ക് നോക്കിക്കൊണ്ടു കിടന്നു. ഡോക്ടർ അപ്രതീക്ഷിതമായാണ് മുറിയിൽ കടന്നു വന്നു പറഞ്ഞത്. "താങ്കൾക്കു രണ്ടു സന്ദർശകരുണ്ട്. താങ്കൾക്കു സുഖമില്ലെന്നറിഞ്ഞു വളരെ ദൂരെ നിന്നു വരുകയാണെന്നാണ് അവർ പറഞ്ഞത്. അയാളുടെ പേര് ജോൺ ക്ലേറ്റൻ ആണെന്നു പറഞ്ഞു. താങ്കളെ അറിയിക്കണമെന്നു പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്."

"ജോൺ ക്ലേറ്റൻ" കൃഷ്ണസ്വാമി അത്ഭുതപ്പെട്ടു ചോദിച്ചു.

"ജോൺ ക്ലേറ്റനും പത്നിയും തന്നെ കാണുവാൻ വരുക! എവിടെ?"

"അവർ എവിടെ?" കൃഷ്ണസ്വാമി ആകാംക്ഷയോടെ ചോദിച്ചു.

മുറിയാകെ പെട്ടെന്നു ചലിക്കുന്നതുപോലെ തോന്നി. കാലിന്നടിയിൽ ഭൂമി വിണ്ടുകീറുന്നപോലെ! എന്തുണ്ടായി? എന്താണു സംഭവിച്ചുകൊണ്ടിരിക്കുന്നത്? ആകാശവും ജ്യോതിർഗോളങ്ങളും ചിന്നിച്ചിതറുകയാണോ?

കൃഷ്ണസ്വാമി പെട്ടെന്നെഴുന്നേറ്റു വിളിച്ചു. "റീനാ!"

അതെ! ജോൺക്ലേറ്റന്റെ തൊട്ടടുത്തായി കൂടെ നിന്നിരുന്നത് റീന തന്നെയായിരുന്നു.

"അതേ, കൃഷ്ണേന്ദു! ഞാൻ തന്നെ! കണ്ടിട്ട് അതിശയം തോന്നുന്നു. അല്ലേ? അത്ഭുതം തോന്നുക തികച്ചും സ്വാഭാവികം! പക്ഷെ, നിങ്ങൾ!"

"ആശ്ചര്യപ്പെടുത്തുന്ന രീതിയിൽ, ഒരു അശരീരിപോലെ, രാപ്പകൽ ഭേദമില്ലാതെ നിങ്ങൾ എന്നെ പിന്തുടർന്നുകൊണ്ടിരുന്നു. തിരിച്ചുവരൂ! തിരിച്ചുവരൂ എന്നു നിങ്ങൾ പറഞ്ഞുകൊണ്ടേയിരുന്നു. തിരിച്ചുവന്നാലോ എന്നു ഞാനും ആഗ്രഹിച്ചു. ഞാൻ നിങ്ങളെ ഒറ്റയ്ക്ക് വിട്ടു പോകുകയാണുണ്ടായത്. ആരുണ്ട് എന്നെ സ്വീകരിക്കാൻ? മനുഷ്യന്റെ സ്നേഹപൂരിതമായ ലോകത്തിലേക്കു തിരിച്ചുവരാൻ ഞാൻ ആരുടെ സഹായം തേടും? അപ്പോഴെല്ലാം ഞാൻ നിങ്ങളുടെ അടുത്തേക്കു തിരിച്ചുവന്നാലോ എന്നു ചിന്തിക്കുകയായിരുന്നു. പക്ഷെ അങ്ങിനെ ചെയ്യാൻ എനിക്കു ഒരു ഭയമായിരുന്നു. കാരണം, നിങ്ങളുടെ നേരെ നിറയൊഴിച്ചാണ് അന്നു ഞാൻ അവിടം വിട്ടത്...." വികാരാധിക്യത്താൽ ആ കാര്യങ്ങളൊന്നും പറയാൻ ഇന്ന് അവൾക്കു കഴിയുന്നില്ല. അല്പനേരത്തേക്കു റീന നിശ്ശബ്ദയായി.

*ശേഷം 85-ൽ*

# നെപ്പോളിയന്റെ നാട്ടിൽ – 6



**ശ്രീപ്രസാദ് വടക്കേപ്പാട്ട്,** മുംബൈ

**ബ്രെസ്റ്റിൽ**

സമയം പതിനൊന്നര മണി കഴിഞ്ഞപ്പോൾ, പാരീസിലെ CDG എയർപോർട്ടിലെ ടെർമിനൽ 2G യിൽ ബ്രെസ്റ്റിലേക്കു പോകുന്ന എയർ ഫ്രാൻസ് AF 7736ലെ യാത്രക്കാർക്കായി ഗേറ്റ് തുറന്നു. സാധാരണ നമ്മുടെ നാട്ടിലെ വിമാനത്താവളങ്ങളിൽ ഗേറ്റ് തുറക്കുമ്പോൾ കാണുന്ന തിരക്കൊന്നുമില്ല. യാത്രക്കാർ എഴുന്നേറ്റ് അലസമായി ഗേറ്റിലേക്ക് നടന്നു. ഞാനും അവർക്കൊപ്പം ഗേറ്റിലൂടെ നടന്നു. അവിടെ രണ്ട് ബസ്സുകൾ യാത്രക്കാർക്കായി നിർത്തിയിട്ടിരിക്കുന്നു. അൻപത് ആളുകളിൽ കൂടുതൽ കാണില്ല. ആർക്കും ഒരു ധൃതിയുമില്ല. യാത്രക്കാരിൽ ഭൂരിഭാഗവും പ്രായമുള്ളവരാണ്. സംസാരഭാഷ ഫ്രഞ്ച് മാത്രം. കേട്ടിട്ട് ഒന്നും മനസ്സിലാവുന്നില്ല. എല്ലാവരും കയറിയ ശേഷം ബസ്സുകൾ രണ്ടും പതിയെ നീങ്ങാൻ തുടങ്ങി. CDG-യിലെ ബസ്സ് ഡ്രൈവർമാരും മറ്റ് ജോലിക്കാരും വളരെ ഊർജ്ജസ്വലരും സൗഹാർദ്ദപരമായി പെരുമാറുന്നവരുമായി അന്നെനിക്ക് അനുഭവപ്പെട്ടു.

പകൽസമയം വലിയ വിമാനത്താവളത്തിൽ ബസ്സിൽ സഞ്ചരിക്കുമ്പോഴാണ്, നമുക്കതിന്റെ വിശാലത ശരിക്കും മനസ്സിലാവുന്നത്. കണ്ണെത്താദൂരത്തോളം നീണ്ടുപരന്നു കിടക്കുന്ന കോൺക്രീറ്റ് മൈതാനം പോലെ. പല വലിപ്പത്തിലും, തരത്തിലുമുള്ള അസംഖ്യം വിമാനങ്ങൾ. അതുവരെ കേൾക്കാത്ത വിമാന കമ്പനികൾ. ഒരു അത്ഭുതലോകം. ഏതാണ്ട് കാൽമണിക്കൂറോളം സഞ്ചരിച്ച് ഞാൻ കയറിയ ബസ്സ് ഒരു വിമാനത്തിനരികിൽ നിർത്തി. വലിപ്പത്തിൽ ചെറുത്. ബസ്സിൽ നിന്നിറങ്ങിയപ്പോൾ ശീതക്കാറ്റ് ആഞ്ഞടിക്കുന്നു. കൈവിരലുകളിൽ ഒരു മരവിപ്പ്. ചരിച്ചു നിർത്തിയ ഗോവണിയിലൂടെ വിമാനത്തിനകത്തേക്ക് കയറി. തലേന്നു കയറിയ വിമാനവുമായി താരതമ്യം ചെയ്താൽ അതൊരു വലിയ ബസ്സിന്റെ ഉൾഭാഗം പോലെ മാത്രം. നടപ്പാതയ്ക്ക് ഇരുവശത്തുമായി രണ്ടുവീതം സീറ്റുകളെ ഉള്ളൂ. പരമാവധി അൻപതോ അറുപതോ ആളുകൾക്ക് യാത്ര ചെയ്യാം. ബോർഡിങ്ങ് പാസ്സ് പ്രകാരം കിട്ടിയ സീറ്റിൽ ഞാനിരുന്നു. അവിടെ ഒരു സീറ്റ് മാത്രം. സുഖമായി ഇരിക്കാം. സഹയാത്രികന്റെ സൗകര്യമൊന്നും നോക്കേണ്ട. വശത്തായി 'Emergency Exit' എന്നെഴുതിയിട്ടുണ്ട്. ഏതായാലും സന്തോഷമായി. ജനാലയിലൂടെ പുറംകാഴ്ചകൾ കാണാം. ആദ്യയാത്രയിൽ അതിന് സാധിച്ചില്ല.

ഞാനിരുന്ന് കുറച്ചുകഴിഞ്ഞപ്പോൾ, ഒരു എയർ ഹോസ്റ്റസ് അടുത്തുവന്ന് എന്തൊക്കെയോ പറയാൻ തുടങ്ങി. ഫ്രഞ്ച് ചുവയുള്ള അവരുടെ സംസാരത്തിൽ ചിലതൊന്നും മനസ്സിലായില്ലെങ്കിലും ഞാനിരിക്കുന്നത് എമർജൻസി വാതിലിന് അരികിലാണെന്നും, എന്തെങ്കിലും അപകടമുണ്ടായാൽ ആ സമയത്ത് വാതിൽ എങ്ങിനെയാണ് തുറക്കേണ്ടതെന്നുമൊക്കെയാണ് അവർ പറയുന്നതെന്ന് മനസ്സിലായി. അതൊക്കെ കേട്ടപ്പോൾ ഞാൻ അന്തംവിട്ടുപോയി. എല്ലാം കേട്ട് പൊട്ടനെപോലെ ഇരുന്ന എന്നെ നോക്കി ചിരിച്ച് അവർ പോയി. എമർജൻസി വാതിലിനരികിലിരിക്കുന്ന യാത്രക്കാരനെ, അപകടസമയത്ത് അനുവർത്തിക്കേണ്ട കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കിക്കുന്ന ഒരാചാരം വിമാനയാത്രകളിൽ ഉണ്ടെന്ന് അന്നെനിക്കറിയില്ലായിരുന്നു.

യാത്രയ്ക്ക് തയ്യാറായി വിമാനത്തിന്റെ പുറത്തേക്കുള്ള വാതിലും പൈലറ്റ് ക്യാബിനും അടഞ്ഞു. ചെറിയ വിമാനമായതിനാൽ ഓരോ കാര്യങ്ങളും നമുക്ക് കാണാം. മറ്റ് യാത്രക്കാർക്ക് ഈ കാഴ്ചകളെല്ലാം സുപരിചിതമായതാവാം കാരണം, അവരിതൊന്നും ശ്രദ്ധിക്കുന്നതേ ഇല്ല.

ജാലകത്തിലൂടെ പുറത്തേക്കുനോക്കിയിരുന്ന എന്റെ സമീപത്തേക്ക് എയർ ഹോസ്റ്റസ് വീണ്ടും വന്നു. കുറെ കാര്യങ്ങൾ കൂടി പറഞ്ഞു. അവർ പറഞ്ഞത് മുഴുവനൊന്നും മനസ്സിലായില്ലെങ്കിലും, പറഞ്ഞതിന്റെ സാരം അവിടെനിന്നും മാറിയിരിക്കണമെന്നതാണെന്ന് വിഷമത്തോടെ ഞാൻ ഗ്രഹിച്ചു. ജനാലവഴിയുള്ള പാരീസിന്റെ ആകാശ ദൃശ്യമാണ് നഷ്ടമാകാൻ പോകുന്നത്. ഒന്ന് പയറ്റി നോക്കാൻ മനസ്സ് പറഞ്ഞു. ഒരു വിൻഡോ സീറ്റ് തന്നാൽ മാറാമെന്ന് അവരോട് ഒരുവിധം ഞാൻ പറഞ്ഞൊപ്പിച്ചു. അവരൊന്ന് നടന്നുവന്ന് എന്നെ വിളിച്ചു. പുറകിലായി ഒരു വയസ്സൻ സായിപ്പ് എനിക്കുവേണ്ടി ജനാല സീറ്റിൽനിന്നും മാറിയിരുന്നു. എയർ ഹോസ്റ്റസ് എന്നെ അവിടെ കൊണ്ടുപോയി പ്രതിഷ്ഠിച്ചു. അവരുടെ പെരുമാറ്റം വളരെ ബഹുമാനത്തോടെ ആയിരുന്നുവെന്ന് ഇന്നും ഓർക്കുന്നു.

സായിപ്പിന്റെ സാമീപ്യം അലോസരമുണ്ടാക്കിയെങ്കിലും എന്റെ ആഗ്രഹം സാധിച്ചു. ആകെ ഉണ്ടായ ഒരു കുഴപ്പം സഹയാത്രികനിൽനിന്നും ഉത്ഭവിച്ച ഒരു ഉള്ളുമ്പുമണം ഒരു മണിക്കൂർ സഹിക്കേണ്ടിവന്നു എന്നതുമാത്രമാണ്. CDG-യിൽ നിന്നും വിമാനം പറന്നുയർന്നപ്പോൾ, ഞാൻ കണ്ട പാരീസ് നഗരക്കാഴ്ച അവിസ്മരണീയമാണ്. അതൊരുപക്ഷേ എന്റെ ആദ്യ ആകാശക്കാഴ്ച ആയതുകൊണ്ടായിരിക്കാം അങ്ങനെ തോന്നിയത്. സീൻ നദിയും, ഈഫൽ ടവറും അന്നത്തെ യാത്രയിൽ തിരിച്ചറിഞ്ഞു. പിന്നെ ഏതോ അറ്റോമിക് പവർ സ്റ്റേഷനും മുകളിൽനിന്നും കാണാൻ സാധിച്ചു.

ഒരു മണിക്കൂറാണ് പാരീസിൽനിന്നും ബ്രെസ്റ്റിലേക്കുള്ള വിമാന യാത്രാസമയം. യാത്രയിൽ കഴിക്കാനായി കിട്ടിയത് രണ്ടു ബിസ്ക്കറ്റും, ചെറിയ ഗ്ലാസ് ജ്യൂസും മാത്രം. അടുത്തിരുന്ന സായിപ്പ് അതുപോലും വേണ്ടെന്ന് പറഞ്ഞു! നമ്മുടെ നാട്ടിലെപ്പോലെ ചായ കൊടുക്കുന്ന പതിവ് അവിടെ ഇല്ലെന്നാണ് തോന്നുന്നത്.

AḤroport de Brest Bretagne എന്നറിയപ്പെടുന്ന ബ്രെസ്റ്റ് എയർപോർട്ട് സ്ഥിതിചെയ്യുന്നത് Guipavas എന്ന സ്ഥലത്താണ്. ബ്രെസ്റ്റ് ടൗണിന്റെ ഹൃദയ ഭാഗത്തുനിന്നും പതിനൊന്ന് കിലോമീറ്റർ മാറിയാണ് ഈ സ്ഥലം.

ഫ്രാൻസിന്റെ പടിഞ്ഞാറേ അറ്റത്തുള്ള ഭരണ പ്രവിശ്യയായ ബ്രിട്ടാനി (RḤgion Bretagne) യുടെ ഭാഗമാണ് ബ്രെസ്റ്റ്. ബ്രെസ്റ്റിന്റെ പരിധിയിൽ വരുന്ന പ്രദേശമാണ് ഗുയിപ്പവാസ്. കേവലം പതിനാലായിരത്തിൽ താഴെയാണ് ഇവിടുത്തെ ജനസംഖ്യ. ഒന്നരലക്ഷത്തിൽ താഴെയാണ് ബ്രെസ്റ്റിലെത്തന്നെ ജനസംഖ്യ. അവിടെയാണ് വിമാനത്താവളവും, തുറമുഖവും, അനേകം വ്യവസായ ശാലകളുമുള്ളത്. ഏതാണ്ട് അൻപത് ചതുരശ്രകിലോമീറ്ററാണ് ബ്രെസ്റ്റിന്റെ വിസ്തൃതി. ബ്രിട്ടാനി ഉപദ്വീപിന്റെ വടക്കുഭാഗത്ത് ഇംഗ്ലീഷ് ചാനലും തെക്ക് അറ്റ്ലാന്റിക് സമുദ്രത്തിന്റെ ഭാഗമായ Bay of Biscay-യുമാണ്. Rannes ആണ് ബ്രിട്ടാനിയുടെ തലസ്ഥാനം. ഭരണസൗകര്യത്തിനായി ബ്രിട്ടാനിയെ അനേകം കമ്മ്യൂണുകളായി വിഭജിച്ചിട്ടുണ്ട്. ഇതിൽ ജനസംഖ്യാനുപാതികമായി ബ്രെസ്റ്റ് രണ്ടാം സ്ഥാനത്താണ്. അതിവേഗ റയിൽവെയും, വിമാനഗതാഗതവും, റോഡ് ഹൈവെയും ബ്രെസ്റ്റിനെ പാരീസുമായി ബന്ധിപ്പിക്കുന്നു.

ലോകമഹായുദ്ധചരിത്രങ്ങളിൽ ഒരുപാട് തവണ രേഖപ്പെടുത്തപ്പെട്ട സ്ഥലമാണ് ബ്രെസ്റ്റ്. ഒന്നാംലോകമഹായുദ്ധത്തിൽ, മുൻനിരയിലേക്കുള്ള അമേരിക്കൻ സൈനികരെ കപ്പലുകളിലെത്തിച്ചിരുന്നത് ബ്രെസ്റ്റ് തുറമുഖത്തായിരുന്നു. 1918ൽ അമേരിക്കൻ നാവികവിഭാഗം sea plane പ്രവർത്തനങ്ങൾക്കായി ഇവിടെ ഒരു naval air station സ്ഥാപിച്ചിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിൽ ജർമ്മൻ നാസിപ്പടയുടെ U-boat submarine ബേസ് പ്രവർത്തിച്ചിരുന്നത് ബ്രെസ്റ്റിലായിരുന്നു. 1944ൽ സഖ്യശക്തികളുടെ ആക്രമണത്തിൽ ബ്രെസ്റ്റ് നഗരം ഏതാണ്ട് പൂർണ്ണമായും തകർക്കപ്പെട്ടു. യുദ്ധത്തകർച്ചയിൽനിന്നും വളരെപ്പെട്ടെന്നാണ് ബ്രെസ്റ്റ് പുരോഗതിയിലേക്ക് കുതിച്ചത്. ഇന്ന്, ഫ്രഞ്ച് നേവിയുടെ ആണവ മുങ്ങിക്കപ്പൽ താവളമായ L'Ile Longue സ്ഥിതിചെയ്യുന്നത് ബ്രെസ്റ്റിലാണ്.

ഒരുമണി കഴിഞ്ഞപ്പോഴേക്കും എന്റെ വിമാനം ലോകമഹായുദ്ധങ്ങളുടെ സ്മരണകളുറങ്ങുന്ന ബ്രെസ്റ്റിലേക്ക് താഴ്ന്നിറങ്ങാൻ തുടങ്ങി. ചെറിയ വിമാനം ലാൻഡ് ചെയ്യുമ്പോൾ, അത് നമുക്ക് ശരിക്കും അനുഭവിച്ചറിയാൻ സാധിക്കും. വിമാനത്തിൽനിന്നും ഗോവണിവഴി ബ്രെസ്റ്റിന്റെ മണ്ണിലേ

യ്ക്കിറങ്ങി. ചാറ്റൽ മഴയും തണുത്ത കാറ്റും. സമയം ഉച്ചയാണെങ്കിലും വൈകുന്നേരത്തിന്റെ പ്രതീതി. വളരെ ചെറിയ വിമാനത്താവളമായിരുന്നു ഗുയിപ്പവാസിലേത്. ആദ്യമായും അവസാനമായും, വിമാനത്തിൽനിന്നും ഇറങ്ങി വിമാനത്താവളത്തിലൂടെ കാൽനടയായി പുറത്തേക്ക് പോയത് ബ്രെസ്റ്റിൽ വച്ചാണ്. സാധാരണ എയർപോർട്ടുകളിൽ ദൂരം കുറവാണെങ്കിലും യാത്രക്കാരെ നടന്നുപോകാൻ അനുവദിക്കുന്നത് കണ്ടിട്ടില്ല. അവിടെയുള്ള ആളുകൾ സംസാരിക്കുന്നത് ഒട്ടും മനസ്സിലാവുന്നില്ല. ലഗേജ് വരുന്നതും കാത്ത് ബെൽറ്റിനരികിൽ നിൽക്കുമ്പോഴും ആരുടേയും മുഖത്ത് ഒരു ധൃതിയുമില്ല. വിമാനത്തിലുണ്ടായിരുന്ന യാത്രക്കാരിൽ പകുതി ആളുകൾ പോലും ബെൽറ്റിനരികിലില്ല. ഭൂരിപക്ഷവും കൈയിൽ കരുതാവുന്ന വലിപ്പമുള്ള ബാഗുമായി കയറിയവരായിരിക്കും.

ഇനി താമസസ്ഥലം കണ്ടുപിടിക്കണം. അവിടുത്തെ താമസത്തിനിടയിൽ കാണാൻപോകേണ്ട സ്ഥലങ്ങളെക്കുറിച്ച് അന്വേഷിക്കണം. മനസ്സിലെ ചെറുതല്ലാത്ത ആധിയോടെ പെട്ടിക്കായി ഞാൻ കാത്തുനിന്നു. *(തുടരും)*

## വരനെ ആവശ്യമുണ്ട്

**BOX No. 2221**

| | | | |
|---|---|---|---|
| മ മാ | ല | - | - |
| ശി | ഗ്രഹനില | | - |
| ഗു ശു കു | | | സ |
| ര | ബു | - | ച |

| | | | |
|---|---|---|---|
| ശു മാ | ല കു ശി | - | ര |
| ബു | നവാംശം | | ച |
| - | | | - |
| മ | - | സ | ഗു |

ഗർഭശിഷ്ടം - 0വർഷം 0 മാസം 22 ദിവസം 30 നാഴിക ചന്ദ്ര ദശ

Proposals invited for Kshatriya girl, 24, 154 cm; doing House Surgeoncy (MBBS), from well qualified boys preferably from the same profession.
Contact No. : 9447922856 / 9496204741

## വധുവിനെ ആവശ്യമുണ്ട്

**BOX No. 2222**

| | | | |
|---|---|---|---|
| ല | - | കു | മാ |
| - | ഗ്രഹനില | | ച ഗു ശി |
| സ | | | ര ബു ശു |
| മ | - | - | - |

| | | | |
|---|---|---|---|
| ല | കു സ മാ | - | - |
| - | നവാംശം | | ച |
| - | | | ബു ശു |
| ര | മ | ഗു ശി | - |

ഗർഭശിഷ്ടം - 0വർഷം 1 മാസം 0 ദിവസം ഗുരു ദശ

Kshatriya boy, 31 yrs. (14.09.1990, 1166 Chingam 29), Punartham star, Height: 183cm., MBA (Banking & Finance). Working as Manager in Barclays Global Services, Invest Banker in business analyst domain, Pune. Seeks suitable alliance from Kshatriya girls. Employed girls preferred.
Contact No. :9179107225

# മാമാങ്കം

## മാമാങ്കം (മഹാമകം അഥവാ മാഘമകം)



**മാനവേന്ദ്ര വർമ്മ യോഗാതിരിപ്പാട്, പാലക്കാട്**

കേരളത്തിലെ വടക്കൻപ്രദേശമായ മലബാർ മേഖലയിലെ അതിപുരാതനവും മർമ്മപ്രധാനവും കേരളത്തിന്റെ തന്നെ വാണിജ്യ ഉത്സവവും ഭാരതത്തിന്റെ തെക്കൻ കുംഭമേള എന്ന നദീതട ഉത്സവവുമാണ് മാമാങ്കം. ഈ ഉത്സവത്തെ പലതരം കഥകളിലൂടെയാണ് അറിഞ്ഞുവരുന്നത്. ഭാരത സംസ്കാരങ്ങളിൽ ഏറെയും നദികളുമായി ബന്ധപ്പെട്ടാണ് എന്നുള്ളത് ഒരു അടിസ്ഥാന ഘടകമാണ്. നമ്മുടെ ഇതിഹാസങ്ങളും പുരാണങ്ങളും ഈ വിഷയത്തെ പരാമർശിക്കുന്നുണ്ട്. ഇതിൽ ആചാരങ്ങൾക്കും പ്രാധാന്യമുണ്ട്. ഈ അടിസ്ഥാനത്തിൽ മാസങ്ങളും നക്ഷത്രങ്ങളും തിഥികളും വിശേഷപ്പെട്ടതാകുന്നു. അതിൽ 'മാഘമാസം'ഏറ്റവും സവിശേഷതകൾ നിറഞ്ഞമാസമാണ്. കാരണം ഉത്തരായന കാലത്തിന്റെ പവിത്രത തുടങ്ങുന്ന മാസം മാത്രമല്ല മാഘമാസത്തിൽ കൃഷ്ണപക്ഷ ചതുർദശിയാണ് നമ്മൾ മഹാശിവരാത്രിയായി ആഘോഷിച്ചുവരുന്നത്. പിന്നെ സൂര്യവംശ അരചനായ ഭഗീരഥൻ തന്റെ നാടിനും പ്രജകൾക്കും സന്തതി പരമ്പരകൾക്കും ദുരിതം അകന്ന് അഭിവൃദ്ധി വരുവാൻ പിതൃക്കൾക്ക് സുകൃതവും മോക്ഷവും ഉണ്ടാവാൻ ശിവനെ തപസ്സുചെയ്ത് ഗംഗയെ ഭൂമിയിലേക്ക് കൊണ്ടുവന്നതും ഇതേ മാഘമാസത്തിൽ തന്നെയാണ്. ഇനിയും അങ്ങനെ പലതും ഉണ്ട്, മാഘമാസത്തെ കുറിച്ച്. അങ്ങനെയുള്ള പുണ്യകാല ഘട്ടത്തിൽ വേദകാലത്ത് ആയിരിക്കണം ഇങ്ങനെ ഒരു ആചാരം നമ്മുടെ നാട്ടിൽ തുടങ്ങിയിരിക്കുന്നത്. യക്ഷയാഗത്തിനു വടക്കുനിന്നും വന്ന താപസികൾക്ക് യാഗപകുതിയിൽ നശിച്ചതിന്റെ മഹാപാപം തീർക്കാനും ശുദ്ധിവരുത്തി പ്രായശ്ചിത്തം ചെയ്യാനും ബ്രഹ്മദേവനെ ശരണം പ്രാപിക്കുകയും അന്ന് ബ്രഹ്മദേവൻ ധർമ്മ പുനഃസ്ഥാപനത്തിനും പാപസ്ഥലങ്ങളെ ശുദ്ധിവരുത്തുവാനും നദിയാൽ ചുറ്റപ്പെട്ട ഒരു മണൽപരപ്പിൽ ധർമ്മസൂയ യാഗം നടത്തി. അതിൽ അനന്തൻ പ്രത്യക്ഷപ്പെട്ട് അദ്ദേഹത്തിന്റെ നാവിൻ തുമ്പിൽ ശൈവവൈഷ്ണവ സാന്നിധ്യങ്ങൾ പ്രസാദിപ്പിച്ചു പ്രതിഷ്ഠിച്ചു. നാവാൽ സാന്നിധ്യം വന്ന സ്ഥലം 'നാവായ' എന്നും പിന്നീട് തിരുനാവായ എന്നും ആയി തീർന്നു. നാവാൽ പ്രത്യക്ഷപ്പെട്ട മുകുന്ദൻ നാവാൽ മുകുന്ദൻ പിന്നീട് നവാമുകുന്ദൻ എന്നറിയപ്പെട്ടു. ഇങ്ങനെ നാവിന്റെ രണ്ടറ്റത്ത് നിൽക്കുന്ന രണ്ടുമൂർത്തികളുടെ സമക്ഷത്തിൽ സപ്ത നദികളും സാന്നിധ്യപ്പെട്ടു എന്നും അതിൽ താപസികൾ ആടനം ചെയ്ത് യോഗികൾ ആയി തീർന്നു എന്നും അതിനാൽ ആ തീർത്ഥാടനമാണ് ഈ മഹാ വിശേഷത്തിന് തുടക്കമായി കരുതപ്പെടുന്നത്. അതിനാലാണ് ഈ സ്ഥലം പിതൃക്കളുടെ മോക്ഷപ്രാപ്തിക്കായി തിരഞ്ഞെടുക്കുന്നത്. അതുമാത്രം അല്ലാതെ ഭൂപരിപാലകനായ മഹാവിഷ്ണു കേരളത്തിന്റെ ഒരറ്റത്ത് ഇരുന്നുകൊണ്ടും മറ്റൊരു അറ്റത്ത് കിടന്നുകൊണ്ടും മധ്യത്തിൽ തിരുനാവായയിൽ നിന്നുകൊണ്ടും അനുഗ്രഹിക്കുന്നു എന്നത് കേരളത്തിനുള്ള 'ദൈവത്തിന്റെ സ്വന്തം നാട്' എന്ന പേരിന് മാറ്റുകൂട്ടുന്നു. നമ്മുടെ കേരളത്തിന് കേരളം എന്ന പേര് വരുന്നതിനു മുമ്പ് രണ്ട് കരകൾ ആയിരുന്ന കാലത്ത് തന്നെ ഈ ആചാരങ്ങൾ ഉണ്ടായിരുന്നു. ആചാരം ഉത്സവമായി. അപ്പോൾ പലതരത്തിലുള്ള വാണിജ്യങ്ങളും കലകളും കായിക പ്രദർശനങ്ങളും വിദേശ വാണിജ്യവും അടക്കം (ജലമാർഗ്ഗം) ഉള്ള ഒരു മഹാ കലാസാംസ്കാരിക വേദിയായി മാറി മാമാങ്കം. അക്കാലത്ത് പെരുമാക്കന്മാരുടെ ഭരണത്തിന് കീഴിലായിരുന്നു മറ്റുള്ള നാട്ടുരാജ്യങ്ങൾ പ്രവർത്തിച്ചിരുന്നത്. 12 വർഷത്തിലൊരിക്ക

ലാണ് ഭരണാധികാരിയെ തിരഞ്ഞെടുക്കലും നടന്നിരുന്നത്. ഇത്രയും വലിയൊരു വേദിയിൽ വെച്ച് ആവുമ്പോൾ ഭരണാധികാരം ഏൽക്കുന്ന ചടങ്ങും ഇതിനോട് ചേർന്ന് വിപുലമായിതന്നെ നടന്നിരുന്നു. രാജ്യത്തെ സുപ്രധാനമായ കലാ സാംസ്കാരിക വേദി ആവുമ്പോൾ സ്വാഭാവിക മായും ഭരണാധികാരി തന്നെ രക്ഷാധികാരിയു മായിരിക്കുമല്ലോ. അങ്ങനെയിരിക്കെ അവസാന ത്തെ ഭരണം നടത്തിയ പെരുമാൾ, ഭരണം മുഴു വൻ ആകാതെ സ്ഥാനം ഒഴിയുകയും നാട്ടുരാജ്യ ങ്ങളെ സ്വതന്ത്രരാക്കി പ്രഖ്യാപിക്കുകയും ചെയ്തു. മാമാങ്കം നടക്കുന്നത് വെട്ടത്ത് നാട്ടിൽ ആണെങ്കിലും കാര്യങ്ങൾ ചെയ്യാനുള്ള സൗകര്യ ത്തിൽ വള്ളുവനാടാണ് മുൻനിരയിൽ. അതിനാൽ തന്നെ മാമാങ്കത്തിലെ രക്ഷാപുരുഷസ്ഥാനം വള്ളുവക്കോനാതിരിക്ക് കൈമാറി വെട്ടത്ത് രാജാക്കന്മാർ സഹായികളുമായി. മാമാങ്കത്തിലെ സുപ്രധാനമായ ആറാട്ടും, നിളാപൂജ, നിളാരതി ചുമതലകളും വെട്ടത്തിന് ആയിരുന്നു. കാരണം വേദകാലത്ത് തപസ്സാൽ പ്രസാദിപ്പിച്ച ദേവതമാരെ എല്ലാം വെട്ടത്തുനാട്ടിലാണ് പ്രതിഷ്ഠിച്ചിരി ക്കുന്നത്. ഇവിടെ ഇവരെ പരിപാലിച്ചു വന്നത് വെട്ടത്ത് രാജവംശമായിരുന്നു. അങ്ങനെയിരിക്കെ തൊട്ടടുത്ത രാജവംശമായ സാമൂതിരിക്ക് മന ക്ലേശം വരികയും അത് മാമാങ്കത്തെ ചൊല്ലി രാജ്യാന്തര പ്രശ്നമായി തീരുകയും ശേഷം യുദ്ധത്തിലൂടെ കുന്നലക്കോനാതിരി (സാമൂതിരി) അധികാരമേറ്റ് മാമാങ്കത്തിന് രക്ഷാപുരുഷ സ്ഥാനത്തേക്ക് വരികയും ചെയ്തു. അക്കാലത്തും വെട്ടത്ത് രാജാവ് സാമൂതിരിയുടെ കൂടെ മാമാങ്ക തറയിൽ ഉണ്ടായിരുന്നു എന്ന് ചരിത്രം പരാമർശി ക്കുന്നുണ്ട്. എന്നാൽ ആചാരാനുഷ്ഠാനങ്ങൾ ഇല്ലാതാവുകയും ചെയ്തു. മഹാമകം മഹാ അങ്കമായി മാറിയതോടെ മാമാങ്കത്തിലെ സ്വഭാവം തന്നെ മാറിപോയി. പിന്നെ ചാവേറുകളായി യുദ്ധ മായി. അങ്ങനെ എല്ലാ നാശത്തിലേക്കും പോയി. പിന്നെ വിദേശരാജ്യങ്ങളുടെ അടിമത്വത്തിന് മാറുകയും നമ്മുടെ പൈതൃകം മണ്ണടിഞ്ഞു പോവുകയും ചെയ്തു. ഒരു പക്ഷെ ചരിത്രത്തി ന്റെ കാത്തുവെയ്പ്പ് എന്നത് പോലെ കാലചക്ര ത്തിന്റെ അയനം എന്നതുപോലെ ചരിത്രത്തിന്റെ പുനരാവർത്തനം എന്നതുപോലെ ഈ വർഷം ജനുവരി 21ന് (2022) അന്നത്തെ വെട്ടത്ത് ദേവീദേവന്മാരുടെ സാന്നിധ്യങ്ങൾ ആർജ്ജിച്ച തേവാരവിഗ്രഹങ്ങൾ കോലോത്തെ ഇരുട്ടറയിൽ നിന്നും തിരുനാവായയിൽ എത്തി ആറാടി പൂർണ്ണ ചൈതന്യവത്തായി നിൽക്കുന്ന ആ കാഴ്ച കാണാൻ ഏതോ ജന്മസുകൃതം കൊണ്ടോ പിതൃക്കളുടെ അനുഗ്രഹം കൊണ്ടോ നമുക്ക് സാധിച്ചു. അല്ലെങ്കിൽ വേട്ടേക്കരൻ സാധിപ്പിച്ചു തന്നു. (അന്ന് ആറാട്ടിനു കോലോത്തു നിന്നും കൊണ്ടുവന്ന ദേവതകൾ തൃക്കണ്ടിയൂരപ്പൻ, കേരളാധീശ്വരത്തപ്പൻ, നവാമുകുന്ദൻ, മംഗലത്ത് മഹാവിഷ്ണു, ഗോശാലകൃഷ്ണൻ, മുല്ലപ്പള്ളി ഗണപതി, മുല്ലപ്പള്ളി ബാല നരസിംഹം, ആലത്തി യൂർ ശ്രീരാമൻ, പദ്മപാദർ സേവിത ഉഗ്രനര സിംഹം, ശ്രീ വെട്ടത്ത് ബാലഭദ്ര, ചമ്രവട്ടത്ത് അയ്യ പ്പൻ ചുരിക എന്നിവരാണ്.)

## ചെയർമാനായി നിയമിതനായി

കേരള സംസ്ഥാന എൻവയൺമെന്റ് അപ്രൈ സൽ കമ്മിറ്റിയുടെ ചെയർമാനായി **ഡോ. ആർ. അജയകുമാർ വർമ്മ** നിയമിതനായി. തിരുവന ന്തപുരം ക്ഷത്രിയക്ഷേമസഭയുടെ ഇപ്പോഴത്തെ പ്രസിഡന്റാണ്. കേന്ദ്ര ഗവൺമെന്റിന്റെ നാഷ ണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീ സിൽ (NCESS) ചീഫ് സയന്റിസ്റ്റ് ആയിരുന്നു. കടപ്ര വാക്കയിൽ കോയിക്കൽ കുടുംബാംഗ മാണ്. ഭാര്യ: കണ്ണൂർ ചിറയ്ക്കൽ കോവിലകത്ത് ലതാ വർമ്മ. കണ്ണൂ രിൽ ബാങ്ക് ഉദ്യോഗസ്ഥ പാർവതി അജയവർമ്മ, ഹൈദരാബാദിൽ ഫിനാൻഷ്യൽ അഡ്വൈ സർ പ്രണവ് എന്നിവ രാണ് മക്കൾ. മരുമകൻ ഡോ. വിജയ്കൃഷ്ണൻ നീലേശ്വരം തെക്കേകോവിലകാംഗമാണ്.




# പ്രണാമ സൂനങ്ങൾ



**തങ്കൻ തിരുവട്ടാർ**

തിരുവനന്തപുരം



**നാടുനീങ്ങിയ ശ്രീപദ്മനാഭദാസ 'രാജർഷി' HH ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ തിരുമനസ്സിന്റെ നൂറാം ജന്മവാർഷിക വേളയിൽ ശത കോടി പ്രണാമങ്ങൾ അർപ്പിക്കുന്നു.**

***(തിരുമനസ്സിന്റെ 90-ാം പിറന്നാൾ ദിനത്തിൽ പട്ടം കൊട്ടാരത്തിൽ വച്ച് തിരുമനസ്സ് സമക്ഷം സമർപ്പിച്ച നവതി ആശംസ.)***

മീനത്തിലുത്രാടമാം
നക്ഷത്ര ജാതനായി
കൊല്ലവർഷമായിരം
ചേർന്നുള്ള തൊണ്ണൂറ്റേഴിൽ
ആയിരം പൂർണ്ണചന്ദ്ര-
ബിംബത്തെക്കണ്ട ഭവാൻ
ഇന്നേയ്ക്കു; നവതിയി-
ലെത്തുന്നു, ധന്യാത്മകൻ
ആനന്ദമലതല്ലു-
മാഹ്ലാദത്തിമിർപ്പിനാൽ
ഋതുക്കൾ വരവേൽപ്പൂ;
നൃപനെ, ധരാദേവി
നിർമ്മല ഹൃദയത്തിൽ
നൈർമ്മല്യ സൂനംചൂടി
സുസ്മേര വദനനായ്
നോക്കുന്നീ; മാലോകരെ
തൻപ്രജാ വാത്സല്യത്തിൽ
ദീർഘവീക്ഷണം കൊണ്ട
ശ്രീപത്മനാഭദാസ-
നെന്നുമേയൂഴി; സൂര്യ-
താരമായ് വാഴാൻ; ദീർഘ-
മായുരാരോഗ്യമേകാൻ,
ആദികേശവ പാദേ-
അർച്ചിച്ചു; പ്രാർത്ഥിക്കുന്നേൻ

# ശതാഭിഷേകം



ചെന്നിത്തല പ്രേം നിവാസിൽ പരേതനായ
രാജരാജവർമ്മയുടെ പത്നി
**സുമതി R വർമ്മയുടെ**
**ശതാഭിഷേകം**
ലളിതമായ ചടങ്ങുകളോടെ
2022 ഫെബ്രുവരി 28 ന് നടത്തി.

ഞങ്ങളുടെ പ്രിയപ്പെട്ട
അമ്മയ്ക്ക് ഒരിക്കൽ കൂടി
പിറന്നാൾ ആശംസകൾ
നേരുന്നു

മക്കൾ :
**പ്രേമലത**
**സ്നേഹറാണി**

മരുമക്കൾ :
**പരേതനായ മോഹനവർമ്മ**
**അഡ്വ. കെ.ജയവർമ്മ**



മാവേലിക്കര ശ്രീകൃഷ്ണസ്വാമി ക്ഷേത്രോത്സവത്തോടനുബന്ധിച്ച് മാവേലിക്കര ശാന്താ വർമ്മയും സംഘവും അഷ്ടപദി ഭജൻ സന്ധ്യ നടത്തി. ഡോക്ടർ മീരാ വർമ്മ, ജയലക്ഷ്മി വർമ്മ, ഉമാ വർമ്മ, ധന്യ ശ്രീകാന്ത്, ശ്രീദ ശ്രീകാന്ത്, വരദ വർമ്മ, ആനന്ദിത വർമ്മ, ശ്രീകാന്ത് വർമ്മ, പ്രസാദ്, പ്രമോദ് എന്നിവർ പങ്കെടുത്തു

# വിവാഹ മംഗളാശംസകൾ



കേണൽ സതീശ്ചന്ദ്ര വർമ്മയുടെയും (റിട്ട.)
ശ്രീമതി മായാ വർമ്മയുടെയും മകൾ **അനഘ**യും
ശ്രീമതി ഗീതാലക്ഷ്മി ജെ.– വിജയൻ റ്റി. ദമ്പതിമാരുടെ
പുത്രൻ **വിഷ്ണു**വും തമ്മിലുള്ള വിവാഹം
17 ഏപ്രിൽ 2022 ഞായറാഴ്ച ആലപ്പുഴ പാതിരപ്പള്ളി
കാമിലോട്ട് കൺവെൻഷൻ സെന്ററിൽ വച്ച്
സമംഗളം നടന്നു.





# വിവാഹ മംഗളാശംസകൾ





കണ്ണൂർ ചിറയ്ക്കൽ കോവിലകത്ത് സന്ധ്യാ രാജയുടെയും ആയിരനാഴി കോവിലകത്ത് കൃഷ്ണകുമാറിന്റെയും മകൾ **ഡോ. ഐശ്വര്യ രാജ**യും ഇടപ്പള്ളി മേനോൻപറമ്പിൽ രമേശ് മേനോന്റെയും നീനയുടെയും മകൻ **ഡോ. രോഹിത് മേനോനും** തമ്മിലുള്ള വിവാഹം 25 ഒക്ടോബർ 2021 ന് ഗുരുവായൂർ കുന്നത്തൂർമന റിസോർട്ടിൽ വെച്ച് ബന്ധു മിത്രാദികളുടെ സാന്നിദ്ധ്യത്തിൽ സമംഗളം നടന്നു.
Dr. ഐശ്വര്യ ഒരു നർത്തകി കൂടിയാണ്.



# ബാഷ്പാഞ്ജലി

## രോഹിണിനാൾ കുമാരിദേവി
## വലിയ തമ്പുരാട്ടി (94)

(തിരുവല്ല പാലിയക്കര കിഴക്കേകൊട്ടാരം)



### സന്തപ്ത കുടുംബാംഗങ്ങൾ

**മക്കൾ :**
ദിലീപ് കുമാർ വർമ്മ
രതീദേവി
ഗിരിജ കെ.
ശൈലജ കെ.

**മരുമക്കൾ :**
സതീദേവി
കുഞ്ഞിക്കുട്ടൻതമ്പാൻ കെ.ആർ.
ശശിധര വർമ്മ

# ഓർമ്മകളിൽ നിറയുന്ന വലിയ തമ്പുരാട്ടി ഒരു അനുസ്മരണം



**പി.കെ. ജയകുമാര വർമ്മ,** തിരുവല്ല

പാലിയക്കര കിഴക്കേ കൊട്ടാരത്തിലെ വലിയ തമ്പുരാട്ടി രോഹിണിനാൾ കുമാരി ദേവി തമ്പുരാട്ടി (അനിയത്തി അമ്മൂമ്മ-94 വയസ്സ്) 2022 ഫെബ്രുവരി 9-ാം തീയതി വാർദ്ധക്യസഹജമായ അസുഖത്തെ തുടർന്ന് അന്തരിച്ചു. വളരെയധികം അനുഭവസമ്പത്ത് കൈമുതലായുള്ള ഈ അമ്മൂമ്മയെ ഒരു പ്രാവശ്യമെങ്കിലും കണ്ടിട്ടുള്ളവർക്ക് മറക്കുവാൻ സാധിക്കുകയില്ല.

തൃക്കീടിരി മനയ്ക്കൽ നാരായണൻ നമ്പൂതിരിപ്പാടിന്റേയും പാലിയക്കര കൊട്ടാരത്തിലെ കൊച്ചുകുഞ്ഞി തമ്പുരാട്ടിയുടേയും അഞ്ചാമത്തെ മകളായി 1928- ാം ആണ്ട് ഫെബ്രുവരി മാസം 28-ാം തീയതി ജനിച്ചു. നാലു സഹോദരന്മാരും ഒരു സഹോദരിയുമാണ് ഉണ്ടായിരുന്നത്. ചെറുപ്പത്തിൽ തന്നെ മാതാവ് വിഷ്ണുപദത്തെ പൂകിയതിനാൽ വല്യമ്മാവന്റേയും അമ്മായിയുടേയും സംരക്ഷണയിലാണ് വളർന്നുവന്നത്. ആ പ്രായത്തിൽ തന്നെ പുരാണങ്ങൾ ഹൃദിസ്ഥമാക്കുകയും ഭഗവദ് നാമങ്ങൾ ഉച്ചരിക്കുകയും ചെയ്തിരുന്നു. തന്റെ മക്കൾക്കും കൊച്ചുമക്കൾക്കും തന്നെ കാണുവാൻ വരുന്നവർക്കും പുരാണങ്ങളിലെ നല്ല കാര്യങ്ങൾ മനസ്സിലാക്കി കൊടുക്കുവാനും ഈശ്വരചിന്ത അവരിൽ ഉണർത്തുവാനും പ്രത്യേകം ഉത്സാഹം കാണിച്ചിരുന്നു.

പാലിയക്കര കൊട്ടാരത്തിൽ നടന്നു വന്നിരുന്നതും ഇപ്പോൾ നടന്നുവരുന്നതുമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും സ്വന്തം ജീവിതാനുഭവങ്ങളും മറ്റുള്ളവരുമായി പങ്കുവെയ്ക്കുവാൻ പ്രത്യേകം താൽപ്പര്യം എടുത്തിരുന്നു. ഇവിടെ നടന്നുവന്നിരുന്ന സർപ്പം പൂജ, പാലിയക്കര കൊട്ടാരത്തിന്റെ ഭരദേവതയായ കോഴിക്കോട് നിറംകൈതകോട്ട ഭഗവതിയുടെ പ്രീതിക്കായി എല്ലാ വർഷവും നടത്തുന്ന ഗുരുതി, ഭഗവതി സേവ, മണ്ഡല മഹോത്സവം എന്നിവ ആരംഭിച്ചതു മുതലുള്ള കാര്യങ്ങൾ പറയുന്നതിൽ ഒരു പ്രത്യേക വാക്ചാതുരി അമ്മൂമ്മയ്ക്ക് ഉണ്ടായിരുന്നു. പാലിയക്കര കൊട്ടാരം നിർമ്മിച്ചതുമായി ബന്ധപ്പെട്ട കാര്യങ്ങൾ, ശ്രീവല്ലഭസ്വാമിയുടെ അനുഗ്രഹം കൊട്ടാരത്തിന് ലഭിച്ചിട്ടുള്ളത്, ഇവിടുത്തെ വലിയ കാരണവരായിരുന്ന 'ഭഗവാൻ അമ്മാവൻ' എന്നറിയപ്പെട്ടിരുന്ന റ്റി. കേരള വർമ്മയുടെ കാലത്ത് നടന്ന സർപ്പം പൂജ, കൊട്ടാരത്തിന്റെ പല ഭാഗത്ത് ഉണ്ടായിരുന്ന സർപ്പക്കാവിലെ വിഗ്രഹങ്ങളെ ഇപ്പോഴുള്ള സർപ്പക്കാവിൽ ഒരു സ്ഥലത്തായി പ്രതിഷ്ഠിച്ചത് എന്നിവയെല്ലാം അമ്മൂമ്മയുടെ ഓർമ്മകളിലെ പ്രധാനപ്പെട്ട കാര്യങ്ങൾ ആണ്. തിരുവിതാംകൂർ രാജകുടുംബവും പാലിയക്കര കൊട്ടാരവുമായുള്ള ബന്ധം മറ്റുള്ളവർക്ക് വ്യക്തമായി മനസ്സിലാക്കി കൊടുക്കുവാനും അതുമൂലം പാലിയക്കര കൊട്ടാരത്തിന് ലഭിച്ച അടിസ്ഥാനപരമായ സൗകര്യങ്ങൾ പുതുതലമുറയ്ക്ക് പകർന്നു നൽകുവാനും അമ്മൂമ്മയ്ക്ക് സാധിച്ചിട്ടുണ്ട്.

തിരുവല്ല ക്ഷത്രിയസഭ, വിദ്യാർത്ഥികൾക്കായി മെറിറ്റ് അവാർഡ് ആരംഭിച്ചപ്പോൾ തന്റെ ഭർത്താവായ പി.കെ. രാമവർമ്മരാജയുടെ പേരിൽ ഒരു മെറിറ്റ് അവാർഡ് ഏർപ്പെടുത്തിയത്



# നല്ലമ്മ

മധു കുമാർ വർമ്മ വി.കെ.,
അമ്പലപ്പുഴ



ഭാരതയുദ്ധം കഴിഞ്ഞല്ലോ കൗരവർ
കാലയവനികയ്ക്കുള്ളിലും പോയല്ലോ
ആരു ജയിച്ചാലുമാരങ്ങു തോറ്റാലും
ലക്ഷങ്ങളല്ലോ മരിച്ചു വീഴുന്നത്

യുദ്ധത്തിലന്നു മരിച്ചവർ തന്നുടെ
ശേഷക്രിയയും നടത്തീ യുധിഷ്ഠിരൻ
ചേട്ടനാണെന്നറിയാതെയിരുന്നൊരു
ചേട്ടന്റെ പോലും ക്രിയ ചെയ്തന്നമ്മയ്ക്കായ്

ഗാന്ധാരി തന്നിലുയർന്നതാം സംശയം
കൃഷ്ണ ഭഗവാങ്കൽ ചോദിയ്ക്കയായ്
അങ്ങല്ലെ കാരണം പാണ്ഡവർതൻ ജയം
നമ്മുടെ മക്കൾക്ക് തോൽവി, മരണവും

അങ്ങിനെ ചൊല്ലാമോ ഗാന്ധാരിയമ്മേ, ഞാൻ
രക്ഷിച്ചതില്ലാരേം ശിക്ഷിക്കയും
അവരവർ ചെയ്യും പ്രവൃത്തി തൻ ഫലമത്രേ
അവരവരനുഭവിച്ചീടുന്നതത്രയും

ഒരു കാര്യമോർക്കനീ നിന്നുടെ മക്കളെ
ഒരു വേളയെങ്കിലും ശാസിച്ചുവോ
നേരായ പാതയിലൂടെ നടന്നിടാൻ
നിർദ്ദേശം നൽകിയോ ചെറുപ്രായത്തിൽ

കണ്ണുകാണാത്തൊരു ഭർത്താവിൻ കണ്ണായി
നിന്നുവോ നീയൊരു നാളെങ്കിലും
കണ്ണുമൂടിക്കെട്ടി അന്ധത കൈവാങ്ങി
കാലം പാഴാക്കീട്ടിപ്പോൾ കേഴുകയോ

നോക്കിടൂ കുന്തിയെ ഭർത്താവില്ലാഞ്ഞിട്ടും
മക്കളെ നന്നായ് വളർത്തിയില്ലേ
ധർമ്മബോധത്തെ പഠിപ്പിച്ചു നന്നായി
നേരായ പാതയെ കാണിക്കയും

കുഞ്ഞായിരിക്കുമ്പോൾ സ്നേഹം ചൊരിയേണം
വേണ്ട സമയത്ത് ശിക്ഷിക്കയും
അമ്മയിൽ നിന്നിതു രണ്ടും ലഭിയ്ക്കുകിൽ
മക്കൾ നന്നായ് വരും നിസ്സംശയം

അമ്മമാരെല്ലാരും നന്നായ് ഗ്രഹിക്കണം
കുഞ്ഞുങ്ങൾ നന്നായി വന്നീടുവാൻ
കണ്ണുകൾ മൂടിയ ഗാന്ധാരിയാവാതെ
കണ്ണു തുറന്നിട്ട് കുന്തിയായ് മാറിടൂ. ●

അമ്മൂമ്മയായിരുന്നു. ഈ അവാർഡ് ഇപ്പോഴും നൽകിവരുന്നുണ്ട്. സഭ നടത്തുന്ന എല്ലാ നല്ല കാര്യങ്ങൾക്കും സഹായകരമായ നിലപാട് ആണ് എടുത്തു വന്നിരുന്നത്. സഭയുടെ കെട്ടിടം പണി സമയത്തും കാരുണ്യപദ്ധതി ഏർപ്പെടുത്തിയപ്പോഴും അകമഴിഞ്ഞ സഹായം അമ്മൂമ്മയിൽ നിന്ന് ലഭിച്ചിരുന്നു. സഭയുടെ അഭ്യുദയകാംക്ഷി, പൊതുയോഗങ്ങളിൽ നിറസാന്നിദ്ധ്യം... അതായിരുന്നു അമ്മൂമ്മ.

ശ്രീവല്ലഭസ്വാമിയെ ഭജിച്ചും പരമശിവനേയും വേലായുധസ്വാമിയേയും നിത്യവും ദർശിച്ചും ഉള്ളാലെ പ്രാർത്ഥിച്ചും തേവാരപ്പുര ദൈവങ്ങളെ എപ്പോഴും സ്മരിച്ചും നല്ല പ്രവർത്തികൾ മാത്രം ചെയ്യുകയും പറയുകയും ചെയ്ത അമ്മൂമ്മ പുനർജന്മമില്ലാതെ പരമപദത്തെ പ്രാപിച്ചു എന്ന് നമുക്ക് വിശ്വസിക്കാം.


വാത്സല്യത്തിന്റെ നിറകുടമായ അമ്മൂമ്മയ്ക്ക് വാക്കുകളിൽ ഒതുങ്ങാത്ത സ്നേഹത്തിന്റെ വിങ്ങലോടെ ഈ അനുസ്മരണം നിർത്തട്ടെ.

# ആറ്റുകാൽ പൊങ്കാല ഉത്സവം 2020
# ഒരു അനുഭവം



**സതീഷ് വർമ്മ വി.കെ.,** എറണാകുളം

ഞാൻ ഓർക്കുന്നു. 2020 മാർച്ച് ഒന്നാം തീയതി ... അന്നായിരുന്നു എന്റെ മകൾ മീനാക്ഷിയ്ക്ക് ഭരതനാട്യ ഗുരുനാഥയായ കലാക്ഷേത്ര വിലാസിനി ടീച്ചറുടെ സീനിയർ ശിഷ്യ കൂടിയായ ചിത്രമുത്തു എന്ന ചിത്ര ടീച്ചറുടെ കൂടെ ആറ്റുകാൽ അമ്മയുടെ പൊങ്കാല മഹോത്സവത്തോട് അനുബന്ധിച്ച് നൃത്തപരിപാടി യിൽ പങ്കെടുക്കുവാൻ കിട്ടിയ അവസരം. 2019-ൽ ഇതു പോലെ അവസരം വന്നെങ്കിലും പങ്കെ ടുക്കുവാൻ പറ്റിയിരുന്നില്ല.. ഇത്തവണ അത് ഒത്തുവന്നല്ലോ എന്ന സന്തോഷത്തിൽ ഞാനും എന്റെ സഹധർമ്മിണി ദീപയും മീനാക്ഷിയും അന്നേ ദിവസം എറണാകുളം സൗ ത്തിൽ നിന്നും പുറപ്പെടുന്ന വഞ്ചിനാടിൽ ഏ സി ചെയർ കാറിൽ കയറി യാത്ര ആരം ഭിച്ചു... തൃപ്പൂണിത്തുറ സ്റ്റേഷ നിൽ നിന്നും എന്റെ ബന്ധു വായ ചന്ദ്രൻ ചേട്ടനും സഹ ധർമ്മിണി ശോഭനച്ചേച്ചിയും കയറി. അവിചാരിതമായ കണ്ടു മുട്ടലിൽ പല കാര്യങ്ങളും ഞങ്ങൾ സംസാരിച്ചു. അവർ ശോഭനച്ചേച്ചി യുടെ വല്യമ്മയെ കണ്ട് വൈകിട്ട് മടങ്ങും എന്നു പറഞ്ഞു. ഞങ്ങളും പരിപാടിയ്ക്കു ശേഷം അന്നു തന്നെ മടങ്ങും എന്നു പറഞ്ഞു. തിരുവനന്തപുര ത്തെത്തി തമ്പാനൂർ സ്റ്റേഷനിൽ ഉദ്ദേശം 11 മണിയ്ക്ക് പിരിഞ്ഞു...



നേരത്തെ തീരുമാനിച്ച പ്രകാരം ഞങ്ങൾ ഉച്ച യ്ക്ക് രണ്ടു മണിയ്ക്ക് ആറ്റുകാൽ ക്ഷേത്രത്തിനു സമീപം മേക്കപ്പിനായി ഒരുക്കിയ ലോഡ്ജ് മുറിയിൽ എത്തിയാൽ മതി. ഉപ്പിടാമൂട് പാലത്തിന് സമീപമുള്ള മാർത്താണ്ഡനപ്പൂപ്പനേയും കുഞ്ഞ് അപ്പൂപ്പനേയും അമ്മൂമ്മമാരെയും കണ്ട് ആശീർ വ്വാദം വാങ്ങി ഹോട്ടലിൽ നിന്നോ മറ്റോ ഊണും കഴിച്ച് സ്ഥലത്തെത്താമെന്ന് അപ്പോൾ തീരു മാനിച്ച് ഉറപ്പിച്ചു.

ഉടൻ ഒരു ഓട്ടോയിൽ കയറി. ഓട്ടോ പോകുന്ന മുറയ്ക്ക് ആറ്റുകാലി ലേയ്ക്ക് ഉള്ള യാത്രാതിരക്കിനെ പറ്റി ഓട്ടോഡ്രൈവറോട് സംസാ രിച്ചിരുന്നു. ദീപയും മീനാക്ഷി യും അതൊന്നും ശ്രദ്ധിക്കാതെ പുറത്തെ വാഹനത്തിരക്ക് നോക്കിക്കൊണ്ടിരുന്നു. ഉപ്പിടാ മൂട് പാലം കേറി വന്നയുടൻ അഞ്ചു വഴിക്ക് തിരിയുന്നത് കൊണ്ട് വളരെ ശ്രദ്ധിച്ച് പാല ത്തിന് മുകളിലെത്തിയ ഉടൻ തെക്കോട്ട് ശ്രീകണ്ഠേശ്വരം റൂട്ട് എന്ന് ഓട്ടോക്കാരനോട് പറഞ്ഞു.. ഇറക്കത്തിൽ ഉടൻ തന്നെ ഇടതു വശമുള്ള ഗേറ്റ് ആയതു കൊണ്ട് ഓട്ടോ നിറുത്തുവാനുള്ള നിർദ്ദേശവും നൽകി.. പ്രീപേയ്ഡ് ആയതു കൊണ്ട് ചാർജ് കൊടുത്ത് ഉടൻ ബാഗുകളുമായി ഞങ്ങൾ കുഞ്ഞപ്പൂപ്പന്റെ ഗേയ്റ്റ് കടന്ന് ഡോർ ബെൽ അടിച്ചു. വാതിൽ തുറന്ന് അവിചാരിതമായി ഞങ്ങളെ കണ്ട് കുഞ്ഞപ്പൂപ്പൻ സന്തോഷത്തോടെ കയറി ഇരിക്കൂ എന്നു പറഞ്ഞു. ഉടൻ എന്റെ

പുറകേ പടി ചവിട്ടിയ ദീപ അതുവരെ കൈയ്യിൽ പിടിച്ചിരുന്ന ബാഗുകളിൽ ഒന്നു കുറവാണല്ലോ എന്നു പറഞ്ഞു. അത് ഏതാണെന്ന് തിരക്കിയപ്പോഴാണ് അത് ഡാൻസ് വസ്ത്രവും ആഭരണങ്ങളും വച്ചിരുന്ന ബാഗു തന്നെയാണെന്ന് തിരിച്ചറിഞ്ഞത്.. ഞങ്ങൾ ഒരു നിമിഷം സ്തബ്ധരായി നിന്നു പോയി.. കുഞ്ഞപ്പൂപ്പന്റെ അടുത്ത് വന്ന കാര്യം പോലും സംസാരിച്ചില്ല.... എവിടെ ഓട്ടോക്കാരൻ ദീപ പരതി.. ഞാൻ ആ ഓട്ടോയുടെ പുറകുവശത്ത് ആ ബാഗ് വച്ചിരുന്നു അത് ഇറങ്ങിയ തിരക്കിൽ വിട്ടു പോയി ... ഇനി എന്തു ചെയ്യും.. വന്നതിന്റെ ലക്ഷ്യം തന്നെ നടക്കാതെ പോകുമോ...

കാര്യമറിഞ്ഞ അപ്പൂപ്പൻ പറഞ്ഞു... ആറ്റുകാൽ അമ്മയുടെ കാര്യമല്ലേ എല്ലാം ശരിയാകും.. ഞാൻ ചാടി ഇറങ്ങി അടുത്തു വന്ന ഓട്ടോ പിടിച്ച് അടുത്തുള്ള ശ്രീകണ്ഠേശ്വരം ക്ഷേത്രത്തിനു സമീപമുള്ള ഓട്ടോ സ്റ്റാന്റിലേയ്ക്ക് പുറപ്പെട്ടു... ഞാൻ ഒരു നിമിഷം ഓട്ടോക്കാരന്റെ മുഖം ആലോചിച്ചു... ഒരു പിടിയുമില്ല.. പേരറിയാമൊ ... ഇല്ല.. ഓട്ടോ നമ്പർ അറിയുമൊ.. ഇല്ല ... ഏതായാലും അവിടെ ഒരു ഓട്ടോറിക്ഷയും ഇല്ലാത്തതിനാൽ തമ്പാനൂർക്കു തന്നെ പോകാമെന്ന് ഓട്ടോക്കാരൻ പറഞ്ഞു.. ശരി എന്ന് ഞാനും പറഞ്ഞു.

തമ്പാനൂർ ബസ്സ്റ്റാന്റിനും റെയിൽവേ സ്റ്റേഷനും മുൻപിൽ വരുന്ന ഓട്ടോകൾ ഓരോന്നു നോക്കി ഓടി തുടങ്ങി.. എനിയ്ക്ക് കുറച്ച് ഓർമ്മ വരുന്നത് ഓട്ടോയുടെ രൂപം മാത്രം.. ഓട്ടോക്കാരനോട് ഓട്ടത്തിനിടയിൽ ഒത്തിരി കാര്യങ്ങൾ പറഞ്ഞെങ്കിലും ആളുടെ മുഖം ഓർമ്മ വരുന്നില്ല. എങ്കിലും ഓട്ടോ ഓടിച്ചു വരുന്ന മുഖങ്ങൾ ശ്രദ്ധിച്ചു ശ്രദ്ധിച്ചു നിൽക്കുന്നത് കണ്ട് ഓട്ടോക്കാർ ഓട്ടത്തിനാണ് എന്ന് വിചാരിച്ച് അടുത്തു നിർത്തും. യാത്രയ്ക്കല്ല എന്ന് ആംഗ്യം കാണിച്ച് അടുത്ത ഓട്ടോ പരതി നടന്നു. ഒടുവിൽ രക്ഷയില്ല എന്ന് വന്നപ്പോൾ തമ്പാനൂർ ബസ്സ്റ്റാന്റിനു മുൻപിൽ നിന്നിരുന്ന ട്രാഫിക് പോലീസുകാരന്റെ അടുത്ത് വിവരം പറഞ്ഞു. ഉടൻ സ്റ്റേഷനിൽ വിവരമറിയിക്കൂ എന്ന് പറഞ്ഞു.. ഞാൻ പോലീസ് സ്റ്റേഷനിലേയ്ക്കു നടക്കുവാൻ തുടങ്ങി.

ഇതിനിടെ ദീപ അപ്പൂപ്പന്റെ അടുത്ത് നമ്പർ തിരക്കി ഫോർട്ട് പോലീസ് സ്റ്റേഷനിൽ വിവരം അറിയിച്ചിരുന്നു. കൂടാതെ കൂഞ്ഞപ്പൂപ്പന്റെ വീടിനു മുൻവശം നിന്ന്, പറ്റുന്ന ഓട്ടോക്കാരെയെല്ലാം വിളിച്ചു നിറുത്തി പറ്റിയ കാര്യം പറഞ്ഞ് ഏതെങ്കിലും ഓട്ടോയിൽ ബാഗ് മറന്നുവച്ച വിവരം ലഭിച്ചാൽ അത് ഈ വീട്ടിൽ എത്തിക്കുവാൻ പറയണേ എന്നു പറഞ്ഞ് നിലയുറപ്പിച്ചു നിന്നു. ഏകദേശം ഒന്നൊന്നര മണിക്കൂർ പിന്നിട്ടപ്പോൾ ആ ഓട്ടോ ദീപയുടെ മുൻപിൽ പ്രത്യക്ഷപ്പെട്ടു.. "ഈ ബാഗ് മേഡത്തിന്റെതാണോ.." ഓട്ടോയിൽ നിന്നു ചാടിയിറങ്ങി ഡ്രൈവർ ചോദിച്ചു. "അതെയല്ലൊ.. എന്റെ അമ്മേ.. ഇതു കാത്താണ് ഞാൻ ഇവിടെ നിന്നത്.. നിങ്ങൾ ഇതു സ്വീകരിക്കൂ" എന്ന് പറഞ്ഞ് കൈയ്യിൽ ഉണ്ടായിരുന്ന മൂന്നൂറു രൂപ നീട്ടി.. "അയ്യോ.. ഇതൊന്നും വേണ്ട ഞാൻ ഒരു യാത്രക്കാരി ഇറങ്ങിയപ്പോൾ പുറകിലെ ബാഗ് എടുത്തു കൊടുത്തതിന്റെ കൂട്ടത്തിൽ ഇത് അവരുടെ അല്ല എന്ന് പറഞ്ഞു.. അപ്പോൾ നിങ്ങളുടെ കാര്യമോർത്തു... അല്ലെങ്കിൽ ഇത് രാത്രി വീട്ടിൽ ചെല്ലുമ്പോൾ കണ്ടാലായി.. അതിനാൽ ഇതു തരാനായി വന്നു എന്നേയുള്ളു..." "ശരി .. ഇത് സ്വീകരിക്കൂ.. എന്ന് പറഞ്ഞ് നീട്ടിയ രൂപ വാങ്ങിപ്പിച്ചു.." ഞങ്ങൾക്ക് ഇപ്പോൾ ഇത് തിരിച്ചു കിട്ടിയത് വളരെ ദൈവാധീനം കൊണ്ടുമാത്രമാണ്... ആറ്റുകാലമ്മ ഒന്നു പരീക്ഷിച്ചു അത്ര തന്നെ... നിങ്ങളോടും നന്ദി പറയുന്നു."

ദീപ ഉടൻ ഫോർട്ട് പോലീസ് സ്റ്റേഷനിൽ ബാഗ് കിട്ടിയ വിവരം അറിയിച്ചു.. തമ്പാനൂർ സ്റ്റേഷനിലേയ്ക്ക് നടക്കുന്ന എന്നെയും വിളിച്ചു പറഞ്ഞു... "ഉടൻ പോന്നോളൂ.. സാധനം കിട്ടി.. വന്നിട്ട് പറയാം.."

ഉടൻ അടുത്ത ഓട്ടോയിൽ കൂഞ്ഞപ്പൂപ്പന്റെ വീട്ടിലേയ്ക്ക് പാഞ്ഞു.. അവിടെ തലേന്ന് ശ്രീവല്ലഭന് കഴിച്ച വഴിപാടിന്റെ അപ്പവും പായസവും ഞങ്ങൾക്ക് അമൃതായി തോന്നി.. നല്ലൊരു ഊണും വിശപ്പോടെ കഴിച്ച് ആറ്റുകാൽ ലോഡ്ജി

*ശേഷം 62-ൽ*

# ഒരു തീർഥാടനം പോലെ പാലാ കടനാട് വടക്കേ കോയിക്കൽ തറവാട്

## (കോട്ടയം യൂണിറ്റ് ഭാരവാഹികൾ നടത്തിയ ഗൃഹസമ്പർക്കത്തെക്കുറിച്ച് )

ആത്മജവർമ്മ തമ്പുരാൻ, കോട്ടയം .



കടനാട്... പാരമ്പര്യസ്മൃതികൾ ചൂഴ്ന്നു നിൽക്കുന്ന ഇടം. പാലസ് വാർഡ് എന്നാണ് ഇവിടം അറിയപ്പെടുന്നത്.

ഇവിടെ എത്തിയാൽ, കടനാട് ആസ്ഥാനമാക്കി ഭരണം നിർവ്വഹിച്ച വടക്കുംകൂർ രാജവംശത്തിന്റെ തുടിപ്പുകൾ മനസ്സിലാക്കാൻ സാധിക്കും. തിരുവിതാംകൂർ രാജവംശം സ്ഥാപിതമായപ്പോൾ തൊടുപുഴ മുതൽ ഏറ്റുമാനൂർ വരെയുള്ള പ്രദേശം ഇവരുടെ ഭരണത്തിന്റെ കീഴിലായിരുന്നു. ദേശത്തിന്റെ സാംസ്കാരിക ചരിത്രത്തോട് ഉൾചേർന്നു സഞ്ചരിക്കുന്ന അനുഭവമാണ് അനുഭവപ്പെട്ടത്. കോവിഡിനുശേഷം ഇവിടമാകെ സജീവമായി കഴിഞ്ഞു. പാലസുകൾക്ക് സമീപമുള്ള ധർമ്മശാസ്താക്ഷേത്രം അടുത്ത പൂരം/ഉത്രം ഉത്സവത്തിനുള്ള തയ്യാറെടുപ്പിലാണ്.

വടക്കേ കോയിക്കൽ തറവാട്ടിൽ നിന്നായിരുന്നു ഗൃഹസമ്പർക്കത്തിന്റെ തുടക്കം. യൂണിറ്റിന്റെ മുൻ ട്രഷറർ പ്രസാദ് ചേട്ടൻ ഞങ്ങളെ അവിടേക്ക് കൂട്ടികൊണ്ട് പോയി.

ശൈലേന്ദ്രൻ ചേട്ടനാണ് തറവാട്ടിൽ താമസിക്കുന്നത്. ക്ഷത്രിയക്ഷേമസഭയിൽ ഞങ്ങളെ ചേർക്കണമെന്ന അടിവരയിട്ട ആമുഖത്തോടെയാണ് അദ്ദേഹം ഞങ്ങളെ എതിരേറ്റത്. അമ്പലത്തിന്റെ പ്രസിഡന്റ്, സിപിഎം ബ്രാഞ്ച് സെക്രട്ടറി.... ഇനി സഭയിലും ആയേക്കാമെന്ന സന്തോഷകരമായ വർത്തമാനമാണ് കേട്ടത്. അംഗത്വം പുതുക്കി. ഒരു ഉപദേശവും: "ധർമ്മസങ്കടങ്ങളിൽ നിന്നു മോചനത്തിന്റെ തീരഭൂമി കാട്ടിക്കൊടുക്കുന്നതാകണം സമുദായ പ്രവർത്തനം". ഇവിടെ നിന്നു ശ്രീനിലയം പാലസിലേക്കാണ് കടന്നത്. പഴയ കുളവും കാവും തുളസിത്തറയും മനസ്സിൽ നിലനിർത്തി ഇവിടെ പുതിയ മനോഹരമായ വീട് പണിതിരിക്കുന്നു. നവതിയുടെ നിറവിലെത്തിയ രാജൻചേട്ടൻ (രാജരാജവർമ്മ, റിട്ട. ചീഫ് ട്രാൻസ്പോർട്ട് ഓഫീസർ ) വീട്ടിലെ സ്വീകരണമുറിയിൽ പത്രം വായനയിലാണ്. കേൾവി അൽപം പുറ

കോട്ട്. കാഴ്ചയ്ക്ക് കുഴപ്പമില്ല. ടീപ്പോയിയുടെ പുറത്ത് പകുതിയിൽ കൂടുതൽ വായിച്ചു കഴിഞ്ഞ സക്കറിയയുടെ 'ഒരിടത്ത്' എന്ന ചെറുകഥ പുസ്തകം. അടുത്ത താളിലേക്കു മറിക്കുന്നതിനുള്ള അടയാളവും വച്ചിരിക്കുന്നു. ഈ പ്രായത്തിലും ആഴത്തിലുള്ള വായന.

മകൻ റെയിൽവേയിൽ നിന്ന് സ്വയം വിരമിക്കൽ നേടി മടങ്ങിയെത്തിയ ഗോപൻ ചേട്ടൻ സ്വീകരിക്കാൻ എത്തി. കുശലാന്വേഷണത്തിനു ശേഷം ഗ്രൂപ്പ് ഫോട്ടോ.

തുടർന്നു ജയചന്ദ്രൻ ചേട്ടന്റെ വീട്ടിലേക്ക്. ഇവിടെയും ആധുനിക രീതിയിലുള്ള മനോഹരമായ വീട് ഉയർന്നിരിക്കുന്നു. പുതിയ താമസം. പുതിയതായി അംഗത്വം സ്വീകരിച്ചു. സഭയുടെ പ്രവർത്തനങ്ങളെക്കുറിച്ച് ചോദിച്ചറിഞ്ഞു. ബാങ്കിൽ ജോലിയുള്ള മകനെക്കുറിച്ചും കല്യാണം കഴിഞ്ഞതിന്റെ വിശേഷം പങ്കിടലും. ഇതേ വളപ്പിൽ മതിലിന്റെ ചെറിയ വേർതിരിവുള്ള പ്രതാപൻ ചേട്ടന്റെ വീട്ടിലേക്കായി അടുത്ത നടത്തം. വാട്സാപ് ഗ്രൂപ്പിൽ മെസേജ് കണ്ടിരുന്നതിനാൽ മറ്റ് യാത്രകൾ ഒഴിവാക്കി കാത്തിരിക്കയായിരുന്നു.

പിന്നെ അപ്പു ചേട്ടന്റെയും മറ്റും വീടുകളിലേക്ക്.

അപ്പുചേട്ടൻ സഹകരണ ബാങ്കിന്റെ ചുമതലകളിൽ നിന്നെല്ലാം ഒഴിഞ്ഞ് സ്വസ്ഥമായി ഇരിക്കയാണ്. കാരാപ്പുഴയിലെ തങ്ക ചേച്ചിയെക്കുറിച്ചും മറ്റും ക്ഷേമാന്വേഷണം. ഗ്രൂപ്പ് ഫോട്ടോ . ഊണിനു ക്ഷണം. സ്നേഹപൂർവ്വം ഊണ് വേണ്ടെന്നു പറഞ്ഞ് വേണു ചേട്ടന്റെയും മുരളി ചേട്ടന്റെയും അടുത്തേക്ക്.

പ്രേമചേച്ചി യുടെ വീടു കൂടി കഴിഞ്ഞതോടെ കടനാട്ടിലെ സന്ദർശനം പൂർത്തിയായി. സമയം 2.30. വെയിലിന്റെ കാഠിന്യം വകവയ്ക്കാതെ നേരെ പുലിയന്നൂരിലേക്ക്.

പുലിയന്നൂരിൽ വത്സപ്പനും ചേച്ചിയും കാത്തിരുന്നു. കോട്ടയത്തെ കഴിഞ്ഞ സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്ത ടിക്കാറാം മീണയെക്കുറിച്ചായി വർത്തമാനം. അദ്ദേഹം സർവീസിൽ നിന്നു വിരമിച്ച കാര്യം പറഞ്ഞായിരുന്നു തുടക്കം. റോബസ്റ്റാ കായ് വറുത്ത ഉപ്പേരിയും ചായയും. നേരെ മുൻ യൂണിറ്റ് പ്രസിഡന്റ് അപ്പു ചേട്ടന്റെ അരികിലേക്ക്. രണ്ട് കാൽമുട്ടിനും ബലത്തിനു ബെൽറ്റ് കെട്ടിയിരിക്കുന്നു. വീടിന്റെ ഗേറ്റിനു പുറത്തേക്ക് യാത്രയില്ല. കുശലം പറച്ചിലിനു ശേഷം ചേച്ചിയുടെ വക സൽക്കാരം. ഏത്തപ്പഴം നുറുക്കി പ്രത്യേക സ്വാദിൽ പാകം ചെയ്ത നാലുമണി ഭക്ഷണം. മണി ചേട്ടനെയും മറ്റും ചേർത്ത് ഗ്രൂപ്പ് ഫോട്ടോ .

തുടർന്നു ഏറ്റുമാനൂരിലേക്ക്. വടക്കേനട ചുറ്റി നേരെ മനോരമ ചേച്ചിയുടെ മുന്നിലേക്ക്. ഉത്സവം കഴിഞ്ഞിട്ടും അലങ്കാരങ്ങൾ അഴിച്ചു മാറ്റാതെ ക്ഷേത്ര പരിസരം. നിറഞ്ഞ പുഞ്ചിരിയോടെ വരവേൽപ് . കാരുണ്യ പ്രവർത്തനത്തെക്കുറിച്ചും സഭയെക്കുറിച്ചും അന്വേഷണം. എന്തു സഹായവും ചെയ്യാൻ തയ്യാറെന്നു ഉറപ്പ്. പതിവിലും ഉന്മേഷം. അമേരിക്കയിൽ നിന്നു എത്തിയ മകൾ മഞ്ജിമയെ പരിചയപ്പെടുത്തി. അമേരിക്കൻ ജീവിതത്തിനിടയിലും അമ്മയെ കാണാൻ ഇടയ്ക്കിടയ്ക്ക് വീട്ടിലേക്ക്. തിരിച്ചു വരവിന്റെ മന്ദഹാസം ചുണ്ടിൽ. സഭയെക്കുറിച്ച് വാചാലമായി. നാട്ടിൽ ഉണ്ടായിരുന്നെങ്കിൽ സഭ പരിപാടികളിൽ പങ്കെടുക്കുമായിരുന്നെന്നു ഉറപ്പ്. അമേരിക്കയിലെ കൂട്ടായ്മയെക്കുറിച്ചും സംസാരിച്ചു.

സമയം 5.40. 'ലീലാ സദന'ത്തിൽ ലീലാഭായി തമ്പുരാട്ടിയുടെ അടുത്തേക്ക്. ഏറ്റുമാനൂരപ്പന്റെ ഉത്സവ വിശേഷങ്ങൾ പറഞ്ഞ് ഏഴഴകുള്ള ചിരിയോടെ സ്വീകരണം. പ്രസന്നൻ ചേട്ടനെയും കൂട്ടി ഫോട്ടോ സെഷൻ.

തിരികെ ബേക്കർ ജങ്ഷനിൽ എത്തിയപ്പോൾ സമയം വൈകിട്ട് 6.40. തിരുനക്കരയപ്പന്റെ ഉത്സവത്തിനു കൊടിയേറ്റിനുള്ള ചെണ്ടമേളം കാതിൽ.

മീനം ഒന്നിനു രാവിലെ 9.30 നു കോട്ടയം 'ശ്രീനിലയ'ത്തു നിന്നായിരുന്നു യാത്രയുടെ തുടക്കം; തിരുനക്കര ശ്രീരാമ ഹനുമത് ദേവസ്ഥാനത്തു നിന്നു മധു ചേട്ടൻ കൊണ്ടുവന്ന പ്രസാദം കഴിച്ച് കോട്ടയം പട്ടണത്തിൽ നിന്നു വൈകിട്ട് വീട്ടിലേക്ക് നടക്കുമ്പോൾ നക്കരക്കുന്നിന്റെ ഹൃദയത്തിൽ തിരുനക്കരയപ്പന്റെ ഐശ്വര്യത്തിന്റെ കൊടി ഉയർന്നു. ഞങ്ങളുടെ മനസ്സിലും. പ്രസിഡന്റ് അജി ചേട്ടനും ട്രഷറർ വിനുവും ഒന്നിച്ചായിരുന്നു യാത്ര. ●

### കൗതുക കഥകൾ

# കൊച്ചു ഹെൻഡ്രി– ഭാഗം 2

## കാക്ക, കോഴി, തവള

(നമ്മുടെ പഞ്ചതന്ത്രകഥകളിലെന്ന പോലെ, ഫെയറി ടെയിൽസിലും പക്ഷി മൃഗാദികൾ കഥാപാത്രങ്ങളാണ്)

**ഡോ. ആർ. പി. രാജാ,** തിരുവനന്തപുരം

ഹെൻഡ്രി ആ മലയുടേ നേർക്ക് നടക്കാൻ തുടങ്ങി. അപ്പോഴാണ് ഹെൻഡ്രിക്ക് ഒരു കാര്യം മനസ്സിലായത്. വീട്ടിൽ നിന്നും നോക്കിയപ്പോൾ അധികം ദൂരം ഇല്ലെന്ന് തോന്നിയെങ്കിലും, ഒരു ദിവസം മുഴുവനെടുത്തു അതിന്റെ ചുവട്ടിൽ എത്താൻ.

പോകുന്ന വഴിക്ക് ഹെൻഡ്രി ഒരു കാക്കയെ കണ്ടു. അതിന്റെ കാല് ഒരു കെണിയിൽ കുരുങ്ങി പറക്കാൻ വയ്യാതെ അതിൽ നിന്നും രക്ഷപ്പെടാൻ കിണഞ്ഞു ശ്രമിച്ചുകൊണ്ടിരിക്കുന്നതായാണ് കണ്ടത്. ഹെൻഡ്രി അതിന്റെ അടുത്ത് ചെന്ന് കാല് കുരുക്കിയ ചരട് മുറിച്ച് കളഞ്ഞു. സ്വതന്ത്രമായ കാക്ക പറന്നു പോയി. പക്ഷെ അതിനുമുൻപ് കാക്ക ഹെൻഡ്രിയോട് പറഞ്ഞു. “നിന്റെ ഈ ദയക്ക്, എന്നെങ്കിലും ഞാൻ പ്രത്യുപകാരം ചെയ്യും”.

ഒരു കാക്ക സംസാരിക്കുന്നത് കേട്ട് ഹെൻഡ്രി അത്ഭുതപ്പെട്ടു പോയി.

കുറച്ചു ദൂരം ചെന്നപ്പോൾ, ഹെൻഡ്രിക്ക് ചെറിയ വിശപ്പു തോന്നി. ഒരു കുറ്റിക്കാട്ടിൽ ഇരുന്ന് കയ്യിലുണ്ടായിരുന്ന ഒരു ഉണങ്ങിയ റൊട്ടി കഷ്ണം തിന്നുവാൻ തുടങ്ങി. അപ്പോൾ ഒരു കോഴിയെ കുറുക്കൻ പിടിക്കാനായി ഓടിക്കുന്നതു കണ്ടു. മിക്കവാറും കുറുക്കൻ കോഴിയെ പിടിക്കുമെന്നായി. ആ സമയത്ത് അത് ഹെൻഡ്രിയുടെ മുന്നിലെത്തി. ഹെൻഡ്രി അതിനെ കടന്നു പിടിച്ച് തന്റെ കോട്ടിനകത്ത് ഒളിപ്പിച്ചു. കുറുക്കൻ അത് കണ്ടില്ല. കോഴി മുൻപോട്ട് ഓടിയെന്ന് വിചാരിച്ച് കുറുക്കൻ മുൻപോട്ട് ഓട്ടം തുടർന്നു. കുറുക്കൻ പോയി കഴിഞ്ഞപ്പോൾ, ഹെൻഡ്രി കോഴിയെ പുറത്തുവിട്ടു. “നന്ദി ഹെൻഡ്രി. ഇതിന് ഞാൻ എന്നെങ്കിലും നിനക്ക് പ്രത്യുപകാരം ചെയ്യും.”

ഹെൻഡ്രി പിന്നേയും മുൻപോട്ട് നടന്നു. കുറേ ദൂരം ചെന്നപ്പോൾ, ഒരു പാമ്പ് ഒരു തവളയെ പിടിക്കാൻ അടുക്കുന്നത് കണ്ടു. ഭയം കൊണ്ട് അനങ്ങാൻ പോലും നിവർത്തിയില്ലാതെ ആ തവള വിറങ്ങലിച്ച് ഇരിക്കയാണ്. പാമ്പാണെങ്കിൽ അതിന്റെ അടുത്തേക്ക് ഇഴഞ്ഞിഴഞ്ഞു വരികയാണ്. പാമ്പ് അടുത്തു വന്ന് തവളയെ വിഴുങ്ങാൻ വായ് തുറന്നപ്പോഴേക്കും ഹെൻഡ്രി ഒരു കല്ലെടുത്ത് ഉന്നം വച്ച് ഒരേറു കൊടുത്തു. അത് കൃത്യമായി പാമ്പിന്റെ വായ്ക്കകത്ത് കേറി തൊണ്ടയിൽ കുടുങ്ങി. തവള ചാടി ചാടി പോയി. പോകുമ്പോൾ “നന്ദി ഹെൻഡ്രി, ഞാൻ എന്നെങ്കിലും നിനക്ക് പ്രത്യുപകാരം ചെയ്യും.” എന്നു വിളിച്ച് പറഞ്ഞുകൊണ്ടാണ് പോയത്.

ഒരു കാക്കയും കോഴിയും വർത്തമാനം പറയുന്നത് കേട്ടിരുന്നതിനാൽ, തവള സംസാരിച്ചപ്പോഴും ഹെൻഡ്രിക്ക് അൽഭുതം തോന്നിയില്ല.

അധികം താമസിയാതെ ഹെൻഡ്രി മലയുടെ ചുവട്ടിൽ എത്തി. പക്ഷെ അവിടെ നോക്കിയപ്പോൾ, കര കാണാൻ വയ്യാത്തതും അതി ശക്തമായ ഒഴുക്കും, നീർചുഴികളും ഒക്കെയുള്ള ഒരു നദി ആ മലയുടെ താഴ്വാരത്തെ ചുറ്റി പോകുന്നതാണ് കണ്ടത്. ഹെൻഡ്രി തന്നത്താൻ പറഞ്ഞു, “ഇത് ഞാൻ എങ്ങിനെ കടക്കും? വല്ല പാലമോ, വഞ്ചിയോ അല്ലെങ്കിൽ പ്രകൃത്യാ കടക്കാൻ സാധിക്കുന്ന വല്ല സ്ഥലവും ഉണ്ടാകും, നോക്കാം.” ആ നദിയുടെ കരയിൽ കൂടി ഹെൻഡ്രി നടന്നു തുടങ്ങി. എന്നാൽ എത്ര നടന്നിട്ടും നദി അത്ര തന്നെ വിസ്താരമുള്ളതായി കണ്ടു. ഒരു വഞ്ചിയോ, പാലമോ ഒന്നും കാണാനുമുണ്ടായിരുന്നില്ല. നിരാശയുടെ ഒരു ലാഞ്ഛന

ഹെൻഡ്രിയെ പിടികൂടി. അവിടെ നദീ തീരത്ത് ഇരുന്നുകൊണ്ട് ഹെൻഡ്രി വിലപിച്ചു, ''അല്ലയൊ നല്ല ഫെയറീ എന്നെ സഹായിക്കാൻ ഒന്നു വരൂ. ഈ മലയുടെ മുകളിൽ എന്റെ അമ്മയെ രക്ഷിക്കാനുള്ള, ജീവൻ നൽകുന്ന ചെടി ഉണ്ടെന്ന് അറിഞ്ഞിട്ട് എന്തു പ്രയോജനം? എനിക്ക് ഈ നദി കടക്കാനാകുന്നില്ലല്ലൊ. എനിക്ക് അവിടെ അതു പറിക്കാൻ എത്തിച്ചേരാൻ സാധിക്കുന്നില്ലല്ലൊ."

ഇതു പറഞ്ഞു തീരാത്ത താമസം, നേരത്തെ ഹെൻഡ്രി കണ്ട ആ കോഴി അവിടെ പ്രത്യക്ഷപ്പെട്ടു. എന്നിട്ട് ഹെൻഡ്രിയോട് പറഞ്ഞു, "ഹെൻഡ്രി നിനക്കു വേണ്ടി നല്ല ഫെയറിക്ക് ഒന്നും ചെയ്യാനാവുകയില്ല. കാരണം അവളുടെ ശക്തികൾക്കപ്പുറമാണ് ഈ മല നിൽക്കുന്നത്. പക്ഷെ, നീ എന്നെ രക്ഷിച്ചതുകൊണ്ട് ഞാൻ എന്റെ നന്ദി പ്രകടിപ്പിക്കാം. നീ എന്റെ പുറത്തു കയറൂ, ഞാൻ നിന്നെ ഈ നദിയുടേ അക്കരെ എത്തിക്കാം എന്ന് വാക്ക് തരുന്നു." ഇതു പറഞ്ഞപ്പോഴേക്കും കോഴിയുടെ വലിപ്പം കൂടി. ഹെൻഡ്രി അതിന്റെ പുറത്തുകയറി. അതിന്റെ തലയിലുള്ള പൂവിൽ ഹെൻഡ്രി ഇറുക്കി പിടിച്ചുകൊണ്ടിരുന്നു. ഒരു കുതിരപ്പുറത്തെ സവാരി പോലെ, ഹെൻഡ്രി കോഴിയുടെ പുറത്തിരുന്നുകൊണ്ട് നദി കടക്കുവാൻ തുടങ്ങി. പക്ഷെ അതൊരു സാധാരണ യാത്ര ആയിരുന്നില്ല. ഇരുപത്തിയൊന്നു ദിവസം പറന്നാണ് കോഴി ഹെൻഡ്രിയെ അക്കരെ എത്തിച്ചത്. ഈ സമയത്തൊന്നും ഹെൻഡ്രിക്ക് വിശപ്പോ ദാഹമോ ഒന്നും അനുഭവപ്പെട്ടിരുന്നില്ല. അക്കരെ എത്തിക്കഴിഞ്ഞപ്പോൾ, ഹെൻഡ്രി കോഴിയോട് നന്ദി പറഞ്ഞു. കോഴി പൂർവരൂപത്തെ പ്രാപിച്ച് പറന്നു പോയി. അത്ഭുതമെന്നു പറയട്ടെ, ഒരു നിമിഷം കഴിഞ്ഞ് ഹെൻഡ്രി തിരിഞ്ഞു നോക്കിയപ്പോൾ, ആ നദിയും കാണാനില്ലായിരുന്നു.

ഈ മലയിലേക്ക് വരുന്നതിന് തടസ്സങ്ങൾ സൃഷ്ടിച്ചത് ഈ മലയുടെ ദേവത ആയിരിക്കാം' ഹെൻഡ്രി ഒരു ആത്മഗതം പറഞ്ഞു. എന്നാൽ നല്ല ഫെയറിയുടെ സഹായത്താൽ ഞാൻ എന്റെ വഴിയിൽ നല്ലപോലെ മുൻപോട്ട് പോയിരിക്കുന്നു.

(തുടരും)

*58–ൽ* നിന്നും

ലേയ്ക്ക് യാത്രയായി ... അവിടെ ഞങ്ങൾ കൃത്യം രണ്ടു മണിയ്ക്ക് തന്നെ എത്തി... മേക്കപ്പ് റൂമിലേയ്ക്ക് ആറ്റുകാൽ അമ്പലം ട്രസ്റ്റിയും എന്റെ സഹപ്രവർത്തകയുമായ വൈദ്യുതി ഭവനിൽ സീനിയർ സൂപ്രണ്ട് അനിത പണിക്കർ ചായയും ബിസ്ക്കറ്റും എല്ലാവർക്കുമെത്തിച്ചു.. പരിപാടി അഞ്ചര മണിയ്ക്കായിരുന്നു എങ്കിലും തുടങ്ങിയപ്പോൾ ആറ് ആറേകാലായി എന്ന് ഓർക്കുന്നു.. പിന്നീടെല്ലാം വളരെ മംഗളകരം.. നൃത്ത പരിപാടി കഴിഞ്ഞയുടനെ നൃത്തവേഷത്തിൽ തന്നെ നർത്തകികളേയും കുടുംബക്കാരേയും ഒരു സംഘാടകൻ വന്ന് പ്രത്യേകം കൂട്ടിക്കൊണ്ടു പോയി നടയ്ക്ക് മുൻപിൽ നിറുത്തി ദർശനം തരപ്പെടുത്തി. പകൽ സംഭവിച്ചതെല്ലാം മംഗളകരമായി അവസാനിച്ചതിന്റെ ചാരിതാർത്ഥ്യത്തിൽ ഞങ്ങൾ കൂപ്പുകൈകളോടെ ധ്യാനിച്ച് ദേവിയുടെ മുൻപിൽ നിന്നു ...

"ആറ്റുകാലമ്മേ ശരണം" ●

## ദേശീയ അവാർഡ്




മോഹിനിയാട്ടം നർത്തകി **ഗോപിക വർമ്മ** ഉപരാഷ്ട്രപതി എം. വെങ്കയ്യ നായിഡുവിൽ നിന്നു സംഗീത നാടക അക്കാദമി പുരസ്കാരം സ്വീകരിക്കുന്നു.

# A FEW MEMORIES



**E. Rama Varma Raja,** Ennakkad Palace

My First Gurunadhan in childhood was Kunju Pilla Asan who taught me ABC of Malayalam and Arithmetic to write on soil and utter. My primary education began at Ennakkad LP school, Kunnathoor UP School and Mannar High School in Alappuzha District. I had been walking to and fro in the morning and evening for miles together except LP School which was near my house. All the three schools are entirely different from ancient days. Head Masters of the schools were Alexander Sir, Damodaran Nair Sir, Achuthan Pilla Sir respectively. They were very learned, kind and gracious who loved me tenderly.

Mannar High School is 4 or 5 miles away but Kunnathoor U.P. School was 3 miles away from my abode. There was no bridge then over Achankovil River; the oarsman by name Pappy ferried across river by rowing a wooden boat with long bamboo up and down the water current. Now a bridge above the river is a welcome relief to all.

Being a so-called monitor in one of the classes 1 to 5 at Ennakkad school as per order of Kamalamma teacher I had been ringing or tolling the school bell, round in shape with iron rod, before 10 A.M for one minute or so on certain days, a signal for classes to begin. All boys and girls outside then remained in their classes for prayer.

In the U.P. school at Kunnathoor my English teacher Thomas Sir once asked me to sit on the door step of the classroom and look at the sky while teaching a lesson in which the first sentence of it is ''sunny sat on the door step and looked at the sky.'' I obeyed him. Thomas sir then said to my classmates in this way. "Thampuran sat on the door step of the class room and looked at the sky." Rarest of the rare way of teaching.

In the High School at Mannar studying for VI form my class teacher Gopi sir picked me to deliver a speech on a Friday weekly meeting about Sardar Patel, the Iron Man of India. My beloved father helped me to prepare the notes. My father and I went to see Thomas sir. Father read what he had written to make the English speech excellent. Thomas sir said to us ok, suggested something more to add. I steadied by heart and addressed when I was asked to speak. A loud applause pierced all ears of boys and girls gathered in the classroom. I am ever thankful to all my gurus, masters and teachers especially my respected father for my best performance although I am not at all an orator. In this context I adore my all school masters and women teachers with folded hands and prostrate for my success in life. May the departed souls rest in peace.


My father used to say to me the verse of great men,viz.

***"Lives of great men all remind us***
***We can make our lives sublime***
***And departing leaves behind us***
***Foodprints on the sands of time"*** ●

H.W. Longfellow.

# ഈശാവാസ്യ ഉപനിഷത്ത്

**കെ.സി. രാമവർമ്മ രാജ, വലിയരാജ,** നീലേശ്വരം



ഇസ്ലാംമതത്തിലെ പരമഗ്രന്ഥം 'വിശുദ്ധ ഖുറാനാ'ണ്. അതുപോലെ ക്രൈസ്തവ മതത്തിലേത് 'ബൈബിൾ' ആണ്. ഹിന്ദുമതത്തിലേതിനെ പറ്റി ചോദിച്ചാൽ പലരും പലതും പറയും. ഗീത, രാമായണം, മഹാഭാരതം, ഭാഗവതം എന്നൊക്കെ. പക്ഷെ എല്ലാറ്റിന്നും, ആധാരമായ, പരമഗ്രന്ഥം 'വേദ'മാണ്. ഋഷിപ്രോക്തങ്ങളാണ്, വേദമന്ത്രങ്ങൾ. സനാതനധർമ്മം അഥവാ ഭാരതീയ സംസ്ക്കാരം തത്വങ്ങളിൽ നിന്ന് ഉടലെടുത്തതാണ്. ചിരപുരാതനവും നിത്യസത്യവുമായതാണ് നമ്മുടെ സംസ്ക്കാരം. ശ്രവണപരമ്പരയായി വന്നതിനാൽ, വേദങ്ങളെ 'ശ്രുതി' എന്നും പറയും. ഈ ശ്രുതികളെയെല്ലാം വേണ്ടുംപോലെ പിരിച്ച് നാലായി, പകുത്ത, കൃഷ്ണദ്വൈപായനനെ, 'വേദവ്യാസൻ' എന്നു പറയുന്നു. ഋക്, യജസ്സ്, സാമം, അഥർവ്വം എന്നിങ്ങനെയുള്ള വേദങ്ങളിൽ യജുർവ്വേദത്തിൽപ്പെട്ടതാണ് ഈശാവാസ്യ ഉപനിഷത്ത്. ഗുരുസന്നിധിയിൽ ഇരുന്ന് പരമ്പരയായി, മന്ത്രങ്ങൾ പഠിച്ചിരുന്നതിനാലാണ് ഉപനിഷത്ത് എന്ന പേർ വന്നത്. ഭഗവദ്ഗീതയിൽ 18 അദ്ധ്യായങ്ങളിലായി പ്രതിപാദിക്കുന്ന വിഷയങ്ങൾ, ഈശാവാസ്യ ഉപനിഷത്തിലെ 18 ശ്ലോകങ്ങളിൽ അടങ്ങിയിട്ടുണ്ട്. സത്യത്തിന്റെ വിവരണവും ജീവിതം, ധന്യമാക്കാൻ ഓരോ വ്യക്തിയും എങ്ങനെ ജീവിതത്തെ ദർശിക്കണം എന്നും ഈ വേദാന്തത്തിൽ നിന്ന് നമുക്ക് മനസ്സിലാക്കാം.

**ശ്ലോകം 1**

*ഓം ഈശാ വാസ്യ മിദം സർവം*
*യത് കിഞ്ച ജഗത്യാം ജഗത്*
*തേന ത്യക്തേന ഭുഞ്ജീഥാഃ*
*മാ ഗൃധഃ കസ്യസ്വിദ്ധനം*

സാരം: ജഗത് മുഴുവനും ഈശ്വരൻ വസിക്കുന്നു. അതുകൊണ്ട് നീ മുക്തനായി, അന്യന്റെ ധനം ആശിക്കാതെ ജീവിക്കുക.

**ശ്ലോകം 2**

*കുർവന്നേവേഹ കർമാണി*
*ജിജീവിഷേച്ഛതം സമാഃ*
*ഏവം ത്വയി നാന്യഥേതോഽസ്തി*
*ന കർമ ലിപ്യതേ നരേ*

സാരം: സ്വധർമ്മം ചെയ്തുകൊണ്ടുതന്നെ, പരമാവധി പുരുഷായുസ്സായ 100 വർഷം, നിസ്സംഗനായി ജീവിക്കേണ്ടതാണ്. അങ്ങിനെയായാൽ, കർമ്മമാലിന്യം, ആ വ്യക്തിയെ സ്വാധീനിക്കുകയില്ല. കർമ്മബന്ധനമൊഴിവാക്കാൻ, ഇതല്ലാതെ വേറെ വഴിയില്ല.

**ശ്ലോകം 3**

*അസുര്യാ നാമതേ ലോകാ*
*അന്ധേന തമസാഽവൃതാഃ*
*താം സ്തേ പ്രേത്യാഭിഗച്ഛന്തി*
*യേ കേ ചാത്മഹനോ ജനാഃ*

സാരം: സ്വന്തം ആത്മാവിനെ വഞ്ചിക്കുന്നവൻ മരിച്ചശേഷം പോകുന്നത്, കൂരിരുട്ടായ ആസുരി ലോകത്തിലായിരിക്കും.

**ശ്ലോകം 4:**

*അനേജദേകം മനസോ ജവീയോ*
*നൈനദ്ദേവാ ആപ്നുവൻപൂർവമർഷത്*
*തദ്ധാവതോഽന്യാനത്യേതി*
*തിഷ്ഠത്തസ്മിന്നപോ മാതരിശ്വാദധാതി*

സാരം: ബോധം (ബ്രഹ്മം) മാറ്റമില്ലാത്തതും ഏകവും മനസ്സിനെക്കാൾ വേഗതയുള്ളതുമാകുന്നു. ഇന്ദ്രിയങ്ങൾക്ക് അതിനെ മനസ്സിലാക്കാൻ കഴിയുകയില്ല. ഒരിടത്ത് ഇരുന്നിട്ട്, അത് മനസ്സിനെയും ഇന്ദ്രിയങ്ങളെയും നിയന്ത്രിക്കുന്നു. അതിനെ, ആധാരമാക്കിയിട്ടാണ്, വായു എല്ലാ പ്രാണികളെയും നിലനിർത്തുന്നത്.

**ശ്ലോകം 5**

*തദേജതി തന്നൈജതി*
*തദ്ദൂരേ ദത്വന്തികേ*
*തദന്തരസ്യ സർവസ്യ*
*തദു സർവസ്യാസ്യ ബാഹ്യതഃ*

സാരം: ആ ബോധം ചലിക്കുന്നു. അത് ചലിക്കുന്നുമില്ല. അത് ദൂരെയാണ്. അത് അടുത്തുമാണ്. അത് സകലതിന്റെയും അകത്തും പുറത്തും ഉണ്ട്. (ശരിക്ക്, അതിലാണ് എല്ലാം ഇരിക്കുന്നത്. ദ്വാരകവാസി എന്ന് വിളിച്ചപ്പോൾ ശ്രീകൃഷ്ണഭഗവാൻ വന്നില്ല. ഹൃദയവാസി എന്ന് വിളിച്ചപ്പോഴാണ് ഭഗവാൻ ദ്രൗപദിയെ വസ്ത്രാക്ഷേപസമയത്ത് രക്ഷിച്ചത്.)

ശ്ലോകം 6

*യസ്തു സർവാണി ഭൂതാനി*
*ആത്മന്യേവാനുപശ്യതി*
*സർവഭൂതേഷു ചാത്മാനം*
*തതോ ന വിജുഗുപ്സതേ*

*സാരം:* യാതൊരാൾ സകല ചരാചരങ്ങളെയും സ്വന്തം ആത്മാവിലും, എല്ലാറ്റിലും തന്നെയും കാണുന്നുവോ, അയാൾ ഒന്നിനെയും വെറുക്കുന്നില്ല.

**ശ്ലോകം 7**

*യസ്മിൻ സർവാണി ഭൂതാനി*
*ആത്മൈവാഭൂ ദ്വിജാനതഃ*
*തത്ര കോ മോഹഃ കഃ ശോക*
*ഏകത്വമനുപശ്യതഃ*

*സാരം:*

ഏകത്വം ഉറപ്പ് വന്ന ഒരു വ്യക്തിക്ക് മോഹവും ഇല്ല, ശോകവും ഇല്ല.

*ശ്ലോകം 8*

*സ പര്യഗാച്ഛുക്രമകായ മവ്രണ-*
*മസ്നാവിരം ശുദ്ധ പാപവിദ്ധം*
*കവിർമനീഷീ പരിഭൂഃ സ്വയംഭൂ*
*ർയഥാതഥ്യതോഽർഥാൻ*

വ്യദധാച്ഛാശ്വതീഭ്യഃ സമാഭ്യഃ

സാരം: ആ ആത്മാവ്, സർവ്വവ്യാപിയും തേജോമയവും, ശരീരമില്ലാത്തതും മുറിവില്ലാത്തതും ഞരമ്പുകളില്ലാത്തതും നിർമ്മലവും പാപമില്ലാത്തതും സർവ്വസാക്ഷിയും മനസ്സിനെ നിയന്ത്രിക്കുന്നതും സർവ്വാതീതവും നിരാശ്രയനായി വർത്തിക്കുന്നതുമാകുന്നു. അത് പ്രജാപതിമാർക്ക്, അവരവരുടെ പ്രവർത്തികൾ വിഭജിച്ച് കൊടുത്തു.

**ശ്ലോകം 9**

*അന്ധം തമഃ പ്രവിശന്തി*
*യേഽവിദ്യാമുപാസതേ*
*തതോ ഭൂയ ഇവ തമോ*
*യ ഉ വിദ്യായാം രതഃ*

സാരം: അവിദ്യയെ മാത്രം പൂജിക്കുന്നവർ, കൂരിരുട്ടിലേക്ക് പ്രവേശിക്കുന്നു. വിദ്യയെ (ദേവതാദിജ്ഞാനത്തിൽ) മാത്രം പൂജിക്കുന്നവർ അതിലും കൂടുതലായ കൂരിരുട്ടിൽ പ്രവേശിക്കുന്നു.

**ശ്ലോകം 10**

*അന്യ ദേവാഹുർവിദ്യയാ*
*അന്യ ദാഹുര വിദ്യയാ*
*ഇത് ശ്രുശ്രുമ ധീരാണാം*
*യേ നസ്തദ്വിച ചക്ഷിരേ*

സാരം: ചിലത് വിദ്യയാലും മറ്റ് ചിലത് അവിദ്യയാലും പ്രാപ്തമാകുന്നു എന്നാണ് ജ്ഞാനികളുടെ അഭിപ്രായം.

**ശ്ലോകം 11**

*വിദ്യാം ചാവിദ്യാം ച*
*യസ്തദ്വേദോ ഭയം സഹ*
*അവിദ്യയാ മൃത്യും തീർത്വാ*
*വിദ്യയാഽമൃതമശ്നുതേ*

സാരം: വിദ്യയെയും അവിദ്യയെയും ഒരുമിച്ച് ചെയ്യുന്നവൻ, അവിദ്യ കൊണ്ട്, മരണത്തെ ജയിച്ചിട്ട്, വിദ്യ കൊണ്ട് ആത്മസാക്ഷാത്ക്കാരം നേടുന്നു.

**ശ്ലോകം 12**

*അന്ധം തമഃ പ്രവിശന്തി*
*യേ്സംഭൂതിമുപാസതേ*
*തതോ ഭൂയ ഇവ തേ തമോ*
*യ ഉ സംഭൂത്യാം രതാഃ*

*സാരം:* പ്രകൃതിയെ (അവ്യക്തത്തിനെ) ഉപാസിക്കുന്നവർ അന്ധമായ ഇരുട്ടിൽ പ്രവേശിക്കുന്നു. വ്യക്തത്തിൽ (ഹിരണ്യഗർഭോപാസനയിൽ) മാത്രം ഉപാസിക്കുന്നവർ, അതിനെക്കാൾ കൂടിയ ഇരുട്ടിൽ പോകുന്നു.

**ശ്ലോകം 13**

*അന്യദേവാഹുഃ സംഭവാദ്*
*അന്യദാഹുരസം ഭവാത്*
*ഇതി ശുശ്രുമ ധീരാണാം*
*യേ നസ്തി ദ്വി ച ചക്ഷിരേ*

സാരം: അവ്യക്തത്തിന്റെയും വ്യക്തത്തിന്റെയും ഉപാസനകളുടെ ഫലം വേറെ വേറെയാണ്. ഇതാണ് ജ്ഞാനികളുടെ അഭിപ്രായം.

**ശ്ലോകം 14**

*സംഭൂതിം പ വിനാശം ച*
*യസ്ത ദ്വേ ദോഭായം സഹ*
*വിനാശേന മൃത്യം തീർത്വാ*
*സംഭൂത്യാ്മൃതമശ്നുതേ*

സാരം: രണ്ട് ഉപാസനകളും ഒരുമിച്ച് ചെയ്യുന്നവൻ, അവ്യക്തോപാസന കൊണ്ട് മരണത്തെ ജയിച്ചിട്ട്, വ്യക്തോപാസന കൊണ്ട് അമൃതത്തെയും പ്രാപിക്കുന്നു.

**ശ്ലോകം 15**

*ഹിരണ്മയേന പാത്രേണ*
*സത്യസ്യാപി ഹിതം മുഖം*
*തത്ത്വം പൂഷന്ന പാവൃണു*
*സത്യധർമ്മായ ദൃഷ്ടയേ*

സാരം: സ്വർണ്ണമയമായ പാത്രത്താൽ, സത്യത്തിന്റെ മുഖം മൂടപ്പെട്ടിരിക്കുന്നു. ശരിയായ ധർമ്മത്തെ പാലിക്കുന്ന എനിക്ക്, സൂര്യനിലെ ബ്രഹ്മത്തെ കാണുന്നതിന് ഈ മൂടിയെ മാറ്റി തന്നാലും.

**ശ്ലോകം16**

*പൂഷന്നേ കർഷേ യമ സൂര്യപ്രാജാപത്യ*
*വ്യൂഹരശ്മിൻ സമൂഹ തേജഃ*
*യത്തേരൂപം കല്ല്യാണതമം തത്തേ പശ്യാമി*
*യോ്സാവസൗ പുരുഷഃസോ്ഹമസ്തി*

*സാരം:* സർവ്വ നിയന്താവും, പ്രജാപതിയുടെ പുത്രനുമായ ഹേ സൂര്യ ഭഗവാനെ, അങ്ങയുടെ രശ്മികളെ ഒരുമിച്ച് ചേർത്തുമാറ്റി നിർത്തിയാൽ എനിക്ക് അങ്ങയിലെ പുരുഷനെ കാണാൻ പറ്റും. അത് തന്നെയാണ് എന്റെയും യഥാർത്ഥ സ്വരൂപം.

**ശ്ലോകം 17**

*വായുരനില മമൃതമഥേദം ഭസ്മാന്തം ശരീരം*
*ഓം ക്രതോ സ്മരകൃതം സ്മര*
*ക്രതോ സ്മര കൃതം സ്മര*

സാരം: മരിക്കുവാൻ പോകുന്ന എന്റെ പ്രാണവായു വായുവിൽ ലയിക്കട്ടെ. ഈ സ്ഥൂലശരീരം ഭസ്മമായി തീരട്ടെ. അഗ്നിഭഗവാനെ എന്റെ പ്രവർത്തികളെ സ്മരിച്ചാലും.

**ശ്ലോകം 18**

*അഗ്നേ നയ സുപഥാ രായേ അസ്മാൻ*
*വിശ്വാനി ദേവ വയുനാനി വിദ്വാൻ*
*യുയോധ്യസ്മ ജ്ജുഹുരാണമേനോ*
*ഭൂയിഷ്ഠാം തേ നമ ഉക്തിം വിധേമ*

*സാരം:* എല്ലാം അറിയുന്ന അഗ്നിഭഗവാനെ, എന്നെ നേർവഴിക്ക് നയിക്കണേ. ചെയ്യുന്ന പാപങ്ങളെ നീക്കിയാലും അങ്ങയെ നമസ്ക്കരിക്കുന്നു.

ഈ വേദാന്തം, കർമ്മത്തിൽ നിന്ന് ജ്ഞാനത്തിലേക്ക് നമ്മളെ നയിക്കുന്നു. കർമ്മ ഫലത്യാഗത്തോടെ ജീവിക്കണം. അതിന്നായി യമ (അഹിംസ, സത്യം, അസ്തേയം, ബ്രഹ്മചര്യം, അപരിഗ്രഹം) നിയമങ്ങൾ (ശൗചം, സന്തോഷം, തപസ്സ്, സ്വാദ്ധ്യായം, ഈശ്വരപ്രണിധാനം) അനുഷ്ഠിക്കണം സന്ധ്യാവന്ദനസമയത്ത് ഗായത്രി ഉപാസനയോടൊത്ത് ചൊല്ലിവരുന്ന മന്ത്രമാണ് "അസാവാദിത്യോ ബ്രഹ്മ, ബ്രഹ്മൈവാഹമസ്മി" (ഈ ആദിത്യൻ ബ്രഹ്മം തന്നെയാണ്. ഞാനും ബ്രഹ്മം തന്നെയാകുന്നു.) ഈ ആശയത്തിന്റെ ഉറവിടം ഈശാവാസ്യ ഉപനിഷത്താണ്.

*ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ*

# SREEKRISHNA BALALEELA -1

**Dr. Kumuda Bai,** Poonjar



Once this Bhoomi was inhabited by evil Kings and their accomplices. Bhoomidevi couldn’t bear this situation and she approached Brahma in the guise of a cow to make a complaint. Devas also arrived with a similar complaint. Brahma immediately took them all to the banks of the Milky Ocean and prayed to Lord Vishnu. The supreme God appeared in the mind’s eye of Brahma and conveyed the message that He could understand the situation and promised to take birth on earth in the yadavakulam and solve all their problems. Madura was the capital city for the various rulers of Yadavas and there the most cruel King Kamsa ruled after imprisoning his father. His paternal cousin Devaky got married to Vasudevar and Kamsa offered to take the newly married couple to the grooms’s place in his chariot. On the way, they all heard an Etherial Voice loudly proclaiming to Kamsa that the 8th son of Devaky will kill him. The angry King wanted to kill his sister then and there, but was pacified by Vasudevar who promised to hand over their children as soon as they were born. The uncle killed all the sons born to Devaky. He kept the couple in jail to make sure that the 8th son doesn’t escape from his hands.

Thus more than 5000 years ago Lord Krishna was born as the 8th son of Devaky in a dark cell of Kamsa’s jail in Madura. Of all the Avatharas of Lord Vishu only this incarnation as Sreekrishna is considered as a Sampoorna Avatharam (Sum Total of Bhagavan Narayana) with all His Glory.

*തമദ്ഭുതം ബാലകമംബുജേക്ഷണം*
*ചതുർഭുജം ശംഖഗദാര്യുദായുധം*
*ശ്രീവത്സലക്ഷ്മം ഗളശോഭികൗസ്തുഭം*
*പീതാംബരം സാന്ദ്രപയോദസൗഭഗം (9)*

*മഹാർഹവൈഢൂര്യ കിരീട കുണ്ഡല*
*ത്വിഷാപരിഷ്വക്ത സഹസ്ര കുന്തലം*
*ഉദ്ദാമ കാഞ്ച്യംഗദ കങ്കണാദിഭി–*
*ർവ്വിരോചമാനം വസുദേവ ഐക്ഷത.* (10)

(ഭാഗവതം: ദശമസ്ക്കന്ദം, മൂന്നാമദ്ധ്യായം,
ശ്ലോകം 9, 10)

These two verses in Bhagavatam Moolam in Sanskrit give us a pictorial description of how as a small wonder boy Bhagavan appeared in front of Vasudevar and Devaky at the time of His birth. Lotus eyes, four arms holding the weapons Mace, Disc, Conch and Lotus, Sreevalsam mark on the chest, Kowsthubham shining on the neck, yellow silk robes, deep dark lush rain cloud complexion, crown and ear rings of sparkling Vaidooryam giving a sheen to the thousands of curly locks of hair, well adorned with armlets, bangles, waistband and anklets in a sparkling form.

This vision moved the parents to tears and prayers! The Lord was pleased and told them that this was the third time he is being born to them as son as they had prayed only for occasions to do services to him and shower their affection as on to a son. They were asked to fulfil their desire and to love him as son as well as Bhagavan to attain salvation in this life itself. They were scared lest the cruel Kamsa be provoked to harm their precious child. So they urged him to change his form to a normal child. Before obliging to their request, He instructed Vasudevar as to what he should do.

As per His wish Vasudevar took the baby in his hands. The chains binding him came off, the locked doors opened spontaneously and he came out of the jail free. The jail keepers were fast asleep. The sky was overcast and there was a drizzle. Aadishesha (the king of snakes) accompanied the father and son unfolding its hoods to form an umbrella and led them lighting the way with the crown jewels. The overflowing river Yamuna parted in the middle to let the Prabhu be carried across to the other bank.

Meanwhile in Gokulam Yogamayadevi was born to Yashoda and the exhausted mother and friends fell into deep sleep by Maya, not even bothering to check the sex of the baby.

Vasudevar entered Nandavrajam (the farm village of Nandagopa) and was correctly led to the house of Yashoda and Nandagopa by the weak cry of the newborn. Vasudevar went into the house, laid gently his beloved son close to the sleeping mother reluctantly, took the girl child in his hands and returned quickly to the jail. As soon as he laid the baby by the side of Devaky, the doors of the jail closed and he was back in chains.

The baby started crying waking up the watchmen. They rushed to inform Kamsa about the long awaited birth. Kamsa hurried to the scene in all anxiety and fear, not even bothering to tie his loosened hair. He entered the room and forcefully pulled the baby out of a crying mother begging not to kill the girl child who could one day be the bride to his son. But cruel Kamsa had no hesitations. He tried to smash the baby's head onto the round stone intended for that purpose holding on to the girl's feet. But behold the wonder of wonders! The baby slipped off his grips and rose up in the sky, to appear with 8 arms and all the Vibhushas. Kamsa had the good fortune to behold the Goddess as he had caught her Holy feet even though with bad intention. She uttered to the wonder struck Kamsa : "Hey Fool! What is to be gained by killing me? I can burn you to ashes instantly if I want, but I am not doing it. The person who killed you in your previous birth is already born to kill you. Don't hurt innocent souls unnecessarily "And she vanished. With the Darshan of Sarveswari his mind became clear and pure for a short while. He released Devaky and Vasudevar from the jail and sought their forgiveness.

But this kindness was short lived. Next day when the Council was informed about the new developments, his ministers advised him other wise. They promised that they will hunt for and kill all the newborns of ten days or less of age and prevent all Dharmayajnas of brahmins using milk and milk products. They wanted only his orders to start with their work.

Meanwhile in the Gokulam the news that a son was born to Nandagopar was spreading like wildfire making everyone rejoiced. People started flowing to his house carrying gifts. They saw the blessed mother and the enchanting child and prayed for long life and health for the newborn. They celebrated the birth of a son to their leader by playing on the bands smearing each other with milk, ghee and curd, singing and dancing. The proud father performed the traditional rites for the newborn and poojas for Pithrus and Devas by specially invited Brahmins. Gave away two lakhs of decorated cows and seven mounds of sesame seeds as daanam. The pleased Brahmins blessed them all.

Rohinidevi, wife of Vasudevar who was hiding from the cruel king Kamsa with her son Balarama who were being looked after by Nandagopar and Yashoda, were the happiest in Gokulam. She, adorned in her best dress, happily played the role of a perfect hostess attending to all the needs of the guests. She was the lucky one and not Devaky the real mother, who had the good fortune to

*Continued....P75*

# കവി സിദ്ധി വരുത്തുന്ന അക്ഷരശ്ലോകം



**വേലൂർ പരമേശ്വരൻ നമ്പൂതിരി**
കുട്ടമ്പേരൂർ, ആലപ്പുഴ. മൊ.9447978024

മലയാളഭാഷയുടെ വ്യാപകത്വക്കുറവ് നമ്മുടെ അക്ഷരശ്ലോക കേളിയേയും സാരമായി ബാധിച്ചിട്ടുണ്ട്. മലയാളം പഠിക്കാതെതന്നെ ഡിഗ്രിയും അതിനുപരിപഠനവും നടത്തി, പ്രസ്തുത ക്ലാസിലെ അധ്യാപകരോട് ഒരുവാക്കുപോലും സംസാരിക്കാതെ സർട്ടിഫിക്കറ്റും കൊണ്ടുവരാവുന്ന ഈ കാലത്താണ് അക്ഷരശ്ലോകത്തിന്റെയും കഥകളിയുടേയും മറ്റും ഭാവി നാം ചിന്തിക്കേണ്ടത്. മലയാളപഠനം തന്നെ 'ശീലാവതി' ആയി മാറിയിരിക്കുന്നു. മലയാളം എം.എ യെക്കാൾ വലുതാണുപോലും ബി.എസ്.സി ഫിസിക്സും മാത്സും കെമിസ്ട്രിയും. അതുപോലെ 'അച്ചീചരിതങ്ങൾ പുച്ഛമായി മാറിയിരിക്കുന്നു നവതലമുറയ്ക്ക്. ഉണ്ണിയച്ചീചരിതം, ഉണ്ണിച്ചിരുതേവീ ചരിതം തുടങ്ങിയവയും ഉണ്ണുനീലി സന്ദേശം, കോകസന്ദേശം തുടങ്ങിയ സന്ദേശകാവ്യങ്ങളും അന്യം നിന്നു പോകുമല്ലോ എന്ന ഭയം മലയാള ഭാഷാപ്രേമികൾക്കുണ്ടാകും. ഇതിനേക്കാൾ രസകരമാണ് മലയാളഭാഷയിലെ ഡോക്ടറേറ്റ്. കണ്ണശരാമായണത്തിൽ എത്ര 'ക' ഉണ്ട്, അദ്ധ്യാത്മരാമായണകർത്താവ് ആര്? എന്നും മറ്റും പറഞ്ഞാണുപോലും ഈ ഡോക്ടർമാരെ ആക്ഷേപിക്കുന്നതും പരിഹസിക്കുന്നതും. മലയാളത്തിൽ ഒരു ബിരുദം സമ്പാദിക്കണമെങ്കിൽ കുറഞ്ഞത് അഞ്ഞൂറിലധികം ഭാഷാഗ്രന്ഥങ്ങളും വളരെയേറെ സംസ്കൃതഗ്രന്ഥങ്ങളും ഇംഗ്ലീഷ് ഗ്രന്ഥങ്ങളും പഠിച്ചല്ലേ പറ്റൂ.

മുമ്പൊക്കെ ധാരാളം കവിതകൾ ഹൃദിസ്ഥമാക്കിയ വിദ്യാർത്ഥികൾ സുലഭമായി നമ്മുടെ ചുറ്റുപാടുമുണ്ടായിരുന്നു. ഇന്നിപ്പോൾ മൊബൈൽ, കമ്പ്യൂട്ടർ, നെറ്റ്സംവിധാനങ്ങളുടെയും, ടി.വി.യുടെയും ആധിക്യം കൊണ്ട് ഗ്രന്ഥപാരായണം ചുരുക്കത്തിലായി, വായനാശീലം കഷ്ടിച്ചു രക്ഷപ്പെട്ടിട്ടുണ്ട്. പ്രത്യുത വായന മരിച്ചിട്ടില്ല. പുസ്തകവായന മാത്രമല്ലല്ലോ വായന. ടി.വി.യിലൂടെ, കമ്പ്യൂട്ടറിലൂടെ, ഫെയ്സ് ബുക്ക്, വാട്ട്സ്ആപ്പ്, ട്വിറ്റർ എന്നിവയിലൂടെയെല്ലാം വായന നടക്കുന്നുണ്ട്. പക്ഷേ കവിതകൾ നന്നേ ചുരുക്കം. പണ്ടൊക്കെ ആശയങ്ങളുടെ ആ ദാനപ്രദാനം നടന്നിരുന്നത് ശ്ലോകങ്ങൾ പരസ്പരം എഴുതിയായിരുന്നു. ഇതൊരു ബൗദ്ധിക പരിജ്ഞാനം കൂടിയായിരുന്നു. ദ്രുത കവനാമത്സരത്തിൽ കൂടി ഒരുവന്റെ കാവ്യസിദ്ധിയും പദപരിജ്ഞാനവും മറ്റുള്ളവർക്ക് ഗ്രഹിക്കാമായിരുന്നു. ഇന്ന് മൊബൈൽ ഫോണിൽ കൂടി ചുരുക്കി ആശയം എഴുതി അയയ്ക്കുന്നു. സ്വന്തം മാതാപിതാക്കളുടെ ശബ്ദം പോലും നേരിട്ടു കേൾക്കാൻ ആർക്കും സമയവുമില്ല, താല്പര്യവുമില്ല. സന്ദേശങ്ങളിൽ കൂടി (മെസ്സേജ്) മാത്രം ശബ്ദം ഗ്രഹിക്കുന്നു. പിന്നെയെവിടെയാണ് ശ്ലോകാസ്വാദനത്തിനു സമയമെന്ന് നാം ഇവരെ കുറ്റം പറയാതെ മാറിനിന്ന് ചിന്തിക്കുക. കാലത്തിനൊത്ത് നീങ്ങുവാനാണ് ആർക്കും താല്പര്യം. നമ്മുടെ കുഞ്ഞുങ്ങൾ ശ്ലോകം പഠിച്ചു സമയം കളയുന്നത് നമുക്കും ഇഷ്ടപ്പെടുന്നില്ലല്ലോ.

അക്ഷരശ്ലോകത്തെ വളർത്തുന്നതിൽ മുഖ്യപങ്ക് വഹിച്ച കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ പദ്യത്തിലായിരുന്നു ഏറിയ വ്യവഹാരവും നടത്തിയിരുന്നത്. തന്റെ മകൾക്ക് 'ബാലശിക്ഷ' എന്ന പാഠപുസ്തകം കൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കടക്കാരന് എഴുതിയ കത്ത് രസകരമാണ്.

*"ബാലശിക്ഷ" യ്ക്കലട്ടുന്നു*
*ബാലപുത്രി സരസ്വതി;*
*അലട്ടുതീർത്തു വിട്ടേയ്ക്കൂ*
*വിലപിന്നെത്തരാമെടോ!!* ദ്വിതീയാക്ഷര പ്രാസമൊപ്പിച്ചാണ് കവനം തമ്പുരാൻ നടത്തിയിരിക്കുന്നത്.

തന്റെ ആശ്രിതനും ബന്ധുവുമായ കോയിപ്പിള്ളി പരമേശ്വരക്കുറുപ്പിന് ഒരു ജോലിക്കു വേണ്ടി നൽകിയ കത്ത് ശ്രദ്ധിക്കുക.

*"കവി കെ" പരമേശ്വരക്കുറുപ്പെ-*
*ന്നിവിടെപ്പേർ പറയുന്നൊരീ മനുഷ്യൻ*
*ഭുവി കേവല നിത്യവൃത്തി കാംക്ഷി-*
*ച്ചവിടേയ്ക്കുണ്ടു വരുന്നു ജീവനാർത്ഥം*
*അറിയാം ചിലതാംഗലേയ ഭാഷാ-*
*മുറിവാക്യങ്ങൾ- പഠിപ്പിതത്രമാത്രം*
*ശരിയായ് മലയാളഭാഷയായാ-*
*ലുരിയാടാമെഴുതാം കവിത്വമാവാം.*

❖ ❖ ❖

*ഒരു മാതിരി കയ്യെഴുത്തു നന്നെ-*
*ന്നൊരു ഭള്ളിന്നിവനില്ലയെന്നുമില്ല*
*പെരുമാറ്റ വഴിക്കു കൊണ്ടുപോയാ*
*ലൊരു ഭാഷയ്ക്കിവനും കഴിഞ്ഞുകൂടും."*

ഇത്തരം പദ്യങ്ങൾ എഴുതിയാൽ ആർക്കാണ് മനസ്സിലാകാത്തത്. വൃത്തവും അലങ്കാരവും എല്ലാം ശരിയായിട്ടു തന്നെയാണ് തമ്പുരാൻ എഴുതിയിരുന്നത്. ഇന്ന് കവിതാസ്വാദകർ കവിതാവായന നിർത്തിയ സ്വഭാവമാണ്. ആധുനികതയോടു പൊരുത്തപ്പെടാനാകാത്തതാണുപോലും കാരണം. തമ്പുരാനെപോലെ കത്തുകൾ പദ്യത്തിലെഴുതിയിട്ടുള്ള മറ്റൊരു കവി മലയാളത്തിൽ ഉണ്ടായിട്ടില്ലെന്നു പറയാം; അവയുടെ സംഖ്യ പതിനായിരത്തോളം വരും. ഒരു കത്തിനു ശരാശരി അഞ്ചു ശ്ലോകമെങ്കിലും കാണും. അപ്പോൾ അമ്പതിനായിരത്തോളമാകും ശ്ലോകസംഖ്യ. ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നീ ആധുനിക കവിത്രയവും ധാരാളം ശ്ലോകകത്തുകൾ എഴുതിയിട്ടുണ്ട്. വെൺമണിക്കവികൾ ധാരാളം മുക്തകങ്ങളും കവിതകളും കത്തുകളും കൈരളിയ്ക്ക് സംഭാവന നൽകിയിട്ടുണ്ട്. അശിക്ഷിതന്മാരുടെ കവിതകളേക്കാൾ നവതലമുറ ഇഷ്ടപ്പെടുന്നത് ചെറുകഥകളും നോവലുകളും ദിനപ്പത്രങ്ങളും മറ്റുമാണ്. ഇത്തരം വൈപരീത്യങ്ങൾക്കെല്ലാം ശാശ്വത പരിഹാരം ഉണ്ടാക്കാൻ കഴിയാത്ത സാഹചര്യത്തിൽ അക്ഷരശ്ലോക കലയ്ക്ക് പിടിച്ചു നിൽക്കാൻ പ്രയാസം തന്നെയാണല്ലോ. ●

ക്ഷത്രിയക്ഷേമസഭയുടെ പുസ്തകശേഖരത്തിലേക്ക് രണ്ട് 'അംഗങ്ങൾ' കൂടി – 'ദക്ഷിണ'യും 'സൗമനസ്യ'വും. മേകലാ ശ്രീനിവാസറാവു ഷിർദ്ദി സായിബാബയുടെ അനുഗ്രഹലീലകളെപ്പറ്റി സ്വാനുഭവത്തിന്റെ വെളിച്ചത്തിൽ ഇംഗ്ലീഷിൽ രചിച്ച 'ദക്ഷിണ', പ്രൊഫ. ചന്ദ്രാവലി തമ്പുരാൻ മലയാളത്തിലേക്ക് വിവർത്തനം ചെയ്തതാണ്.

എഴുപതിലേറെ വർഷങ്ങൾക്കു മുമ്പ് തൃപ്പൂണിത്തുറ മംഗളാലയം പാലസിലെ മങ്കു തമ്പുരാൻ രചിച്ച പൂർണ്ണത്രയീശ ക്ഷേത്രത്തിലെ ഉത്സവങ്ങളെക്കുറിച്ചുള്ള തിരുവാതിരകളിപ്പാട്ടുകളും ചില കീർത്തനങ്ങളും ഉൾക്കൊള്ളുന്ന 'സൗമനസ്യം' പുതുതായി അച്ചടിപ്പിച്ചിരിക്കുന്നു. രണ്ട് പുസ്തകങ്ങളുടെയും കൃതികൾ ആവശ്യമുള്ളവർക്ക് ചന്ദ്രാവലി തമ്പുരാനിൽ നിന്നും ലഭിക്കുന്നതാണ്. **മൊ. 8075977352**

## എം.കെ. പ്രവീൺ വർമ്മ



ഈ വർഷത്തെ മലയാള ഭാഷാപ്രതിഭാ പുരസ്കാരത്തിന് കോഴിക്കോട് ബാലുശ്ശേരി മല്ലിശ്ശേരി കോവിലകത്തെ എം.കെ. പ്രവീൺ വർമ്മ അർഹനായി. മലയാളഭാഷയുടെ സാങ്കേതിക വിദ്യയെ സൗഹൃദമാക്കുന്ന പ്രവൃത്തികൾക്ക് നൽകുന്ന പുരസ്കാരമാണിത്. കേരള വിദ്യാഭ്യാസ വകുപ്പിൽ മലയാളം അധ്യാപകനായി ജോലി ചെയ്യുന്നു. ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവും ഉൾപ്പെടുന്നതാണ് അവാർഡ്. കുറ്റിപ്പുറം സബ്ജില്ലയിലെ ZMHS (പൂളമംഗലം) അധ്യാപകനാണ്.

ഭാര്യ: കാർത്തികപ്പള്ളി കോയിക്കൽ കൊട്ടാരത്തിലെ രാജശ്രീ വർമ്മ. മകൻ: അനന്ത കൃഷ്ണ വർമ്മ.

# ഹിമാലയ ക്ഷേത്രങ്ങൾ (3)

**കെ. ഹരികൃഷ്ണവർമ്മ,** ചേർത്തല ഫോ. 9447484099




**ഞ**ങ്ങളുടെ ഹിമാലയ യാത്ര തുടരുകയാണ്.

പിറ്റേന്ന് (21.06.2016) രാവിലെ 5.15ന് ഉത്തരകാശിയിൽ നിന്നും കേദാർനാഥിലേക്കുള്ള യാത്ര ആരംഭിച്ചു. 290 കി.മീ. ദൂരം ആണ് ഞങ്ങൾക്ക് താണ്ടേണ്ടിയിരുന്നത്. ഹിമാലയ യാത്രയുടെ പ്രത്യേകതകൾ വീണ്ടും പറയേണ്ടതില്ലല്ലോ. പ്രാതലും ഉച്ചഭക്ഷണവും പോകുന്ന വഴിക്കു കഴിച്ചു. വഴിയിൽ തെഹ്രി ഡാം കണ്ടു. ലോകത്തിലേക്കും വലിയ ഡാമുകളിൽ ഒന്നാണിത്. ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ അണക്കെട്ടാണ് തെഹ്രി അണക്കെട്ട്. ഉത്തരാഘണ്ഡിലെ ഭാഗീരഥി നദിക്ക് കുറുകെയാണ് ഈ അണക്കെട്ട് നിർമ്മിച്ചിരിക്കുന്നത്. 261 മീറ്ററാണ് ഇതിന്റെ ഉയരം. 1978 ൽ നിർമ്മാണം ആരംഭിച്ച ഈ പദ്ധതി 2006ൽ ആണ് പൂർത്തിയായത്. വഴിക്കു ഞങ്ങൾ ഗുപ്തകാശി ക്ഷേത്രത്തിലും ദർശനം നടത്തി. രുദ്രപ്രയാഗ് ജില്ലയിലെ കേദാർ ഘണ്ഡയിൽ സമുദ്രനിരപ്പിൽ നിന്നും 1319 മീറ്റർ ഉയരത്തിൽ ആണു ഗുപ്തകാശി എന്ന മഹാക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ഗുപ്തകാശിക്കു ഒരു പ്രത്യേകതയുണ്ട്. മഹാഭാരത യുദ്ധത്തിനു ശേഷം പാണ്ഡവർ ശ്രീപരമേശ്വരന്റെ അനുഗ്രഹത്തിനായി ഭഗവാന്റെ അരികത്തെത്തുന്നു. പക്ഷെ യുദ്ധത്തിൽ അധർമ്മം സംഭവിച്ചതിൽ കോപിഷ്ടനായ ഭഗവാൻ അനുഗ്രഹം നൽകാൻ നിൽക്കാതെ അപ്രത്യക്ഷനായി. ഭഗവാൻ ഒരു കാളയുടെ രൂപം പ്രാപിച്ച് കാലിക്കൂട്ടങ്ങളിൽ ചേർന്നു നടന്നു. ഇക്കാര്യം മനസ്സിലാക്കിയ ഭീമസേനൻ കാലിക്കൂട്ടത്തിനു മുൻപിൽ ഉള്ള രണ്ടു മലകളിൽ കാലുകൾ അകത്തി വെച്ച് നിൽപ്പുറപ്പിച്ചു, പണ്ടൊരിക്കൽ ഇരവാൻ അഭിമന്യുവിനു മുൻപിൽ നിന്നതു പോലെ. മറ്റു മൃഗങ്ങൾ ഭീമസേനന്റെ കാലുകൾക്കടിയിലൂടെ നിർബാധം നടന്നുപോയപ്പോൾ അതിനു നിർവ്വാഹമില്ലാതെ ഭഗവാൻ ശ്രീപരമേശ്വരൻ പിറകോട്ടു നീങ്ങി. ഏറ്റവും പിറകിലെത്തിയ ഭഗവാനെ ഭീമസേനൻ കുതിച്ചു ചാടി പിറകിൽ നിന്നു ചുറ്റിപിടിച്ചു. മുന്നോട്ടു കുതിച്ചുയർന്ന കാളയുടെ പുറകുഭാഗം ഭീമന്റെ കയ്യിൽ ആയെങ്കിലും മുൻഭാഗം മുന്നോട്ടു പറന്നു പറന്നുപോയി. ഭീമന്റെ കയ്യിൽ അകപ്പെട്ട വൃഷഭരൂപത്തിന്റെ പിൻഭാഗം ആണ് കേദാർനാഥിലെ പ്രതിഷ്ഠ. മുന്നോട്ടു പാഞ്ഞ മുൻഭാഗം ചെന്നു പതിച്ച സ്ഥലമാണത്രെ നേപ്പാളിലെ പശുപതിനാഥ ക്ഷേത്രം. ഗുപ്തകാശി ദർശനത്തിനു ശേഷം യാത്ര തുടർന്ന ഞങ്ങൾ വൈകിട്ട് 5 മണിയോടെ സീതാപ്പൂർ എത്തി. അവിടെയാണ് താമസം ഒരുക്കിയിരുന്നത്. സീതാപ്പൂർ നിന്നും 1 കി.മീ. മുന്നോട്ടു പോകുമ്പോൾ സോൺ നദിയും മന്ദാകിനി നദിയും സംയോജിക്കുന്ന സോൻ പ്രയാഗ് ആണ്. വീണ്ടും കുറച്ചു ദൂരം കൂടി പോകുമ്പോൾ ഗൗരികുണ്ഡ്. ഗൗരികുണ്ഡ് ഒരു ചെറു പട്ടണം പോലെയാണ്. കുറച്ചു കച്ചവട സ്ഥാപനങ്ങളും അത്യാവശ്യം വഴിവാണിഭങ്ങളും എല്ലാം കൂടി ഒരു ചെറു ബഹളം. അത്രയേ ഉള്ളു. ഗൗരികുണ്ഡിൽ നിന്നാണ് കേദാർനാഥിലേക്കുള്ള യാത്ര

തുടങ്ങുന്നത്. സോൻപ്രാഗിൽ നിന്നു വീണ്ടും മുന്നോട്ടു കുതിക്കുന്ന മന്ദാകിനി ഭാഗീരഥിയുമായി ചേരുന്ന ഇടമാണ് ദേവപ്രയാഗ്.

പിറ്റേന്നു രാവിലെ 5 മണിക്ക് സീതാപ്പൂരിൽ നിന്നു പുറപ്പെട്ടു ഗൗരികുണ്ഡിലെത്തി കുതിരക്കുള്ള പാസ്സ് നൽകുന്ന കൗണ്ടറിനു മുൻപിൽ യാത്രികർക്ക് ഇരിക്കാൻ ഇരിപ്പിടങ്ങൾ ഉണ്ട്. ആവശ്യക്കാർക്ക് കലർപ്പില്ലാത്ത നല്ല ചായ, കാപ്പി കച്ചവടങ്ങളും ഉണ്ട്. അവിടെ ഇരിക്കുമ്പോൾ തന്നെ യാത്രക്കുള്ള കുതിരകൾ അക്ഷമരായി നിൽക്കുന്നതു കാണാം. പാസ്സു ശരിയാക്കി കുതിരപ്പുറത്തു കയറുമ്പോൾ 6.30. പിന്നീടു ഹിമാലയ സാനുക്കളിലൂടെ 17 കി.മി. കുതിരപ്പുറത്തുള്ള യാത്രയാണ്. നിബിഡമായ മലനിരകൾ. കുത്തനെയുള്ള കയറ്റങ്ങൾ. രണ്ടു മലകളുടെ ഇടയിലൂടെ മന്ദാകിനി ഒഴുകുന്നു. മലകളിൽ നിന്നു ധാരാളം വെള്ളച്ചാട്ടങ്ങളുടെയും അരുവികളുടെയും ശൃംഖലയാണ്. പർവ്വതത്തിന്റെ ഒരു വശം വെട്ടി ഉണ്ടാക്കിയ വഴിയിലൂടെ ആണ് യാത്ര. കാൽനടക്കാരും ധാരാളം ഉണ്ട്. മലകളുടെ ഇടയിലൂടെ കുതിച്ചൊഴുകുന്ന മന്ദാകിനി ഒരു കാഴ്ച തന്നെയാണ്. കുതിരപ്പുറത്തുള്ള ഈ യാത്ര അതിസാഹസികമാണ്. കുതിരയുടെ പുറത്ത് കെട്ടിവെച്ചിരിക്കുന്ന ഇരിപ്പിടത്തിലാണ് ഇരിക്കേണ്ടത്. കുത്തനെയുള്ള കയറ്റങ്ങൾ വരുമ്പോൾ മുന്നോട്ടു കുനിഞ്ഞും ഇറക്കം വരുമ്പോൾ ഞെളിഞ്ഞും ഇരിക്കണം. എതിരെ മറ്റു കുതിരകൾ വരുമ്പോഴും വേറെ കുതിരകൾ നമ്മെ മറി കടക്കുമ്പോഴും ഇവ നമ്മെ ഉരസിയാണ് പോകുന്നത്. അത്രയ്ക്ക് ഇടുങ്ങിയ വഴികളാണ് കൂടുതലും. ഈ വഴി നാം പ്രതീക്ഷിക്കുന്നതിലും വളരെ ദുർഘടവും കുണ്ടും കുഴിയും നിറഞ്ഞതുമാണ്. കുത്തനെയുള്ള ഇറക്കത്തിൽ കുതിരയുടെ കാൽ ഒന്നു മടങ്ങിയാൽ ... യാത്രികന് ഉടലോടെ പാതാളത്തിലേക്ക് എത്താം!!! കുതിരയുടെ മൂക്കുകയറിൽ പിടിച്ചു നയിക്കുന്ന പയ്യൻ ഏതുവിധേനയും രക്ഷപ്പെടും. കാരണം അവൻ ഓർമ്മ വെച്ചപ്പോൾ മുതൽ ഈ ജോലി തന്നെയാണല്ലോ ചെയ്യുന്നത്. കേരളത്തിൽ ബാലവേലയെ എതിർക്കുന്ന വിപ്ലവ പ്രസ്ഥാനങ്ങൾ ഒരു ദിവസം രാവിലെ ഗൗരികുണ്ഡിൽ ഒന്നു പോകണം, അപ്പോൾ മനസ്സിലാകും കേരളം മാത്രമല്ല ലോകം എന്ന്. നാലര മണിക്കൂർ യാത്ര ചെയ്താണ് ക്ഷേത്ര പരിസരത്തെത്തിയത്. പർവ്വതത്തിന്റെ ഈ വഴി നാം പ്രതീക്ഷിക്കുന്നതിലും വളരെ ദുർഘടവും കുണ്ടും കുഴിയും നിറഞ്ഞതുമാണ്. അതികഠിനമായ ഈ യാത്ര ഒഴിവാക്കാൻ മറ്റൊരു വഴി കൂടി ഉണ്ട്. കാലേകൂട്ടി ബുക്ക് ചെയ്താൽ ഹെലികോപ്റ്ററിൽ പത്തു മിനിട്ട് കൊണ്ട് കേദാർനാഥ് ക്ഷേത്രപരിസരത്ത് എത്തിച്ചേരാം. പക്ഷെ, ഹിമാലയത്തിലെ കേദാർനാഥ് യാത്ര ആസ്വദിച്ച് അനുഭവിക്കണമെങ്കിൽ കുതിരപ്പുറത്തു തന്നെ യാത്ര ചെയ്യണം എന്നാണ് ഈയുള്ളവന്റെ വിനീതമായ അഭിപ്രായം. കുതിരപ്പുറത്തു നിന്നിറങ്ങി ഒരു കി.മീറ്ററിലധികം നടന്ന് വേണം ക്ഷേത്രത്തിലെത്താൻ. കുതിരകൾ വന്നു നിൽക്കുന്ന സ്ഥലം ഒരു വലിയ പ്രദേശമാണ്. നൂറു കണക്കിനു കുതിരകളും അവക്കു വേണ്ടി വില പേശുന്ന ജോക്കികളും കൂടി ഒരു ബഹളമയമാണ്. തുടർന്നുള്ള നടപ്പാത വളരെ നന്നായിട്ട് ആണുള്ളത്. മഹാപർവ്വതത്തിന്റെ പല അത്ഭുത പ്രതിഭാസങ്ങളും നമുക്ക് ഈ വഴിയരികിൽ കാണാം. അതൊക്കെ വിശദീകരിക്കാൻ എന്റെ ആവനാഴിയിൽ വേണ്ടത്ര അസ്ത്രങ്ങൾ ഇല്ല. ക്ഷേത്രത്തിൽ വലിയ തിരക്കില്ലായിരുന്നു. നന്നായി ദർശനം ലഭിച്ചു. മുറിവുണക്കാൻ എന്ന സങ്കൽപ്പത്തിൽ ഭഗവാനെ ആസകലം വെണ്ണ കൊണ്ടാണ് തലോടുന്നത്. അവിടന്നു കിട്ടുന്ന പ്രസാദവും എല്ലാം വെണ്ണ മയമാണ്. പുറത്തു സന്യാസിമാരുടെ ഒരു പട തന്നെയാണ്. ശിവരൂപത്തിലുള്ള സന്യാസിയും കൂളിങ്ങ് ഗ്ലാസ് വെച്ച സന്യാസിയും സാധാരണ സന്യാസിയും എല്ലാം ചേർന്ന് സത്യവും മിഥ്യയും തിരിയാത്ത ഒരു അന്തരീക്ഷം!!

ഉച്ചഭക്ഷണം കഴിച്ചു. നന്നെ വിശപ്പ് ഉണ്ടായിരുന്നതുകൊണ്ട് കൂടിയാകാം, ചപ്പാത്തിക്കും ഉരുളക്കിഴങ്ങ് കറിക്കും നല്ല സ്വാദ് ആയിരുന്നു. കുറച്ചു കഴിഞ്ഞു 2.30 ഓടെ തിരികെ യാത്ര ആരംഭിച്ചു. അതു പക്ഷെ അതി കഠിനം ആയിരുന്നു. കുതിരപ്പുറത്ത് വളഞ്ഞും പുളഞ്ഞും ചെരിഞ്ഞും കഴിച്ചുകൂട്ടി എന്നു പറഞ്ഞാൽ മതിയല്ലോ. ഒരുവിധം ഗൗരികുണ്ഡിലെത്തി ജീപ്പിൽ കയറി ഹോട്ടലിൽ എത്തിയപ്പോൾ സമയം വൈകിട്ടു 6.30.

പിറ്റേന്ന് വിശ്രമത്തിനായി മാറ്റി വെച്ച ദിവസം

ആയിരുന്നു. കാരണം കേദാർനാഥ് യാത്ര ഒരു ദിവസം കൊണ്ട് പൂർത്തിയാക്കുക എല്ലായ്പ്പോഴും എളുപ്പമല്ല. മലയിടിച്ചിലും കാലാവസ്ഥയിൽ പെട്ടെന്നു സംഭവിക്കുന്ന വ്യതിയാനങ്ങളും പലപ്പോഴും തടസ്സം ആകാറുണ്ട്. ഞങ്ങൾക്ക് ഈശ്വര സഹായത്താൽ തടസ്സങ്ങൾ ഒന്നും കൂടാതെ തിരിച്ചെത്താൻ സാധിച്ചു. ഞങ്ങൾ നാലു മലയാളികൾ പ്രഭാതഭക്ഷണത്തിനു ശേഷം അടുത്തുള്ള ക്ഷേത്രങ്ങൾ സന്ദർശിക്കാനായി പുറപ്പെട്ടു. സോൻ പ്രയാഗിൽ നിന്നും ജീപ്പിൽ ത്രിയുഗി നാരായൺ ക്ഷേത്രത്തിലേക്കായിരുന്നു യാത്ര. മലമുകളിലേക്കു 13 കി.മീ. ദൂരം ഉണ്ട്. ഏകദേശം 1200 വർഷങ്ങൾക്കു മുൻപ് ആദി ശങ്കരൻ സ്ഥാപിച്ചതാണ് എന്നാണു വിശ്വാസം. അതിപുരാതനവും കരിങ്കല്ലിൽ നിർമ്മിച്ചതുമായ ക്ഷേത്രവും പരിസരവും പ്രശാന്ത സുന്ദരമാണ്. ശ്രീകോവിലിനുള്ളിൽ ഭഗവാൻ മഹാവിഷ്ണു ലക്ഷ്മിയോടും സരസ്വതിയോടും ഒപ്പം ഉള്ള പ്രതിഷ്ഠയാണുള്ളത്. വെള്ളിയിൽ തീർത്ത ഈ വിഗ്രഹങ്ങൾക്ക് രണ്ടടിയോളം ഉയരമുണ്ട്. ഭഗവാൻ ശ്രീപരമേശ്വരന്റെയും ശ്രീപാർവ്വതിയുടെയും വിവാഹം മഹാവിഷ്ണുവിന്റെ കാർമ്മികത്വത്തിൽ ഇവിടെ വെച്ചാണത്രെ നടന്നത്. ക്ഷേത്രത്തിനുള്ളിൽ തന്നെ മദ്ധ്യഭാഗത്തുള്ള വലിയ ഹോമകുണ്ഡത്തിൽ എരിയുന്ന അഗ്നി അന്നു മുതൽ ഉള്ളതാണെന്നാണ് വിശ്വാസം. വലിയ തടിക്കഷണങ്ങളാണ് എപ്പോഴും എരിഞ്ഞുകൊണ്ടിരിക്കുന്നത്. ഭക്തരുടെ ശക്തിക്കൊത്ത് ഹോമകുണ്ഡത്തിലേക്കുള്ള മേലരികൾക്ക് തുക അടക്കാവുന്നതും ആ തുകയുടെ അടിസ്ഥാനത്തിലുള്ള വലിപ്പം കണക്കാക്കി തടിക്കഷണങ്ങൾ ഹോമകുണ്ഡത്തിൽ ഹോമിക്കാവുന്നതുമാണ്.

ക്ഷേത്രപരിസരം മുഴുവൻ എണ്ണമറ്റ മലനിരകളാൽ ചുറ്റപ്പെട്ടിരിക്കുകയാണ്. തൊട്ടടുത്തുള്ളവ സാധാരണ നിലയിലും അതിനു പുറകിലുള്ള മഞ്ഞുമലകൾ സൂര്യപ്രകാശമേറ്റ് വെള്ളിമലകൾ പോലെ അതിമനോഹരമായും കാണപ്പെട്ടു. ഈ മലകളിൽ നിന്നും എണ്ണമറ്റ അരുവികളും വെള്ളച്ചാട്ടങ്ങളും ഉത്ഭവിച്ച് താഴേക്കൊഴുകുന്നതു ഒരു മനോഹരമായ കാഴ്ചയാണ്.

ത്രിയുഗി നാരായൺ ക്ഷേത്രത്തിൽ നിന്നും 2 കി.മീ. മുകളിലേക്കു കയറിയാൽ ഗൗരി ഗുഫ എന്ന സ്ഥലത്തെത്താം. മൂന്നു ഗുഹകൾ ഉണ്ടവിടെ. ശ്രീപരമേശ്വരനെ ഭർത്താവായി ലഭിക്കുന്നതിനു വേണ്ടി ശ്രീപാർവ്വതി തപസ്സു ചെയ്ത സ്ഥലമാണിത് എന്നാണു വിശ്വാസം. മുകളിലേക്കു രണ്ടടി വീതിയുള്ള പാതയിലൂടെയുള്ള കയറ്റവും വളരെ രസകരം ആണ്. വഴിക്കിരുപുറവും ഹിമാലയ പർവ്വതത്തിലെ ഗ്രാമം തന്നെയാണ്. ചെറിയ വീടുകളും വീടിനു ചുറ്റും കൃഷിയും കാലിവളർത്തലും കൂടാതെ വനത്തിൽ നിന്നും വിറകും വനസമ്പത്തും ശേഖരിക്കലും അവരുടെ തൊഴിലുകളിൽപെടും. തദ്ദേശവാസികളായ കുറച്ചു കുട്ടികളും ഒപ്പംകൂടി. അതും നല്ലൊരനുഭവം ആയിരുന്നു. അവരോടൊപ്പം ചിത്രങ്ങൾ എടുത്തതു കൂടാതെ അവർക്കു മധുരം വാങ്ങാൻ ഞങ്ങൾ പണവും കൊടുത്തപ്പോൾ അവർക്കും വളരെ സന്തോഷമായി. ഉച്ചയോടെ ഞങ്ങൾ തിരിച്ചു യാത്ര ആരംഭിച്ചു. താമസിക്കുന്ന ഹോട്ടലിനു സമീപം തദ്ദേശീയരായ ചില നാട്ടു ചികിത്സകരെ കണ്ടുമുട്ടി. ഹിമാലയത്തിൽ മാത്രം ലഭിക്കുന്ന ചില എണ്ണകളും തൈലങ്ങളും ഉപയോഗിച്ച് മസാജ് നടത്തുന്നവരാണിവർ. അവരുമായി സംസാരിച്ച് വൈകിട്ട് മുറിയിലേക്കു വരാൻ ഏർപ്പാടാക്കി. വൈകിട്ട് 5 മണിയോടെ ഹോട്ടലിൽ വെച്ചു ഹിമാലയ സാനുക്കളിലെ ഔഷധങ്ങളും എണ്ണകളും ഉപയോഗിച്ചൊരു മസാജും തരപ്പെടുത്തി. മസാജ് കൊണ്ട് എന്തെങ്കിലും ഗുണമുണ്ടോ എന്നൊന്നും അറിയില്ല എങ്കിലും ശരീരം ആസകലം എണ്ണ പുരട്ടി തിരുമ്മുന്നത് ഒരു ദോഷം അല്ലല്ലോ. കണ്ണിനു ചുറ്റും നെറ്റിയിലും മറ്റും തിരുമ്മിയപ്പോൾ ഒരു രസകരമായ അനുഭവമായി തോന്നി. അയാളുടെ കൈവശം അഞ്ജനം എന്ന ഔഷധവും ഉണ്ടായിരുന്നു. വായ വലിപ്പം കൂടുതൽ ഉള്ള ചെറിയ ചില്ലുകുപ്പിയിൽ ആണ് ഇത് വെച്ചിരിക്കുന്നത്. തുറന്നു കാണിച്ചപ്പോൾ തിളങ്ങുന്ന കറുത്ത ഒരു പദാർത്ഥം ആണ് കണ്ടത്. ലേഹ്യം പോലൊരു വസ്തു. ഉത്പന്നത്തിന്റെ പരമാർത്ഥം ഉറപ്പില്ലാതിരുന്നതിനാൽ വാങ്ങിയില്ല. കാരണം ഇത് കഴിക്കുന്ന സാധനമാണ്, ഹിമാലയ സാനുക്കളിൽ വെച്ച് എന്തെങ്കിലും സംഭവിച്ചാൽ താഴെ എത്തിക്കാൻ കൂടെ ഉള്ളവർ നന്നെ വിഷമിക്കും.

അന്നത്തെ പരിപാടികൾ അതോടെ അവസാനിച്ചു... ഹിമാലയ യാത്ര തുടരുന്നു. ●

യാത്ര

# ഒരു വിനോദയാത്രാ വിവരണം

**ശ്യാമള വർമ്മ,** തിരുവനന്തപുരം



2018 ഒക്ടോബർ രണ്ട്. അന്നത്തെ ഞങ്ങളുടെ 'വനിതാവിഭാഗം' പ്രസിഡന്റ് ശോഭനാവർമ്മയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച വിനോദയാത്രയിൽ ജടായുപ്പാറയും ലോകപ്രസിദ്ധ ചിത്രകാരനും നമ്മുടെയെല്ലാം ബന്ധുവുമായിരുന്ന രാജാരവി വർമ്മയുടെ ജന്മഗൃഹമായ കിളിമാനൂർ കൊട്ടാരവും സന്ദർശിക്കാൻ തീരുമാനിച്ചു. ഏതാണ്ട് ഇരുപത്തിഎട്ടുപേരടങ്ങിയ സംഘമാണ് ഉണ്ടായിരുന്നത്. അതിൽ പുരുഷന്മാരും വനിതകളും കുട്ടികളുമുണ്ടായിരുന്നു. തിരുവനന്തപുരം ക്ഷത്രിയസഭയുടെ ആഫീസിൽ നിന്നും ഏകദേശം എട്ടര മണിയോടു കൂടി മുൻകൂട്ടി ഏർപ്പാടാക്കിയ ഒരു ബസ്സിൽ ഞങ്ങൾ യാത്ര തിരിച്ചു. കുട്ടികളുടെ ആഹ്ലാദഭരിതമായ പാട്ടുകളോടുകൂടിയായിരുന്നു യാത്ര ആരംഭിച്ചത്. ഏകദേശം പത്തര മണിയോടുകൂടി കിളിമാനൂരിലെത്തി. ആദ്യം ഞങ്ങൾ രാജാരവിവർമ്മയുടെ ചിത്രങ്ങൾ പ്രദർശിപ്പിച്ചിരുന്ന സ്മാരകത്തിലാണ് എത്തിയത്. അദ്ദേഹം രചിച്ച ജീവൻ തുളുമ്പുന്ന ചിത്രങ്ങൾ ഓരോന്നായി കണ്ടു. ഏതാനും ദിവസങ്ങൾ മുമ്പായിരുന്നു അദ്ദേഹത്തിന്റെ ജന്മവാർഷികവും. അദ്ദേഹത്തിന്റെ ചിത്രത്തിനു മുമ്പിൽ ഒരു തട്ടുവിളക്കും തെളിച്ചിരുന്നു. ഏതാനും നിമിഷം ആ ചിത്രത്തിനു മുമ്പിൽ ഞാൻ നമ്രശിരസ്കയായി നിന്നു. കൊട്ടാരത്തിലെ കുളവും അയ്യപ്പക്ഷേത്രവും നാഗരുക്ഷേത്രവും കണ്ടു. ക്ഷേത്രങ്ങൾക്കു മുന്നിൽ ഞങ്ങൾ വണങ്ങി നിന്നു. പിന്നീട് അദ്ദേഹത്തിന്റെ സ്മൃതി മണ്ഡപത്തിൽ ഞങ്ങൾ ഏതാനും നിമിഷം അഞ്ജലീബദ്ധരായി നിന്നു, പ്രദക്ഷിണവും ചെയ്തു. ഇടയ്ക്ക് ഒരു ചായയും കഴിച്ചു. പിന്നീട് കുട്ടികളുമായി ഞാൻ ഏറെനേരം ചിലവഴിച്ചു. നമ്മുടെ നാട്ടിൽ കണ്ടുവരാറുള്ള ചില സസ്യങ്ങളേയും കുട്ടികൾക്ക് പരിചയപ്പെടുത്തിക്കൊടുത്തു. നഗരത്തിൽ താമസിക്കുന്ന കുട്ടികൾ ഇതൊന്നും കണ്ടു കാണുകയില്ലല്ലോ. ഞങ്ങളിൽ ഭൂരിഭാഗം മുതിർന്നവരും നാട്ടിൻപുറങ്ങളിലായിരുന്നു. പല കാരണങ്ങൾ കൊണ്ടാണല്ലോ തിരുവനന്തപുരത്ത് താമസിക്കാൻ ഇടയായത്. അപ്പോഴാണ് മണ്ണിനടിയിലുള്ള കുഴിയാനയെ ഞാൻ കാണാനിടയായത്. അതിനെപ്പറ്റി ഞാൻ അവരോട് പറഞ്ഞു. "കുഴിയാനയോ" അവർ വളരെ ആകാംക്ഷാഭരിതരായി എന്നോടു ചോദിച്ചു. ഒരു ചെറിയ മനോഹരമായ കുഴി. അതിനുള്ളിൽ ഒരു ജീവിയുണ്ട്. അതാണ് കുഴിയാന. ഒരു കുട്ടിയോട് ഒരു ചെറിയ കമ്പ് എടുത്തു കൊണ്ടുവരാൻ ഞാൻ പറഞ്ഞു. അതനുസരിച്ച് അവൻ കമ്പു കൊണ്ടുവന്നു. വളരെ പതുക്കെ ആ കമ്പുകൊണ്ടു മണ്ണുനീക്കി. അപ്പോൾ മണ്ണിന്റെ നിറമുള്ള ഒരു ചെറുജീവിയെ കാണിച്ചുകൊടുത്തു. അതാണ് കുഴിയാന. അത് സഞ്ചരിക്കുന്നതിന് ഒരു പ്രത്യേകതയുണ്ടെന്ന് പറഞ്ഞു. അത് സഞ്ചരിക്കുന്നത് പുറകോട്ടാണ്. അവർ അത്ഭുതത്തോടെ അതിനെ കൈയിലെടുത്തു. കുറച്ചു കഴിഞ്ഞ് "പാവം അതിനെ ആ കുഴിയിൽ തന്നെ വിട്ടേക്കുക. അല്ലെങ്കിൽ അത് ചിലപ്പോൾ ചത്തുപോകും." കുട്ടികൾ അപ്രകാരം തന്നെ ചെയ്തു. ഉച്ചഭക്ഷണത്തിനുശേഷം ഞങ്ങൾ ജടായുപ്പാറയിലേക്ക് തിരിച്ചു 12 മണിക്കായിരുന്നു ഞങ്ങളുടെ സന്ദർശനസമയം. എന്നാൽ അതിനു മുമ്പു തന്നെ ഞങ്ങൾ അവിടെ എത്തിച്ചേർന്നു. വണ്ടിയിലിരുന്നുതന്നെ ഞങ്ങൾ ഉച്ചഭക്ഷണം കഴിച്ചു. നിശ്ചയിച്ച സമയത്തു ഞങ്ങൾ ക്യൂ ആയി റോപ്പ്വേയിൽ കയറാൻ നിന്നു. അതു

വഴി മാത്രമേ ജടായുപ്പാറയിൽ എത്തിച്ചേരാൻ സാധിക്കുകയുള്ളു. വിമാനത്തിൽ കയറാൻ എന്തെല്ലാം നിർദ്ദേശങ്ങൾ പാലിക്കണമോ ഏതാണ്ട് അതുപോലെയായിരുന്നു റോപ്പ്‌വേയിൽ യാത്ര ചെയ്യാനും. വാച്ചുപോലൊരു സാധനം കെട്ടി. റോപ്പ്‌വേയിൽ കയറാൻ എനിക്കും ചില കുട്ടികൾക്കും പേടിയുണ്ടായിരുന്നു. എങ്കിലും ധൈര്യം സംഭരിച്ച് അതിൽ കയറി. റോപ്പ്‌വേ നിർത്താൻ സാധിക്കുകയില്ല. പേടിയുടെ കാരണം അതായിരുന്നു. റോപ്പ്‌വേയിലെ യാത്ര ഒരു നല്ല അനുഭവമായിരുന്നു. മലനിരകളിലെ അഭൂതപൂർവ്വമായ കാഴ്ച ഞങ്ങളുടെ മനം കുളിർപ്പിച്ചു. റോപ്പ്‌വേയിൽ നിന്നും ഇറങ്ങി ഞങ്ങൾ ജടായുപ്പാറയിലെത്തി. ആ പക്ഷിയുടെ മുമ്പിൽ ഞാൻ ഏതാനും നിമിഷം ഭക്തിയോടെ കൈകൂപ്പി നിന്നു. ഈ പക്ഷിയെപ്പറ്റി ഞാൻ ഇവിടെ എടുത്തുപറയേണ്ട കാര്യമില്ലല്ലോ. ആ കഥയും ഞാൻ കുട്ടികൾക്ക് പറഞ്ഞുകൊടുത്തു. കൂടാതെ 'അണ്ണാറക്കണ്ണനും തന്നാലായത്' എന്നതിന്റെ പൊരുളും അവരെ പറഞ്ഞു മനസ്സിലാക്കി. അതിന്റെ ശരീരത്തിലെ മൂന്നു വരയുടെ കഥയും കുട്ടികളെ പറഞ്ഞു മനസ്സിലാക്കി.

ഞങ്ങൾ ആ വലിയ പ്രതിമയ്ക്കു ചുറ്റും ഒരു വലം വച്ചു. ഇടയ്ക്കിടയ്ക്ക് കുറെപ്പേർ ഒന്നിച്ചിരുന്ന് വിശ്രമിച്ചും പ്രകൃതിഭംഗി ആസ്വദിച്ചും കുറേ സമയം ചെലവഴിച്ചു. വർഷങ്ങൾക്കുശേഷം ഓരോ ഐസ്ക്രീമും ആസ്വദിച്ച് കഴിച്ചു. ദൈവാധീനത്താൽ ആരോഗ്യപ്രശ്നമൊന്നും ഉണ്ടായില്ല. ഞങ്ങൾ വീണ്ടും റോപ്പ്‌വേയിൽ കൂടി താഴെ എത്തി. നല്ല മഴയുണ്ടായിരുന്നു. ഏതാണ്ട് 2–3 മണിയോടുകൂടി ഞങ്ങൾ ബസ്സിൽ കയറി. എല്ലാവരും വളരെ ആഹ്ലാദഭരിതരായിരുന്നു. ബസ്സിലിരുന്ന് ബോറടിക്കാതിരിക്കാൻ മുതിർന്നവരുടേയും കുട്ടികളുടേയും സിനിമാഗാനങ്ങൾ ചേർത്തുള്ള അന്താക്ഷരിയും ഉണ്ടായിരുന്നു. മുതിർന്നവരായ ഞങ്ങൾ പ്രായത്തെപ്പോലും മറന്ന് അത്യധികം സന്തോഷിച്ചു. ഏകദേശം 5 മണിയോടുകൂടി എല്ലാവരും അവരവരുടെ വീടുകളിൽ എത്തിച്ചേർന്നു. ഇപ്രകാരം നല്ലൊരു യാത്ര സംഘടിപ്പിച്ച അന്നത്തെ വനിതാ പ്രസിഡന്റിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഞാൻ ഈ ലേഖനം ഇവിടെ അവസാനിപ്പിക്കുന്നു.

●

## പുരസ്കാരം നേടി



ഈ വർഷത്തെ ഡോ. ടി.ഐ. രാധാകൃഷ്ണൻ ഫൗണ്ടേഷൻ പുരസ്കാരം വാദ്യ കലാകാരിയും ആയുർവേദ ഭിഷഗ്വരയുമായ **ഡോ. നന്ദിനി വർമ്മ**യ്ക്ക് ലഭിച്ചു. തൃപ്പൂണിത്തുറ കോയിക്കൽ മഠത്തിൽ മോഹനചന്ദ്രവർമ്മയുടെയും പൂഞ്ഞാർ കാഞ്ഞിരമിറ്റം കൊട്ടാരത്തിൽ ജയശ്രീ വർമ്മയുടെയും മകളാണ്. കലാമണ്ഡലത്തിലെ വാദ്യ കലാവിഭാഗത്തിൽ അദ്ധ്യാപകനായ കലാമണ്ഡലം ഹരീഷ് മാരാർ ആണ് ഭർത്താവ്. മകൾ: ത്രയീ നാരായണി. ഭർത്താവിനൊപ്പം വിദേശരാജ്യങ്ങളിലുൾപ്പെടെ നിരവധി വേദികളിൽ തായമ്പക അവതരിപ്പിച്ചിട്ടുണ്ട്. ഉത്സവ മേളങ്ങളിലും അരങ്ങേറ്റം കുറിച്ചു കഴിഞ്ഞു. 11111 രൂപയും പ്രശസ്തിപത്രവും ശില്പവും അടങ്ങുന്ന പുരസ്കാരം പ്രസിദ്ധ മേള പ്രമാണി പത്മശ്രീ പെരുവനം കുട്ടൻ മാരാർ സമ്മാനിക്കുകയുണ്ടായി. തൃപ്പൂണിത്തുറയിൽ സ്വന്തമായി ആയുർവേദ ചികിത്സാലയം നടത്തിവരുകയാണ്. ലിംക ബുക്ക് ഓഫ് റെക്കാർഡ്സ് അടക്കം നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

***Continued from Page 68***

participate in the birth celebrations of the God child. Nandagopar gave appropriate gifts to all visitors. The Nandavrajam prospered with the arrival of this wonder child from Vishnulokam and became the playground of Lakshmidevi.

After the celebrations, Nandagopar went to Madura to pay annual taxes to Kamsa where he met his bosom friend Vasudevar. They embraced and exchanged civilities. Then Vasudevar urged his friend to return to Gokulam as he saw some bad omens there. *(to be continued)*

# പ്രഫുല്ല ചിന്തകൾ



പ്രഫുല്ല വർമ്മ, ചങ്ങനാശ്ശേരി

ചുമ്മായിരിക്കട്ടെ ഒരു വാക്ക്... STRESS.. സമ്മർദ്ദം. സംഗതി ഫാഷനാ.. മുറുക്കെ പിടിച്ചോ... നമ്മുടെ 'മാർക്കറ്റ് വില' കൂടും.

ഒരു മഴക്കാലത്ത് സാക്ഷാൽ JRD ടാറ്റാ കാറിൽ യാത്ര ചെയ്യുന്നു. ഒരു ബസ് സ്റ്റോപ്പിൽ നനഞ്ഞുകുളിച്ച ഒരാൾ കാറിന് കൈ കാണിച്ചു. JRD യുടെ ഡ്രൈവർ കാർ നിർത്തി. നനഞ്ഞു നിന്നയാൾ കാറിൽ കയറി. ..എവിടെയാ ജോലി? JRD ചോദിച്ചു. 'ടാറ്റാസിൽ', അയാൾ മറുപടി പറഞ്ഞു. 'സാറ് എവിടെയാ ജോലി...' എന്ന് അയാൾ.... ഞാനും ടാറ്റാസിൽ തന്നെ...കൂൾ ആയിട്ടുള്ള മറുപടി. ടാറ്റാ സാമ്രാജ്യത്തിന്റെ ഉടമയുടെ ഈ ഉത്തരമാണ് വിനയത്തിന്റെ ഉദാത്തമായ മാതൃക.... ഇതെഴുതാൻ കാരണം

മെൽയാലിയുടെ 'ഞാൻ ഭാവത്തിന്റെ' വലിപ്പം പറയാനാണ്. വാട്ട്സപ്പിൽ കാണില്ലെ .. I am busy,... Don't call me, only messages... Call me after 6 pm... അങ്ങനെയങ്ങനെ...????????. ചുമ്മാ ചൊറി കുത്തിയിരിക്കുന്ന ഞാനും പറയും Busy ആണെന്ന്. .. വായിക്കുന്നവന്റെ മുഖത്തെ പുച്ഛം ആര് കാണുന്നു?..

ഇന്ന് കണ്ട വാക്കാണ് STRESS…സമ്മർദ്ദം...??????

(ഇല്ലാത്ത) സമ്മർദ്ദം ഉണ്ടെന്നു പറഞ്ഞുണ്ടാക്കുന്ന സമ്മർദ്ദം.

No Stress എന്നു പറഞ്ഞാൽ നാണക്കേടല്ലെ? കുറച്ചു കാലങ്ങൾക്കു മുമ്പ് TENSION ആയിരുന്നു ഫാഷൻ. 'എനിക്ക് ഭയങ്കര ടെൻഷനാണ്' എന്നു പറഞ്ഞാൽ സ്റ്റോക്ക് മാർക്കറ്റിൽ വില കൂടുന്നതു പോലെ, സമൂഹത്തിലെ നമ്മുടെ വിലയും വർദ്ധിക്കുമെന്ന് മെൽയാലി വിശ്വസിച്ചു. ഇന്ന് ആ വാക്ക് STRESS ന് വഴി മാറി. സമ്മർദ്ദം ഇല്ല എന്നു പറയുന്നതു തന്നെ സമ്മർദ്ദം ---STRESS.. ഉള്ളതിന്റെ തെളിവാണത്രെ. ചോദ്യം ഇത്രേയുള്ളു? സമ്മർദ്ദം എന്ന STRESS നെ ഇത്രമാത്രം പർവ്വതീകരിക്കണൊ? അതിന് കൊമ്പും, തുമ്പിക്കൈയ്യും കൊടുക്കണൊ? IT സാറന്മാർക്ക് മാത്രമല്ല STRESS... ആട് മേയ്ക്കുന്നവനും ഉണ്ട് സമ്മർദ്ദം... മറ്റൊരു തലത്തിൽ.... സമ്മർദ്ദം സർവ്വവ്യാപകമെന്ന് ചുരുക്കം. നിങ്ങൾ ഫയലുകൾ വീട്ടിൽ കൊണ്ടുപോകുന്നെങ്കിൽ അത് സമ്മർദ്ദം തന്നെ. മെട്രോ മാൻ ശ്രീധരൻ സാറിനെപ്പറ്റി കേട്ടിരിക്കുന്നത് വൈകിട്ട് 6 മണി കഴിഞ്ഞാൽ പിന്നെ No തീവണ്ടി Talk. നോ ഫോൺകാൾ. Nothing official... അപ്പൊ അങ്ങനെയും ആവാം. യോഗാ ചെയ്യൂ.. Meditation എന്ന ധ്യാനം ചെയ്യൂ. വെറുതെ ആകാശം നോക്കി കണ്ണുതുറന്ന് ഇരിക്കൂ... കൂടുതൽ സമയം വീട്ടുകാരുമായി ചിലവഴിക്കൂ... സമ്മർദ്ദത്തിൽ നിന്നു മോചനം ലഭിക്കാൻ.... കഞ്ചാവടിക്കാൻ ആരും പറഞ്ഞതായി അറിവില്ല. സമ്മർദ്ദം ഒരു നിശ്ശബ്ദ കൊലയാളിയാണെന്നു വരെ വിശേഷിപ്പിച്ചിട്ടുണ്ട്. തമാശയെന്തെന്നു വെച്ചാൽ സമ്മർദ്ദത്തെ അതിജീവിക്കുക എന്നതാണ് ഏറ്റവും വലിയ സമ്മർദ്ദം. സമ്മർദ്ദത്തെ തെറിപ്പിക്കാനുള്ള മന്ത്രത്തിനെ തെറിപ്പിക്കാനുള്ള ഒരു മന്ത്രം ആവശ്യമായിരിക്കുന്നു... A STRESS BUSTER... സഹസ്ര കോടികൾ കൈകാര്യം ചെയ്യുന്ന വമ്പൻ വ്യവസായികൾ ജീവിക്കുന്നു ഈ പറയുന്ന സമ്മർദ്ദം പേറിക്കൊണ്ട്. പക്ഷെ ഒരു പണീം ഇല്ലാത്ത സർക്കാർ ഉദ്യോഗസ്ഥരും, ചുമ്മാ വെള്ളേം, വെള്ളേം ഇട്ടു നടക്കുന്നവരും വരെ സമ്മർദ്ദത്തിന്റെ ആഴവും, വ്യാപ്തിയും പറയുമ്പോൾ ചിരി വരും. എന്തായാലും സമ്മർദ്ദം ഇല്ല എന്നു പറയരുതെ !! നിങ്ങൾ ആരുമല്ല.

ഒരു മംഗളാശംസ

# ക്ഷാത്രവീര്യം വീണ്ടുമുണരട്ടെ

## വഞ്ചിപ്പാട്ട് വൃത്തം

കുട്ടി അനിയൻ രാജ, ചെർപ്പുളശ്ശേരി



**ക്ഷേ**മൈശ്വര്യപൂർണ്ണരായിട്ടേറെക്കാലം നാടുവാണ
കേമന്മാരാം കേളികേട്ട ജനങ്ങൾ നമ്മൾ.
ക്ഷത്രിയർ നാ,മെന്നുമെന്നും പാരിടത്തിൽ പ്രസിദ്ധമായ്
ആർത്തത്രാണ പരായണരായിരുന്നല്ലോ
മാമാങ്കത്തിൻ മാറ്റൊലിയിൽ മുഗ്ധയായി മലനാട്ടിൽ
സമ്മോദമായ് നിലപാടു തറയിലേറി.
ചേരമാനാം പെരുമാളുമാറങ്ങോട്ടുടയവരും
കീർത്തിപൂണ്ടു സാമൂതിരി രാജാക്കന്മാരും
പേരുകേട്ട കൊച്ചീരാജ്യം മാടവംശ ക്ഷത്രിയരാ
ലേറെക്കാലം നിലനിന്നൂ സദ്കീർത്തിയാലേ
പദ്മനാഭദാസന്മാരായ് തൃപ്പടിയിൽ സമർപ്പിച്ചൂ
പദ്മനാഭ കൃപയായാലേ രാജ്യം ഭരിച്ചൂ.
രാജകുലവംശജാതർ വഞ്ചീശരായ് പ്രസിദ്ധിയാൽ
പൂജാർഹരായ് ജനങ്ങൾക്കുമേറെക്കാലവും
കോലത്തിരി രാജവംശം പരപ്പനാട് സ്വരൂപവും
പലകാലം നിലനിന്നൂ ഭരണം ചെയ്തു
ഇങ്ങിനെ നൽക്ഷേമം പൂണ്ട കേരളം നൽ പ്രസിദ്ധമായ്
വാണിജ്യത്താലന്താരാഷ്ട്ര പ്രസിദ്ധി നേടി
കോഴിക്കോടു ദേശത്തിങ്കൽ പോർച്ചുഗീസും ഡച്ചുകാരും
വാഴാൻ വന്നൂ കച്ചവടതന്ത്രവുമായി.
നാടുവാണ രാജാക്കളെ തമ്മിൽത്തമ്മിലടിപ്പിച്ചു
നാടുവാണൂ പിന്നീടവർ ഏറെക്കാലവും
വൈദേശീക കൊടിക്കൂറയുയർന്നല്ലോ കഷ്ടമിഹ
സ്വദേശീയർ നമ്മെയെല്ലാമടിമയാക്കി.
പാരതന്ത്ര്യച്ചങ്ങലയെപ്പൊട്ടിച്ചെറിയുവാനായി
കേരളത്തിൽ പഴശ്ശിയുമാഹ്വാനം ചെയ്തു
നാടുവിട്ടൂ കാടു വാണൂ കാട്ടാളരെ യോജിപ്പിച്ചു
കൂടെക്കൂട്ടി യായോധനമുറ തുടങ്ങീ.
കുറിച്ച്യരും, കുറുമ്പരും, തോടന്മാരുമായിട്ടേവ-
മമ്പും വില്ലുമെടുത്തിട്ടു ശിക്ഷ തുടങ്ങീ.
പഴശ്ശിയെപ്പിടിയ്ക്കുവാൻ വെള്ളപ്പട കാടു പൂകീ-
പലപലതന്ത്രങ്ങളാൽച്ചതിയാലുമേ
തീ തുപ്പുന്ന തോക്കിൻ വീര്യം ഗർജ്ജിച്ചല്ലോ വയനാട്ടിൽ
സ്വാതന്ത്ര്യത്തിൻ പോരാളിയെപ്പിടികൂടാനായ്
ഒടുവിലായ് ഒറ്റു കൊണ്ടു സ്വന്തം പടയാളിയാൽത്താൻ
കുടുങ്ങീടുമാവലയിൽ ദുഷ്ടന്മാരുടെ
എന്ന നിലയായപ്പോഴാ വീരൻ രാജാ പഴശ്ശിയും
തന്നെത്തന്നെ ബലിയേകി മൃത്യു വരിച്ചു.
ഇത്രയും നൽകോപ്പു കൂട്ടി ശത്രുക്കളെത്തുരത്താനായ്
മാതൃഭൂവെ രക്ഷിയ്ക്കാനായ് ജീവൻ കൊടുത്തു
ക്ഷതത്തിൽ നിന്നുദ്ധരിക്കാൻ ജീവൻപോലും ത്യജിച്ചുള്ള
ക്ഷത്രിയനാം പഴശ്ശി താൻ മാതൃകയല്ലോ
ഇന്നു മാറീ കാലം വല്ലാതിളയ്ക്കവേ നമ്മളൊക്കെ
മന്നിടത്തിൽ ക്ഷതംപൂണ്ടു ജീവിച്ചീടുന്നു
നമുക്കുള്ളയിക്ഷതത്തെ കൂട്ടായി നാം നേരിടേണം
സമ്മോദമായ് പ്രവർത്തനം തുടങ്ങീടേണം
ക്ഷാത്രവൃത്തികൊണ്ടു പണ്ടു ജീവിച്ചുള്ള നമുക്കിന്നു
ക്ഷേമം വരാനുള്ളതൊക്കെ ചെയ്യുക വേണം.
ക്ഷത്രിയരേ "യുണരുക, യുത്തിഷ്ഠത ജാഗ്രത,യിൽ
പ്രാപ്യവരാൻ നിബോധത", യാശംസിക്കട്ടെ
ക്ഷേമസഭ ക്ഷത്രിയർ തൻ കൂടുമിന്നീ യോഗത്തിൽ നൽ
ക്ഷേമൈശ്വര്യ മംഗളങ്ങളാശംസിക്കട്ടെ. ●



# ചിതലിന്റെ ഉത്ഭവവും ഹയഗ്രീവാവതാരവും



**കെ. രാധാമണി തമ്പുരാട്ടി,** കൊച്ചി

ശ്രീപരമേശ്വരന്റെ അനുഗ്രഹത്താൽ പതിനെട്ട് പുരാണങ്ങൾ രചിച്ച ഋഷിയും കവിയും ആണ് ശ്രീ വേദവ്യാസൻ. പതിനെട്ട് പുരാണങ്ങളിൽ ഒന്നായ 'ശ്രീമദ് ദേവീഭാഗവത' ത്തിലെ പ്രഥമ സ്കന്ധത്തിലെ പ്രഥമാദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്ന ചിതലിന്റെ ഉത്ഭവവും വിഷ്ണുദേവന്റെ ഹയഗ്രീവാവതാരവും ആണ് ഈ ലേഖനത്തിന് അവലംബം. ശ്ലോകങ്ങൾ ഉദ്ധരിച്ചിരിക്കുന്നത് സുബ്രഹ്മണ്യൻ തിരുമുമ്പ് രചിച്ച ദേവീഭാഗവതം പരിഭാഷയിൽ നിന്നാണ്.

പതിനായിരം വർഷം തുടർച്ചയായി യുദ്ധം ചെയ്യേണ്ടിവന്നതിന്റെ ഫലമായി ക്ഷീണിതനായ മഹാവിഷ്ണു നിദ്ര ആരംഭിച്ചു. നിദ്രാസമയത്ത് നിലത്തൂന്നിയ ഞാണിട്ട വില്ലിൽ കഴുത്തമർത്തിയും തന്റെ ഭാരം വിൽത്തുമ്പിൽ അർപ്പിച്ചും ആണ് ഭഗവാൻ ശയിച്ചത്. വളരെക്കാലം ഈ രീതിയിൽ യോഗനിദ്രയിൽ ലയിച്ചു.

ഒരു യജ്ഞം നടത്തുവാൻ തീരുമാനിച്ച ദേവന്മാർ ബ്രഹ്മാവിനോടും ശിവനോടും ഒപ്പം വൈകുണ്ഠത്തിൽ വിഷ്ണുവിനെ ദർശിക്കാനായി എത്തി. അവിടെ ഭഗവാന്റെ സാന്നിദ്ധ്യം കണ്ടില്ല. ദേവാധിദേവനായ മഹാദേവൻ ജ്ഞാനദൃഷ്ടിയാൽ മഹാവിഷ്ണു ശയിക്കുന്ന സ്ഥലം അറിഞ്ഞു. അപ്പോൾ എല്ലാവരും കൂടി അവിടെ എത്തുകയും യോഗനിദ്രയിൽ ലയിച്ചുകിടക്കുന്ന വിഷ്ണുവിന്റെ ചുറ്റും ഇരിക്കുകയും ചെയ്തു. ഭഗവാൻ നിദ്രയിൽ നിന്ന് ഉണരുന്നത് പ്രതീക്ഷിച്ച് ഇരുന്ന അവർ ചിന്താധീനരായി. 'നിദ്രാഭംഗം വരുത്തുവാൻ പാടില്ല; യജ്ഞകാര്യം നടത്തുകയും വേണം' ഈ ചിന്തയാണ് അവരെ അലട്ടിയത്. ബ്രഹ്മദേവൻ പരിഹാരം കണ്ടെത്തി. സൃഷ്ടികർത്താവായ അദ്ദേഹം 'ചിതൽ' എന്ന ഒരു ജീവിയെ സൃഷ്ടിച്ചു. നിലത്തൂന്നിക്കിടക്കുന്ന വില്ലിന്റെ അറ്റം മുറിക്കുവാനാണ് ആ ജീവിയെ സൃഷ്ടിച്ചത്. വില്ലിന്റെ അഗ്രം കരണ്ടാൽ വില്ലിന്റെ പാതി നിവരുമെന്നും ഭഗവാൻ നിദ്രയിൽ നിന്ന് ഉണരുമെന്നും ആണ് വിധാതാവ് വിചാരിച്ചത്. ദേവകാര്യം നടത്തേണ്ടതുള്ളതുകൊണ്ട് അദ്ദേഹം ചിതലിനോട് സൃഷ്ടിയുടെ ഉദ്ദേശ്യം പറഞ്ഞു. അപ്പോൾ ചിതലിന്റെ പ്രതികരണം ഇപ്രകാരമായിരുന്നു:

"നിദ്രാഭംഗം, കഥാഭംഗം, മാതൃസമീപത്തിൽ നിന്ന് ശിശുവിനെ അകറ്റൽ, ദമ്പതിമാരുടെ സന്തോഷത്തെ ഹനിക്കൽ എന്നിവയെല്ലാം ബ്രഹ്മഹത്യയ്ക്ക് സമമാണ്. അതുകൊണ്ട് ഇത് പാപമാണ്." എങ്കിലും ചിതൽ മറ്റൊരു കാര്യം കൂടി അറിയിച്ചു. "സ്വാർത്ഥം നേടാൻ പലരും പാപങ്ങൾ ചെയ്യാറുണ്ട്. എനിക്കും എന്തെങ്കിലും പ്രയോജനമുണ്ടെങ്കിൽ ഇത് ചെയ്യാം."

*സ്വാർത്ഥം നേടാൻ ജനം സർവം*
*ചെയ്വൂ പാതക; മാകയാൽ*
*എനിക്കും കാര്യമേതാനു-*
*മുണ്ടെങ്കിലിതു ചെയ്യുവൻ*

ചിതലിന്റെ ഈ മനോഭാവം ഇന്നത്തെ സമൂഹത്തിലും ഉണ്ടല്ലൊ. സ്വന്തമായി എന്തെങ്കിലും പ്രയോജനം ഉണ്ടെങ്കിലേ പലരും സഹായങ്ങൾ ചെയ്യുവാൻ സന്നദ്ധരാവുകയുള്ളു. വർഷങ്ങൾക്കു മുമ്പുതന്നെ വ്യാസദേവൻ മനുഷ്യരുടെ ഈ മനോഭാവം ചിതലിൽ കൂടി കണ്ടെത്തിയിരിക്കുന്നു!

യജ്ഞഭാഗം നൽകാമെന്നും വിഷ്ണുവിനെ ഉണർത്തി ദേവകാര്യം നടത്താൻ സഹായിക്കണമെന്നും വിധാതാവ് ആവശ്യപ്പെട്ടു. പ്രതിഫലമായി ഹവിസ്സ് ഹോമിക്കുമ്പോൾ സമീപത്ത് വീഴുന്നത് ചിതലിന് നൽകാമെന്നും പറഞ്ഞു. (ഹവിസ്സ് – ഹോമദ്രവ്യം) ഉടൻ തന്നെ ചിതൽ നിലത്തൂന്നിയ വിൽത്തല കരണ്ടു. പെട്ടെന്ന് ഞാൺ വേറിട്ടു. താഴത്തെ ഭാഗം മുറിഞ്ഞപ്പോൾ മറ്റേഭാഗം വലിയ

ശബ്ദത്തോടുകൂടി തെറിച്ചുവീണു. അപ്പോൾ ഭൂമി കുലുങ്ങുകയും സമുദ്രം ക്ഷോഭിക്കുകയും ജല ജീവികൾ വിറയ്ക്കുകയും കൊടുങ്കാറ്റ് വീശുകയും ചെയ്തു. സർവ്വത്ര അന്ധകാരവും വ്യാപിച്ചു. ഈ അത്ഭുതപ്രതിഭാസത്തിന്റെ കാരണത്തെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരുന്നപ്പോൾ ഒരു അത്ഭുത ദൃശ്യം അവർ കണ്ടു. കുണ്ഡലം, കിരീടം എന്നിവയോ ടൊപ്പം വിഷ്ണുദേവന്റെ ശിരസ്സ് തെറിച്ചുവീഴുന്ന താണ് അവരെ അത്ഭുതസ്തബ്ധരാക്കിയത്. തന്മൂലം ദേവന്മാർ ദുഃഖിതരായി ഭവിച്ചു. അപ്പോൾ ദേവഗുരുവായ ബൃഹസ്പതി ഇങ്ങനെ സമാധാ നിപ്പിച്ചു. "കരഞ്ഞിട്ടും ദുഃഖിച്ചിട്ടും പ്രയോജന മില്ല. ഇനി എന്താണ് ചെയ്യേണ്ടത് എന്ന് ചിന്തി ക്കുക. അപ്പോൾ ഉപായവും കിട്ടും"

*"ദൈവം ഉത്സാഹമീ രണ്ടും*
*തുല്യമത്രേ നിനയ്ക്കുകിൽ*
*യത്നിയ്ക്ക നാം ഫലം ദൈവ-*
*ഹിതം പോൽ തന്നെ വന്നിടും"*

ഈശ്വരാനുഗ്രഹവും പരിശ്രമവും തുല്യമാണ്. നമ്മൾ പ്രയത്നിക്കണം. അപ്പോൾ ഈശ്വരഹിത മനുസരിച്ച് കാര്യങ്ങൾ ഭവിക്കും.

ദേവഗുരുവിന്റെ ഈ ഉപദേശം സ്വീകരിക്കു കയും ഉൾക്കൊള്ളുകയും പ്രാവർത്തികമാക്കുക യും ചെയ്താൽ മനുഷ്യർക്കും സർവ്വ വിജയങ്ങളും സിദ്ധിക്കുന്നതാണ്.

ദേവന്മാർ നോക്കിനിൽക്കുമ്പോൾ തന്നെ വിഷ്ണുവിന്റെ ശീർഷം തെറിച്ചുവീഴുന്നതു കണ്ട പ്പോൾ ഇന്ദ്രൻ അഭിപ്രായപ്പെട്ടത് "ഈശ്വരനാണ് എല്ലാത്തിനും മുകളിലുള്ളത്. പൗരുഷം കൊണ്ട് പ്രയോജനമൊന്നും ഇല്ല." ആലോചിച്ചു നോക്കി യാൽ ഇന്ദ്രൻ പറഞ്ഞത് വളരെ ശരിയാണെന്ന് മനസ്സിലാകും. ബ്രഹ്മാവ് പറഞ്ഞത് ഇതായിരുന്നു:

*"അതാത് കാലത്തുണ്ടാവും*
*നന്മ തിന്മകളൊക്കെയും*
*ഭുജിച്ചേ കഴിയൂ! വെല്ലാ-*
*നസാദ്ധ്യം ദൈവകല്പിതം"*

ഈശ്വര നിശ്ചയത്തെ അനുസരിക്കുക മാത്ര മേ ചെയ്യാനാകുകയുള്ളു. ഓരോ കാലത്തും ഉണ്ടാ കുന്ന നന്മയും തിന്മയും അനുഭവിച്ചുതന്നെ കഴി യണം. എല്ലാവരും മായയ്ക്ക് വശംവദരാണ്. നിത്യ യായ മായയെ ആശ്രയിച്ചാൽ മാത്രമേ പരിഹാരം ഉണ്ടാകുകയുള്ളു. അതുകൊണ്ട് വിധാതാവ് ശരീരം പൂണ്ട വേദങ്ങളോട് മഹാമായയെ സ്തുതി ക്കുവാൻ ആവശ്യപ്പെട്ടു. വേദങ്ങൾ സ്തുതിച്ച പ്പോൾ സംപ്രീതയായ പരാശക്തി ആകാശത്തിൽ പ്രത്യക്ഷപ്പെട്ടു. ദേവന്മാരോട് ഇങ്ങനെ പറഞ്ഞു:

"കാരണമില്ലാതെ ഒരു കാര്യവും ലോകത്തിൽ ഇല്ല. ഹരിയുടെ തല തെറിക്കുവാൻ കാരണം ഉണ്ട്. ഒരിക്കൽ തമോഗുണം പൂണ്ട ലക്ഷ്മീദേവി പതിയെ ശപിക്കുവാനിടയായി. "അങ്ങയുടെ തല വീണുപോകട്ടെ" എന്നായിരുന്നു ആ ശാപം. ഇതാണ് ഒരു കാരണം. മറ്റൊന്ന് 'ഹയഗ്രീവൻ' എന്ന അസുരനുമായി ബന്ധപ്പെട്ടിരിക്കുന്നു. ദേവി യെ തപസ്സു ചെയ്ത് പ്രീതിപ്പെടുത്തുകയും സ്തു തിക്കുകയും ചെയ്തപ്പോൾ ആ അസുരൻ ആവ ശ്യപ്പെട്ട വരം നൽകിയില്ല. മരണമില്ലാത്ത യോഗി യും സുരന്മാരെ ജയിച്ചവനും ആക്കി തീർക്കണ മെന്നാണ് ഹയഗ്രീവാസുരൻ ആവശ്യപ്പെട്ടത്. അപ്പോൾ ദേവി പറഞ്ഞത് ഇങ്ങനെയാണ്:-

"ജനിച്ചാൽ മരണം തീർച്ച
മരിച്ചാൽ ജന്മവും തഥാ
ഇതു താൻ ലോകമര്യാദ
മറിച്ചാവുന്നതെങ്ങനെ?"

അപ്പോൾ അസുരൻ വീണ്ടും വരം ആവശ്യ പ്പെട്ടു. 'ഹയഗ്രീവൻ' എന്ന നാമം ഉള്ള ആളിൽ നിന്നായിരിക്കണം മരണം." ജഗദംബിക ആ വരം നൽകി. അങ്ങനെ ഒരാൾ ഇല്ലാത്തതുകൊണ്ട് ഹയ ഗ്രീവാസുരൻ പീഡനങ്ങൾ ആരംഭിച്ചു. ആ അസു രനെ നിഗ്രഹിക്കേണ്ടതുള്ളതുകൊണ്ട് പരാശക്തി അതിനുള്ള മാർഗ്ഗവും പറഞ്ഞു. വിഷ്ണുവിന്റെ ശിരസ്സ് വേർപെട്ടുപോയതുകൊണ്ട് ആ സ്ഥാനത്ത് ഒരു കുതിരയുടെ ശിരസ്സ് ചേർത്തുവെച്ചാൽ ഭഗ വാൻ 'ഹയഗ്രീവ' നാകും. ഹയത്തിന്റെ (കുതിര യുടെ) ശിരസ്സ് ലഭിക്കുമ്പോൾ സ്വാഭാവികമായും 'ഹയഗ്രീവൻ' എന്ന നാമവും വിഷ്ണുവിന് ലഭി ക്കും. അപ്പോൾ അസുരനെ വധിക്കാനാകുകയും ചെയ്യും." ഇത്രയും കാര്യങ്ങൾ അറിയിച്ചതിനു ശേഷം ദേവി അപ്രത്യക്ഷയായി.

ദേവന്മാർ ഒരു കുതിരയുടെ തല വെട്ടിയെടുത്ത് വിഷ്ണുവിന്റെ ശിരസ്സിന്റെ സ്ഥാനത്ത് വെച്ചപ്പോൾ ഭഗവാൻ ഹയഗ്രീവനായി. അധികം താമസിയാതെ ഹയഗ്രീവനായ ശ്രീഹരി ഹയഗ്രീവാസുരനെ വധിച്ചു.

# ഇത്തിരിവെട്ടം

ജ്യോതിവർമ്മ എൽ.ആർ, പന്തളം



ഇരവുകൾ പകലുകൾ എത്ര മാഞ്ഞു
ആശതൻ പൂക്കൾ കൊഴിഞ്ഞുവീണു
ഇത്തിരിവെട്ടത്തിൽ മിന്നാമിനുങ്ങിയും
ചൊരിയും പ്രകാശമോ സൂര്യപ്രഭയായി

കർണ്ണികാരങ്ങൾ വീണ്ടും പ്രഭ തൂകി
മേട സൂര്യനുദിക്കാനിടം തേടി
ആത്മാവിൻ തന്ത്രിയിൽ സാരംഗി മീട്ടുന്നു
ഗോരോചനക്കുറി വീണ്ടുമണിയുന്നു

ഇരുളിന്റെ പാതയിൽ വഴിയേതെന്നറിയാതെ
ചുറ്റിലും കുരിരുൾ മൂടി മറഞ്ഞപ്പോൾ

ഇത്തിരി വെട്ടമായ് പാതയിൽ തണലായി
ഒരു മന്ദഹാസത്തിൻ ധവളിമയായ് മനം

നറുനിലാവായ് നിർമ്മല സുസ്മിതം തൂകി
ഹൃത്തടത്തിലൊരു നക്ഷത്രജാലമായ്

നിദ്ര തൻ മടിത്തട്ടിലമരും മിഴികളിൽ
പെയ്യുന്നു ഈറനാം പൗർണ്ണമിയും
എത്ര മനോഹരം ജീവിതയാത്രകൾ
എണ്ണമില്ലാത്തതാം ജീവൽ പ്രതീക്ഷകൾ.

മിഴിനീരുപ്പിനാൽ താണ്ടിയ രാവെത്ര...
മടുപ്പിൻ കരിമേഘം ചിണുങ്ങി പെയ്തമർന്നു...

നനുനനുത്തൊരു ഹിമകണം പൊഴിയുന്ന പോൽ
പുലർകാല സ്വപ്നങ്ങൾ ചിറകു വിരിക്കുന്നു

മാണിക്യചെപ്പിലെ
വെട്ടിത്തിളങ്ങും വദനവുമായിതാ...
ആദിത്യ കിരണങ്ങൾ ഊഴിയിൽ പരക്കുന്നു

നമ്മിലുറഞ്ഞൊരു സ്നേഹാർദ്ര ഭാവങ്ങൾ
വാനവിതാനത്തിൽ പാറിക്കളിക്കവേ...

നീലശോഭയാർന്ന വാനിൽ നിന്നുമൊരു
പൂമഴയായ് പൊഴിയുന്നു സ്നേഹമാം പുലരൊളികൾ

ആത്മാവിനുള്ളിലെ ഈറനാം തൂമഞ്ഞിൻ
മിഴിയിൽ തുളുമ്പുന്നു സ്നേഹാർദ്രഭാവങ്ങൾ

കതിരോന്റെ കിരണങ്ങൾ മിഴികളിൽ ചേർത്തു നിന്നാ
സ്നേഹ മന്ത്രങ്ങൾ ചിത്തത്തിലേറ്റി നാം

പുലരി പ്രതീക്ഷകൾ വീണ്ടുമുയിർ കൊൾകെ...
രാത്രിയുടെ ദൂരത്തെ വിസ്മരിച്ചീടല്ലേ.


## ഡോ. രവിവർമ്മയ്ക്ക് വാസുദേവ് അവാർഡ്



സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി സമിതി പ്രഥമ ചെയർമാനായിരുന്ന ഡോ. എസ്. വാസുദേവിന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയ അവാർഡ് (50,000 രൂപ) ഡോ. എം.കെ. രവിവർമ്മയ്ക്ക് ലഭിച്ചു.

സയൻസ് റിസർച്ച് സ്കീമിൽ ഉൾപ്പെട്ടിട്ടുള്ളതും 2021ൽ പൂർത്തീകരിച്ചതുമായ ഏറ്റവും മികച്ച ഗവേഷണത്തിനാണ് അവാർഡ് ലഭിക്കുക.

ഡോ. രവിവർമ്മ കോഴിക്കോട് എൻഐടി ഫിസിക്സ് വിഭാഗം പ്രൊഫസറാണ്.





ചെറുകഥ

# കശുമാങ്ങ

പി. കെ. നന്ദനവർമ്മ



“വെറ്റിലക്കൊടി തടത്തിൽ തവള കരയണം.

എങ്കിലേ വെറ്റില വളരൂ.

അതാണതിന്റെ ഗുട്ടൻസ്”

കുട്ടൻപിള്ള സംസാരിക്കുമ്പോൾ ഇടയ്ക്കിടെ പ്രത്യക്ഷപ്പെടുന്ന വാക്കാണ് ഗുട്ടൻസ്.

അതുകൊണ്ട് കുട്ടൻപിള്ളയെ ‘ഗുട്ടൻസ് പിള്ള’ എന്നാണ് പരിചയക്കാർ വിളിച്ചിരുന്നത്.

ഭാര്യയുടെ അവകാശത്തിൽപ്പെട്ട പതിനാല് സെന്റ് സ്ഥലത്ത് കുട്ടൻ പിള്ള കൃഷി ചെയ്യുന്നു. വെറ്റില കൃഷിയാണ് പ്രധാനം.

വെറ്റില വള്ളിയെ കയറിൽ പടർത്തി ചെടികളെ പൊന്നുപോലെ നോക്കുന്നു.

വെറ്റില മുറുക്ക് പരക്കെയുള്ള ശീലമാണെങ്കിലും അതിനെ ആരുംതന്നെ ഒരു ദുശ്ശീലമായി എടുത്തിട്ടില്ല. അതിനാൽത്തന്നെ വെറ്റിലക്ക് നല്ല ഡിമാന്റും ഉണ്ട്.

പലപ്പോഴും ഭാര്യ നാരായണിയുമായി കുട്ടൻപിള്ള വഴക്കുണ്ടാക്കും. അതിനുകാരണം വെറ്റില ക്കൊടികളാണ്.

കുട്ടൻപിള്ള കൃഷിപ്പണി കഴിഞ്ഞ് സൊറ പറയാൻ പോകുന്ന തക്കത്തിന് ഭാര്യ വെറ്റില ക്കൊടിയുടെ കയർ താഴ്ത്തി കുറച്ച് വെറ്റില കട്ട് പറിക്കും.

അയലത്തെ കോവിലകത്തുള്ളവർക്ക് കൊടുക്കാനാണ്. അതിന്റെ വിലയും ഉടൻതന്നെ കിട്ടും. നാരായണിയുടെ സ്വകാര്യചിലവ് ഇതുകൊണ്ട് സാധിക്കും.

നാരായണിക്ക് അടുത്തുള്ള കോവിലകത്ത് ജോലിയുണ്ട്. മുറ്റമടിയും പാത്രം തേപ്പും. വളരെ കൃത്യമായി അത് ചെയ്യും. അതിനാൽ കോവിലകത്തുള്ളവർക്ക് നാരായണിയെ ഇഷ്ടമാണ്. അടുത്തുള്ള ഭഗവതി ക്ഷേത്രത്തിൽ ഉത്സവത്തിന് മുണ്ടും രണ്ടാംമുണ്ടും കിട്ടുക പതിവാണ്. മുണ്ട് കിട്ടിക്കഴിഞ്ഞാൽ കുട്ടൻപിള്ളയുടെ ലക്ഷ്യം മുണ്ടിലാണ്. നാരായണിയറിയാതെ മുണ്ടെടുത്ത് ഉടുത്ത് ചന്തക്ക് പോകും.

തിരിച്ച് വരുമ്പോൾ നാരായണി കാത്തിരുന്ന് കുട്ടൻപിള്ളയുമായി വഴക്കുണ്ടാക്കും.

നല്ല കൃഷിക്കാരനാണെങ്കിലും സ്ഥിരവരുമാനമില്ലാത്ത കുട്ടൻപിള്ളയെ കല്യാണം കഴിച്ചത് വീട്ടുകാരുടെ നിർബന്ധം മൂലമാണ്. നാരായണിയുടെ കൂട്ടുകാരോട് അവൾ പറയുമായിരുന്നു

“ഒരു ജോലിയുമില്ലാത്തയാളിനെ....”

അയൽപക്കക്കാരനായ അറുമുഖന്റെ ജോലിയെക്കുറിച്ചും നാരായണി പറയാറുണ്ട്.

അറുമുഖൻ നാരായണിയുടെ അകന്ന ഒരു ബന്ധുവിനെയാണ് കല്യാണം കഴിച്ചത്.

സത്യത്തിൽ അതൊരു കല്യാണമൊന്നും ആയിരുന്നില്ല. അയാൾ അവളുടെ വീട്ടിൽ വന്നുകൂടി. പിന്നെ അവിടെ താമസമാക്കി. നാട്ടുകാർ ഇതൊന്നും അറിഞ്ഞിരുന്നില്ല.കാരണം അയാൾ അതിരാവിലെതന്നെ വീട്ടിൽ നിന്നും ഇറങ്ങും. നരച്ച പാന്റും കോട്ടുമാണ് വേഷം.

കോട്ടിൽ നിറച്ച് പോക്കറ്റുകളുണ്ട്. ആ പോക്കറ്റുകളിലെല്ലാം പലതരം പേനകളാണ്. കയ്യിലെ ബാഗിൽ നിറച്ച് പേനകൾ. പേനക്കച്ചവടം.

അതുപോലെ എന്തെങ്കിലും തന്റെ ഭർത്താവിന് ചെയ്തുകൂടെ.

പറ്റില്ല.കൃഷി.വാഴ,വെണ്ട,വഴുതന,പിന്നെ കശുമാവ്..

കശുമാവ് പൂത്ത് കായ്ച്ചുതുടങ്ങിയാൽ കുട്ടൻപിള്ളയുടെ വരുമാനം കൂടും. എന്നാൽ മറ്റൊരു പ്രശ്നവുമുണ്ട്.

അയൽപക്കത്തെ കുസൃതിക്കുട്ടികൾ കശുമാവിൽ എറിഞ്ഞ് മാങ്ങ എടുക്കും. പിന്നെ വഴക്കിനേ സമയമുള്ളൂ.

അയാൾ വിളിച്ചുകൂവും.

"ഏത് തന്തയില്ലാത്തവനാടാ മാങ്ങ എറിയാൻ വന്നിട്ടുള്ളത്..."

അയാളുടെ തലവട്ടം കണ്ടാൽ പിള്ളേർ ഓടിക്കളയും.

ഒരിക്കൽ എറിയാനെത്തിയ ഒരു ചെറുക്കനെ അയാൾ പിടിച്ചു; കവിളത്ത് രണ്ടടി.

അവൻ കരഞ്ഞുകൊണ്ട് വീട്ടിലേക്കോടി. പിന്നെ അവിടെ യുദ്ധക്കളമായിരുന്നു. ചെറുക്കന്റെ അച്ഛൻ തൂമ്പാപ്പണിക്കാരൻ വെളുത്തയും വീട്ടുകാരും കുട്ടൻ പിള്ളയെ കാണാൻ വീട്ടിലെത്തി. വാക്കുതർക്കമായി.

''എന്റെ മകൻ ഒരു മാങ്ങ എറിഞ്ഞതിൽ ഇയാൾക്കെന്താ ഇത്ര കലിപ്പ്? പയ്യന്മാരല്ലേ.

അവര് ഒന്നോ രണ്ടോ മാങ്ങ എടുക്കും. അല്ലാതെ കശുമാവ് പറിച്ചുകൊണ്ട് പോകില്ലല്ലോ.."

"അതേ... പിള്ളേരെ മര്യാദക്ക് വളർത്തണം.."

വഴക്കിനിടക്ക് നാരായണിയും പറഞ്ഞു.

അതുകേട്ട് ക്ഷുഭിതയായ വെളുത്തയുടെ ഭാര്യയും കയർത്തു.

''നിങ്ങടെ കൊച്ചുങ്ങളെ എങ്ങനെയാ വളർത്തുന്നതെന്ന് ഞങ്ങക്കറിയാം.

നിങ്ങടെ മൂത്തവനെ കോലോത്തെ തെങ്ങിൽ കെട്ടിയിട്ട കഥയൊന്നും നാട്ടുകാർ മറന്നിട്ടില്ല.

എന്തിനായിരുന്നു? തേങ്ങ മോഷണം."

ഇത് കേട്ടപ്പോൾ നാരായണിക്ക് സങ്കടമായി.

അവൾ പിന്നെയൊന്നും പറയാതെ വീട്ടിനകത്തേക്ക് കയറി.

ഒടുവിൽ ഒത്തുതീർപ്പായി. അഞ്ച് കശുമാങ്ങ അണ്ടി സഹിതം കൊടുത്തു. അന്തരീക്ഷം ശാന്തമായി.

അന്ന് പതിവിലധികം മദ്യപിച്ചാണ് കുട്ടൻപിള്ള വീട്ടിലെത്തിയത്. വന്നതും നാരായണിയുടെ എടുത്തുചാട്ടവും.

"നിങ്ങൾ വീട് മുടിക്കാനായി കുടിച്ചു നടന്നോ. ഈ മാസം വീട്ടുചെലവിനായി നിങ്ങൾ കാൽ കാശ് തന്നോ..? ഭാര്യേയും മക്കളേയും പോറ്റാനാവുന്നില്ലെങ്കിൽ കല്യാണം കഴിക്കരുതായിരുന്നു.

മകൾക്ക് പത്തൊൻപത് വയസ്സു കഴിഞ്ഞു. ഇപ്പോൾ കെട്ടിച്ചാൽ ഒരു വർഷത്തിനകം അവൾ പെറും. ഒരു പണവിട സ്വർണ്ണമെങ്കിലും നിങ്ങൾ കരുതിയിട്ടുണ്ടോ.?"

കുട്ടൻപിള്ള ഇതൊന്നും കേൾക്കാത്തമട്ടിൽ തെങ്ങിൻതടത്തിൽ ചെന്ന് ശർദ്ദിച്ചു.

''അയ്യോ.!!എന്റെ ഭഗവതിയേ.!!ഇയാൾക്ക് എവിടെയെങ്കിലും പോയി തൂങ്ങിച്ചത്തൂടേ.!!!"

കുട്ടൻപിള്ള നാരായണിയെ ഒന്ന് നോക്കി. തല കുനിച്ചിരുന്നു.

കുട്ടൻപിള്ളയുടെ മകൾ നീലാംബരി വന്ന് അച്ഛനെ പൊക്കി വീട്ടിലേക്ക് കയറ്റി.

''മതിയമ്മേ പറഞ്ഞത്. ആണുങ്ങളായാൽ ചിലപ്പോഴൊക്കെ കുടിച്ചെന്ന് വരും. അതിനിത്രേം പറയാനുണ്ടോ.?"

മകൾ അച്ഛനെ സപ്പോർട്ട് ചെയ്തു. എങ്കിലും നാരായണിയുടെ കലി തീർന്നില്ല.

"കോലോത്തുന്ന് കൊണ്ടുവന്ന പഴഞ്ചോറുണ്ട്. അതും കഴിച്ച് കിടന്നുറങ്ങ്."

പിറ്റേദിവസം രാവിലെ കോലോത്ത് മുറ്റമടിക്കാൻ നാരായണി പോയി.

മുറ്റമടി പകുതിയായപ്പോൾ അയൽപക്കത്തെ ശങ്കരൻകുട്ടി കിതപ്പോടെ വന്ന് പറഞ്ഞു.

''നിങ്ങളുടെ കുട്ടൻപിള്ള റോഡരികിലുള്ള കശുമാവിൽ കെട്ടിത്തൂങ്ങി നിൽക്കുന്നു!"

കശുമാവിൻ കൊമ്പത്ത് കുട്ടൻപിള്ള ഒരു വലിയ കശുമാങ്ങപോലെ തൂങ്ങിയാടി.

ഒരു ഭാവഭേദവുമില്ലാതെ കോലോത്തെ പണികളെല്ലാം തീർത്തിട്ടാണ് നാരായണി വീട്ടിലേക്ക് പോയത്.

അപ്പോഴേക്കും നാട്ടുകാരുടെ ഒരു കൂട്ടംതന്നെ റോഡിൽ നിന്ന് മരണകാരണങ്ങളെക്കുറിച്ച് പലവിധ കഥകളും മെനഞ്ഞുകഴിഞ്ഞിരുന്നു. ●

# രക്തദാഹി



**യു അപർണ മുള്ളത്ത്,** തിരുവനന്തപുരം

**രാ**വിലെ തൊഴുതു കഴിഞ്ഞ് ഇറങ്ങാൻ നേരം, അമ്പലത്തിൽ മാല കെട്ടിക്കൊണ്ടിരുന്ന വല്യമ്മ ചോദിച്ചു 'കുറുപ്പിന്റെ പറമ്പിലെ പുതിയ വീട് വാങ്ങിയവരാണല്ലേ?' 'അതെ. ഇത് എന്റെ മകൾ, ഇവിടെ കോളജിലാ 'അമ്മ അവളെ വല്യമ്മയ്ക്ക് പരിചയപ്പെടുത്തി. 'എല്ലാം വേണ്ടാംവണ്ണം അമ്പേഷിച്ചിട്ടാണോ അവിടം വാങ്ങിയത്?' വല്യമ്മയുടെ ശബ്ദത്തിൽ തെല്ലൊരു ഭീതി. 'എന്താ, എന്താ കാര്യം?' അമ്മയ്ക്ക് ഉത്കണ്ഠയായി. 'ഭഗവാൻ മുന്നിലിരുന്ന് ഞാൻ കള്ളം പറയില്ല.' വല്യമ്മ തുടർന്നു 'വർഷങ്ങൾക്ക് മുമ്പ് ആ സ്ഥലത്ത് ഒരു പൊട്ടക്കുളമുണ്ടായിരുന്നു. അന്നത്തെ കുറുപ്പിന്റെ മകൻ, ചെറുപ്പക്കാരൻ, ഒരിയ്ക്കൽ കൈയിൽ ഒരു കത്തിയുമായി ആ കുളത്തിൽ ചാടി ചത്തു. ലേശം നൊസ്സായിരുന്നു. പിന്നീട് കുറച്ചു നാളുകൾക്കു ശേഷം അവിടെ നിന്നും രാത്രിയിൽ ചില നേർത്ത മൂളലുകൾ കേൾക്കാറുണ്ടെന്നും, വല്ലാത്തൊരു കാറ്റ് ആഞ്ഞ് വീശാറുണ്ടെന്നുമൊക്കെ ആൾക്കാരുടെ ഇടയിൽ സംസാരമായി. അവർ അതിനൊരു പേരുമിട്ടു 'രക്തദാഹി'. എന്നാൽ ഇതൊക്കെ നേരിട്ട് അനുഭവപ്പെട്ടവർ ഉണ്ടോന്ന് ചോദിച്ചാൽ ആരുമില്ലതാനും. പക്ഷെ അന്നത്തെ കുറുപ്പിന് ആ സ്ഥലം വിൽക്കാൻ സാധിച്ചില്ല. പിന്നെ ഇപ്പോഴത്തെയാൾ അവിടം നികത്തി വീടുവച്ചു. 'വല്യമ്മ ഒന്ന് നിർത്തി അവളെ അടിമുടി നോക്കി... ഒന്നുമുണ്ടായിട്ടല്ലാ, എന്നാലും ഒന്ന് ശ്രദ്ധിച്ചോളൂ, വീട്ടിൽ പെൺകുട്ടിയൊക്കെ ഉള്ളതല്ലെ.'

'എന്നാൽ ശരി' വല്യമ്മയോട് യാത്ര പറഞ്ഞ് അമ്മ നടന്നു.

'അപ്പോൾ ഇന്നലെ രാത്രി തനിയ്ക്കുണ്ടായ അനുഭവം.., അതൊരു വെറും തോന്നലല്ലായിരിയ്ക്കുമോ?' അവൾ ഒന്ന് അന്ധാളിച്ചു. 'എന്തായാലും അമ്മയോടിപ്പോൾ പറയണ്ട' അമ്മയ്ക്കൊപ്പമെത്താൻ അവൾ ഓടി. നടക്കുമ്പോൾ ശ്രദ്ധിച്ചു, അമ്മയുടെ മുഖത്ത് ഭാവമാറ്റങ്ങളൊന്നും ഇല്ല. ആ വല്യമ്മ പറഞ്ഞതൊന്നും കാര്യമാക്കാത്ത പോലെ !!! രാത്രി അത്താഴത്തിനിരുന്നപ്പോൾ അമ്പലത്തിൽ വച്ച് അറിഞ്ഞ കാര്യങ്ങൾ അമ്മ അച്ഛനോട് പറഞ്ഞു. 'എന്താ, തനിയ്ക്കിതിലൊക്കെ വിശ്വാസമുണ്ടോ?' അച്ഛന് ഇതൊന്നും ഒരു വിഷയമേ അല്ലാത്തതുപോലെ 'എനിയ്ക്ക് വിശ്വാസമൊന്നുമില്ല, അതുകൊണ്ട് പേടിയുമില്ല. ആകെ പേടി ചില മനുഷ്യരെയാ.' അമ്മ അടുക്കളയിലേയ്ക്ക് പോയി. പക്ഷെ അവൾക്ക് ഉള്ളിൽ നല്ല ഭയാശങ്ക ഉണ്ടായിരുന്നു. അസ്വസ്ഥതയോടെ കിടന്നതുകൊണ്ടാകാം രാത്രി ഉറങ്ങാൻ വൈകി. ഉറക്കത്തിനിടയിൽ പെട്ടെന്ന് ഞെട്ടിയുണർന്നു, എന്തൊ ശബ്ദം കേട്ടതുപോലെ. ചുറ്റും നോക്കി. വഴിവിളക്കിന്റെ പ്രകാശം അരണ്ട വെളിച്ചമായി മുറിയിൽ. എഴുന്നേറ്റ് മൂത്രശങ്ക തീർത്ത് കിടന്നു. ക്ലോക്കിലേക്ക് നോക്കി, സമയം പന്ത്രണ്ട് മണി. കണ്ണടച്ചപ്പോൾ വീണ്ടും കേട്ടു, നേർത്ത ഒരു മൂളൽ, പതിയെ അത് അടുത്തടുത്ത് വന്നു, ഇടയ്ക്കെപ്പൊഴൊ കേൾക്കാതെയായി. കാലിൽ മൂർച്ചയേറിയ എന്തോ ചെറുതായി കുത്തുന്നതുപോലെ, കൈകളിൽ അങ്ങിങ്ങ് ചെറിയ സ്പർശനം പോലെ, പേടിയോടെയാണെങ്കിലും അവൾ കണ്ണുകൾ പതിയെ തുറന്നു, നിമിഷനേരത്തിൽ കണ്ണിനു മുൻപിൽ നിഴലു പോലെ പെട്ടന്നെന്തൊ ചലിച്ചു. അവൾ ദേഹമാകെ അടിമുടി വിറയ്ക്കാൻ തുടങ്ങി. 'അമ്മേ....' യെന്ന് അലറാൻ പോലും സാധിയ്ക്കുന്നില്ല. എങ്ങനെയൊക്കെയൊ നേരം വെളുപ്പിച്ചു. അടുക്കളയിൽ വച്ച്, രാത്രിയിൽ തനിയ്ക്കുണ്ടായ അനുഭവം അമ്മയോട് വിവരിയ്ക്കുമ്പോഴും അവളുടെ വാക്കുകൾ വിറയ്ക്കുന്നുണ്ടായിരുന്നു. 'ഇനിയാ വല്യമ്മ പറഞ്ഞ രക്തദാഹി ആയിരിയ്ക്കുമോ ...??' അവൾ നല്ലോണം ഭയപ്പെട്ടിട്ടുണ്ട്.

'ഒന്നു പോടി അവിടുന്ന്, രക്തദാഹി പോലും, നീ ഏത് നൂറ്റാണ്ടിലാ ജീവിക്കുന്നത്?' അമ്മ നല്ല ദേഷ്യത്തിലായിരുന്നു. 'അമ്മയ്ക്ക് അങ്ങനെയൊക്കെ പറയാം, അനുഭവിച്ചത് ഞാനല്ലെ' പിറുപിറുത്തു കൊണ്ട് അവൾ എഴുന്നേറ്റു പോയി.

സ്വല്പം ബുദ്ധിമുട്ടിയാണെങ്കിലും, രാത്രിയിൽ തന്റെ കൂടെ കിടക്കണമെന്ന ആവശ്യം അവൾ അമ്മയെ അറിയിച്ചു. 'ഇത്രയും പ്രായമായിട്ടും ഇനിയും പേടി മാറിയിട്ടില്ല പെണ്ണിന്' അമ്മ സമ്മതിച്ചു. കട്ടിലിൽ അമ്മ കൂടെയുണ്ടെങ്കിലും, അവൾ ആകെ അസ്വസ്ഥയായിരുന്നു. ഇടത്തോട്ട്, അമ്മയ്ക്കടുത്തോട്ട് ചരിഞ്ഞു കിടന്നു. മയക്കത്തിൽ എപ്പോഴോ അറിഞ്ഞു, 'നേർത്ത മൂളൽ', വിറയലോടെ പതുക്കെ അമ്മയെ വിളിച്ചു, ഇടറുന്ന സ്വരത്തിൽ പറഞ്ഞു 'മൂളൽ കേൾക്കുന്നു'എന്നിട്ട് വലത്തേയ്ക്ക് ചൂണ്ടി ആംഗ്യം കാട്ടി. അവൾ കാണിച്ച ഭാഗത്തേയ്ക്ക് അമ്മ ടോർച്ച് തെളിച്ചു, എന്തിനെയോ കണ്ടിട്ടെന്ന പോലെ പെട്ടെന്ന് അമ്മ ചാടിയെഴുന്നേറ്റു. അവളുടെ പേടി കൂടി, കണ്ണുകൾ ഇറുക്കിയടച്ചു.

'ഛെ ....' നിമിഷങ്ങൾക്കുള്ളിൽ കാതടപ്പിക്കുന്ന ശബ്ദം. പെട്ടെന്നു തന്നെ അവളുടെ കാലിലൊരു അടി കിട്ടി, ഞെട്ടിയെഴുന്നേറ്റു. മുറിയിൽ നല്ല വെളിച്ചം.


'ദാ നോക്ക് , കണ്ണു തുറന്ന് നോക്ക്, നിന്റെയൊരു രക്തദാഹി' അമ്മ ചുമരിലേയ്ക്ക് കൈ ചൂണ്ടി ദേഷ്യത്തിൽ പറഞ്ഞു. സ്വല്പം ആശങ്കയോടെ അവൾ ചുമരിലേയ്ക്ക് നോക്കി, അമ്മയുടെ നിർദാക്ഷണ്യമുള്ള അടി കൊണ്ട് കൊമ്പും, ചിറകുകളും ചതഞ്ഞരഞ്ഞ് അതങ്ങനെ പറ്റിപ്പിടിച്ചിരിയ്ക്കുന്നു, ചുറ്റും സ്വല്പം ചോരയും. 'തന്റെ ദേഹത്തെ ചോരയാകും...' അവൾ വെറുതെയൊന്ന് ചിന്തിച്ചു. 'ഇനിയെങ്കിലും മര്യാദയ്ക്ക് കിടന്നുറങ്ങിക്കോ.... 'അമ്മ മുറിയിലെ ലൈറ്റണച്ച് പോയി. അവൾക്ക് ചെറിയ ജാള്യതയൊക്കെ തോന്നിയെങ്കിലും' യാഥാർത്ഥ്യം ഇതുതന്നെയായിരിക്കുമോ...' അവളുടെ ആശങ്ക ഒഴിഞ്ഞില്ല. ക്ലോക്കിലേക്ക് നോക്കി, കൃത്യം പന്ത്രണ്ട് മണി. പതുക്കെ കിടന്നു. പെട്ടെന്ന് പുറത്തൊരു കാറ്റ് ആഞ്ഞുവീശി.

# ഡോക്ടറേറ്റ് നേടി



തിരുവനന്തപുരം തുമ്പ വിക്രം സാരാഭായ് സ്പേസ് സെന്റർ (VSSC) ഡെപ്യൂട്ടി ഡയറക്ടർ **സി.കെ. കൃഷ്ണദാസൻ** മെക്കാനിക്കൽ എൻജിനീയറിംഗിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. Composite Structureറുമായി ബന്ധപ്പെട്ട ഗവേഷണ പ്രബന്ധത്തിനാണ് ഡോക്ടറേറ്റ് ലഭിച്ചത്. ചാഴൂർ കോവിലകാംഗമാണ്. ഭാര്യ തിരുവണ്ണൂർ സാമൂതിരി കോവിലകാംഗം ബിന്ദു വർമ്മ IOB തിരുവനന്തപുരം ശാഖയിലെ ഉദ്യോഗസ്ഥയാണ്. മക്കൾ: പല്ലവി വർമ്മ (CVIT,ചെന്നൈ), പാർവതി വർമ്മ. മരുമകൻ: യദു വാസുദേവ് (IIT, ചെന്നൈ).

# തൊണ്ണൂറിന്റെ മികവ്



സ്വന്തം കൃഷിയിടത്തിൽ സ്വയം വിളയിച്ചെടുത്ത വാഴക്കുലയുമായി തേവന്നൂർ കൃഷ്ണവിലാസത്തിൽ റിട്ട.അദ്ധ്യാപകൻ **ടി.ആർ.കൃഷ്ണ വർമ്മരാജാ.** കടപ്ര തുളിശ്ശാല കോയിയ്ക്കൽ കുടുംബാംഗമാണ്. നവതിയിലും നവോന്മേഷത്തോടെ കാർഷികവൃത്തിയെ സ്നേഹിക്കുന്ന അധ്വാനശീലൻ.



# SYSTEM

**ANASWARA VARMA PK,** Thiruvannur

I often think how people misunderstand the phrase more than a word called 'SYSTEM'. Well, it is not about any program system like computers. Moreover, it is about the way we organize things which is not like a system or systematic. Luckily we have trillions of systems in our country, which we do not tend to follow! Indeed the political system comes the first although some people do not put their heads in that 'system'. And then comes the categories like traditional, custom, belief and the most prior living system (Do we have?). It is more ironic that we always speak of these system rather than practicing it in our life. People may change, world may change but there is no change for these systems. Each and every person in this earth has their own perspective and obviously their own system too. Systems cannot be changed whether we became the Prime Minister one morning. Still the system or the rules must be the same. Accepting the fact that no other country allows freedm as our India can anyone do anything? Or sometimes doing nothing can also be fine as our certain political members (they own this country!). Furthermore, it is quite unbelievable that India or Indians follow the very old kind of system and we are having a splendid life! We should change, not system. Everything on this universe consists of a system that are obliged to obey. No matter whether it is related to politics, belief or tradition or may be the life style. For instance, a company's system will be the same even if the workers change, and the system of the sacred temple Sabarimala, even after passing hundreds of years its system will be the same no matter the women got right or wrong. Accept the thing that we should follow the system when our beloved country is helping us out with, that one can't handle but still pretend to be. It is well said that when we follow a particular system our lifestyle will be scheduled. If doing nothing makes one happy and if doing something which he or she could make them great isn't it that great already! No matter how hard it would be we should be working for our country within the system rather than trying to change in order to show off. Take a step, get in the line and just start to follow one of the systems out of million. Believe it we can, if others can!

---

*44–ൽ* നിന്നും

കൃഷ്ണസ്വാമിക്ക് ആരംഭത്തിൽ തോന്നിയിരുന്ന അതിശയം ക്രമേണ ക്രമേണയായി ചുരുങ്ങിവന്നു.


റീന സംസാരം വീണ്ടും തുടർന്നു. “കൃഷ്ണേന്ദു! മനുഷ്യന്റെ അറിവില്ലായ്മയും ബുദ്ധിയില്ലായ്മയുമാണ് സ്വന്തം മനസ്സിൽ കുടികൊള്ളുന്ന ദൈവപുത്രനെ കുരിശിലേറ്റുന്നത്. എങ്കിലും, ദൈവപുത്രൻ വീണ്ടും ഉയിർത്തെന്നെഴുന്നേല്ക്കുമെന്ന് നിങ്ങൾ ഒരിക്കൽ പറഞ്ഞു. ആ ഒരു സത്യം ഞാൻ പിന്നീടൊരിക്കൽ അനുഭവിച്ചറിഞ്ഞു. അന്ന് ഒരിക്കൽ നിങ്ങൾ പറയുകയുണ്ടായി “ഞാൻ ഇവിടെത്തന്നെ താമസിക്കും കുരിശിലേറ്റപ്പെടുന്നതിന്നുവേണ്ടി” എന്ന്. കഠോരമായ ആ വാക്കുകൾ എന്റെ ചെവികളിൽ എപ്പോഴുമുണ്ടായിരുന്നു. നിങ്ങൾ ഒരു വിശുദ്ധ സന്ന്യാസിയാണ്. എന്റെ സാമീപ്യം നിങ്ങളെ കളങ്കപ്പെടുത്തുമായിരുന്നു. എങ്കിലും....” റീനയുടെ കണ്ണുകൾ നിറഞ്ഞൊഴുകിത്തുടങ്ങി.

*(തുടരും)*



*വരച്ചത്*
**ധനഞ്ജയവർമ്മ**
പിലാത്തറ





# പുസ്തകജാലകം





## ഓലപ്പുരയിലെ ഋതുഭേദങ്ങൾ

**ശ്രീപ്രസാദ് വടക്കേപ്പാട്ട്**

**പ്രസാധകർ: പേപ്പർ പബ്ലിക്ക**

**വില: 160**

**അവലോകനം**

ജീവിതത്തിലെ പ്രഥമവും പ്രധാനവും എന്ന് വിശേഷിപ്പിക്കാവുന്ന പ്രൈമറി വിദ്യാഭ്യാസവും തുടർന്നുള്ള വിദ്യാർത്ഥി ജീവിതവും സുവർണ്ണ കാലഘട്ടമെന്നു വിലയിരുത്താറുണ്ട്. കുഞ്ഞു മനസ്സുകളിൽ വിരിയുന്ന അക്ഷരപുഷ്പങ്ങളുടെ മണവും നിറവും ഭംഗിയും ഒരു തരം സ്വർഗ്ഗീയാനുഭൂതിയാണു അവരിൽ ഉണർത്തുന്നത്. വിദ്യാലയത്തിന്റെ ചുറ്റുവട്ടത്തിൽ നിറഞ്ഞ പ്രകൃതിഭംഗിയോ ഉണങ്ങിവരണ്ട കുറ്റിക്കാടുകളോ പഴകി ദ്രവിച്ച മേൽക്കൂരകളോ പരുക്കൻ പ്രതലങ്ങളോ കുട്ടികളെ വേദനിപ്പിക്കുന്നില്ല. സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും മാത്രമുള്ള അന്തരീക്ഷത്തിലാണു കുട്ടികളുടെ വളർച്ച. സ്നേഹവാത്സല്യങ്ങൾ നിറഞ്ഞ ഇത്തരം അന്തരീക്ഷത്തിന്റെ സ്രഷ്ടാക്കളാണു അദ്ധ്യാപകർ. ആർഭാടങ്ങളോ ആഡംബരങ്ങളോ അല്ല, അദ്ധ്യാപകരാണു വിദ്യാലയത്തെ പാഠശാലയാക്കുന്നത്. ഇത് ഒരു ശാശ്വത സത്യമാണ്. അവർ പഠിപ്പിക്കുന്നു. ലാളിക്കുന്നു, കുരുന്നുമനസ്സുകളിൽ മൂല്യബോധം വളർത്തുന്നു. ജീവിതാന്ത്യത്തിലും അവരെപ്പറ്റിയുള്ള ഓർമ്മകൾ പച്ചപിടിച്ചു നിൽക്കുന്നു.

തികച്ചും അപരിഷ്കൃതമായ ജീവിത സാഹചര്യങ്ങളിൽ ഗ്രാമീണശൈലിയുടെ നിഷ്ക്കളങ്കതയും സ്നേഹവാത്സല്യങ്ങളും ഏറ്റു വാങ്ങി, ഉയർന്ന ഔദ്യോഗിക കൃത്യാന്തര ബഹുലതകൾക്കിടയിൽ പഴയകാല സ്മൃതികൾ കുറിച്ചു വയ്ക്കാൻ ഒരുമ്പെട്ടത് തികച്ചും യാദൃശ്ചികമാവാം. കാലത്തിന്റെ പ്രയാണത്തിൽ അപ്രസക്തമെന്നു തോന്നാവുന്ന കൊച്ചുകൊച്ചു സംഭവങ്ങൾ, വർഷങ്ങൾക്കു മുമ്പു ബാലമനസ്സുകളിൽ ഉണ്ടാക്കിയ അത്ഭുതങ്ങളും ആശങ്കകളും കോർത്തിണക്കിയാണ് ഈ പുസ്തകത്തിന്റെ ഇതിവൃത്തം രൂപപ്പെടുത്തിയത്. കാലപ്പഴക്കത്തിൽ അത്തരം ഓർമ്മകൾ തപിക്കുന്ന മനസ്സിനെ തണുപ്പിക്കും. ഓർമ്മകളില്ലാത്ത വാർദ്ധക്യം ശൂന്യതയെ പിടിവള്ളിയാക്കും. ശരീര ദൗർബ്ബല്യങ്ങളുടെ തമസ്സിൽ അവ പ്രകാശം ചൊരിയും.

എട്ടു മുതൽ പത്തുവരെയുള്ള രണ്ടു വർഷത്തെ പഠനകാലത്ത് നടന്ന സ്കൂൾ അനുഭവങ്ങളാണ് 'ഓലപ്പുരയിലെ ഋതുഭേദങ്ങൾ.' കോവിഡിന്റെ തുടക്കത്തിൽ ലോകം മുഴുവൻ സമ്പൂർണ്ണ ലോക്ഡൗണിന്റെ ഭീകരതയിൽ വിറങ്ങലിച്ച് നിൽക്കുമ്പോൾ ഉണ്ടായ ആകസ്മിക സൈബർ കൂട്ടുചേരലാണു ഇതിനു വഴിയൊരുക്കിയത് എന്നു ശ്രീപ്രസാദ് തന്നെ പറഞ്ഞിട്ടുണ്ട്. ഓർമ്മകളെ ചിക്കിച്ചികഞ്ഞ് കൊത്തിയെടുത്തു മിനുക്കി രസാനുഭൂതിയുണർത്തി വായനാനുഭവമാക്കാൻ ചെയ്ത ശ്രമം ഒട്ടും വിഫലമായില്ല.

നാലുപതിറ്റാണ്ടിനു മുമ്പുള്ള ആനമങ്ങാട്ടു ഹൈസ്കൂളിന്റെ ചുറ്റുവട്ടത്തുള്ള ഗ്രാമീണാന്തരീക്ഷവും നന്മയുടെ സമൃദ്ധിയും പരസ്പര സ്നേഹവും അദ്ധ്യാപക വിദ്യാർത്ഥി ബന്ധവും ഇന്നത്തെ തലമുറക്ക് അപരിചിതങ്ങളാണ്. നുറുങ്ങു കഥകളും സംഭവങ്ങളും ഉത്സവങ്ങളും ശണ്ഠകളും പിണക്കങ്ങളും എല്ലാം ആകർഷകമായ ഭാഷയിൽ ഉദ്വേകജനകമായ തലക്കെട്ടുകളിൽ ചേർത്തിട്ടുണ്ട്. ഒരു പുസ്തകത്തിന്റെ വായനാഔൽസുക്യത്തെ ഉത്തേജിപ്പിക്കുവാൻ ഇവയൊക്കെ അനിവാര്യം തന്നെ. ആനമങ്ങാടും ആനമങ്ങാട് ഹൈസ്കൂളും വളർന്നു വികസിച്ച് ഉയരങ്ങളിലേക്ക് കുതിക്കുമ്പോൾ, പഴയകാല ഓർമ്മകളും അനുഭവങ്ങളും പുതിയ അക്ഷരദീപങ്ങളായി പ്രകാശിക്കട്ടെ. ഗ്രന്ഥകർത്താവിന് നന്മകൾ നേരുന്നു.

**കെ.എൻ.എസ് വർമ്മ,** ചേർത്തല

## ആദ്ധ്യാത്മികതയിലേക്കുള്ള സഞ്ചാരങ്ങൾ




### ദക്ഷിണ

**പേജ്: 224**

ലോകജീവിതം പ്രശ്ന ബഹുലവും സങ്കീർണ്ണവും ആയി നീങ്ങിക്കൊണ്ടിരിക്കുമ്പോൾ മനുഷ്യാത്മാവിന് ആദ്ധ്യാത്മികതയുടേതായ ഒരു പിടിവള്ളി അനിവാര്യമാണ്. മദമാത്സര്യങ്ങളും സ്വാർത്ഥതയും പകയും വിദ്വേഷവും വളരുന്ന സാഹചര്യങ്ങളും വളർത്തുന്ന ശക്തികളും ചുറ്റുപാടുമുണ്ട്. മാനവികതയ്ക്കോ, മൂല്യങ്ങൾക്കോ സമൂഹത്തിൽ പ്രാധാന്യം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. മനുഷ്യന്റെ ആത്മീയമായ ഉണർവിലൂടെ മാത്രമേ മുൻപറഞ്ഞ അപചയങ്ങളെയും ദുരവസ്ഥകളെയും അതിജീവിക്കാൻ കഴിയൂ. മനുഷ്യമനസ്സുകളെ ശുദ്ധമാക്കി ആദ്ധ്യാത്മികമായ ജ്ഞാനത്തിലേക്കുയർത്താൻ ഭക്തിപോലെ സഹായകമായ മറ്റൊന്നില്ല. ഭക്തിഭാവം ഒരിക്കലും ഏകശിലാധിഷ്ഠിതമല്ല. അതിനു പല പ്രകാരഭേദങ്ങളുമുണ്ട്. ഇവയാകട്ടെ ദേശകാലാനുസാരിയായി അനേകം വ്യാഖ്യാനഭേദങ്ങളിലേക്കും അർത്ഥഭേദങ്ങളിലേക്കും സഞ്ചരിച്ചെത്തുന്നവയുമാണ്. ഭക്തി എന്ന അടിസ്ഥാന ഭാവവുമായി കലർന്നു കിടക്കുന്ന ഒന്നാണ് വിശ്വാസം. അചഞ്ചലഭക്തിയും അചഞ്ചലവിശ്വാസവും അടിമുടി നിറഞ്ഞുനിൽക്കുന്ന ഒരു കൃതിയെ ഇവിടെ പരിചയപ്പെടുത്താം.

മേകല ശ്രീനിവാസറാവു രചിച്ച 'ദക്ഷിണ' (ബാബയുടെ ദിവ്യലീലകൾ) എന്ന കൃതിയ്ക്ക് ചന്ദ്രാവലി തമ്പുരാൻ തയ്യാറാക്കിയ പരിഭാഷ ഭഗവാൻ ഷിർദ്ദി സായിബാബയുടെ അത്ഭുതലീലകൾ ഉൾക്കൊള്ളുന്നു. പന്ത്രണ്ട് അദ്ധ്യായങ്ങളുള്ള ഈ കൃതി സായി ഭക്തന്മാരുടെ അനുഭവങ്ങളെയും അവയ്ക്ക് ആധാരമായ ഭക്തിയെയുമാണ് പ്രധാനമായും കേന്ദ്രീകരിക്കുന്നത്. തനിക്ക് ആരുടെയും മനസ്സിൽ അന്ധവിശ്വാസമോ, ഭീതിയോ ജനിപ്പിക്കുവാൻ തീരെ ഉദ്ദേശ്യമില്ലെന്നും പകരം ഭയത്തെ ശമിപ്പിച്ച് ഭഗവദ്ലീലാരസത്തിൽ ആറാടി ആനന്ദിക്കുവാൻ സഹായിക്കണമെന്നാണ് തന്റെ അതിയായ ആഗ്രഹം എന്നും പുസ്തകരചനയെ സംബന്ധിച്ചുള്ള സ്വന്തം കാഴ്ചപ്പാട് ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത് ശ്രദ്ധിക്കാം. പുസ്തകം എഴുതാനിടയായ സാഹചര്യം, പുസ്തകത്തിന്റെ ഉള്ളടക്കത്തെ സംബന്ധിച്ച സൂചനകൾ - ഇവയെല്ലാം പ്രഥമാദ്ധ്യായത്തിൽ പറഞ്ഞു വയ്ക്കുന്നുണ്ട്. ഭയരഹിതങ്ങളായ മനസ്സുകൾക്കേ പൂർണ്ണവിശ്വാസത്തിലെത്താൻ കഴിയൂ എന്നും അപ്രകാരം പൂർണ്ണമായ വിശ്വാസത്തിലെത്തിയാൽ മാത്രമേ ഭഗവാൻ ഷിർദ്ദി സായിബാബയുടെ ലീലകൾ പ്രസക്തങ്ങളായി അനുഭവപ്പെടുകയുള്ളു എന്നും ഉള്ള നിരീക്ഷണം (അദ്ധ്യായം ഒന്ന്, പുറം 25) പ്രധാനപ്പെട്ട ഒന്നാണ്. തന്റെ കൃതിയിൽ ഉടനീളം ബാബ വിഹരിക്കുകയാണെന്ന അനുഭൂതി ഗ്രന്ഥകാരൻ പങ്കുവയ്ക്കുന്നത് ഏറെ അർത്ഥവത്താണ്. (അദ്ധ്യായം അഞ്ച്, പുറം - 89) പരമാത്മാവുമായുള്ള ഐക്യപ്പെടലിന് ഉത്തമ ദൃഷ്ടാന്തം കൂടിയാണിത്. 'ദക്ഷിണ' എന്ന കൃതിയുടെ രചയിതാവ് ആരാണെന്ന ചോദ്യം പലരും ഉന്നയിച്ചപ്പോൾ 'ബാബ' എന്ന് ഗ്രന്ഥകാരൻ മറുപടി പറഞ്ഞതും സമാനമായ മറ്റൊരു സന്ദർഭമാണ് (അദ്ധ്യായം പതിനൊന്ന്, പുറം - 179) "മനുഷ്യന് പരിമിതമായ വസ്തുക്കൾ പരിമിതമായ സമയത്തു മാത്രമേ അനുഭവിക്കുവാൻ, ആസ്വദിക്കുവാൻ കഴിയുകയുള്ളു. പരിധിയില്ലാത്ത സന്തോഷമാണ് ബ്രഹ്മാനന്ദം, അവിടെ മാനസിക വിക്ഷോഭത്തിന് സ്ഥാനമില്ല. മാനസിക വിക്ഷോഭം ലൗകികമായ വസ്തുസംബന്ധിയാണ്, ദൈവീകമല്ല, പലപ്പോഴും നമ്മൾ പരിമിതമായ ലോകകാര്യങ്ങൾ പരിമിതമായ സമയത്തു മാത്രം അനുഭവിക്കുന്നു. അപ്പോൾ നാം ബാബയിൽ നിന്ന് അകലുന്നു. ബാബയെ ആവശ്യമായി വരുമ്പോൾ തിരികെ വന്ന് അവിടുത്തെ ശരണം പ്രാപിക്കുന്നു. അവയെല്ലാം തന്നെ ബാബയുടെ ലീലകൾ മാത്രമാണ്." (അദ്ധ്യായം പന്ത്രണ്ട്, പുറം 191). ഇപ്രകാരം ലൗകികതയിൽ ആണ്ടുമുങ്ങുന്ന മനുഷ്യരെ ഭക്തിയിലേക്കും ജ്ഞാനത്തിലേക്കും ഉയർത്തി പാലനം ചെയ്യുന്ന ഷിർദ്ദി സായിബാബയുടെ അദ്ഭുതശക്തി ഈ കൃതിയിലെങ്ങും തരംഗങ്ങൾ തീർക്കുന്നുണ്ട്. ഈ രചന മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയതിലൂടെ ചന്ദ്രാവലി തമ്പുരാൻ ഭക്തിയുടെയും ആത്മീയജ്ഞാനത്തിന്റെയും പ്രാധാന്യത്തെ ഉയർത്തിക്കാട്ടുകയാണ് ചെയ്തത്. ലാളിത്യത്തോടെയും ആർജ്ജവത്വത്തോടെയും നിർവഹിച്ചിരിക്കുന്ന ഈ പരിഭാഷ വായനക്കാരെ വിഷയത്തോട് ഏറെ അടുപ്പിച്ചു നിർത്തുന്നു.

**ഡോ. ആർ. ശ്രീലതാവർമ്മ,** തിരുവനന്തപുരം

# ബാലവേദി/വളരുന്ന പ്രതിഭകൾ

## സ്നേഹഗായകൻ

**അഖിലേഷ് വർമ്മ,** 9-ാം ക്ലാസ്സ്, നീലേശ്വരം



**ചി**ന്തയിൽ മുഴുകിയിരുന്നു
അത് രചനകളായി നിറഞ്ഞു
തന്റെ കാവ്യങ്ങൾ തീർത്ത്
പണിതവൻ
സ്നേഹഗായകനായി മാറി
പ്രാണഗായകനായി മാറി

വീണപൂവ് പോലെ
ആ കാവ്യകാരൻ എങ്ങോ ദൂരെ മറഞ്ഞു
ചിന്താവിഷ്ടയായ സീതയെ
വർണ്ണിച്ച് എത്ര സമാഹാരം തീർത്തൂ
ആ മഹാനാണെന്റെ ആശാൻ

## സ്കോളർഷിപ്പിന് അർഹയായി



യുവജനങ്ങളിൽ കലാ സാംസ്കാരിക വളർച്ചയ്ക്കായി പ്രവർത്തിക്കുന്ന ദേശീയ സംഘടനയായ സ്പിക്ക് മാക്കേയുടെ 'ഗുരു കി സംഗത്' സ്കോർളഷിപ്പും കേന്ദ്ര സാംസ്ക്കാരിക വകുപ്പിന്റെ CCRT സ്കോളർഷിപ്പും കരസ്ഥമാക്കിയ **മീനാക്ഷി എസ്. വർമ്മ .** ക്ഷത്രിയ ക്ഷേമസഭ എറണാകുളം യുണിറ്റ് സെക്രട്ടറി സതീഷ് വർമ്മയുടെയും ദീപ വർമ്മയുടെയും മകളാണ്. കർണ്ണാടക സംഗീത പഠനത്തിനായാണ് സ്കോളർഷിപ്പ് .

## പി.സി. ലക്ഷ്മി പാർവതി തമ്പുരാട്ടി

**സ്കൂളിലെ മികച്ച പ്ലാറ്റൂൺ കമാൻഡർ**



കോട്ടയം വയസ്കര രാജ്ഭവനിലെ എ. ആർ രാജരാജവർമ്മയുടെയും സൗമ്യവതി തമ്പുരാട്ടിയുടെയും ചെറുമകളും കണ്ണൻ-പ്രിയ ദമ്പതികളുടെ മകളുമായ പി.സി. ലക്ഷ്മി പാർവതി തമ്പുരാട്ടിയെ മികച്ച എസ് പി സി പ്ലാറ്റൂൺ കമാൻഡറായി തിരഞ്ഞെടുത്തു.

കോട്ടയം ബേക്കർ സ്കൂളിലെ പത്താം ക്ലാസ് വിദ്യാർഥിനിയാണ്. സ്റ്റുഡന്റ് പൊലീസ് കേഡറ്റാണ്. പാസിങ് ഔട്ട് പരേഡിന് നേതൃത്വം നൽകി. സ്കൂളിലെ മികച്ച പ്ലാറ്റൂൺ കമാൻഡറായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. സ്കൂളിൽ നടന്ന ചടങ്ങിൽ പുരസ്കാരം ഏറ്റുവാങ്ങി. ക്ഷത്രിയ ക്ഷേമ സഭ കോട്ടയം യൂണിറ്റ് അംഗമാണ്.

## MUTED SCREENS

**Devika B Gopal ,** Class 6A



Early mornings ,cool breeze and bright sun,
Noisy corridor, push 'n pull in the assembly and canteen counter,
Oh God! these things I complained about,
Never knew would miss this hustle bustle of school life.

Two plus years gone by,
Class rooms changed to meeting rooms,
All noise behind the muted screen,
No break times with friends,
No chit chat or sharing of tiffin,
It's just me and myself behind a muted screen.

Yes two and a half years have gone by,
But there is light at the end of every tunnel,
Friends, classrooms, noisy corridors,
I want them all back,
Not the muted screen anymore!!



## അനുമോദിച്ചു

കഴിഞ്ഞലക്കം 'ക്ഷാത്രസ്പന്ദനത്തിൽ 'തിലോദകം' എന്ന ഹൃദയസ്പർശിയായ ചെറുകഥയെഴുതി ശ്രദ്ധ നേടിയ വളർന്നുവരുന്ന കൊച്ചുകഥാകാരൻ പാർത്ഥിവ് വർമ്മയെ മാർച്ച് 27ന് തിരുവല്ലയിൽ നടന്ന ചടങ്ങിൽ സംസ്ഥാന പ്രസിഡന്റ് ഡോ.എം. ലളിതാംബിക 1001 രൂപയുടെ ക്യാഷ് അവാർഡ് നൽകി അനുമോദിച്ചു. തിരുവല്ല പാലിയക്കര കിഴക്കേ കൊട്ടാരത്തിലെ രാംദാസ് വർമ്മയുടെയും പത്മയുടെയും മകനും പത്തനംതിട്ട അയിരൂർ മാർത്തോമ്മാ ഹൈസ്കൂൾ 8-ാം ക്ലാസ് വിദ്യാർത്ഥിയുമാണ്.

## LSS സ്കോളർഷിപ്പ് കരസ്ഥമാക്കി



2020-21 ലെ LSS സ്കോളർഷിപ്പിന് അർഹയായ കുമാരി ശ്രീദ ശ്രീകാന്ത്. മാവേലിക്കര ശ്രീപാദത്തിൽ ശ്രീകാന്ത് വർമ്മയുടേയും ധന്യ ശ്രീകാന്തിന്റെയും മകളായ ഈ കൊച്ചു മിടുക്കി മാവേലിക്കര എ.ആർ രാജരാജവർമ്മ മെമ്മോറിയൽ ഗവ.ഗേൾസ് ഹയർ സെക്കന്ററി സ്കൂളിലെ അഞ്ചാം ക്ലാസ് വിദ്യാർത്ഥിനിയാണ്


# പദപ്രശ്നം

P എന്ന അക്ഷരത്തിൽ തുടങ്ങുന്നതും K എന്ന അക്ഷരത്തിൽ അവസാനിക്കുന്നതും നാലക്ഷരങ്ങൾ മാത്രമുള്ളതുമായ 8 വാക്കുകൾ കണ്ടുപിടിച്ചു കള്ളികൾ പൂരിപ്പിക്കുക.

**സൂചന:**

1. വാഹനത്തിൽ സഞ്ചരിച്ചിട്ട് കുറച്ചു നേരത്തേക്ക് നിർത്തിയിടുന്നത്
2. മലയുടേയും മറ്റും ഉയരത്തിലുള്ള ഭാഗം
3. ഒരു നിറം
4. ഒരു തരം മൃഗത്തിന്റെ ഇറച്ചി
5. ചെറിയ കൈമടക്ക്
6. മൃഗചർമ്മ മാലിന്യവുമായി ബന്ധപ്പെട്ടത്
7. കുത്തി തുളയ്ക്കുക ഒരു പക്ഷിയുടെ പേരിൽ ഈ വാക്കുണ്ട്.
8. ഈ വാക്കിന് ഐസ് ഹോക്കിയുമായി ബന്ധമുണ്ട്.

### നിങ്ങൾക്ക് ഒരു 'എട്ടി'ന്റെ പണി
### TEST YOUR VOCABULARY




പതിനഞ്ചു വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ഈ പദപ്രശ്നത്തിൽ പങ്കെടുക്കാം. ഉത്തരം 9847017105 (മധുകുമാർ വർമ്മ) എന്ന Whatsapp നമ്പറിൽ അയയ്ക്കുക. ശരിയുത്തരങ്ങളിൽ നിന്നും നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കുന്ന അഞ്ചു കുട്ടികൾക്ക് സമ്മാനങ്ങൾ.

# യൂണിറ്റ് വാർത്തകൾ - വിശേഷങ്ങൾ

## തിരുവനന്തപുരം

### ഭരണസമിതി തീരുമാനങ്ങൾ

സഭയുടെ ഉപയോഗശൂന്യമായ പഴയ റെക്കാർഡുകൾ കളയാമെന്ന കേന്ദ്രസഭാ പ്രസിഡന്റിന്റെ നിർദ്ദേശത്തിന് വേണ്ട പിന്തുണ നല്കുന്നതിനു തീരുമാനിച്ചു. ഓൺലൈൻ വഴി നടത്തുന്ന 'ചരിത്രം വർത്തമാനം' എന്ന പ്രോഗ്രാമിന്റെ ലിങ്ക് മറ്റ് ക്ഷത്രിയകുടുംബങ്ങൾക്കും താല്പര്യമുള്ള വ്യക്തികൾക്കും നല്കാമെന്ന് തീരുമാനിച്ചു. ഓൺലൈൻ പ്രോഗ്രാമിന്റെ റിപ്പോർട്ട് 'ക്ഷാത്രസ്പന്ദന'ത്തിൽ കൊടുക്കാൻ ജി. രാമവർമ്മയെ ചുമതലപ്പെടുത്തി. ഓൺലൈൻ പ്രോഗ്രാമിൽ ഇതുവരെ കൊച്ചി രാജകുടുംബത്തിലെ രാമവർമ്മ അപ്പൻ തമ്പുരാൻ, എ.ആർ. രാജരാജവർമ്മ, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ രാജാരവിവർമ്മ, കേണൽ ഗോദവർമ്മരാജ എന്നിവരെപ്പറ്റിയാണ് ചർച്ച നടന്നത്. റീജന്റ് മഹാറാണിയ്ക്ക് തലസ്ഥാനത്ത് ഉചിതമായ സ്മാരകം നിർമ്മിക്കുന്നതിന് കേന്ദ്രസഭയോട് നിർദ്ദേശിക്കണമെന്നും അതിനുള്ള ശ്രമം സഭയുടെ ഭാഗത്തുനിന്നും ഉണ്ടാവണമെന്നും ജോയിന്റ് സെക്രട്ടറി നാരായണൻ പണ്ടാല അഭിപ്രായപ്പെട്ടു.

### സംസ്കൃത പഠനം

താല്പര്യമുള്ള അംഗങ്ങൾക്ക് സംസ്കൃതഭാഷ പഠിക്കുന്നതിന് വേണ്ട സഹായങ്ങൾ സംഘടിപ്പിക്കാമെന്ന് സഭാംഗമായ ബീനാവർമ്മ അറിയിച്ചിട്ടുണ്ട്.

### താഴെപ്പറയുന്ന സഭാംഗങ്ങളെ അഭിനന്ദിക്കുകയുണ്ടായി

സംസ്ഥാന പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ഡോ. എം. ലളിതാംബിക

സംസ്ഥാന സഭാ വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട കെ.ആർ. കൃഷ്ണകുമാരി

എൻജിനീയറിംഗിൽ ഉന്നത മാർക്കോടെ വെള്ളി മെഡൽ കരസ്ഥമാക്കിയ നിഖിലാവർമ്മ

കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള Environmental Appraisal Committee യുടെ ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ട സഭാ പ്രസിഡന്റ് ഡോ. ആർ. അജയകുമാർ വർമ്മ

ബാൽരാജ് പുരസ്കാരം ലഭിച്ച ഡോ. എഴുമറ്റൂർ രാജരാജവർമ്മ

ഷഷ്ട്യബ്ദപൂർത്തി ആഘോഷിച്ച സഭാ സെക്രട്ടറി അജയവർമ്മരാജ

1107 മേടമാസത്തിൽ നടത്തിയ പൊതുയോഗത്തിന്റെ റിപ്പോർട്ടിന്റെ കോപ്പി കെ. രാഘവവർമ്മ കമ്മിറ്റിയിൽ അവതരിപ്പിച്ചു.

കോവിഡ് മൂലം നടത്താൻ കഴിയാതിരുന്ന പ്രതിമാസ പരിപാടികൾ പുനരാരംഭിക്കണമെന്ന് മുതിർന്ന അംഗം പി.ജി. ശശികുമാർ വർമ്മ അഭിപ്രായപ്പെട്ടു.

### ശിവരാത്രി ആഘോഷം



വനിതാ വിഭാഗത്തിന്റെ നേതൃത്വത്തിൽ മഹാശിവരാത്രി ദിനമായ 2022 മാർച്ച് 1ന് സുന്ദരവിലാസം കൊട്ടാരത്തിൽ ശിവരാത്രി മഹാത്മ്യത്തെപ്പറ്റി പ്രഭാഷണവും ഭജനയും സംഘടിപ്പിച്ചു.

### ഗൃഹസന്ദർശനം

വനിതാവിഭാഗത്തിന്റെ നേതൃത്വത്തിൽ 75 വയസ്സുകഴിഞ്ഞ അംഗങ്ങളെ അവരുടെ ഭവനങ്ങളിൽ സന്ദർശനം നടത്തി. അവരുമായുള്ള ബന്ധം പുതുക്കാനും സഭയുടെ കാര്യങ്ങളെപ്പറ്റി അവരെ പറഞ്ഞു മനസ്സിലാക്കാനും സന്ദർശനം കൊണ്ട്



സാധിച്ചു. വനിതാവിഭാഗത്തിന് സഭയുടെ അഭിനന്ദനങ്ങൾ അറിയിച്ചു.

## കോട്ടയം

### വാർഷിക പൊതുയോഗം മെയ് ഒന്നിന്

ക്ഷത്രിയക്ഷേമസഭ കോട്ടയം യൂണിറ്റ് വാർഷികപൊതുയോഗം മേയ് ഒന്നിന് വിവിധ പരിപാടികളോടെ നടത്താൻ ഭരണസമിതിയോഗം തീരുമാനിച്ചു.

തിരുനക്കര ബ്രാഹ്മണ സമൂഹമഠം ഹാളിലാണ് പരിപാടി. ഉച്ചയ്ക്ക് ശേഷം 2.30 മുതൽ 6 വരെയാണ് ആഘോഷങ്ങൾ. വാർഷിക പൊതുയോഗവും കുടുംബസംഗമവും കലാപരിപാടികളും ഉണ്ടായിരിക്കും. പ്രമേയ അവതരണവും നടക്കും. എം.ജി സർവകലാശാലാ സിൻഡിക്കേറ്റ്



*പാലാ കടനാട് ശ്രീനിലയം പാലസിൽ രാജരാജ വർമ്മയുടെ (റിട്ട. ചീഫ് ട്രാൻസ്പോർട്ട് ഓഫീസർ) വീട്ടിൽ കോട്ടയം യൂണിറ്റ് ഭാരവാഹികൾ സന്ദർശിച്ചപ്പോൾ*

അംഗം പ്രൊഫ. ബി. കേരള വർമ്മ, നോവലിസ്റ്റ് വി.കെ. രവിവർമ്മ തമ്പുരാൻ എന്നിവരെ പൊതുയോഗത്തിൽ ആദരിക്കും.

'ക്ഷാത്രസ്പന്ദനം' വാർഷിക വരിസംഖ്യയും സംസ്ഥാന കമ്മിറ്റിക്കുള്ള വർക്കിങ് ഫണ്ട് വിഹിതവും ഗൂഗിൾ പേ വഴി അടച്ചു. യൂണിറ്റ് അംഗങ്ങളുടെ ഭവനസന്ദർശനവും 'ക്ഷാത്രസ്പന്ദനം' പ്രചാരണ മാസാചരണവും ഊർജിതമാക്കാൻ തീരുമാനിച്ചു. കോവിഡ് കാലയളവിൽ കുടിശ്ശികയായ മാസവരിസംഖ്യ അംഗങ്ങളിൽ നിന്നു പിരിക്കേണ്ടെന്നു തീരുമാനിച്ചു. പുതിയതായി ചേരാനുള്ള മുഴുവൻ കുടുംബങ്ങളെയും സഭയിൽ ചേർക്കും.

റിയാക്ട് കാരുണ്യ പ്രവർത്തനങ്ങളെക്കുറിച്ച് അംഗങ്ങളുടെ ഇടയിൽ കൂടുതൽ ബോധവൽക്കരണം നടത്തും.

പുതിയ ഭരണസമിതിയിലേക്ക് യു. അജിത്ത് വർമ്മ (പ്രസിഡന്റ്), ബിന്ദു പ്രശാന്ത് (വൈസ് പ്രസിഡന്റ്), ആത്മജ വർമ്മ തമ്പുരാൻ (സെക്രട്ടറി), ദീപേഷ് ആർ.വർമ്മ (ജോ. സെക്രട്ടറി), ടി.എൻ. വിനോദ് വർമ്മ (ട്രഷറർ), റാംജി വർമ്മ, അനൂപ് ആർ.വർമ്മ (സംസ്ഥാന സമിതി അംഗങ്ങൾ) എന്നിവർ അടങ്ങുന്ന കരട് പാനൽ തയ്യാറാക്കി. മറ്റു കമ്മിറ്റി അംഗങ്ങളെ പൊതുയോഗത്തിൽ തിരഞ്ഞെടുക്കും.

യൂണിറ്റ് ഭരണസമിതി അംഗീകരിച്ച പ്രമേയം സംസ്ഥാനസമിതിക്ക് അയക്കാൻ തീരുമാനിച്ചു.

വാർഷിക പൊതുയോഗത്തിനു മുന്നോടിയായി ഏപ്രിൽ മാസത്തിൽ സ്വാഗത സംഘ രൂപീകരണം നടക്കും.

റിയാക്റ്റിന്റെ ധനസഹായത്തോടെ ചെങ്ങളത്ത് നിർമാണം പൂർത്തിയാകുന്ന വീട് ഭാരവാഹികൾ സന്ദർശിച്ചു. മറ്റൊരു അംഗത്തിനു അനുവദിച്ച 15,000 രൂപയുടെ ചെക്ക് കൈമാറി.

## പിലാത്തറ

### ജനറൽ ബോഡി യോഗം

കൊറോണ എന്ന മഹാമാരി, സഭയുടെ പ്രവർത്തനങ്ങളെയും സാരമായി ബാധിച്ചു എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

14.11.2021 ന് ചെറുതാഴത്ത് മോഹനവർമ്മയുടെ ഭവനത്തിൽ വൈകുന്നേരം 3 മണിക്ക് ജനറൽ



ബോഡിയോഗം ചേർന്നു. ഈ കാലയളവിൽ മൺമറഞ്ഞുപോയ കുടുംബാംഗങ്ങൾക്ക് അനുശോചനം രേഖപ്പെടുത്തി. സെക്രട്ടറി സി.കെ പുരുഷോത്തമൻ സ്വാഗതം പറഞ്ഞു. പ്രസിഡന്റ് മോഹനവർമ്മ അധ്യക്ഷത വഹിച്ച യോഗം മുതിർന്ന അംഗം പത്മിനി തമ്പുരാട്ടി ദീപ പ്രോജ്വലനം നടത്തി ഉദ്ഘാടനം ചെയ്തു. ആതിരാവർമ്മ പി.കെ പ്രാർത്ഥന ഗാനം ചൊല്ലി.

സമുദായത്തിലെ പല ആചാരങ്ങളും സഭാ വ്യക്തിത്വങ്ങളെ വാർത്തെടുക്കാനാണെന്നും അവ നിലനിർത്തേണ്ടത് സമൂഹത്തിന്റെ കൂടി ആവശ്യമാണെന്നും സഭ വിലയിരുത്തി. ഉന്നതവിജയം കൈവരിച്ച സഭയിലെ അംഗങ്ങളുടെ മക്കൾക്ക് എൻഡോവ്മെന്റും ക്യാഷ് അവാർഡുകളും വിതരണം ചെയ്തു. വൈഷ്ണവി, വരദ കെ.എൻ, കൃഷ്ണാഞ്ജന, ഹരിശങ്കർ, ശ്രീജിത്ത് എം.എം, അമർജിത്ത് കെ.എൻ, കൃഷ്ണപ്രിയ വി.ടി എന്നിവർ അവാർഡുകൾ ഏറ്റുവാങ്ങി.

മുൻവർഷത്തെ പ്രവർത്തന റിപ്പോർട്ടും വരവ് ചിലവ് കണക്കുകളും അംഗീകരിച്ചു. തുടർന്ന് യോഗത്തിൽ വച്ച് താഴെപ്പറയുന്നവരെ പുതിയ ഭാരവാഹികളായി തെരെഞ്ഞെടുത്തു.

രാമകൃഷ്ണൻ കെ.എൻ (രക്ഷാധികാരി), പി.കെ മോഹനവർമ്മ (പ്രസിഡന്റ്), വി. എം. സുരേന്ദ്രൻ (വൈസ് പ്രസിഡൻറ്), മനോജ് കുമാർ എസ്.കെ (സെക്രട്ടറി), പുരുഷോത്തമൻ സി.കെ (ജോയിന്റ് സെക്രട്ടറി), ജനാർദ്ദനൻ സി (ട്രഷറർ).

സംസ്ഥാന കമ്മിറ്റി അംഗങ്ങളായി രാജൻ വി.എം, മോഹനവർമ്മ, പുരുഷോത്തമൻ, ജനാർദ്ദനൻ സി, മനോജ് കുമാർ എസ്.കെ. എന്നിവരെ തിരഞ്ഞെടുത്തു.


യോഗത്തിൽ പതിനേഴ് പേരെ എക്സിക്യൂട്ടീവ് അംഗങ്ങളായും തെരഞ്ഞെടുത്തു. വി.എം.സുരേന്ദ്രന്റെ നന്ദി പ്രകാശനത്തോടെ യോഗം അവസാനിച്ചു.

## കരപ്പുറം

### പ്രവർത്തന റിപ്പോർട്ട് - ജനുവരി-മാർച്ച് 2022

ഈ കാലയളവിൽ സഭയുടെ രണ്ട് നിർവ്വാഹക സമിതിയോഗങ്ങളും ഒരു കുടുംബ സംഗമവും നടന്നു. സഭയുടെ നിർവ്വാഹക സമിതിയോഗം 03/03/2022 വ്യാഴാഴ്ച വൈകിട്ട് 5.30 മണിക്ക് സഭാ മന്ദിരത്തിൽ പ്രസിഡന്റ് കെ.ഹരികൃഷ്ണ വർമ്മയുടെ അദ്ധ്യക്ഷതയിൽ കൂടി താഴെ വിവരിക്കുന്ന തീരുമാനങ്ങൾ എടുത്തു. മാർച്ച് 12 ശനിയാഴ്ച കുടുംബസംഗമം വൈകിട്ട് 3.30. സ്വാഗതം മുതൽ ഉള്ള പരിപാടികൾ കോമ്പിയറിങ്ങിനു ഡോ. ദേവി മനോജ് വർമ്മയെ ചുമതലപ്പെടുത്തി. സംസ്ഥാന പ്രസിഡന്റിനെ ഹാരം അണിയിച്ചു അനുമോദിക്കുന്നതിനു ബാലരാമവർമ്മയേയും ജനറൽ സെക്രട്ടറി മധുകുമാർ വർമ്മയെ അനുമോദിക്കാൻ ബാലകേരളവർമ്മയെയും ഖജാൻജി സൂര്യകുമാർവർമ്മയെ അനുമോദിക്കുന്നതിനു കെ.എൻ. എസ് വർമ്മയെയും മേഖലാ സെക്രട്ടറി സഞ്ജയ് വർമ്മയെ അനുമോദിക്കുന്നതിനു രവീന്ദ്ര വർമ്മയെയും ചുമതലപ്പെടുത്താൻ തീരുമാനിച്ചു. കേന്ദ്രഭാരവാഹികളെ കഴിയുന്നത്ര ഗൃഹങ്ങളിൽ സന്ദർശനം നടത്താൻ അവസരം ഒരുക്കാൻ തീരുമാനിച്ചു. റിയാക്ടിലേക്ക് കരപ്പുറം ക്ഷത്രിയസഭയുടെ സംഭാവനയായി 20000 രൂപാ നൽകുന്നതിനു തീരുമാനിച്ചു. കേന്ദ്രസഭയിലേക്കുള്ള രണ്ടു വർഷത്തെ വാർഷിക വരിസംഖ്യ 4000 രൂപ നൽകുന്നതിനു തീരുമാനിച്ചു. ധനേഷ് വർമ്മ എഴുതി നൽകിയ നിയമാവലി ഭേദഗതി നിർദ്ദേശം നിർവ്വാഹക സമിതി വളരെ വിശദമായി ചർച്ച ചെയ്യുകയും നിയമാവലി ഭേദഗതി 2022 മാർച്ച് 12 ലെ പൊതുയോഗത്തിൽ അവതരിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

കരപ്പുറം ക്ഷത്രിയസഭയുടെ മാർച്ച് മാസത്തിലെ കുടുംബസംഗമവും പൊതുയോഗവും 2022 മാർച്ച് 12 ശനിയാഴ്ച ഉച്ച കഴിഞ്ഞു 4 മണിക്കു സഭാ പ്രസിഡന്റ് കെ.ഹരികൃഷ്ണ വർമ്മയുടെ അദ്ധ്യക്ഷതയിൽ സഭാ മന്ദിരത്തിൽ ആരംഭിച്ചു. നീരജാ വർമ്മയുടെ ഈശ്വര പ്രാർത്ഥനക്കു ശേഷം ഡോ.ദേവീ മനോജ് വർമ്മ വിശിഷ്ടാതിഥികൾക്കും മറ്റുള്ളവർക്കും സ്വാഗതം ഓതി. സ്വാഗത



പ്രസംഗത്തിൽ പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഓരോ സംസ്ഥാനഭാരവാഹികളുടെയും പ്രത്യേകതകളും പ്രാഗൽഭ്യവും പിന്നിട്ട വഴികളുടെ പൂർണ്ണതയും വിശദമായി പ്രതിപാദിച്ചത് അംഗങ്ങളിൽ വലിയൊരു പ്രചോദനം നൽകുന്ന രീതിയിൽ ആയിരുന്നു. സംസ്ഥാന പ്രസിഡന്റിനോടുള്ള ബഹുമാനസൂചകമായി അദ്ധ്യക്ഷ പ്രസംഗം ചുരുക്കി സ്വീകരണങ്ങളിലേക്കും അനുമോദനങ്ങളിലേക്കും കടന്നു. ക്ഷത്രിയ ക്ഷേമസഭയുടെ സംസ്ഥാന പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ട ഡോ.എം.ലളിതാംബികയെ കരപ്പുറം ക്ഷത്രിയസഭയിലെ മുതിർന്ന അംഗം ഹൈമവതി വർമ്മ പനിനീർ പുഷ്പഹാരവും പൊന്നാടയും അണിയിച്ചു സ്വീകരിച്ചപ്പോൾ സഭയുടെ ആദ്യകാല സെക്രട്ടറി ആയിരുന്ന ബാലരാമവർമ്മ ഡോ. എം. ലളിതാംബികയ്ക്ക് ആശംസകളും ഭാവുകങ്ങളും ഓതി. ജനറൽ സെക്രട്ടറി മധുകുമാർ വർമ്മയെ മുതിർന്ന അംഗം ബാലകേരളവർമ്മയും ഖജാൻജി സൂര്യകുമാർ വർമ്മയെ പ്രൊഫ. കെ. എൻ. എസ്. വർമ്മയും മേഖലാ സെക്രട്ടറി സഞ്ജയ് വർമ്മയെ പി.കെ. രവീന്ദ്ര വർമ്മയും പൊന്നാട അണിയിച്ചു സ്വീകരിച്ച് ആശംസകളും അനുമോദനങ്ങളും നൽകി. തുടർന്ന് നടന്ന സംസ്ഥാന പ്രസിഡന്റിന്റെ 'ക്ഷാത്രവിളംബരം' ഹൃദ്യവും മനോഹരവും ആയിരുന്നു. വനിതാ വേദി സെക്രട്ടറി പാർവ്വതി വർമ്മയും രവി വർമ്മ രാജായും കരപ്പുറം ക്ഷത്രിയ സഭക്കുവേണ്ടി ആശംസകൾ അർപ്പിച്ചു. റിയാക്റ്റിലേക്കുള്ള കരപ്പുറം ക്ഷത്രിയ സഭയുടെ സംഭാവന 20,000 രൂപയുടെ ചെക്ക് സഭക്കുവേണ്ടി രവി വർമ്മ രാജാ ഡോ.എം.ലളിതാംബികയ്ക്കു കൈമാറി. സഭയുടെ രണ്ടു വർഷത്തെ വാർഷിക വരിസംഖ്യ 4000 രൂപയുടെ ചെക്ക് സെക്രട്ടറി സതീഷ് ചന്ദ്ര വർമ്മ മധുകുമാറിനും നൽകി. തുടർന്ന് മധുകുമാർ വർമ്മ, സൂര്യകുമാർ വർമ്മ, സഞ്ജയ് വർമ്മ എന്നിവരുടെ മറുമൊഴികളും ഉണ്ടായി.

പിന്നീട് പൊതുയോഗം ബിസിനസ്സ് സെഷനിലേക്കു കടക്കുകയും നിയമാവലി ഭേദഗതി അവതരിപ്പിക്കുകയും ചെയ്തു. ധനേഷ് വർമ്മ, ഭേദഗതിയുടെ അവതാരകൻ എന്ന നിലയിൽ ഈ ഭേദഗതിയുടെ കാലികപ്രാധാന്യം വിവരിക്കുകയും ഈ ഭേദഗതി അംഗീകരിക്കണമെന്ന് പൊതുയോഗത്തോട് അഭ്യർത്ഥിക്കുകയും ചെയ്തു. ചില സാങ്കേതിക പ്രശ്നങ്ങളുടെ പേരിൽ പിന്നീട് ഈ നിയമാവലി ഭേദഗതി പിൻവലിച്ചു. സെക്രട്ടറിയുടെ കൃതജ്ഞതക്കുശേഷം ദേശീയഗാനത്തോടെ ഏകദേശം 7 മണിക്ക് യോഗം അവസാനിച്ചു. തുടർന്ന് മനോജ് വർമ്മ ഒരുക്കിയ സ്വാദിഷ്ഠമായ സായാഹ്ന ഭക്ഷണത്തോടെ രാത്രി എട്ടു മണിയോടെ പരിപാടി അവസാനിച്ചു.

## നീലേശ്വരം

ക്ഷത്രിയക്ഷേമസഭ നീലേശ്വരം യൂണിറ്റിന്റെ കുടുംബസംഗമം 17.3.2022 ന് തെക്കേ കോവിലകത്തു വച്ച് നടന്നു. രാവിലെ 10 മണിക്ക് ഈശ്വര പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. യൂണിറ്റ് സെക്രട്ടറി എ.സി. രാകേഷ് സ്വാഗതം പറഞ്ഞു. പ്രസിഡന്റ് വി.സി. കൃഷ്ണവർമ്മ രാജ അദ്ധ്യക്ഷത വഹിച്ചു. ക്ഷത്രിയക്ഷേമസഭയുടെ പ്രവർത്തനത്തെപ്പറ്റിയും റിയാക്ടിന്റെ (REACT) പ്രവർത്തനത്തെക്കുറിച്ചും സഭയുടെ മുൻ സംസ്ഥാന പ്രസിഡന്റ് കെ.സി. മാനവർമ്മരാജ വിശദമായി സംസാരിച്ചു. തുടർന്ന് റിയാക്ടിൽ നിന്നു ലഭിച്ച സ്വയംതൊഴിൽ പ്രവർത്തനത്തിനുള്ള സഹായം ലഭിച്ച ചിത്ര ജെ. എസ്. വർമ്മയ്ക്കുള്ള ചെക്ക് നീലേശ്വരം ക്ഷത്രിയക്ഷേമസഭയുടെ രക്ഷാധികാരിയും നീലേശ്വരം അള്ളട സ്വരൂപം 5-ാം കൂർ രാജാവുമായ കെ.സി. ഉദയവർമ്മരാജ കൈമാറി.

തുടർന്ന് ആശംസകളർപ്പിച്ചുകൊണ്ട് ടി.സി. ഭാഗ്യപ്രഭ , ടി.സി. മനോരമ, ടി.സി. കൃഷ്ണപ്രഭ, കെ.സി. വത്സല തമ്പുരാട്ടി എന്നിവർ സംസാരിച്ചു. ടി.സി. വിജയകൃഷ്ണൻ നന്ദിയും പറഞ്ഞു

നീലേശ്വരം രാജവംശത്തിലെ മൂന്നാംകൂർ രാജാവ് കെ.സി. രവിവർമ്മ രാജയുടെ പത്നി ആയിരനാഴിക്കോവിലകത്ത് കൃഷ്ണകുമാരി തമ്പുരാട്ടിയുടെ നിര്യാണത്തിൽ നീലേശ്വരം ക്ഷത്രിയ ക്ഷേമസഭ അനുശോചിച്ചു.

നീലേശ്വരം യൂണിറ്റ് പ്രസിഡന്റ് വി.സി. കൃഷ്ണവർമ്മ രാജ അദ്ധ്യക്ഷത വഹിച്ചു. കെ.സി. മാനവർമ്മ രാജ, പി.കെ, സുഭാഷ് വർമ്മ, ഡോ കെ.സി.കെ. രാജ, ടി.സി. കൃഷ്ണവർമ്മ രാജ, എ.സി. നന്ദകുമാർ, ടി. സി. മനോരമ തമ്പുരാട്ടി, ടി.സി.വിജയകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

## പന്തളം

ക്ഷത്രിയക്ഷേമസഭ പന്തളം യൂണിറ്റിന്റെ ഫെബ്രുവരി മാസത്തെ കമ്മിറ്റി മീറ്റിങ്ങ്, 20 ഞായർ, രാവിലെ 11 മണിക്ക് ശാഖാ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കമ്മിറ്റി ഓഫീസിൽ യോഗം ചേർന്നു. അന്തരിച്ച കുടുംബാംഗങ്ങൾക്ക് ആദരാഞ്ജലി അർപ്പിച്ചു.യൂണിറ്റിന്റെ വാർഷിക പൊതുയോഗം ഡിസംബറിൽ കൂടുവാൻ തീരുമാനിച്ചെങ്കിലും, അവിചാരിതമായ കാരണങ്ങളാൽ നടത്തുവാൻ കഴിഞ്ഞിരുന്നില്ല. 2022 സെപ്റ്റംബർ മാസത്തിൽ വാർഷിക പൊതുയോഗം ചേരുവാൻ തീരുമാനമെടുത്തു.

പന്തളം യൂണിറ്റിന്റെ പരിധിയിലുണ്ടായിരുന്ന ആറന്മുളയും, ഓമല്ലൂരും തിരുവല്ല യൂണിറ്റിന് വിട്ടുകൊടുക്കുവാൻ ഭരണ സമിതി തീരുമാനിച്ചു. സഭയുടെ ചിട്ടി, പ്രദോഷ നാമജപം, മറ്റ് ദൈനംദിന കാര്യങ്ങൾ ഇവ മുടക്കം കൂടാതെ നടന്നു വരുന്നു.

## തൃശൂർ

ഭരണസമിതിയോഗം ഫെബ്രുവരി 20-ാം തീയതി വൈകുന്നേരം നാലരയ്ക്ക് സഭാ പ്രസിഡന്റ് പി.സി. പ്രഹ്ലാദൻ വർമ്മയുടെ അദ്ധ്യക്ഷതയിൽ തിരുത്തൂർ നടുവിൽ മഠത്തിൽ (സരോജിനി രവിവർമ്മയുടെ വസതി) വെച്ച് പ്രാർത്ഥനയോടെയാരംഭിച്ചു. തുടർന്നുനടന്ന പിതൃസ്മരണയിൽ രവിവർമ്മ തമ്പുരാൻ (H/o Dr. ശകുന്തളാ വർമ്മ) മണ്ണുത്തി, രത്നം കുഞ്ഞമ്മ (W/o late Adv. സി. കെ. കെ. തങ്കം) എന്നിവരുടെ ആത്മാവിന്റെ നിത്യശാന്തിക്കുവേണ്ടി പ്രാർത്ഥിച്ചു. തുടർന്ന് അദ്ധ്യക്ഷൻ അദ്ദേഹത്തിന്റെ ഉപക്രമപ്രസംഗത്തിൽ അടുത്തകാലത്ത് നടന്ന കേരളത്തിന്റെ വിവിധ സഭകളിലെ മെമ്പർമാരുൾപ്പെടെ 52 പേരോളം പങ്കെടുത്ത എ.കെ. രാജരാജവർമ്മ അനുസ്മരണ യോഗം വളരെ നന്നായിരുന്നു. എല്ലാക്കാലവും Pain & Paliative care നെക്കുറിച്ച് ചിന്തിക്കുമ്പോൾ ചെറുണ്ണി ചേട്ടനെ എന്നും സ്മരിക്കുവാൻ സാധിക്കുമെന്ന് അഭിപ്രായപ്പെട്ടു.

തുടർന്നുണ്ടായ വളരെ വിശദമായ ചർച്ചകളിൽ Pain & Palliative care ഖജാൻജി രഘുവർമ്മ ക്ഷത്രിയസഭ, തൃശൂർ എല്ലാ മാസവും രൂ.10000/ എങ്കിലും സംഭാവന ചെയ്യുവാൻ ശ്രമിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട് എന്ന് സഭാ ട്രഷറർ ആർ.സി. ദിലീപ് വർമ്മ അറിയിച്ചു.

വിശദമായ ചർച്ചകൾക്കുശേഷം പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ ഫണ്ട് പ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാക്കി.

ഇതിന്റെ സുഗമമായ നടത്തിപ്പിനായി ഡോ. പി.സി. സുധീരൻ, എൻ. ശങ്കർവർമ്മ. പി.സി. ദിലീപ് വർമ്മ, വി.എൻ. മനോജ് വർമ്മ, പി.വി. രവിവർമ്മ എന്നിവരെ കമ്മറ്റി അംഗങ്ങളായി തെരഞ്ഞെടുത്തു.

വരിസംഖ്യ ശേഖരണം ഏപ്രിൽ 2022ൽ നടത്താൻ തീരുമാനിച്ചു.

## തിരുവല്ല

**വാർഷികപൊതുയോഗവും പൊതുസമ്മേളനവും**

മാർച്ച് 27 ന് തിരുവല്ല പാലിയേക്കര കൊട്ടാരത്തിൽ വച്ചു നടന്നു. കേന്ദ്രസഭ അംഗീകരിച്ച പ്രാർത്ഥനാശ്ലോകത്തോടെ ആരംഭിച്ച പൊതുയോഗത്തിൽ പ്രസിഡന്റ് പി.ആർ. വർമ്മ അദ്ധ്യക്ഷനായിരുന്നു. ദക്ഷിണമേഖലാ സെക്രട്ടറി സഞ്ജയ് വർമ്മ സ്വാഗതം ആശംസിച്ചു. അദ്ധ്യക്ഷന്റെ ഉപക്രമ പ്രസംഗത്തിനു ശേഷം സെക്രട്ടറി സൂര്യകുമാർ റിപ്പോർട്ടും കണക്കും ബഡ്ജറ്റും അവതരിപ്പിച്ചു. ചർച്ചകൾക്കുശേഷം അവ പാസ്സാക്കി. തുടർന്ന് ചോദ്യങ്ങളും പ്രമേയങ്ങളും എന്ന വിഷയത്തിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങൾക്ക് ഉചിതമായ മറുപടി നൽകി. വനിതാവിഭാഗത്തിന്റെ പ്രവർത്തനത്തെപ്പറ്റി രാധികാ വർമ്മ സംസാരിച്ചു.

കാരുണ്യാ പദ്ധതിയെപ്പറ്റി ജോയിന്റ് സെക്രട്ടറിയും കാരുണ്യാപദ്ധതിയുടെ സംഘാടകനുമായ പി.കെ.ജയകുമാർ വർമ്മ വിശദമായ ഒരു വിവരണം നൽകി. കാരുണ്യാപദ്ധതിയിൽ തൻവർഷം ഏകദേശം 3,00,000 രൂപ വരവും 2,00,00 രൂപ ചിലവും വന്നതായി അദ്ദേഹം അറിയിച്ചു. ഇതിലേക്ക് സംഭാവന നൽകിയ വ്യക്തികളോടും അതിനു പ്രേരകശക്തിയായി പ്രവർത്തിച്ച കമ്മിറ്റിയംഗങ്ങളോടും പ്രത്യേക നന്ദി പ്രകടിപ്പിച്ചു.

8 കുട്ടികൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ 19000 രൂപയും ഒരാൾക്ക് നിർമ്മൽ പുരസ്കാരം (ഉദയവർമ്മ തമ്പുരാൻ ഏർപ്പെടുത്തിയത്) 1000 രൂപയും ഉൾപ്പെടെ 20000 രൂപ നൽകി. പതിവുരീതിയിൽ നിന്നു വ്യത്യസ്തമായി മുൻകാലങ്ങളിൽ സഭയിൽ നിന്ന് പുരസ്കാരം നൽകപ്പെട്ട (ഇപ്പോൾ ജോലിയുള്ള) വ്യക്തികളാണ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയത്.

**പുതിയ ഭാരവാഹികൾ**

കമ്മിറ്റിയുടെ കാലാവധി കഴിഞ്ഞതിനാൽ കൂടുതൽ യുവജനങ്ങളെ ഉൾപ്പെടുത്തി പുതിയ 17 അംഗ കമ്മിറ്റിയെ ഏകകണ്ഠമായി നിശ്ചയിച്ചു.

രാമവർമ്മ രാജായുടെ കൃതജ്ഞതാപ്രകടനത്തോടെ രാവിലെയുള്ള സെഷൻ അവസാനിച്ചു. മീറ്റിങ്ങിനുശേഷം മാവേലിക്കര ഉത്സവമഠം കൊട്ടാരത്തിലെ അജിത്കുമാർ വർമ്മ തയ്യാറാക്കിയ രുചികരമായ ഉച്ചഭക്ഷണവും ക്രമീകരിച്ചിരുന്നു.

**പൊതുസമ്മേളനം**

ഉച്ചക്കു ശേഷം 2 മണിക്ക് ആരംഭിച്ച പൊതുസമ്മേളനം 'അർഹതക്ക് അംഗീകാരം', 'പ്രതിഭകൾ മുഖാമുഖം' എന്നീ പരിപാടികളാൽ ശ്രദ്ധേയം ആയിരുന്നു. അർഹതക്ക് അംഗീകാരം എന്ന പരിപാടിയിൽ പുതിയതായി ചുമതലയേറ്റ ഭാരവാഹികളായ കേന്ദ്രസഭയുടെ പ്രസിഡന്റ് ഡോ.എം.ലളിതാംബിക, ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ എന്നിവർക്ക് സ്വീകരണം നൽകി. ഇവർക്ക് പ്രകൃതിയെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ബൊക്കെക്കു പകരം പുസ്തകം (തിരുവല്ല സഭാംഗമായ മനോജ് വർമ്മയുടെ 'ഒരു യോഗിയുടെ ആത്മകഥ'യുടെ വിവർത്തനം) ആണ് നൽകിയത്. ഈ പരിപാടിയിൽ അടുത്തതായി ആദരവ് നൽകിയത് 'കാര്യസ്ഥൻ' പുരസ്കാരം എന്ന പേരിലാണ്. തിരുവല്ല ക്ഷത്രിയക്ഷേമസഭ ഈ വർഷം പുതിയതായി ഏർപ്പെടുത്തിയ ഈ അവാർഡ് രണ്ടു പേർക്കാണ് നൽകിയത്. തിരുവല്ല ക്ഷത്രിയക്ഷേമസഭക്കു വേണ്ടി കാര്യക്ഷമമായി പ്രവർത്തിച്ചെങ്കിലും വേണ്ടത്ര അംഗീകാരം ലഭിക്കാതെ പോയവരെ ആദരിക്കാനായി ഏർപ്പെടുത്തിയതാണ് ഈ പുരസ്കാരം. സൂര്യകുമാറിന്റെ പരേതനായ പിതാവിന്റെ പേരിൽ 'വള്ളിക്കോട് മടിപ്പറമ്പിൽ കുടക്കനാൽ കോയിക്കൽ കേരളവർമ്മ രാജാ സ്മാരക കാര്യസ്ഥൻ പുരസ്കാരം' എന്ന പേരിലാണ് ഇത് നൽകിയത്.തിരുവല്ല സഭയുടെ മുൻ സെക്രട്ടറിയും തിരുവനന്തപുരം സഭാംഗവുമായ റ്റി.ആർ. രാമവർമ്മ രാജാ, തിരുവല്ല സഭയുടെ മുൻ സെക്രട്ടറിയും തൃശൂർ സഭാംഗവുമായിരുന്ന പരേതനായ വി.കെ.വി രാജാ (മരണാനന്തര ബഹുമതി ) എന്നിവർക്ക് വേണ്ടി യഥാക്രമം കമലമ്മ തമ്പുരാട്ടി (പുരസ്കൃതന്റെ സഹോദരി ) ബിന്ദു വർമ്മ (പുരസ്കൃതന്റെ മകൾ) എന്നിവർ പുരസ്കാരം ഏറ്റുവാങ്ങി. പ്രതിഭകൾ


വിനയകുമാർ


നന്ദകുമാർ വർമ്മ


അജിത്കുമാർ വർമ്മ

മുഖാമുഖം പരിപാടിയിൽ കഴിഞ്ഞ രണ്ടു ദശാബ്ദങ്ങളായി സ്വയം തൊഴിൽരംഗത്ത് പ്രവർത്തിച്ച് മറ്റുള്ളവർക്കു കൂടി തൊഴിൽ നൽകി സ്വയം പര്യാപ്തരായ 4 പ്രതിഭകളെ മുഖാമുഖം കൊണ്ടു വരാനും ആദരിക്കാനും സാധിച്ചു.

1) PWD കരാർ രംഗത്തെ പ്രമുഖൻ നന്ദകുമാർ വർമ്മ, തുകലശ്ശേരി കൊട്ടാരം, 2)കാറ്ററിങ്ങ് രംഗത്തെ പ്രമുഖരായ വർമ്മാസ് കാറ്ററിങ്ങ് ഉടമ അജിത്കുമാർ വർമ്മ ഉത്സവമഠം, മാവേലിക്കര, 3)കോവിലകം കാറ്ററിങ്ങ് ഉടമ വിനയകുമാർ, പുത്തൻപുരയിൽ കോവിലകം ചെന്നിത്തല, 4) അച്ചാർ, മധുര പലഹാര ഉൽപാദന വിതരണ രംഗത്തെ പ്രമുഖൻ ഹരിപ്പാട് അനന്തപുരം കൊട്ടാരത്തിലെ ഗോപകുമാർ വർമ്മ എന്നിവർക്കാണ് ആദരവ് നൽകിയത്.

**മെരിറ്റ് അവാർഡ്**

പി.കെ.രാമവർമ്മ രാജാ, അംബാലിക കോവിലമ്മ, ടി.കെ.ഭാസ്കരവർമ്മ എന്നിവരുടെ സ്മരണാർത്ഥം കുടുംബാംഗങ്ങൾ ഏർപ്പെടുത്തിയ മെരിറ്റ് അവാർഡ് മൂന്നു പേർക്കാണ് നൽകിയത്.

സാരംഗ്വർമ്മ, വൈദേഹി വർമ്മ, അഞ്ജന. എസ്.

ആശംസകൾ അർപ്പിച്ചവരിൽ പ്രമുഖൻ റിയാക്ട് സെക്രട്ടറി പി.കെ.രഘുവർമ്മയായിരുന്നു. റിയാക്ടിന്റെ പ്രവർത്തനങ്ങളെപ്പറ്റി അദ്ദേഹം വിശദീകരിച്ചു. ഉദയവർമ്മ തമ്പുരാൻ റിയാക്ടിന്റെ പ്രവർത്തനത്തിൽ മുമ്പ് ഉണ്ടായിരുന്നതിൽ കുടുതലായി ക്ഷത്രിയർ സഹകരിക്കുന്നുണ്ടെന്നും അതിന്റെ പ്രവർത്തനത്തിൽ പൂർണ്ണ തൃപ്തനാണെന്നും അറിയിച്ചു. കൂടാതെ ക്ഷത്രിയസഭക്ക് ആസ്ഥാന മന്ദിരം നിർമ്മിക്കുവാൻ മെയിൻ റോഡിനോട് സാമീപ്യമുള്ള സ്ഥലം വില കുറച്ച് നൽകാൻ കഴിയുന്ന ആളുകളെ ബന്ധപ്പെടുത്താൻ സഹായിക്കാമെന്നും പറഞ്ഞു. ബോംബെ ക്ഷത്രിയ സഭയുടെ അദ്ധ്യക്ഷനായിരുന്ന സുരേഷ് വർമ്മ പൊതുയോഗത്തിൽ കുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകണമെന്ന് പറയുകയുണ്ടായി.

'ക്ഷാത്രസ്പന്ദന'ത്തിൽ ലേഖനമെഴുതിയ ഒമ്പതാം ക്ലാസ് വിദ്യാർത്ഥി പാർത്ഥിവ് വർമ്മയെ (തിരുവല്ല സഭാംഗമായ രാംദാസ് വർമ്മയുടെ മകൻ) ഡോ.ലളിതാംബിക അനുമോദിക്കുകയും കാഷ് അവാർഡു നൽകി ആദരിക്കുകയും ചെയ്തു.

റിയാക്ടിലേക്ക് തൻവർഷത്തെ രണ്ടാമതു വിഹിതമായി 10000 രൂപ നൽകി. ആകെ തൻ വർഷം കൊടുത്തത് 25000 രൂപ.

ചടങ്ങിൽ സ്വാഗതം ആശംസിച്ചത് രാധികാ വർമ്മയും നന്ദി പ്രകാശിപ്പിച്ചത് സൂര്യകുമാറും ആയിരുന്നു. ദേശീയഗാനാലാപനത്തോടെ വൈകിട്ട് 5.30ന് യോഗം അവസാനിച്ചു.


## ഇരിട്ടി



ഇരിട്ടി യൂണിറ്റിന്റെ വാർഷിക പൊതുയോഗം 17.4.2022 ഞായറാഴ്ച രാവിലെ 11 മണിക്ക് പ്രസിഡണ്ട് കമല കുമാരി ടീച്ചറുടെ അധ്യക്ഷതയിൽ കീഴൂർ ശ്രീ വൈരീഘാതകൻ ക്ഷേത്ര ഊട്ടുപുരഹാളിൽ ചേർന്നു. ഈശ്വരപ്രാർത്ഥന, അടുത്തകാലത്ത് നിര്യാതരായ ക്ഷത്രിയ കുലാംഗങ്ങൾക്ക് സ്മരണാഞ്ജലികൾ എന്നിവക്കുശേഷം സെക്രട്ടറി ഉണ്ണിക്കൃഷ്ണൻ മാസ്റ്റർ സ്വാഗതമാശംസിച്ച് കാര്യപരിപാടി വിശദീകരിച്ചു. ക്ഷത്രിയസഭ കേന്ദ്ര കമ്മിറ്റി ഉപാധ്യക്ഷൻ റ്റി. എം. ശ്രീകുമാർ, ഉത്തരമേഖല സംഘാടക സെക്രട്ടറി വി.സി.കൃഷ്ണവർമ്മ രാജ എന്നിവർ ആശംസകൾ അർപ്പിച്ചുകൊണ്ട് കേന്ദ്രനിർദ്ദേശങ്ങളും പ്രവർത്തനമാർഗ്ഗരേഖകളും അവതരിപ്പിച്ചു. വാർഷിക പ്രവർത്തനറിപ്പോർട്ടും വരവുചെലവു കണക്കുകളും യോഗം ചർച്ച ചെയ്തു പാസ്സാക്കി. മോഹനൻ വാഴുന്നവർ, അശോക് ബാബു തമ്പുരാൻ എന്നിവർ സംസാരിച്ചു. V.T സുജാത (ജോ. സെക്രട്ടറി) കൃതജ്ഞത പ്രകാശിപ്പിച്ചു. യോഗാനന്തരം ഉച്ചഭക്ഷണവും അക്ഷരശ്ലോക സദസ്സുമുണ്ടായി.

## ചരമം

### ചാഴൂർ വലിയ തമ്പുരാൻ



ചാഴൂർ കോവിലകം വലിയ തമ്പുരാൻ സി കെ ഗോദവർമ്മ (94) നിര്യാതനായി. പൊതുമരാമത്ത് വകുപ്പിൽ സീനിയർ എക്സി. എഞ്ചിനീയർ ആയിരുന്നു. ചാഴൂർ കോവിലകത്തെ ഇക്കു തമ്പുരാന്റെയും നാരായണൻ നമ്പൂതിരിയുടേയും മകനാണ്. ഭാര്യ: പന്തളം കൊട്ടാരം തെക്കേ പൊന്മേലിൽ മംഗല തമ്പുരാട്ടി. മക്കൾ: ഉഷാ വർമ്മ, ഉമാ വർമ്മ, രമാപ്രസാദ് രാജ. മരുമക്കൾ: രവിവർമ്മ, ഡോ. വിശാഖ് വർമ്മ, പ്രസാദ് രാജ.

### തങ്കം തമ്പുരാട്ടി



കൊരട്ടി സ്വരൂപം വലിയ തമ്പുരാട്ടി തങ്കം തമ്പുരാട്ടി (101) അന്തരിച്ചു. ഭർത്താവ്: പടമറ്റം ഇല്ലത്ത് പരേതനായ കൃഷ്ണൻ നമ്പൂതിരി. മക്കൾ: അംബികാദേവി തമ്പുരാട്ടി, ജയശ്രീ തമ്പുരാട്ടി, പരേതനായ കുഞ്ഞനുജൻ തമ്പുരാൻ. മരുമക്കൾ: സത്യഭാമ, പരേതരായ പി.സി. കുഞ്ഞേട്ടൻ രാജ (സാമൂതിരി കോവിലകം), കെ.എം. ഗംഗാധരൻ.

### സുമതി തമ്പുരാട്ടി


പന്തളം കൊട്ടാരം കുടുംബാംഗം നാലുകെട്ട് കൊട്ടാരത്തിൽ (ശ്രീനിലയം) സുമതി തമ്പുരാട്ടി (92) അന്തരിച്ചു.

ഭർത്താവ്: കൊടുങ്ങല്ലൂർ പുത്തൻ കോവിലകത്തെ പരേതനായ രാമവർമ്മ.



മക്കൾ: സന്തോഷ് വർമ്മ, സതി വർമ്മ. മരുമകൻ: സതീഷ് വർമ്മ (വർമ്മാസ് സ്റ്റുഡിയോ, തൃപ്പൂണിത്തുറ).

### ഡോ. കെ.ടി. രവിവർമ്മ



കൊച്ചി രാജകുടുംബാംഗവും ശാസ്ത്രജ്ഞനും ചരിത്രകാരനുമായ ഡോ. കെ.ടി. രവിവർമ്മ (കുഞ്ഞുണ്ണി വർമ്മ - 85) മുബൈയിൽ അന്തരിച്ചു. മുംബൈയിൽ മാട്ടുംഗയിലെ എസ്.ഐ.ഇ.എസ്. കോളേജിൽ ജന്തുശാസ്ത്ര വിഭാഗം മേധാവിയായി വിരമിച്ചു. കേന്ദ്ര, കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങളും ശാസ്ത്ര സാങ്കേതിക അവാർഡും ലഭിച്ചിട്ടുണ്ട്.


'പരിണാമം എങ്ങനെ, 'പരിണാമം എന്നാൽ', 'മനുഷ്യ പരിണാമം' തുടങ്ങിയ നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ഭാര്യ: പരേതയായ ഉഷ വർമ്മ. മകൻ: ഉദയൻ. മരുമകൾ: ചന്ദ

### കെ.ആർ. ഗോദവർമ്മ തമ്പുരാൻ



പൂഞ്ഞാർ കോയിക്കൽ പരേതനായ പി. ഗോദ വർമ്മ രാജയുടെയും എഴുമറ്റൂർ കോയിക്കൽ പരേതയായ ഗൗരിഭായി തമ്പുരാട്ടിയുടെയും മകൻ കെ.ആർ. ഗോദവർമ്മ തമ്പുരാൻ (78) അന്തരിച്ചു. കെ.എസ്.ഇ.ബി. റിട്ട. സീനിയർ സൂപ്രണ്ട് ആയിരുന്നു. ഭാര്യ: പി.എ. സുധാദേവി (റിട്ട. അധ്യാപിക, വി.ടി.ബി. മെമ്മോറിയൽ കോളേജ്, ശ്രീകൃഷ്ണപുരം). മക്കൾ: ഇന്ദു ജി. വർമ്മ (യു.എസ്.എ.), വൃന്ദ ജി. വർമ്മ (ബാംഗ്ലൂർ). മരുമക്കൾ: അനിൽ വർമ്മ, യതീന്ദ്രവർമ്മ.

## സനാതനൻ വാഴുന്നവർ



കരിവെള്ളൂർ യൂണിറ്റ് മുതിർന്ന അംഗവും പ്രശസ്തമായ കനകത്തിടത്തിൽ തറവാട്ട് കാരണവരും വിവിധ ക്ഷേത്രങ്ങളുടെ രക്ഷാധികാരിയുമായ കനകത്തിടത്തിൽ സനാതനൻ വാഴുന്നവർ (81) നിര്യാതനായി.

ഭാര്യ: പരേതയായ ശ്രീകുമാരി തമ്പുരാട്ടി (തെക്കുംകൂർ പാലസ്, കോട്ടയം). മകൾ: എസ് സുധ (എച്ച്.എസ്.എസ്.ടി, എ.വി സ്മാരക ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ, കരിവെള്ളൂർ). മരുമകൻ: എം.എം. രാഘവൻ (കരിവെള്ളൂർ). കോട്ടയം യൂണിറ്റ് മുൻ സെക്രട്ടറി ടി.ആർ. അശോകൻ പരേതന്റെ സഹോദരീപുത്രനാണ്.

## ലളിതാവർമ്മ പി.കെ



പാലക്കാട് കോതചിറ വെങ്ങാട്ടൂർ മനക്കൽ പരേതനായ കൃഷ്ണൻ നമ്പൂതിരിയുടേയും പടിഞ്ഞാറെ കോതമംഗലത്ത് മഠത്തിൽ പരേതയായ ശാരദാംബാളിന്റെയും മകൾ ലളിതാവർമ്മ പി.കെ (66) നിര്യാതയായി. ഭർത്താവ്: ക്ഷത്രിയ ക്ഷേമസഭ മുൻ സംസ്ഥാന പ്രസിഡന്റ് ബാലരാമവർമ്മ (രാജു, ചോതി കോവിലകം വൈക്കം). മകൻ: ജയരാമൻ. മരുമകൾ: ഡോ. അനുപമ വർമ്മ (ചിറയ്ക്കൽ കോവിലകം, കണ്ണൂർ).

## കൽപകവല്ലി തമ്പുരാട്ടി



പന്തളം തോന്നല്ലൂർ രാജ മന്ദിരത്തിൽ കൽപകവല്ലി തമ്പുരാട്ടി (82) അന്തരിച്ചു. പൂഞ്ഞാർ കോയിക്കൽ കുടുംബാംഗം ആണ്. ഭർത്താവ്: പരേതനായ കെ ആർ കേരള വർമ്മ. മക്കൾ: ആർ.കെ ഹേമ, ആർ.കെ ശ്യാമ (മിനി മുത്തൂറ്റ് നിധി, പന്തളം ശാഖ). മരുമക്കൾ: പരേതനായ മോഹൻ, ഹരികൃഷ്ണ വർമ്മ (കിളിമാനൂർ കൊട്ടാരം).

## ദേവകി അമ്മ



ഇരിട്ടി കീഴൂർ മഹാദേവ ക്ഷേത്രത്തിന് സമീപം കീഴൂരിടം വടക്കേമഠത്തിൽ ദേവകി അമ്മ (86) അന്തരിച്ചു.

ഭർത്താവ്: പരേതനായ കണ്ണാടി ഇല്ലത്ത് ഈശ്വരൻ നമ്പൂതിരി. മക്കൾ: രാജലക്ഷ്മി (റിട്ട. പ്രഥമാധ്യാപിക, കീഴൂർ വി.യു.പി. സ്കൂൾ), മുരളീധരൻ (തൃശൂർ). മരുമക്കൾ: രാജേന്ദ്രൻ (റിട്ട.

പ്രഥമാധ്യാപകൻ, ചാവശ്ശേരി ഗവ. ഹയർ സെക്കൻഡറി സ്കൂൾ), ലത.

## രാധ തമ്പുരാട്ടി



മാന്നാർ കുളഞ്ഞിക്കാരാഴ്മ കാരാഴ്മ കൊട്ടാരത്തിൽ രാധ തമ്പുരാട്ടി (86) അന്തരിച്ചു. ഭർത്താവ്: ഇരിങ്ങാലക്കുട ഇരിങ്ങാടപ്പള്ളി മനയിൽ സുബ്രമണ്യൻ നമ്പൂതിരി. മക്കൾ: പ്രീത തമ്പുരാട്ടി, രാമവർമ്മ രാജ, ദീപ തമ്പുരാട്ടി. മരുമക്കൾ: എ.കെ. രാമവർമ്മരാജ, രശ്മിവർമ്മ, ശ്രീവല്ലഭൻ

## എൻ. കെ. ജനാർദ്ദനൻ



ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് അംഗവും റിട്ട.എയർ ഇൻഡ്യ ഉദ്യോഗസ്ഥനുമായ അരൂർ കിഴക്കേകൊവ്വൽ 'ശാന്തി വിഹാറിൽ' എൻ.കെ.ജനാർദ്ദനൻ (76) ബോംബെയിൽ നിര്യാതനായി.

പരേതരായ പുതുക്കളത്തില്ലത്ത് ശങ്കരൻ നമ്പൂതിരിയുടെയും എൻ.കെ.പാപ്പക്കുട്ടി പിള്ളയാർതിരി അമ്മയുടെയും മകനാണ്. ഭാര്യ: വടക്കേമഠത്തിൽ ശാന്തകുമാരി. മക്കൾ: മനോജ് കുമാർ, മഹേഷ്കുമാർ, മനീഷ്കുമാർ. (മൂന്നു പേരും മുംബൈ).

മരുമക്കൾ: നീലാക്ഷി വർമ്മ, നന്ദിത വർമ്മ, ആർ. സ്മിത

## കെ. ഉദയവർമ്മ തമ്പുരാൻ



കൊരട്ടി പഞ്ചായത്തംഗവും സർവീസ് സഹകരണബാങ്ക് പ്രസിഡന്റും വെസ്റ്റ് കൊരട്ടി എൻ.യു.പി.എസ്. അധ്യാപകനുമായിരുന്ന കൊരട്ടി സ്വരൂപത്തിൽ കെ. ഉദയവർമ്മ തമ്പുരാൻ (95) അന്തരിച്ചു. കോൺഗ്രസ് മണ്ഡലം പ്രസിഡന്റ്, കാർഷിക വികസന ബാങ്ക് ഡയറക്ടർ, കൊരട്ടി സഹകരണ ബാങ്ക് ഡയറക്ടർ ബോർഡ് അംഗം, കൊരട്ടി യൂണിറ്റ് പെൻഷനേഴ്സ് അസ്സോസിയേഷൻ രക്ഷാധികാരി എന്നീ നിലയിലും പ്രവർത്തിച്ചു. ഭാര്യ: ആലങ്ങാട്ട് സ്വരൂപം സുശീല തമ്പുരാട്ടി. മക്കൾ: അഡ്വ. അജയകുമാർ, ആശാവർമ്മ. മരുമക്കൾ: ഡോ. സി.വി. ലളിതാംബിക (അമൃത മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, എറണാകുളം), ജി. പ്രകാശ് (സിൻഡിക്കേറ്റ് ബാങ്ക്, റിട്ട. സീനിയർ മാനേജർ).

## കൃഷ്ണകുമാരി തമ്പുരാട്ടി



നീലേശ്വരം രാജവംശത്തിലെ കെ.സി.രവിവർമ്മ രാജായുടെ പത്നി ആയിരനാഴി കോവിലകത്ത് കൃഷ്ണകുമാരി തമ്പുരാട്ടി (66) അന്തരിച്ചു. മക്കൾ: രാകേഷ്, രൂപേഷ്. മരുമക്കൾ: ദിവ്യ, പാർവ്വതി

## കെ. ഈശ്വരി

വെള്ളാരപ്പിള്ളി കോയിക്കൽ മഠത്തിൽ കെ. ഈശ്വരി (76)നിര്യാതയായി. ഭർത്താവ്: തൃശൂർ



അഞ്ചേരി ശങ്കരമ്പാട്ട് മഠത്തിൽ സി.കെ.വർമ്മ. മക്കൾ: ബിന്ദു ഗോപിനാഥ് (ബാംഗ്ലൂർ), സന്ദീപ് വർമ്മ (യു.എസ്). മരുമക്കൾ:ഗോപിനാഥ്, ഉഷ.

## മാധവ് ചന്ദ്രശേഖർ



തിരുവനന്തപുരം ക്ഷത്രിയക്ഷേമസഭ മുതിർന്ന അംഗങ്ങളായ റിട്ട. ലഫ്. കേണൽ വി.എസ്. ചന്ദ്ര ശേഖറിന്റെയും സി.എസ്.ഐ.ആർ. (NIIST) മുൻ ശാസ്ത്രജ്ഞ ഡോ. സതിചന്ദ്രശേഖറിന്റെയും മകൻ മാധവ് ചന്ദ്രശേഖർ (41) അന്തരിച്ചു.

സഹോദരി: അംബിക ചന്ദ്ര ശേഖർ (അക്സ ഞ്ചർ, ബംഗളൂരു)

## പദ്മിനി നാരായണൻ



തൃപ്പൂണിത്തുറ പാറക്കടത്തു കോയിക്കൽ (കോതമംഗലത്തു മഠം) പദ്മിനി നാരായണൻ (81) ചാഴൂരിൽ അന്തരിച്ചു. ഒറ്റപ്പാലം LSN കോൺവെന്റ് റിട്ട. സംഗീത അദ്ധ്യാപികയാണ്. ഭർത്താവ്: കൂടപ്പുഴമന നാരായണൻ നമ്പൂതിരി (റിട്ട. കെ. എസ്.ആർ.ടി.സി). മക്കൾ : ശ്രീവിദ്യ, ശ്രീധന്യ, രഘുറാം വർമ്മ (സിനിമ സംവിധായകൻ). മരുമക്കൾ: ശ്രീകുമാർ വർമ്മ (റിട്ട. മിലിട്ടറി, പ്രസിഡന്റ്, ക്ഷത്രിയ ക്ഷേമസഭ,വെള്ളാരപ്പിള്ളി), രാമദാസ്, (സംസ്കൃത അദ്ധ്യാപകൻ, CMS. സ്കൂൾ, തൃശൂർ), ഡോ. ശ്രീലക്ഷ്മി.

## പ്രവീൺവർമ്മ



പന്തളം വടക്കേ കൊട്ടാരത്തിൽ പ്രവീൺ വർമ്മ (54) നിര്യാതനായി. കുളനട കൈപ്പുഴ നാലു കെട്ടുകൊട്ടാരത്തിൽ യമുനാവർമ്മയാണ് പത്നി. കൊച്ചിയിലെ സ്വകാര്യ സ്ഥാപനത്തിൽ ഉദ്യോ ഗസ്ഥനായിരുന്നു. ധീരജ് വർമ്മ, പ്രസീതാ വർമ്മ എന്നിവർ മക്കളാണ്.

## പി.സി. രവിവർമ്മ രാജ



ബേപ്പൂർ പുതിയ കോവിലകത്ത് പി.സി. രവി വർമ്മരാജ (കൊച്ചനിയൻ - 76) തൃശ്ശൂർ മൈലി പ്പാടത്തെ 'വാസുദേവ കൗസ്തുഭ'ത്തിൽ അന്ത രിച്ചു. അങ്കമാലി ടെൽക് ജനറൽ മാനേജർ, അത്താണി സ്റ്റീൽ ഫോർമിങ്സ് മാനേജിംഗ് ഡയ റക്ടർ, പാമ്പാടി നെഹ്റു സ്കൂൾ ഓഫ് മാനേ ജ്മെന്റിൽ കോഴ്സ് ഡയറക്ടർ എന്നീ പദവികൾ വഹിച്ചു. ഭാര്യ: മീരാ രവിവർമ്മ (എണ്ണയ്ക്കാട് കൊട്ടാരം). മക്കൾ: ഡോ. ബ്രിജേഷ് രവിവർമ്മ, മഹേഷ് രവിവർമ്മ. മരുമകൾ: സോനാ മഹേഷ്.

ബാഷ്പാഞ്ജലി

# എന്റെ മാധവിക്കുട്ടിക്ക്

# കീഴൂരിടത്തിൽ മാധവിക്കുട്ടി

ജനനം 14/09/1959 മരണം 21/01/2022

W/o കരിവെള്ളൂർ തെക്കേമഠത്തിൽ ശ്രീകുമാർ

തഹസിൽദാർ (റിട്ട.), സൗപർണ്ണിക, കീഴൂർ, ഇരിട്ടി-670 703, കണ്ണൂർ ജില്ല



സ്നേഹിക്കാൻ മാത്രം അറിയാവുന്ന എപ്പൊഴും നിറപുഞ്ചിരിയോടെ, പരാതിയോ പരിഭവമോ ഇല്ലാതെ എന്നോടൊപ്പം ജീവിച്ച എന്റെ എല്ലാമായ മാധവിക്കുട്ടിയുടെ മധുരസ്മരണകൾക്കുമുന്നിൽ നിറമിഴികളോടെ (ഇനിയൊരു ജന്മമുണ്ടെങ്കിൽ സ്നേഹമയിയായ എന്റെ മാധവിക്കുട്ടിയുടെ ഭർത്താവായി തന്നെ ജീവിക്കാനുള്ള സൗഭാഗ്യം ഉണ്ടാകണമേ എന്ന പ്രാർത്ഥനയോടെ) പരേതാത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്

ഭർത്താവ് : ടി.എം.ശ്രീകുമാർ

മകൾ : ശ്രീവിദ്യ കെ (ടീച്ചർ, ഇരിട്ടി ഹയർ സെക്കന്ററി സ്കൂൾ)

മരുമകൻ : അനിൽകുമാർ എം.പി. (Jr.Health Inspector, Grade I, താലൂക്ക് ഹോസ്പിറ്റൽ, ഇരിട്ടി)

പേരമക്കൾ : ആദർശ് കൃഷ്ണ, അൻവിത അനിൽകുമാർ

മറ്റ് ബന്ധുമിത്രാദികൾ

**KSHATRASPANDANAM**
Quarterly News Magazine of Kshatriya Kshema Sabha
RNI Reg. No. KERMAL/2014/60925

April 2022
Annual Subscription ₹150

# 2022 ൽ നടന്ന
# തിരുനാവായ മാമാങ്കം



തിരുനാവായ നാവാമുകുന്ദ സന്നിധിയിൽ
മാഘമക ഉത്സവത്തിന്റെ ഭാഗമായി ശ്രീ പുളിക്കൽ ശങ്കരോടത്ത്
കോവിലകത്തെ തേവാര ബിംബങ്ങൾ നിളയിൽ ആറാടുന്നു.

Printed & Published by V.K. Madhukumar Varma, General Secretary, on behalf of Kshatriya Kshema Sabha,
Sundaravilasam Palace, Thiruvananthapuram - 695023. Phone : 0471 - 2467845, Editor : Dr. M. Lalithambika
Printed at Akshara Offset, Vanchiyoor, Thiruvananthapuram. Phone 0471 - 2471174
Website : www.kshathrajalakam.org